# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 - നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 7

---

നിയമസഭ 2025 ഫെബ്രുവരി മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I ചോദ്യോത്തരങ്ങൾ

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

P10.02.2025 TB - PR(I)
9.00 - 910 SY

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31 )

**വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്**

1 (*31) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് തുറമുഖത്തിൽനിന്നും ലഭിക്കുന്ന വരുമാനം കേന്ദ്ര സർക്കാരുമായി പങ്കിടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽനിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി Department of Economic Affairs (DEA)-ഉം സംസ്ഥാന സർക്കാരും തമ്മിൽ ഒരു Premium Sharing Agreement-ൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയെ VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ അംഗീകാരത്തിനുള്ള DEA-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവച്ച Premium Sharing Agreement പ്രകാരം വരുമാന വിഹിതത്തിന്റെ 20 ശതമാനം തുക ചുവടെപറയുന്ന നിബന്ധനകളിൽ ആദ്യം പൂർത്തിയാകുന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് തിരിച്ചുനൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

a) കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് NPV വ്യവസ്ഥയിൽ തിരിച്ചടയ്ക്കണം.

b) കൺസഷൻ കരാർ അവസാനിക്കുന്നതുവരെയോ, ഏതെങ്കിലും കാരണത്താൽ കരാർ റദ്ദായാൽ, റദ്ദാകുന്ന കാലയളവുവരെയോ തിരിച്ചടയ്ക്കണം.

c) Appointed Date മുതൽ 60 വർഷം പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും കേരള സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടവ് നടത്തേണ്ടതാണ്.

(ബി) കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽനിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നല്കിയിരുന്നു. കൂടാതെ, പദ്ധതിയെ വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020-ൽ നടന്ന യോഗത്തിലും, Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ

നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. കൂടാതെ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് 23-10-2024-നും പ്രധാനമന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുമുണ്ട്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിന്റെ സാമ്പത്തിക രംഗം തകർന്നിരിക്കുകയാണെന്ന് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. VGF-മായി ബന്ധപ്പെട്ട ചർച്ചകൾ 2015 മുതൽ നടന്നുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഏകദേശം ഒൻപത് വർഷമാകുകയാണ്. ഒൻപത് വർഷമായിട്ടും കേരളത്തിന് അവകാശപ്പെട്ടതും ഉമ്മൻചാണ്ടി സർക്കാർ ഉറപ്പ് നൽകിയതുമായ VGF വാങ്ങിയെടുക്കാത്തത് എന്തുകൊണ്ടാണ്; ഇതിന്റെ നഷ്ടം കേരളത്തിനും കേരള ജനതയ്ക്കുമല്ലേ?

ശ്രീ. വി. എൻ. വാസവൻ: സർ, ഉമ്മൻചാണ്ടി സർക്കാരല്ല ഈ തുക അനുവദിക്കേണ്ടത്. കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട VGF നൽകാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട

പ്രധാനമന്ത്രിക്കും കത്ത് അയ്ക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി ലഭിച്ചു. പ്രധാനമന്ത്രിയുടെ മറുപടി ലഭിച്ചിട്ടില്ല.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ കേന്ദ്ര ബജറ്റിലും വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് കേന്ദ്ര സർക്കാർ ഒരു കാര്യവും പറയുന്നില്ല. തമിഴ്നാട്ടിലെ വി.ഒ.സി. തൂത്തുക്കുടി തുറമുഖത്തെ ഔട്ടർ ഹാർബർ പദ്ധതിപോലുള്ള മറ്റ് പദ്ധതികൾക്ക് കേന്ദ്രം സമാനമായ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ലെന്നിരിക്കെ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് നിബന്ധനകൾ ഏർപ്പെടുത്തുന്നതിലെ വിവേചനം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിഴിഞ്ഞം പദ്ധതിയെ തകർത്ത് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാന സർക്കാരുകളുടെ തുറമുഖങ്ങളെ സംരക്ഷിക്കാനാണോ കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം?

ശ്രീ. വി. എൻ. വാസവൻ: സർ, കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ സമീപനം ഇതിനോടകംതന്നെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിനെതിരെ സമരം ചെയ്യുകയും അങ്ങനെ എല്ലാ അർത്ഥത്തിലും നമ്മുടെ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുകയും ചെയ്തിരുന്നു. അത്തരം ഘട്ടങ്ങളിൽ എല്ലാവരും യോജിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. യു.ഡി.എഫ്. അതിനോട്

സഹകരിക്കേണ്ടതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല കൊല്ലം ജില്ലയിലെ വിവിധ പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടിവരുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ഈ വിഷയത്തിൽ സർക്കാർ ശ്രദ്ധ ചെലുത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. അതിനുള്ള സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് ഇപ്രാവശ്യത്തെ ബജറ്റ് പ്രസംഗം കേൾക്കാത്തതുകൊണ്ടാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്രാവശ്യത്തെ ബജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളെ ബന്ധപ്പെടുത്തിക്കൊണ്ട് ഈ തുറമുഖത്തിന്റെ വിപുലമായ വികസന സാധ്യത സംബന്ധിച്ച് വളരെ വ്യക്തമായ ധാരണയോടും ഭാവനയോടും കൂടി തുക വകയിരുത്തിയിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, അങ്ങ് ഇപ്പോഴും VGF ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് മറുപടി പറയുന്നത്. കഴിഞ്ഞ രാജ്യസഭ സമ്മേളന കാലയളവിൽ കേരളത്തിന്റെ എം.പി. അഡ്വ. ഹാരിസ്

ബീരാന്റെ ചോദ്യത്തിന് കേന്ദ്ര തുറമുഖ വകുപ്പുമന്ത്രി മറുപടിയായി നൽകിയത് കേരളത്തിന് നൽകാനുള്ള VGF നൽകാൻ സാധിക്കില്ലെന്നും അങ്ങനെയുള്ള കരാറല്ല കേരളവുമായി ഉള്ളതെന്നുമാണ്. അത് ലഭിച്ചില്ലെങ്കിൽ കേരളം ഈ തുറമുഖത്തിന്റെ തുടർ പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ച് വിശദമാക്കാമോ; അതോടൊപ്പം കേരളം നൽകാനുള്ള VGF-ന്റെ വിഹിതം തുറമുഖത്തിനുവേണ്ടി നീക്കിവയ്ക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേന്ദ്ര ഗവൺമെന്റിൽനിന്നും VGF ലഭിക്കുന്നില്ലെങ്കിലും പദ്ധതി മാറ്റിവയ്ക്കാൻ സാധിക്കില്ല. ഇക്കാര്യത്തിൽ കേരളം ധാരണയോടെയും ഭാവനയോടെയും പദ്ധതി മുന്നോട്ടുകൊണ്ടുപോകുമെന്ന് ഈ ബജറ്റിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പദ്ധതിയുടെ കാര്യത്തിൽ അങ്ങയ്ക്ക് ഒരു സംശയവും വേണ്ട. വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി കഴിഞ്ഞു. രണ്ട്, മൂന്ന്, നാല്, എന്നീ ഘട്ടങ്ങൾ 2028-ൽ പൂർത്തീകരിക്കുന്ന നിലയിൽ മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, VGF സംബന്ധിച്ചാണ് അങ്ങ് ഇവിടെ ഉത്തരം നൽകിയിട്ടുള്ളത്. ഈ പദ്ധതി ഫോർമേറ്റ് ചെയ്യുമ്പോൾ ഈ

ഫണ്ടിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും ഏതെങ്കിലും ധാരണയുണ്ടായിരുന്നോ; ഇതെല്ലാം വന്നതിനുശേഷമാണോ കേന്ദ്ര ഗവൺമെന്റ് ഈ ഫണ്ടിനുവേണ്ടി നിബന്ധനവച്ചത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇത്തരത്തിലുള്ള പ്രോജക്ടുകൾ വരുമ്പോൾ കേന്ദ്ര സർക്കാർ ഈ പദ്ധതികൾ ലാഭമാകുന്നതുവരെ സഹായിക്കാനുള്ള ബാധ്യതയായും നമ്മുടെ അവകാശമായുമാണ് VGF പ്രഖ്യാപിച്ചിട്ടുള്ളത്. അത് കേന്ദ്ര സർക്കാർ നൽകുന്നില്ലെന്നുള്ളതാണ് നമ്മൾ ഉന്നയിക്കുന്ന പ്രശ്നം. ഈ ഫണ്ട് നമുക്ക് അവകാശപ്പെട്ടതും അർഹതപ്പെടുതുമാണ്. അത് കേന്ദ്ര സർക്കാരിന്റെ ഔദാര്യമല്ല.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിന്റെ വികസന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം. കേന്ദ്ര സർക്കാരിന്റെ സഹായം ഈ പദ്ധതിക്ക് അനിവാര്യമാണ്. അത് ലഭിക്കുന്നുണ്ടോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യാവസായിക സാമ്പത്തിക ഇടനാഴി പ്രഖ്യാപിച്ചിരുന്നു. എന്തെല്ലാം പദ്ധതികളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്; ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി തികഞ്ഞ ഭാവനയോടെതന്നെ തിരുവനന്തപുരം- കൊല്ലം- പുനലൂർ മേഖലയുമായി ബന്ധപ്പെടുത്തി വിഴിഞ്ഞം തുറമുഖത്തിന്റെ ഭാവി വികസന സാധ്യതകളും അതുണ്ടാക്കുന്ന വലിയ രൂപത്തിലുള്ള നേട്ടങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ബജറ്റ് പാസായതിനുശേഷം ഇക്കാര്യം സംബന്ധിച്ച് ധാരണയോടും ഭാവനയോടും പദ്ധതി തയ്യാറാക്കും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിച്ച് തുടങ്ങിയോയെന്നും ഇതിന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നതും വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം തന്നെ 163 ഷിപ്പുകൾ വന്നുകഴിഞ്ഞിരിക്കുന്നു. 320591 ടി.യൂ. കൈകാര്യം ചെയ്തു കഴിഞ്ഞിരിക്കുന്നു. വലിയ രൂപത്തിലുള്ള വികസന സാധ്യതയും തൊഴിലവസരങ്ങളും യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നു. കമ്മീഷൻ തീയതി കാത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് സമയം ചോദിച്ചിട്ടുണ്ട്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, തിരുവനന്തപുരത്തിന്റെ മാത്രം സ്വപ്നമാണ് തിരുവനന്തപുരം മെട്രോയെന്ന് പറയാൻ സാധിക്കില്ല. സംസ്ഥാനത്തിന്റെ മൊത്തം സ്വപ്നമാണിത്. ഇതും വിഴിഞ്ഞം പദ്ധതിയുമായി ചേർത്തുവയ്ക്കുവാൻ

എന്തെങ്കിലും പദ്ധതിയുണ്ടോ; ഒൻപത് വർഷം മുമ്പ് ഉമ്മൻ ചാണ്ടി സർക്കാർ തറക്കല്ലിട്ട ഒരു പ്രോജക്ടാണിത്. ഇതുവരെ ഈ പദ്ധതി ആരംഭിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ യാത്ര ചെയ്യുവാൻ തിരുവനന്തപുരം മെട്രോയും അനിവാര്യമാണ്. അതിനെസംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, തിരുവനന്തപുരം മെട്രോയുടെ കാര്യം ഈ പ്രാവശ്യത്തെ ബജറ്റിൽ സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. തറക്കല്ലിട്ടതുകൊണ്ട് മാത്രം ഒരു പദ്ധതിയാകുകയില്ല. ഭാവനയോടെയും ധാരണയോടെയും നടപ്പാക്കാനുള്ള ഇച്ഛാശക്തി വേണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നേരത്തെ വിഴിഞ്ഞം തുറമുഖത്ത് മുൻ നിശ്ചയിച്ച പ്രകാരം 2034 മുതൽ സംസ്ഥാന ഗവൺമെന്റിന് വിഴിഞ്ഞം തുറമുഖത്തെ വരുമാന വിഹിതം നൽകി തുടങ്ങണമെന്ന് കമ്പനിയെ സർക്കാർ അറിയിച്ചിട്ടുണ്ടോ; അത് ലഭിക്കാനുള്ള സാധ്യതയുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ വ്യക്തമായ ധാരണയുണ്ട്. ആ എഗ്രിമെന്റ് അനുസരിച്ചുതന്നെ കാര്യങ്ങൾ മുന്നോട്ടുപോകും.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് മറുപടി പറഞ്ഞതുപോലെ

ഒന്നാംഘട്ടം പദ്ധതി പൂർത്തിയായി അതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഒന്നാം ഘട്ടം പൂർത്തിയായ അവസരത്തിൽ നാളിതുവരെ നിർമ്മാണ കമ്പനിക്ക് സർക്കാർ എത്ര തുകയാണ് നൽകിയതെന്നും രണ്ടും മൂന്നും ഘട്ടത്തിൽ സർക്കാർ വിഹിതമുണ്ടോയെന്നും VGF-ന്റെ 20 ശതമാനം വിഹിതം കേന്ദ്രത്തിൽനിന്നും 20 ശതമാനം കേരളത്തിൽനിന്നുമാണ് നൽകേണ്ടത്. കേരള സർക്കാരിന്റെ VGF വിഹിതം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 2,159 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ VGF കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നില്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് അതിന് സഹായിക്കുന്ന രൂപത്തിൽ നബാർഡിന്റെ വായ്പ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, പ്രവർത്തന സജ്ജമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അതിന്റെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം പ്രവർത്തനം ഇപ്പോൾ കൈവരിച്ചിട്ടുണ്ട്?

ശ്രീ. വി. എൻ. വാസവൻ: സർ, ഒന്നാംഘട്ടത്തിൽ 10 ലക്ഷം കണ്ടയ്നറാണ് ഉൾപ്പെടുന്നത്. ആദ്യഘട്ടത്തിൽ ലക്ഷ്യം വച്ചതിന്റെ 94

ശതമാനവും രണ്ട് മാസങ്ങൾക്കുള്ളിൽ യാഥാർഥ്യമാക്കാൻ സാധിച്ചിരിക്കുന്നു. രണ്ട്, മൂന്ന്, നാല് എന്നീ ഘട്ടങ്ങൾ കഴിയുന്നതോടെ 30 ലക്ഷം കണ്ടെയ്നറായി രൂപാന്തരപ്പെടും.

ശ്രീമതി യു. പ്രതിഭ: സർ, ഒന്നാംഘട്ടത്തിന്റെ വിജയത്തെ തുടർന്ന് വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, റെയിൽവേ-റോഡ് കണക്റ്റിവിറ്റികൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ സംഘടിപ്പിച്ച് വരികയാണ്. റെയിൽ കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് കൊങ്കൺ റെയിൽവേ ഒരു ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. അതിന് സാങ്കേതികാനുമതി ലഭിച്ചുകഴിഞ്ഞു. സമീപകാലത്ത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. റോഡ് കണക്റ്റിവിറ്റി ഇവിടെ ആരംഭിക്കും. അതിനുശേഷം രണ്ട്, മൂന്ന്, നാല് എന്നീ ഘട്ടങ്ങളുടെ പ്രവർത്തനം ഇപ്പോൾ കേന്ദ്ര പരിസ്ഥിതി-വനമന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ചോദ്യം നമ്പർ *32)

പി. 10-02-2025 ആർ.ആർ.-പി.ആർ.-1
9.10-9.20

**കേരള ബാങ്കിൽ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ**

2(*32) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ഭരണതലത്തിലും ദൈനംദിന പ്രവർത്തനങ്ങളിലും പ്രൊഫഷണലിസം കൊണ്ടുവരേണ്ടതിന്റെയും ബാങ്കിന്റെ ജനകീയത ഉയർത്തിപ്പിടിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള ബാങ്കിനെ സംസ്ഥാനത്തെ ബാങ്കിംഗ് രംഗത്ത് ഒന്നാം സ്ഥാനത്തെത്തിക്കുകയെന്ന ലക്ഷ്യത്തോടെ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; കേരള ബാങ്ക് ആധുനികവൽകരിച്ച് എ.ടി.എം., മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ എന്നിവ സാധ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്കിന്റെ ബിസിനസ്സ് വർധിപ്പിക്കുന്നതിനും

പൊതുസമൂഹത്തിൽ ബാങ്കിനെക്കുറിച്ചുള്ള മതിപ്പ് വർധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഗ്രാമീണ മേഖലയിലേയ്ക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിന് കേരള ബാങ്ക് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സ്ത്രീകൾക്ക് തൊഴിലവസരം ഉറപ്പാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും അതുവഴി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുമായി കേരള ബാങ്ക് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ വാണിജ്യ-സ്വകാര്യ ബാങ്കുകൾ നൽകുന്ന എല്ലാ നൂതന ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുക, കർഷകർക്കും സംരംഭകർക്കും കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കി കാർഷിക/ചെറുകിട വ്യവസായ മേഖലയിൽ വൻ പുരോഗതി സാധ്യമാക്കുക, പ്രാഥമിക വായ്പ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി കേരളത്തിലെ സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പു വരുത്തുക, കേരളത്തിന്റെ അടിസ്ഥാന സൗകര്യ

മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് സഹകരിച്ച് ത്വരിത വികസനം സാധ്യമാക്കുക തുടങ്ങിയ ബഹുമുഖ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാന ജില്ലാ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. കാർഷികാവശ്യങ്ങൾക്കായി KB കിസ്സാൻ മിത്ര വായ്പാ പദ്ധതിയും മൂല്യവർധിത ഉൽപാദനത്തിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കാർഷിക ഉൽപാദന സംഘടനകൾക്ക് നൽകുന്നതിനായി KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതിയും ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ കേരള ബാങ്ക് മുഖേന കാർഷിക സംസ്കരണ മേഖലയിലും മൂല്യവർധിത ഉല്പന്നങ്ങളുടെ നിർമാണ സംരംഭങ്ങൾക്കുമുള്ള വായ്പാ സഹായം നൽകുന്നതിന് KB-മൈക്രോ ഫുഡ് പ്രോസസ്സിംഗ് വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തെ പ്രവർത്തനം കൊണ്ട് കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ മുഖ്യ ആശ്രയമായി മാറുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

ലോകത്താകമാനം ബാങ്കിംഗ് മേഖല സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സഹകരണ ബാങ്കുകൾക്ക് ഈ രംഗത്ത് പിടിച്ചുനിൽക്കണമെങ്കിൽ മൂലധനം

വർധിപ്പിക്കേണ്ടതും സാങ്കേതിക വിദ്യയിലൂടെ ആധുനിക സേവനങ്ങൾ നടപ്പാക്കേണ്ടതുമുണ്ട്.

എല്ലാവിധ ജനവിഭാഗങ്ങൾക്കും സ്വീകാര്യമായ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനമായി കേരള ബാങ്കിനെ മാറ്റുന്നതിന് ബാങ്കിന്റെ ജനകീയത നിലനിർത്തുന്നതിനോടൊപ്പം പ്രൊഫഷണലിസവും അനിവാര്യമാണ്.

(ബി) കോവിഡ് അതിവ്യാപനംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി ബാങ്കിംഗ് മേഖലയെ പൊതുവായും കേരള ബാങ്കിനെ പ്രതികൂലമായും ബാധിക്കുന്ന സാഹചര്യത്തിലാണ് കേരള ബാങ്ക് 'Be the number one' എന്ന ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ബാങ്കിലെ മുഴുവൻ ജീവനക്കാരെയും ഭരണസമിതി അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച 'Be the number one' ക്യാമ്പയിൻ പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായി. 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ നാലുമാസം നീണ്ടുനിന്ന ക്യാമ്പയിൻ ബാങ്കിന്റെ ബിസിനസ്സ് വളർച്ചയിൽ ഗണ്യമായ പുരോഗതിയുണ്ടാക്കി.

14 വ്യത്യസ്ത ബാങ്കുകളിലെ കോർ ബാങ്കിംഗ് സംവിധാനങ്ങളെ എകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ പൂർത്തീകരിക്കാൻ സാധിച്ചു. ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേയ്ക്ക് എത്തിക്കുന്നതിനായി KB Prime കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപയോഗിക്കുന്നതിനായി KB Prime Plus എന്നീ മൊബൈൽ ബാങ്കിംഗ് അപ്ലിക്കേഷനുകളും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. മൊബൈൽ ബാങ്കിംഗ് സംവിധാനമുപയോഗിച്ച് IMPS, NEFT, RTGS എന്നീ സംവിധാനങ്ങളിലൂടെ ഇടപാടുകൾ നടത്താൻ സാധിക്കുന്നതാണ്. കൂടാതെ UPI സംവിധാനത്തിലൂടെ Google Pay, Paytm ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇടപാടുകാർക്ക് BBPS  സംവിധാനത്തിലൂടെ ബില്ലുകൾ അടക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരള ബാങ്കിന്റേതായി 120 ATM മെഷീനുകൾ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായി നിലവിലുണ്ട്.

(സി) 2025 അന്തർദേശീയ സഹകരണ വർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിട്ടുള്ളതും കേരള ബാങ്ക് ഭരണസമിതിയുടെ അഞ്ചാം വർഷവും കണക്കിലെടുത്ത് ഒരു വർഷത്തെ കർമ്മ പദ്ധതി തയ്യാറാക്കി കേരള

ബാങ്കിന്റെയും പ്രാഥമിക സഹകരണ ബാങ്കുകളുടെയും ബിസിനസ് വർധിപ്പിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ചാലക ശക്തിയായി മാറുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. യുവജനങ്ങളെ കൂടുതലായി സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കുകയെന്നത് ഈ അന്തർദേശീയ സഹകരണ വർഷത്തിലെ ഐക്യരാഷ്ട്ര സഭയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. അതിനനുസൃതമായ ബാങ്കിംഗ് ഉൽപന്നങ്ങളും സേവനങ്ങളും ബാങ്ക് രൂപകൽപന ചെയ്തുവരുന്നു. ഇതിനായി എല്ലാ വിഭാഗം കറന്റ്/സേവിംഗ്സ് അക്കൗണ്ടുകൾക്ക് ബാങ്ക് മിനിമം ബാലൻസ്/ത്രൈമാസ ശരാശരി ബാലൻസ് എന്നീ നിബന്ധനകൾ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. സ്വകാര്യ ബാങ്കുകൾ ഉയർന്ന ത്രൈമാസ ശരാശരി ബാലൻസ് വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ വലിയ പിഴ ഈടാക്കുന്ന അവസ്ഥയുള്ളപ്പോൾ ഈ ഇനത്തിൽ കേരള ബാങ്ക് യാതൊരു ചാർജും ഈടാക്കുന്നില്ല. കേരള ബാങ്കിന്റെ ലോക്കർ വാടക ഗ്രാമീണ മേഖലയിൽ പ്രതി വർഷം വെറും 500 രൂപ മാത്രമാണ്. ഇത് ഈ മേഖലയിലെ ഏറ്റവും കുറഞ്ഞ നിരക്കുകളിലൊന്നാണ്.

കാർഷിക മേഖലയുടെ ശാക്തീകരണത്തിനായി പ്രാഥമിക സംഘങ്ങൾക്ക് നൽകുന്ന വായ്പാ പലിശ നിരക്കിൽ കുറവ് വരുത്തുകയുണ്ടായി. കർഷകർക്ക് പ്രാഥമിക സംഘങ്ങളിൽ നിന്നും ആറ് ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്നതിന് ഇത് സഹായകരമായി. കേരള ബാങ്ക് രൂപീകരണത്തെത്തുടർന്ന് വായ്പാ പദ്ധതികൾ ഏകീകരിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും അനുയോജ്യമായ രീതിയിൽ അമ്പതിലധികം പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഗ്രാമീണ മേഖലയിലേയ്ക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ, പ്രത്യേകിച്ച് ഡിജിറ്റൽ സേവനങ്ങൾ എത്തിക്കുന്നതിന് ഊർജിതമായ ശ്രമം കേരളാ ബാങ്കിന്റെ ഭാഗത്തുനിന്നും നടന്നു വരുന്നു. ബാങ്കിന്റെ ഏകീകൃത CBS, KB PRIME, KB PRIME PLUS, Mobile Application എന്നിവ നിലവിൽ വന്നതോടെ ഗ്രാമീണ മേഖലയിലേയ്ക്ക് ഇവ എത്തിക്കുന്നതിന് പ്രത്യേക ക്യാമ്പയിനുകൾ നടത്തിവരുന്നു.

കൂടാതെ NABARD സഹായത്തോടെയുള്ള Mobile ATM ഡെമോൺസ്ട്രേഷൻ എന്ന വാഹനം ഉപയോഗിച്ച് ഗ്രാമീണ മേഖലകളിൽ, പ്രത്യേകിച്ച് ബാങ്കിംഗ് സേവനങ്ങൾ കുറവായ മേഖലകളിൽ പ്രത്യേക ക്യാമ്പയിൻ നടത്തിവരുന്നു.

(ഡി) കേരളത്തിലെ വനിതകളുടെ വരുമാനം വർധിപ്പിക്കുക, അവരിൽ സ്വാശ്രയ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് മുഖേന കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്ക് 5 ലക്ഷം രൂപ വരെ സംരംഭക വായ്പകൾ (KB സുവിധ പ്ലസ്, KB സുവിധ) അനുവദിച്ചുവരുന്നു. കൂടാതെ വനിതകൾക്ക് ഇലക്ട്രിക് ഉൾപ്പെടെയുള്ള ഇരുചക്ര വാഹനം വാങ്ങുന്നതിന് രണ്ട് ലക്ഷം രൂപ വരെയുള്ള ഷീ ടൂ വീലർ വായ്പയും നൽകി വരുന്നു. സഹജ മൈക്രോ ഫിനാൻസ് എന്ന സ്കീമിൽ, വനിതകളുടെ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സംരംഭകർക്ക് വേണ്ടി തുടങ്ങിയ വായ്പാ പദ്ധതിയാണ് KB സഹജ. ഇതിലൂടെ 20 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ SHG വായ്പയായി നൽകി വരുന്നു. സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും വർധിപ്പിക്കുന്നതിനായി കേരള ഫിഷറീസ് വകുപ്പുമായി സഹകരിച്ച് KB SAF, കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനിതകൾക്കും ലളിതമായ വ്യവസ്ഥകളോടുകൂടി അനുവദിക്കുന്ന KB Vanitha Plus Loan എന്നിവയും നടപ്പിലാക്കി വരുന്നു.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, കേരളത്തിന്റെ നട്ടെല്ലായ സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്രസർക്കാർ നടപടികളുടെ ഭാഗമായി കേരള ബാങ്കിനെ 'ബി' ക്ലാസ് പട്ടികയിൽ നിന്നും 'സി' ക്ലാസ്

പട്ടികയിലേയ്ക്ക് തരം താഴ്ത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ബാങ്കിന്റെ പ്രവർത്തനത്തെ ഏത് തരത്തിലാണ് ബാധിക്കുന്നത്; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുസംബന്ധിച്ച് നബാർഡിന്റെ ഭാഗത്തുനിന്ന് ഇത്തരത്തിലൊരു ഇടപെടലുണ്ടായിട്ടുണ്ട്. എന്നാൽ 95 ശതമാനവും അത് പരിഹരിച്ച് നബാർഡ് അംഗീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രശ്നം പരിഹരിക്കുന്ന രൂപത്തിലേയ്ക്കെത്തിയിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, എല്ലാ വിഭാഗം ജനങ്ങളേയും ഉൾക്കൊള്ളുന്നതും ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നതും എന്നാൽ സഹകരണ മൂല്യങ്ങളിൽ അധിഷ്ഠിതവുമായ ഒരു പ്രൊഫഷണൽ ബാങ്കായി കേരള ബാങ്കിനെ ഉയർത്തിക്കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ആയതിന് സ്വീകരിക്കുന്ന നടപടി അറിയിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ന്യൂജെൻ ബാങ്കിനൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയുന്ന എല്ലാ ആധുനിക സംവിധാനങ്ങളും കേരള ബാങ്കിൽ നടപ്പാക്കിയിട്ടുണ്ട്. മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, RTGS

(Real Time Gross Settlement), NEFT (National Electronic Funds Transfer), IMPS (Immediate Payment Service), Google Pay തുടങ്ങിയവ നടപ്പാക്കിക്കഴിഞ്ഞതിനൊപ്പം ബിസിനസ്സ് രംഗത്തുണ്ടായ വൻ പുരോഗതിയിലൂടെ ഇന്ത്യയിലെ ഒന്നാമത്തെ സഹകരണ ബാങ്കായി മാറാൻ കഴിഞ്ഞു. കൂടാതെ 50,200 കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞെന്ന നിലയിലേയ്ക്കും കാര്യങ്ങൾ എത്തിയിട്ടുണ്ട്. ഇത് കേരളത്തിലെ 45 ബാങ്കുകളിൽ അഞ്ച് ബാങ്കുകൾക്കുമാത്രം കഴിഞ്ഞിട്ടുള്ള കാര്യമാണ്. കേരള ബാങ്ക് അതിലുൾപ്പെടുന്നു എന്നത് അഭിമാനകരമാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള ബാങ്കിന്റെ ബിസിനസ്സ് വൈവിധ്യവൽകരണ ഉൽപ്പന്ന നവീകരണ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? സഹകരണ മേഖലയിലൂടെ സമാഹരിക്കുന്ന വിഭവങ്ങൾ വായ്പയ്ക്കുപരിയായി നാടിന്റെ പൊതുവികസനത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വികസന സാധ്യതകൾ ആരായുന്ന രൂപത്തിലേയ്ക്ക് ചില കാഴ്ചപ്പാടുകൾ ഉയർത്തിയിട്ടുണ്ട്. അത് നിയമത്തിൽ

വ്യവസ്ഥ ചെയ്തു കഴിഞ്ഞു. കൂടാതെ ഭാവനാ സമ്പന്നമായ ബിസിനസ്സ് നിലവിൽ പ്ലാൻ ചെയ്തിട്ടുണ്ട്. ആയത് നടപ്പാക്കിവരുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരള ബാങ്കിൽ പ്രൊഫഷണലിസം വർധിപ്പിക്കുന്നതിനും ആധുനികവൽകരിക്കുന്നതിനും ശ്രദ്ധേയമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. നമ്മുടെ നാട്ടിലെ യുവതീ-യുവാക്കൾക്ക് വേണ്ടി പ്രത്യേകം ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കാനും വളരെ വേഗത്തിൽ വിദ്യാഭ്യാസ വായ്പകൾ അടക്കമുള്ളവ ലഭ്യമാക്കാനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ രീതിയിൽ വായ്പ നൽകാനും വളരെ വേഗത്തിൽ ഡിജിറ്റൽ പേയ്മെന്റ് ലഭ്യമാക്കാനും പ്രത്യേകം പാക്കേജ് അവതരിപ്പിക്കുന്നുണ്ടോ? അത്തരം പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ ആയത് നടപ്പാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രകാരമുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഉത്തരത്തിന്റെ ഉള്ളടക്കത്തിൽ ചേർത്തിട്ടുണ്ട്. തുടർന്നും യൗവനങ്ങൾക്ക് വലിയ രീതിയിലുള്ള പ്രതീക്ഷ നൽകുന്ന സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ വായ്പകൾക്ക് രൂപവും ഭാവവും നൽകി വരുന്നുണ്ട്. ഇനിയും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കും.

ശ്രീ. സി. സി. മുകുന്ദൻ: സർ, യുവതലമുറയെ കേരള ബാങ്കുമായി ആകർഷിക്കുകയും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യം മുൻനിർത്തി കേരളബാങ്ക് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച വിശദാംശങ്ങൾ ഉത്തരത്തിന്റെ ഉള്ളടക്കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, പണ്ടുകാലത്ത് വായ്പക്കാർ കുടിശ്ശിക വരുത്തുന്ന അവസരത്തിൽ, ബാങ്കുകൾ ജപ്തി നടപടികളുടെ ഭാഗമായി ആളുകളെ അപമാനിക്കുന്ന തരത്തിൽ വീടുകളിലേയ്ക്ക് ചെണ്ടയും മദ്ദളവും കൊട്ടിവരുമായിരുന്നു. ഇപ്പോൾ അത് അവസാനിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും അഞ്ച് മുതൽ പത്ത് സെന്റ് വരെ മാത്രം സ്ഥലമുള്ള പാവങ്ങളുടെ വീട്ടിൽ നടപടികളുടെ ഭാഗമായി വലിയ ബോർഡ് അടിച്ചുവയ്ക്കുന്ന ഒരു രീതിയുണ്ട്. ഇതുകാരണം അവർക്ക് സ്ഥലം വിൽക്കാൻ കഴിയാതെ മാനസികമായി തകർന്ന് ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന സാഹചര്യമാണ്. ഇത്തരത്തിൽ ബോർഡുകൾ സ്ഥാപിച്ച് അപമാനിക്കുന്ന സംവിധാനം നിർത്തലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

(ശ്രീ. വി. എൻ. വാസവൻ)

P 10-02-2025 NR/PR (1)
9.20-9.30

(ചോദ്യം നമ്പർ *32 തുടർച്ച...)

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന നയം നിലവിലുണ്ട്. മൂന്ന് സെന്റിൽ താഴെ കിടപ്പാടമുള്ളവരുടെ വസ്തു ജപ്തി ചെയ്യുന്ന നടപടികളിൽ, ബോർഡ് വയ്ക്കുകയോ ഇറക്കിവിടുകയോ ചെയ്യുമ്പോൾ അവർക്ക് പകരം ഷെൽട്ടർ നൽകിയിട്ടാവണം ചെയ്യേണ്ടതെന്ന നിലപാട് എടുത്തിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക് ഒരു കാര്യവും ചെയ്യില്ല. അതേ സമയം സർഫേസി ആക്ട് (SARFAESI-Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002) പ്രയോഗയോഗ്യമായിട്ടുള്ള കേരള ബാങ്ക് പോലുള്ള Nationalised ബാങ്കുകളാണ് ബോർഡുകൾ സ്ഥാപിക്കുകയും ജപ്തി നടപടികളിലേക്ക് പോവുകയുമൊക്കെ ചെയ്യുന്നത്. ഇത് കോടതി നടപടികളാണ്. സഹകരണബാങ്കുകൾ അങ്ങനെ ചെയ്യുന്നില്ല.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരള ബാങ്കിന്റെ സ്ഥിര നിക്ഷേപത്തിൽ 80 ശതമാനവും പ്രാഥമിക സഹകരണ സംഘങ്ങളുടെതാണ്. ഇതിന്റെ ഫലമായി കേരള ബാങ്കിന്റെ cost of deposit

വല്ലാതെ വർദ്ധിക്കുന്നുണ്ട്. അത് പരിഹരിക്കണമെങ്കിൽ സർക്കാരിന്റേയും കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഡെപ്പോസിറ്റ് കേരള ബാങ്കിലേക്ക് വരണം. അത് വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; Risk fund-ൽ നിന്ന് നിലവിൽ സഹായം ലഭിക്കുന്നില്ല. സഹായം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച low cost deposit സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കേരള ബാങ്ക് സ്വീകരിച്ച് കഴിഞ്ഞ് CASA നിക്ഷേപത്തിൽ വലിയ രീതിയിലുള്ള വർധന ഈ അടുത്ത കാലത്ത് ഉണ്ടായിക്കഴിഞ്ഞു. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗവൺമെന്റ് സ്ഥാപനങ്ങളുടെയും ഡെപ്പോസിറ്റ് ഇതിലേക്ക് വരുവാനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഞങ്ങൾ ശ്രമിക്കുന്നുണ്ട്. ഇക്കാര്യം ഭാവിയിൽ നടപ്പാക്കാൻ ശ്രമിക്കും.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ കഴിഞ്ഞ ദിവസം കുട്ടനാട് മണ്ഡലത്തിൽ കാവാലം പഞ്ചായത്തിലെ ചെറുപ്പക്കാരൻ മരിച്ച വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ വീട് ജപ്തി

നോട്ടീസ് പതിച്ചുകഴിഞ്ഞ അവസ്ഥയിലാണ്. ഇതിനൊരു പരിഹാരം കാണണമെന്നും കുട്ടനാടിന് പ്രത്യേക പരിഗണന തരാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കുട്ടനാടിന് പ്രത്യേക പാക്കേജ് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിയാവുന്ന ആശ്വാസ നടപടികളുമായി നമുക്ക് മുന്നോട്ടുപോകാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർഫാസി ആക്ടിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് ബാങ്കുകൾ വീടുകൾ ജപ്തി ചെയ്യുന്നതിനെതിരെ വലിയ പ്രസ്ഥാനംതന്നെ കേരളത്തിൽ ഉയർന്നു വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണമേഖല മാതൃക കാണിക്കണമെന്നതാണ് പൊതുവെ സ്വീകരിച്ച നിലപാട്. അതിന്റെ ഭാഗമായി, ഒരു വീട് ജാമ്യമായിട്ടുണ്ടെങ്കിൽ, ആ വീട് ജപ്തിചെയ്യുന്ന നിലപാട് സാധാരണ ഗതിയിൽ സ്വീകരിക്കാൻ പാടില്ല. അവിടെ താമസിക്കുവാനുള്ള അവകാശം അവിടെയുള്ളവർക്കുണ്ട്. അവരെ വഴിയാധാരമാക്കുന്ന നിലപാട് സ്വീകരിക്കാൻ പാടില്ല. ആ നില സഹകരണ മേഖല സ്വീകരിച്ചുപോകണമെന്നത് നേരത്തെ നിർദ്ദേശിച്ചിട്ടുള്ളതാണ്. അത് കർശനമായി പാലിക്കാൻ എല്ലാ സഹകരണ സ്ഥാപനങ്ങളും തയ്യാറാകണമെന്ന നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പാലക്കാട്ടുള്ള പതിനായിരക്കണക്കിന് നെൽകർഷകർക്ക് വലിയ ആശ്വാസമായിരുന്ന പഴയ ജില്ലാബാങ്കും ഇന്നത്തെ കേരള ബാങ്കും. പതിനൊന്ന് വർഷക്കാലം നെല്ലിന്റെ വില ഏറ്റവും വേഗതയിൽ അവരുടെ കൈയിൽ എത്തിച്ചുകൊടുത്ത പാരമ്പര്യമാണ് നമ്മുടെ സഹകരണ മേഖലയ്ക്കുള്ളത്. എന്നാൽ ഇപ്പോൾ ദേശീയ ബാങ്കുകൾ എടുക്കുന്ന സമീപനം വളരെ നിരുത്തരവാദപരമാണ്. ആ ഒരു ഘട്ടത്തിൽ കേരള ബാങ്ക് തന്നെ ഈ ചുമതല ഏറ്റെടുത്ത് പഴയപോലെ നിർവഹിക്കാൻ തയാറാകണം. അവരുടെയെല്ലാം അക്കൗണ്ടുകൾ കേരള ബാങ്കിലായിരുന്നു, സഹകരണ ബാങ്കിലില്ലായിരുന്നു. കർഷകർ പിന്മാറികൊണ്ടിരിക്കുകയാണ്. അത് വലിയ സാമൂഹ്യ പ്രത്യാഘാതത്തിന് ഇടനൽകും. അതിൽ ഇടപെടാൻ സന്നദ്ധമാകുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇക്കാര്യം സംബന്ധിച്ച് ആലോചനകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ടി വിഷയത്തിൽ നിർദേശം നൽകി കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ എസ്.ബി.ഐ.-യും കാനറ ബാങ്കും ഫെഡറൽ ബാങ്കും ചേർന്നുള്ള കൺസോർഷ്യമാണ് ചുമതല നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ മാറിയപ്പോൾ ഉണ്ടായ പ്രശ്നമാണ് യഥാർഥത്തിൽ കൃഷിക്കാർക്കുണ്ടായത്. തിരിച്ച് കേരള

ബാങ്കിലേക്ക് വരണമെന്നതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. പി. ടി. എ. റഹീം: സർ, ചില കർമ്മ പദ്ധതികൾ തയാറാക്കിയതായി നേരത്തെ അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്ത ഒരു വർഷത്തേയ്ക്കുള്ള കർമ്മപദ്ധതികൾ എന്തെങ്കിലും തയാറാക്കിയിട്ടുണ്ടോ, വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അടുത്ത ഒരു വർഷത്തേയ്ക്കുള്ള കർമ്മപദ്ധതി തയാറാക്കി ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുകയാണ്, ഇതൊരു 'on going project' ആണ്. അതിൽ ബിസിനസ് വർധിപ്പിക്കാൻ ആവശ്യമായതും കാർഷിക മേഖലയുടെ പുനരുധാരണവും ഒപ്പം new generation ബാങ്കിന്റെ എല്ലാ അർഥത്തിലുള്ള വ്യാപനവും അതിന്റെ പ്രവർത്തനവും ഉയർത്തികൊണ്ടുവരുന്നത് ഉൾപ്പെടെ റിക്കവറി ശക്തിപ്പെടുത്താൻ ഉൾപ്പെടെയുള്ള ക്യാമ്പയിനാണ് കർമ്മ പദ്ധതിയായി തയാറാക്കിയിട്ടുള്ളത്. തൽഫലമായി നല്ല റിസൾട്ടാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എച്ച്. സലാം: സർ, പ്രാഥമിക സഹകരണ സംഘത്തിന്റെയും കേരള ബാങ്കിന്റെയും പലിശ നിരക്കിലുള്ള വ്യത്യാസംമൂലം പ്രൈമറി സംഘങ്ങൾക്കുണ്ടാകുന്ന ചില പ്രയാസങ്ങളുണ്ട്. അത് പരിഹരിക്കാൻ എന്ത്

നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. വി. എൻ. വാസവൻ: സർ, മുമ്പ് ഇത് രണ്ടും പലിശ നിർണ്ണയ കമ്മിറ്റി ആർ.സി.എസ്.-ന്റെ (Registrar of Cooperative Societies) നിയന്ത്രണത്തിലുള്ള ഒരു കമ്മിറ്റിയായിരുന്നു നിയന്ത്രിച്ചിരുന്നത്. കേരള ബാങ്ക് വന്നതോടുകൂടി പലിശ നിരക്ക് കേരള ബാങ്കിനെ സ്വതന്ത്രമാക്കി മാറ്റണമെന്ന ആർ.ബി.ഐ. നിഷ്കർഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് സ്വതന്ത്രമായി തീരുമാനിക്കുകയും ചെയ്തു. ഇവ തമ്മിലുള്ള വ്യത്യാസം നികത്തുന്നതിനുവേണ്ടി കൂടിയാലോചനയ്ക്ക് തീയതി നിശ്ചയിച്ചിട്ടുണ്ട്.

(ചോദ്യം നമ്പർ *33)

**P 10-02-2025**
**NR/PR (1)**
**9.20-9.30**

വൈദ്യുതോൽപാദന രംഗത്ത് നടപ്പാക്കിയ പരിഷ്കരണങ്ങൾ

3 (*33) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോൽപാദന രംഗത്ത് നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെയും പദ്ധതികളുടെയും ഫലമായി സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോൽപാദനത്തിൽ വർധനയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2021 മുതൽ 2024 വരെയുള്ള കാലയളവിൽ സ്ഥാപിതശേഷിയിൽ ഉണ്ടായ വർധനവ് എത്രയാണെന്ന് അറിയിക്കുമോ;

(സി) 2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ & ബി ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉൽപാദനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1360.75 മെഗാവാട്ടിന്റെ വർധന ഉണ്ടായിട്ടുണ്ട്. ഇതിൽ, ജലവൈദ്യുത പദ്ധതികൾ വഴി 148.5 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങൾ വഴി 1211 മെഗാവാട്ടും 1.25 മെഗാവാട്ട് കാറ്റിൽനിന്നും വൈദ്യുതി ഉൽപാദന നിലയങ്ങൾ വഴിയുമാണ്.

ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 148.55 മെഗാവാട്ടിന്റെ ജല വൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കഴിഞ്ഞ 2021 മുതൽ 2024 വരെ പൂർത്തിയാക്കിയത്. ഇതിൽ വൈദ്യുതി ബോർഡ് നേരിട്ട് 132 മെഗാവാട്ടും എനർജി മാനേജ്മെ ന്റ് സെന്റർ മുഖേന സ്വകാര്യ സംരംഭകർ വഴി 16.55 മെഗാവാട്ടും പൂർത്തിയാക്കി. അപ്പർ കല്ലാർ (2 മെഗാവാട്ട്), പൊരിങ്ങൽകുത്ത് (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട്-ട്രയൽ റൺ പുരോഗമിക്കുന്നു) എന്നിവയാണ് വൈദ്യുതി ബോർഡ് പൂർത്തിയാക്കിയ പദ്ധതികൾ. ആനക്കാംപൊയിൽ (8 മെഗാവാട്ട്), അരിപ്പാറ (4.5 മെഗാവാട്ട്), മുക്കടം (4 മെഗാവാട്ട്) എന്നിവയാണ് സ്വകാര്യ സംരംഭകർ മുഖേന പൂർത്തിയാക്കിയ പദ്ധതികൾ.

127.536 മെഗാവാട്ട് ശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്ത് ആഭ്യന്തര ഉൽപാദനശേഷി വർധിപ്പിക്കുന്നതിന്, ജലവൈദ്യുത പദ്ധതികൾ, സോളാർ, കാറ്റാടിപ്പാടങ്ങൾ തുടങ്ങിയ വിവിധ സാധ്യതകൾ ആരായുന്നുണ്ട്. സൗരോർജ നിലയങ്ങളുടെയും കാറ്റാടി പാടങ്ങളുടെയും പ്രധാന ന്യൂനത ഊർജ ആവശ്യകത കൂടിയ സമയം ഇവയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കില്ല എന്നതാണ്. ഇതിനായി

സംസ്ഥാനത്ത് സംഭരണശേഷിയുള്ള ജലവൈദ്യുത നിലയങ്ങളും പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ആവശ്യമാണ്. ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

നിർമ്മാണം പുരോഗമിക്കുന്നതും പുതിയ പദ്ധതികളും ഉൾപ്പെടെ വൻകിട/ചെറുകിട ജല വൈദ്യുത പദ്ധതികൾ മുഖേന 1582 MW അധിക ഉൽപാദനശേഷി 2030-ഓടുകൂടി ലക്ഷ്യമിടുന്നു.

അധികമായി വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് പുരപ്പുറ സൗര നിലയങ്ങൾ, സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിങ് സോളാർ, കാറ്റാടി നിലയങ്ങൾ എന്നീ പുനരുപയോഗ ഊർജ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 54.1 MW ശേഷിയുള്ള വിവിധ ചെറുകിട ജല വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുത ഉൽപാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 51 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിന്നാണ് ഉൽപാദിപ്പിക്കുന്നത്.

സ്വകാര്യമേഖലയിലൂടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് സുഗമമായി നടപ്പാക്കുവാനായി നവീകരിച്ച ചെറുകിട ജലവൈദ്യുത നയത്തിന്റെ കരട് സർക്കാരിന്റെ പരിഗണയിലാണ്.

അതിനോടൊപ്പം സ്വകാര്യ-സഹകരണ മേഖലകളെ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള നയരൂപീകരണ പ്രക്രിയയിലാണ്.

വൈദ്യുതി ഉൽപാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനായി അനെർട്ട് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1. സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു.

2. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

3. സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

4. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു. സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

5. പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

6. പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

7. വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

8. പി.എം.-കുസും പദ്ധതിയിലൂടെ കാർഷിക പമ്പുകൾ സൗരോർജവൽക്കരിച്ച് ഗ്രിഡ് കണക്റ്റിവിറ്റി നേടിയതിൽനിന്നും ഇതുവരെ 11.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.

9. ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി പബ്ലിക് EV ചാർജിങ് സ്റ്റേഷനുകളിൽനിന്ന് സൗരോർജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി ഒരുക്കുന്ന സൗരോർജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

((സി) - തുടരും..)

P-10-02-2025-AK-FM(1)-എൽ.വി
9.30-9.40

(ചോദ്യം നമ്പർ *33 തുടർച്ച......)

(സി) 2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുകയെന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട് 127.536 MW മൊത്തം സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, 92 MW-ന്റെ മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ, പി.എഫ്.ആർ. തയ്യാറാക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ, സ്ഥലമേറ്റെടുപ്പ് എന്നീ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ, ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പുചെയ്ത് വൈദ്യുതി ഉൽപാദനം സാധ്യമാക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ (മഞ്ഞപ്പാറ, മുതിരപ്പുഴ) നടപ്പിലാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ രണ്ടുപദ്ധതികളും രണ്ടായിരത്തിമുപ്പതോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2030-ൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത 10000 MW എത്തിയാലും ആയത് നിറവേറ്റാൻ ഉതകുന്നവിധം ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാനും സ്റ്റോറേജ് സംവിധാനം ഉറപ്പുവരുത്താനും കൂടാതെ, സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനും അതോടൊപ്പംതന്നെ അത്രയും വൈദ്യുതി സംസ്ഥാനത്തുടനീളം തടസ്സരഹിതമായി എത്തിക്കാനാകുംവിധം പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താനുമാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്. ഇതിനുപുറമേ വരുംവർഷങ്ങളിൽ ഏകദേശം 1500 MW വൻകിട

ജലവൈദ്യുത പദ്ധതികളിൽനിന്നും കണ്ടെത്താനുദ്ദേശിക്കുന്നു. 800 MW സ്ഥാപിതശേഷിയുള്ള ഇടുക്കി പദ്ധതിയുടെ രണ്ടാംഘട്ടം, 240 MW ശേഷിയുള്ള ലക്ഷ്മി പദ്ധതി, 450 MW ശേഷിയുള്ള ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി എന്നിവയ്ക്കുപുറമേ പതിനഞ്ചോളം മറ്റ് ജലവൈദ്യുത പദ്ധതികളും പരിഗണനയിലുണ്ട്.

ഈ കാലയളവിനുള്ളിൽ 450 MW വരെ കാറ്റാടി നിലയങ്ങളിൽനിന്ന് കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. 2030-ഓടു കൂടി സോളാർ സ്ഥാപിതശേഷി 3000-3500 MW ആകാനിടയുണ്ട്. പകൽ സമയം മിച്ച വൈദ്യുതിയും രാത്രികാലങ്ങളിൽ കടുത്ത കമ്മിയും എന്ന സ്ഥിതി വരുംവർഷങ്ങളിൽ കൂടുതൽ പ്രകടമാകുമെന്ന് കരുതുന്നു. ഇത് കണക്കിലെടുത്ത് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കും. വരുംവർഷങ്ങളിൽ പത്ത് നിലയങ്ങളിൽനിന്നായി 3300 MW പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങളും ഏകദേശം 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികളും ആവശ്യാനുസരണം കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 250 MW/1000 MWh BESS ഉടൻതന്നെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി എന്ന ലക്ഷ്യം

നിറവേറ്റുന്നതിന് സഹായകരമാംവിധത്തിൽ പുനരുപയോഗ ഊർജമേഖലയിൽ സൗരോർജ ഉൽപാദനത്തിന് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കുള്ള പ്രധാനമന്ത്രി മുഫ്ത് ബിജ്‌ലി യോജനയും കർഷകർക്കുള്ള പി.എം. കുസും പദ്ധതിയും MNRE-യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. പി.എം. സൂര്യ ഘർ 31-01-2025 വരെ 248 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ, 31-12-2025-ൽ അവസാനിക്കുന്ന പി.എം. കുസും പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ, കൊല്ലം ജില്ലയിൽ NHPC മുഖേന നടപ്പിലാക്കുന്ന വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്രോജക്ടുവഴി 50 MW കൂടി 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

കൂടാതെ, ഗാർഹിക-ഗാർഹികേതര മേഖലയിൽ സബ്സിഡിരഹിത സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുനൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

ഇതിനുപുറമെ, 500 മെഗാവാട്ടിന്റെ വിൻഡ് എനർജി പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്ത്

നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതുപോലെ തന്നെ കാറ്റിന്റെ ശക്തി താരതമ്യേന കൂടുതലുള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/ ഉപയോഗശൂന്യമായ ഭൂമി/ ആദിവാസി ഭൂമി എന്നിവയിൽനിന്നും 350 മെഗാവാട്ടിന്റെ വിൻഡ് എനർജി പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതോടൊപ്പം ചെറുകിട കാറ്റാടി യന്ത്രം (2, 3 & 5 KW) പ്രോത്സാഹിപ്പിക്കാൻ വേണ്ടി കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

2030-ഓടെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് ലക്ഷ്യമിടുന്നു. പി.എം.-കുസും പദ്ധതിയിലൂടെ ഒരു ലക്ഷം കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കുമ്പോൾ ഏകദേശം 380 MW സൗരോർജ്ജ നിലയസ്ഥാപിതശേഷി അധിമായി കൈവരിക്കാൻ സാധിക്കും. ഇതിൽനിന്നും 570 MU അധിക ഊർജ്ജം ഉൽപാദിപ്പിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഈ സർക്കാരിന്റെ കാലത്ത് സോളാർ

വൈദ്യുതി ഉൽപാദനത്തിൽ വലിയ കുതിച്ചുചാട്ടമുണ്ടായിട്ടുണ്ട്. ഇത് സാധ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളോടൊപ്പം ദീർഘകാലമായി നിർമ്മാണം മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികളിൽ പ്രവർത്തനം പുനഃരാരംഭിച്ചവ കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ? ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ ഇക്കാര്യം ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സോളാർ പദ്ധതികൾക്ക് ഈ സർക്കാർ എല്ലാവിധ പിന്തുണയും നൽകുന്നുണ്ടെന്ന് വളരെ വ്യക്തമായി മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പാറശ്ശാല മണ്ഡലത്തിലെ മലയോരമേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രീകരിച്ച് സ്ഥലമേറ്റെടുക്കലടക്കമുള്ള പ്രോജക്ടിന്റെ പുരോഗതി വ്യക്തമാക്കാമോ; അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാറശ്ശാല മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതികപഠനം

പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സബ്സ്റ്റേഷൻ നിർമ്മാണം ജില്ലയിലെ മലയോരമേഖലയിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് സഹായകമാകുന്നതാണ്. ഭരണാനുമതി ലഭ്യമാക്കിയശേഷം സ്ഥലമെടുപ്പ് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. മണി: സർ, കർഷകർക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുള്ള PM-KUSUM പദ്ധതി വ്യാപകമാക്കുന്നതിന് സ്വീകരിച്ച നടപടികളെപ്പറ്റി വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സോളാർ പമ്പുകൾ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നതിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ പി.എം.കുസും പദ്ധതിയിലൂടെ ഏകദേശം ഒരു ലക്ഷം പമ്പുകൾക്ക് സാമ്പത്തിക സഹായം നൽകാനാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ഇതിൽ 50000 പമ്പുകൾക്കുള്ള നടപടികളായിട്ടുണ്ട്. കർഷകർക്ക് അവരുടെ ചെലവ് കഴിഞ്ഞ് ബാക്കി തുക അവർക്ക് ലഭിക്കുന്നതാണ്. അതായത്, 2000/- രൂപ വൈദ്യുതി ചാർജ്ജടയ്ക്കുന്ന ഒരു കർഷകന് 8 മാസം കഴിയുമ്പോൾ ഏകദേശം 14000 രൂപ തിരികെ ലഭിക്കുന്ന രീതിയിലുള്ള പദ്ധതിയാണിത്. കർഷകർക്ക്

അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സർ, 124 വർഷങ്ങൾക്കിടയിൽ ഏറ്റവും ചൂടേറിയ വർഷം 2024 ആയിരുന്നു. അത് വാർത്തകൾ കൊണ്ടല്ല, താപനില കൊണ്ടാണ്. അറ്റ വേനൽവറുതിയിൽപ്പോലും ഒരു മിനിട്ട് കറണ്ട് കട്ടില്ലാതെ ഈ സംസ്ഥാനത്തെ മുന്നോട്ടുനയിച്ച ബഹുമാനപ്പെട്ട വൈദ്യതി വകുപ്പുമന്ത്രിയെയും അതുപോലെതന്നെ വൈദ്യുതി ഉൽപാദനരംഗത്ത് വൻതോതിൽ വളർച്ചയുണ്ടാക്കുന്നതിന് നേതൃത്വം നൽകിയ എൽ.ഡി.എഫ്. സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യമായി പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കുന്ന ഹരിത ഊർജ വരുമാന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വെളിച്ചം എത്തിയിട്ടില്ലാത്ത 97 പട്ടികവർഗ കോളനികളിലെ എല്ലാവീടുകളിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ഗ്രിഡില്ലാത്ത മേഖലയായതിനാൽ

ബാക്കിയുള്ള 27 കോളനികളിൽ സോളാറും വിൻഡും ഹൈബ്രിഡായി ഉപയോഗിച്ചുകൊണ്ട് വൈദ്യുതിയെത്തിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടൻതന്നെ അവിടെയും വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിൽ മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഡാമുകളിൽ കെട്ടിക്കിടക്കുന്ന ഉപയോഗശൂന്യമായ വെള്ളത്തിൽ ഫ്ലോട്ടിംഗ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യങ്ങൾ ആലോചിച്ചിട്ടുണ്ടോ; പടിഞ്ഞാറെ കല്ലടയിൽ വെള്ളക്കെട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ഡാമുകളിൽ ഇതേ രീതി സ്വീകരിക്കുന്നതിനുവേണ്ടി അവ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതിക്കുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായി. ഉടൻതന്നെ ടെൻഡർ നടപടികൾക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഈ സർക്കാർ അധികാരത്തിൽവന്നശേഷം മൂന്ന് തവണ വൈദ്യുതി ചാർജ്ജ് വർധിപ്പിച്ചു. 7500 കോടി രൂപയാണ് കേരളത്തിലെ ജനങ്ങളുടെ തലയിൽ വൈദ്യുതി ചാർജായി അടിച്ചേൽപ്പിച്ചത്. ആഭ്യന്തര ഉൽപാദനം വർധിപ്പിച്ച് ഇവിടെയെല്ലാം ഭദ്രമാണെന്ന് പറഞ്ഞ് മന്ത്രിയെ അഭിനന്ദിച്ചുവെന്നുപറയുന്നവർ, ഒരു യൂണിറ്റ് വൈദ്യുതിക്ക് 4.69/- രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദീർഘകാല കരാർ റദ്ദാക്കി ഒരു യൂണിറ്റ് വൈദ്യുതിക്ക് 10-14 രൂപയ്ക്ക് പുറത്തുനിന്നും വൈദ്യുതി വാങ്ങി കേരളത്തിലെ ജനങ്ങളുടെ തലയ്ക്ക് ഇരുട്ടടിയാണ് നൽകിയത്. എന്തിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദീർഘകാല കരാർ റദ്ദ് ചെയ്തത്; ഈ കരാർ റദ്ദാക്കിക്കൊണ്ട് അദാനി, ജിൻഡാൽ (Jindal) തുടങ്ങിയ ഇന്ത്യയിലെ വൈദ്യുതി ഉൽപാദന കുത്തക കമ്പനികൾക്ക് കേരളത്തെ കൊള്ളയടിക്കാനുള്ള അവസരം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള വൈദ്യുതിചാർജ്ജ് വർധനയേക്കാൾ കൂടുതലായി

യു.ഡി.എഫ്.-ന്റെ കാലത്തും വൈദ്യുതി ചാർജ്ജ് വർധിപ്പിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ, നിലവിൽ പകൽസമയത്ത് വൈദ്യുതി ചാർജ്ജിൽ 10 പൈസ കുറച്ചതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം യാതൊന്നും സൂചിപ്പിച്ചില്ല. മാത്രമല്ല, യു.ഡി.എഫ്-ന്റെ കാലത്ത് വൈദ്യുതി വാങ്ങുന്നതിനായി തയ്യാറാക്കിയ ദീർഘകാല കരാർ റദ്ദാക്കിയത് എൽ.ഡി.എഫ്. സർക്കാരല്ല, കേരള സ്റ്റേറ്റ് വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. അതിനെതിരായി സർക്കാർ നൽകിയ അപ്പീൽ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, യഥാർഥത്തിൽ യു.ഡി.എഫ്-ന്റെ കാലത്തുണ്ടായിരുന്ന ദീർഘകാല കരാറിന് ആ ഘട്ടത്തിൽത്തന്നെ റെഗുലേറ്ററി കമ്മീഷന്റെ അനുമതിയുണ്ടായിരുന്നില്ല. സാധാരണഗതിയിൽ റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ കരാർ നടപ്പാക്കാൻ പാടില്ലാത്തതാണ്. പക്ഷേ, 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ കാബിനറ്റ് ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്തിന് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി ഇല്ലാതാകുന്നത് കടുത്ത പ്രയാസം

സൃഷ്ടിക്കുമെന്നതുകൊണ്ട് അത് തുടരട്ടെയെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. കാരണം, വൈദ്യുതി ഇല്ലാതായാലുള്ള പ്രയാസം കണക്കിലെടുത്താണ് അങ്ങനെയൊരു നിലപാട് സർക്കാർ സ്വീകരിച്ചത്. അത് തുടർന്നുവരുമ്പോഴാണ് റെഗുലേറ്ററി കമ്മീഷൻ ഈ കരാർ റദ്ദാക്കുന്ന നടപടിയെടുത്തത്. അതിനെതിരെ ഗവൺമെന്റ് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാണ് വസ്തുതയെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം.

(ഡോ. എൻ. ജയരാജ്)

P-10-02-2025-AL-FM
(9.40-9.50)

(ചോദ്യം *33 തുടർച്ച .....)

ഡോ. എൻ. ജയരാജ്: സർ, ഡൊമസ്റ്റിക് സോളാർ പ്ലാന്റുകളിൽ അധികമായി ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പാക്കാൻ ശ്രമിക്കുമോ; അങ്ങനെയുണ്ടെങ്കിൽ ഉപഭോക്താക്കൾക്കും വൈദ്യുതി ബോർഡിനും എന്ത് പ്രയോജനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നിലവിൽ ഡൊമസ്റ്റിക് സോളാർ പ്ലാന്റുകളിൽ അധികമായി ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക്

കൊടുക്കുന്നുണ്ട്. എന്നാൽ, വൈകുന്നേരങ്ങളിൽക്കൂടി ടി സൗകര്യം ലഭിക്കുന്ന തരത്തിൽ ബാറ്ററി സ്റ്റോറേജും പമ്പ്ഡ് സ്റ്റോറേജും സ്ഥാപിക്കാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോവുകയാണ്. നിലവിൽ 250 മെഗാവാട്ടിന്റെ ബാറ്ററി സ്റ്റോറേജ് സംവിധാനത്തിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ചില അവ്യക്തതയുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഒരു യൂണിറ്റ് വൈദ്യുതിക്ക് 4.29/-രൂപ നിരക്കിൽ 25 വർഷത്തേയ്ക്ക് വൈദ്യുതി വാങ്ങാനുള്ള ഒരു ദീർഘകാല കരാർ ഉണ്ടാക്കിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏഴ് വർഷം തുടർച്ചയായി അതേ നിരക്കിൽ വൈദ്യുതി വാങ്ങുകയും ചെയ്തു. എന്നാൽ ഇപ്പോൾ വൈദ്യുതി റെഗുലേറ്ററി അതോറിറ്റി ടി കരാർ റദ്ദാക്കിയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ടി റെഗുലേറ്ററി കമ്മീഷനിലെ അംഗങ്ങൾ ആരൊക്കെയാണ്; നേരത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം.എം. മണി, അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി, സി.പി.ഐ.(എം.)-ന്റെ സംഘടനാ പ്രസിഡന്റ്

എന്നിവരായിരുന്ന റെഗുലേറ്ററി അതോറിറ്റിയുടെ അംഗങ്ങൾ. അവരാണ് ടി കരാർ റദ്ദാക്കി. 4 രൂപ 29 പൈസയ്ക്ക് 25 വർഷത്തേയ്ക്ക് വൈദ്യുതി വാങ്ങാനുള്ള കരാർ റദ്ദാക്കിയതിനുശേഷം നിലവിൽ ഒരു യൂണിറ്റിന് 8 രൂപ മുതൽ 14 രൂപ 30 പൈസ വരെ നൽകിയാണ് വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കുന്നത്. പ്രതിദിനം 15 മുതൽ 20 കോടി രൂപ വരെയാണ് വൈദ്യുതി ബോർഡിന് നഷ്ടം സംഭവിക്കുന്നത്. നേരത്തെ വൈദ്യുതി ബോർഡിനുണ്ടായിരുന്ന 1,000 കോടി രൂപയുടെ നഷ്ടം 45,000 കോടി രൂപയായി വർധിപ്പിച്ച് അതു മുഴുവൻ പാവപ്പെട്ടവരുടെ തലയിൽ വൈദ്യുതി ചാർജ്ജായി കെട്ടിവച്ച് 7,500 കോടി രൂപ ഈടാക്കുന്നത് ശരിയാണോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായി ശരിയല്ല. ടെൻഡർ നടപടികളിലെ സാങ്കേതിക അപാകതകൾ മനസ്സിലാക്കിയാണ് റെഗുലേറ്ററി കമ്മീഷൻ ടി കരാർ റദ്ദാക്കിയത്. വൈദ്യുതി ബോർഡിന് സംഭവിച്ച നഷ്ടം കണക്കിലെടുത്ത് അതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്. കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: സർ, ഞാൻ

പറഞ്ഞതിൽനിന്ന് വ്യത്യസ്തമായ കാര്യങ്ങളല്ല ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉന്നയിച്ചത്. യഥാർത്ഥത്തിൽ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭിക്കേണ്ട ഒരു കരാറായിരുന്നു ഇത്. എന്നാൽ, റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരമില്ലാതെയാണ് 2011-16 കാലത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിൻപ്രകാരം വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ കരാറിൽത്തന്നെ സ്വാഭാവികമായും എതിർക്കപ്പെടേണ്ട ചില കാര്യങ്ങളുണ്ടായിരുന്നെങ്കിലും വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നുവെന്ന കാരണത്താൽ അതിലേയ്ക്കൊന്നും ഞങ്ങൾ കടന്നില്ല. അത് ഒഴിവാക്കാൻ കഴിയില്ലെന്ന നിലപാട് തന്നെയാണ് ഞങ്ങൾ സ്വീകരിച്ചത്. എന്നാൽ റെഗുലേറ്ററി കമ്മീഷൻ ടി കരാർ റദ്ദുചെയ്തു. അത് അംഗീകരിക്കുകയല്ല സർക്കാർ ചെയ്തത്. അതിനെതിരെ മന്ത്രിസഭ തീരുമാനമെടുത്തു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ നിയമപോരാട്ടത്തിലുമാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കേരള സർക്കാർ വൈദ്യുതി വകുപ്പ് പ്രസരണ-വിതരണ രംഗത്ത് കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയ മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന മേഖലകളിൽ ത്രീ ഫേസ്

ലൈനുകൾ സ്ഥാപിച്ചും നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ വൈദ്യുതി വിതരണം കാര്യക്ഷമമായി നടന്നുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ് ബ്ലോക്കിൽ തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ കല്ലിക്കണ്ടിയിൽ 110 KV സബ്സ്റ്റേഷനെക്കുറിച്ച് ചർച്ച നടത്തി ഏകദേശ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അത് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കല്ലിക്കണ്ടി 110 kV സബ് സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച് സാങ്കേതിക പഠനം പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീയായിരിക്കുകയാണ്.

(ചോദ്യം നം.*34)

P-10-02-2025-AL-FM
(9.40-9.50)

### കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിക്ഷേപം

(*34) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആർ.സി.എഫ്.എൽ. എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ (എൻ.സി.ഡി.) നിക്ഷേപിക്കുന്നതിനു മുമ്പ് ഈ കടപ്പത്രത്തിന് സെബിയുടെയും ആർ.ബി.ഐ.-യുടെയും അംഗീകാരമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സെബിയുടെയും ആർ.ബി.ഐ.-യുടെയും അംഗീകാരമില്ലാത്ത കടപ്പത്രത്തിൽ ഇപ്രകാരം നിക്ഷേപിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ & ബി) പരിശോധിച്ചിട്ടുണ്ട്. ആർ.ബി.ഐ. (Reserve Bank of India) നിയന്ത്രണത്തിലുള്ള ഒരു എൻ.ബി.എഫ്.സി. (Non-Banking Financial Company) ആയിട്ടാണ് ആർ.സി.എഫ്.എൽ. (Reliance Commercial Finance Limited) പ്രവർത്തിച്ചിരുന്നത്. ആർ.സി.എഫ്.എൽ. കടപ്പത്രങ്ങൾ ഇറക്കിയത് സെബി (Securities and Exchange Board of India) നിഷ്കർഷിച്ച നിയമങ്ങൾ പാലിച്ചുകൊണ്ടായിരുന്നു. ഈ കടപ്പത്രങ്ങൾ സെബിയുടെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് Bombay Stock Exchange (BSE)-ൽ ലിസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. ഇതിനുപുറമേ ആർ.സി.എഫ്.എൽ. പുറത്തിറക്കിയ കടപ്പത്രത്തിന് രണ്ട് ആർ.ബി.ഐ./സെബി അംഗീകൃത

റേറ്റിംഗ് ഏജൻസികളുടെ AAA+ ക്രെഡിറ്റ് റേറ്റിംഗുമുണ്ടായിരുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരള ഫിനാൻഷ്യൽ കോപ്പറേഷന്റെ നിക്ഷേപം അംബാനിയുടെ കമ്പനിക്ക് നൽകിയതായി അറിയാൻ സാധിച്ചു. പണം നിക്ഷേപിക്കുന്നതിനു മുമ്പ് ഈ കമ്പനിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എത്ര ശതമാനം പലിശ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, 9.1 ശതമാനം പലിശക്കാണ് ആർ.സി.എഫ്.എൽ.-ന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പണം നിക്ഷേപിച്ചത്. നിയമപരമായിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ തത്വങ്ങളും നിയമങ്ങളും അംഗീകരിച്ചാണ് നിക്ഷേപം നടത്തിയത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സംസ്ഥാനത്തെ ചെറുതും വലുതുമായ വ്യാവസായിക സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നിരവധി ലോണുകൾ നൽകിയിട്ടുണ്ട്. എന്നാൽ, ഈ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നതായി കാണുന്നില്ല. നിലവിൽ നിരവധി സ്ഥാപനങ്ങൾ ജപ്തി ചെയ്തിട്ടുമുണ്ട്. ജപ്തി ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണ്; ലേലം ചെയ്തിട്ടുണ്ടോ; അവ

തുറന്നു പ്രവർത്തിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിലവിലെ പ്രവർത്തനങ്ങളെക്കുറിച്ച് വേണ്ടത്ര മനസ്സിലാക്കാതെ മുൻകാലത്തുള്ള അവസ്ഥ മനസിൽ വച്ചുകൊണ്ടാണ് സംസാരിക്കുന്നതെന്ന് കരുതുന്നു. കെ.എഫ്.സി. ഈ ഘട്ടത്തിൽ ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് അന്നത്തെ മാർക്കറ്റ് റേറ്റ് അധികമായതുകൊണ്ടുതന്നെ 13 ശതമാനം വരെയായിരുന്നു ആവറേജ് റേറ്റ് ഓഫ് ഇന്ററസ്റ്റ്. ആദ്യ വർഷം തന്നെ അത് 9.5 ശതമാനത്തിലെത്തിച്ചു. ഇപ്പോൾ റിപ്പോ റേറ്റുകൾ വർധിച്ചതുകാരണം അൽപം വർധനവുണ്ട്. എങ്കിൽപോലും കൊമേഴ്സ്യൽ ബാങ്കുകളുമായി വളരെയധികമായിരുന്ന ഇന്ററസ്റ്റ് റേറ്റ് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഏതൊരു സ്ഥാപനത്തെയുംപോലെ കെ.എഫ്.സി.-യിലും കിട്ടാക്കടത്തിന്റെ പ്രശ്നങ്ങളുണ്ട്. എന്നാൽ, ഇപ്പോൾ എൻ.പി.എ. പരമാവധി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല, സംരംഭകരോട് വളരെ പോസിറ്റീവായ സമീപനമെടുക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്.

ദീർഘകാലമായി പണമടയ്ക്കാതിരിക്കുന്നവർക്ക് വൺ ടൈം സെറ്റിൽമെന്റ് പോലുള്ള അവസരങ്ങളും നൽകുന്നുണ്ട്. തുടർന്നും അതേ സമീപനമായിരിക്കും സ്വീകരിക്കുന്നത്. 2020-21 കാലഘട്ടത്തിൽ കെ.എഫ്.സി.-യുടെ ലാഭം 6.58 കോടി രൂപയായിരുന്നു. പലിശ നിരക്ക് കുറച്ചതിലൂടെ നിലവിൽ കെ.എഫ്.സി.യുടെ ലാഭം 74.04 കോടി രൂപയാക്കി വർധിപ്പിക്കാൻ സാധിച്ചു. കാർഷിക മേഖലയിലെ 10 കോടി രൂപ വരെയുള്ള പ്രോജക്ടിന് 5 ശതമാനം പലിശയ്ക്ക് കെ.എഫ്.സി. പണം കടം കൊടുക്കുന്നുണ്ട്. കൂടാതെ, 2 കോടി രൂപ വരെയുള്ള സ്റ്റാർട്ടപ്പുകൾക്ക് മറ്റ് ഗ്യാരന്റികളില്ലാതെ അവരുടെ പ്രോഡക്ടിന്റെ അടിസ്ഥാനത്തിൽ 5 ശതമാനം പലിശയ്ക്കാണ് കെ.എഫ്.സി. പണം നൽകുന്നത്. ശേഷിക്കുന്നത് സർക്കാർ കെ.എഫ്.സി.-ക്ക് ഇന്ററസ്റ്റ് സബ്‌വെൻഷനായി കൊടുക്കുന്നതാണ്. കൊലാറ്ററർ രഹിത ഫണ്ടിംഗ് യാഥാർത്ഥ്യമാക്കാനായി പ്രൊഡക്ഷന്റെ അടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പുകൾക്ക് നൽകിയിരുന്ന 10 കോടി രൂപ 15 കോടിയാക്കി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ബജറ്റിലും പ്രതിപാദിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 300 കോടി രൂപയാണ് അധികമായിട്ട് കെ.എഫ്.സി.-യുടെ മൂലധനത്തിനുവേണ്ടി വർധിപ്പിച്ചത്. ഈ ബജറ്റിൽ 200 കോടി രൂപ കൂടി നൽകുമെന്ന്

പറഞ്ഞിട്ടുണ്ട്. അങ്ങനെ മൂലധനത്തിന്റെ കാര്യത്തിൽ കെ.എഫ്.സി. ഇപ്പോൾതന്നെ 776 കോടി രൂപയെന്ന നിലയിലേയ്ക്ക് എത്തിയിട്ടുണ്ട്. കെ.എഫ്.സി. ഇപ്പോൾ നൽകുന്ന ലോണുകളെ സംബന്ധിച്ച് കസ്റ്റമേഴ്സിനോട് അന്വേഷിക്കുന്നത് നന്നായിരിക്കും. കാരണം, ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 4,500 കോടി രൂപയായിരുന്ന ബോറോവിംഗ് 7,500 കോടി രൂപയിലേയ്ക്ക് മാറിയിട്ടുണ്ട്. കെ.എഫ്.സി.യുടെ ബോറോയിംഗ് 10,000 കോടി രൂപയിലേക്ക് എത്തിക്കാൻ സാധിക്കുന്ന തരത്തിലാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്.

(ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ))

P.10-02-2025-9.50-10.00
GS/FM(1)

(ചോദ്യം നം. *34 തുടർച്ച.....)

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, കെ.എഫ്.സി.-യുടെ വ്യവസ്ഥയനുസരിച്ച് ഏതെങ്കിലും സെക്യൂരിറ്റിയിൽ നിക്ഷേപിക്കുന്നതിന് ബോർഡ് തീരുമാനം വേണമെന്നുള്ള വ്യവസ്ഥയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ, അംബാനിയുടെ ഉടമസ്ഥതയിലുള്ള ആർ.സി.എഫ്.എൽ.-ൽ പണം നിക്ഷേപിക്കുന്നതിന് ബോർഡ് മീറ്റിംഗ്

കൂടി തീരുമാനമെടുത്തിരുന്നോ എന്നതിനെക്കുറിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. മാത്രമല്ല, ഇങ്ങനെ നിക്ഷേപിച്ചതിലൂടെ കെ.എഫ്.സി.-ക്ക് എന്ത് നേട്ടമുണ്ടായെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇവിടെ പരാമർശിച്ചതുപോലെ പതിനായിരം കോടിയോളം രൂപയാണ് ആർ.സി.എഫ്.എൽ.-ൽ നിക്ഷേപിച്ചിരുന്നത്. ടി നിക്ഷേപത്തിൽ കെ.എഫ്.സി.-യുടെ 60 കോടി രൂപയുണ്ടായിരുന്നു. അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ക്യാപിറ്റലിന് സാമ്പത്തികമായി തകർച്ചയുണ്ടാവുകയും ടി സ്ഥാപനം തകരുകയും ചെയ്തു. എന്നാൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വ്യവസ്ഥകൾക്കനുസൃതമായാണ് ടി തുക നിക്ഷേപിച്ചത്. ഇതിനുശേഷം കെ.എഫ്.സി.-ക്ക് നഷ്ടം വന്ന സ്ഥിതിയുണ്ടായപ്പോൾ 24 ശതമാനത്തോളം പണം തിരിച്ച് അടയ്ക്കുന്നതിനുവേണ്ടി ഒരു എഗ്രിമെന്റുണ്ടാക്കുകയും അത് റീ-സ്ട്രക്ചറിംഗിനുള്ള ഒരു കമ്പനി അത് ഏറ്റെടുക്കാൻ തീരുമാനിച്ചു. മറ്റ് സ്ഥാപനങ്ങളൊക്കെ അത് അംഗീകരിച്ചുവെങ്കിലും കെ.എഫ്.സി. അത് അംഗീകരിച്ചില്ല. 24.96 ശതമാനം തുക തിരിച്ച് തരാമെന്ന് പറഞ്ഞിട്ടും കെ.എഫ്.സി. അത് അംഗീകരിച്ചില്ല. മാത്രമല്ല, വീണ്ടും എഗ്രിമെന്റ് ഏറ്റെടുക്കാൻ തയ്യാറായ Autham Investment & Infrastructure Limited

എന്ന പ്രൈവറ്റ് കമ്പനി 52 ശതമാനം തുക മടക്കി നൽകാമെന്ന വാഗ്ദാനം മുന്നോട്ടുവച്ചു. അതുമായിബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതുകൊണ്ടാണ് തീർപ്പാക്കാൻ സാധിക്കാതെ നിലനിൽക്കുന്നത്. ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം ഇതിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം പ്രധാനമായും ബാങ്ക് ഓഫ് ബറോഡയാണ് ഏറ്റെടുത്തിരിക്കുന്നത്. ബാങ്ക് ഓഫ് ബറോഡയും എൽ.ഐ.സി.-യുമുൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട നാഷണലൈസ്ഡ് ബാങ്കുകളൊക്കെ ഇതിലുൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത എഗ്രിമെന്റ് വയ്ക്കുമ്പോൾ ബോർഡ് അംഗീകാരമുണ്ടായിരുന്നോയെന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. ALCO എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന അസറ്റ് ആൻഡ് ലയബിലിറ്റി മാനേജ്മെന്റ് കമ്മിറ്റി ചെയർമാനും എം.ഡി.-ഉം ടെക്നിക്കൽ അംഗങ്ങളും ചേർന്ന വിവിധ ബോർഡുകൾ ചേർന്ന് പരിശോധിച്ചശേഷമാണ് തീരുമാനമെടുത്തത്. അതിന്റെ പശ്ചാത്തലം കൂടിയുണ്ടെന്ന് മനസ്സിലാക്കണം. 2017-മുതൽ കെ.എഫ്.സി. 500 കോടി വർധിപ്പിക്കാൻ ആലോചിക്കുകയാണ്. അതിനുമുമ്പന്നെ ഇത് ആരംഭിച്ചിരുന്നു. ആദ്യമേ രണ്ടുമൂന്ന് ഘട്ടത്തിൽ ഇഷ്യൂ നടത്താൻ ശ്രമിച്ചെങ്കിലും പണം ലഭിച്ചിരുന്നില്ല. അതിനുശേഷം ഒരുഘട്ടത്തിൽ 250

കോടി രൂപ വരെ ലഭിച്ചിരുന്നുള്ളൂ. അതിൽത്തന്നെ പലവിധ ശ്രമങ്ങളും നടത്തേണ്ടിവന്നു. അങ്ങനെവന്നപ്പോൾ കെ.എഫ്.സി.യുടെ റേറ്റിംഗ് വർധിപ്പിക്കുന്നതിനുവേണ്ടി ലഭിച്ച 250 കോടി രൂപയുടെ 20 ശതമാനം മികച്ച റേറ്റിംഗുള്ള സ്ഥാപനത്തിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് 60 കോടി രൂപ നിക്ഷേപിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 9.1 ശതമാനം പലിശയ്ക്ക് നിക്ഷേപിച്ചപ്പോൾ പിന്നീട് പണം കിട്ടി. ഇത്തരം കാര്യങ്ങളെല്ലാം ചെയ്തത് ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ്. ബോർഡ് ഏൽപ്പിച്ച അസറ്റ് ആൻഡ് ലൈബിലിറ്റി മാനേജ്മെന്റ് കമ്മിറ്റി പലതവണ ചർച്ച ചെയ്തശേഷം തീരുമാനമെടുക്കുകയും തുടർന്ന്, 18-06-2018-ൽ നടന്ന ബോർഡ് മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. അത്തരം നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 2018-ൽ പല സാമ്പത്തിക സ്ഥാപനങ്ങളും ഇന്ത്യയിൽത്തന്നെ വളരെയേറെ നിക്ഷേപമുണ്ടായിരുന്ന ILFS (Infrastructure Leasing & Financial Services) പോലുള്ള ഇന്ത്യയിലെ പല പ്രമുഖമായ സ്ഥാപനങ്ങളും തകർച്ച നേരിട്ട ഘട്ടത്തിൽ ടി കമ്പനിയും ഉൾപ്പെട്ടിരുന്നു. തുക നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് അന്ന് ചെയ്യേണ്ടിയിരുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ്

കാര്യങ്ങൾ ചെയ്തിട്ടുള്ളതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ആർ.സി.എഫ്.എൽ.-ൽ ഏകദേശം പതിനായിരം കോടിയോളം രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ടെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. കെ.എഫ്.സി. നിക്ഷേപം നടത്തിയ സമാന കാലയളവിൽ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകളുടെ ഏജൻസികൾ ആർ.സി.എഫ്.എൽ.-ൽ നിക്ഷേപം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാൻ അങ്ങേയ്ക്ക് സാധിക്കുമോ; അതുപോലെതന്നെ, 2018-19, 2019-20-ലെ കെ.എഫ്.സി.-യുടെ ആനുവൽ റിപ്പോർട്ടിൽ പ്രസ്തുത ആർ.സി.എഫ്.എൽ. നിക്ഷേപത്തെപ്പറ്റി വ്യക്തമായ പരാമർശമുണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിലവിൽ ഏതൊക്കെ സർക്കാരുകളുടെ ഏജൻസികൾ നിക്ഷേപം നടത്തിയിട്ടുണ്ടെന്നതിന്റെ വിശദമായ കണക്ക് പരിശോധിക്കേണ്ടിവരും. ഇന്ത്യയിലെ പ്രമുഖമായ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപമായാണ് ആ സമയത്ത് പതിനായിരംകോടി രൂപ സ്വരൂപിക്കാൻ സാധിച്ചത്. വളരെ കൃത്യമായി ഇക്കാര്യങ്ങളൊക്കെ പരിശോധിക്കാൻ സാധിക്കുന്ന നാഷണലൈസ്ഡ് ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഏൽപ്പിച്ചിരിക്കുന്ന ഏജൻസികളുടെ റാങ്കിംഗുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം ഒരിക്കൽക്കൂടി ചോദിക്കാമോ?

ശ്രീ. റോജി എം. ജോൺ: സർ, 2018-19, 2019-20-ലെ കെ.എഫ്.സി.-യുടെ ആനുവൽ റിപ്പോർട്ടിൽ ആർ.സി.എഫ്.എൽ.-ലെ നിക്ഷേപത്തെക്കുറിച്ച് കൃത്യമായ പരാമർശമുണ്ടാവാതെ പോയതെന്തുകൊണ്ടാണ്?

മി. സ്പീക്കർ: ആർ.സി.എഫ്.എൽ.-ലെ നിക്ഷേപത്തെക്കുറിച്ച് ആനുവൽ റിപ്പോർട്ടിൽ എന്തുകൊണ്ട് പരാമർശമുണ്ടായില്ല എന്നതാണ് ചോദ്യം?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബാങ്കുകളുമായുള്ള ടേം ഡെപ്പോസിറ്റ് എന്ന തലക്കെട്ടിൽ വാർഷിക റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2018-ൽ ക്രെഡിറ്റ് റേറ്റിംഗ് മെച്ചപ്പെടുത്തലിന്റെ ഭാഗമായി 60.80 കോടി രൂപ ആർ.സി.എഫ്.എൽ.-ൽ നിക്ഷേപിച്ചപ്പോൾ ടേം ഡെപ്പോസിറ്റുകൾക്കായി എൻ.ഡി.സി. എന്ന തലക്കെട്ടിൽ വാർഷിക റിപ്പോർട്ടിലുൾപ്പെടുത്തി തുടർന്ന് എല്ലാവർഷവും ഇത് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ന്യൂ ജനറേഷൻ ബിസിനസ്സുകളുമായി ബന്ധപ്പെട്ട് യുവാക്കൾക്കുവേണ്ടി ടി കമ്പനി പ്രത്യേകമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, യുവാക്കൾക്കുവേണ്ടി ഏറ്റവും കൂടുതൽ പദ്ധതികൾ പ്രഖ്യാപനം ചെയ്യുന്നൊരു ധനകാര്യ സ്ഥാപനമാണ് കെ.എഫ്.സി. 2 കോടി രൂപ വരെ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി എന്നനിലയിലൊരു പദ്ധതിയുണ്ട്. അതിൽ ഏറ്റവുമധികം യുവാക്കൾക്ക് ലോൺ അനുവദിച്ചിട്ടുണ്ട്. അവർക്ക് രണ്ട് കോടി രൂപ വരെ 5 ശതമാനം പലിശയും ബാക്കി സംസ്ഥാന സർക്കാർ കെ.എഫ്.സി.-ക്ക് സബ്സിഡിയായി കൊടുക്കും. ധാരാളം ആളുകൾക്ക് അവർ ചെയ്യുന്ന കാര്യങ്ങൾ നന്നായി പോകുമെന്നുള്ളതിന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പരിശോധിച്ചശേഷമാണ് വായ്പ നൽകുന്നത്. ഇതുസംബന്ധിച്ച് നേരത്തെ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ ഉന്നയിച്ച പ്രധാനപ്പെട്ടൊരു പ്രശ്നം യുവാക്കൾക്ക് ഗ്യാരന്റി കൊടുക്കാനില്ലാത്തുകൊണ്ട് പ്രത്യേകിച്ച് മൂന്ന് കമ്പനിയുടെ ധാരണയുണ്ടാക്കി ഡിഫൻസിൽനിന്ന് പർച്ചേഴ്സ് ഓർഡർ ലഭിക്കുമെങ്കിൽ അവരുമായിട്ടുള്ള എഗ്രിമെന്റുകൂടി വയ്ക്കണം;

ഡിഫൻസ് ഒരിക്കലും പർച്ചേഴ്സ് ഓർഡർ കൊടുക്കില്ല. അത്തരം കാര്യങ്ങൾക്ക് ഇളവ് നൽകി യുവാക്കളുടെ പ്രൊഡക്റ്റുമായി ബന്ധപ്പെടുത്തി പ്രത്യേക സംവിധാനമുണ്ടാക്കി പണം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ കൂടുതൽ നൂതനമായ സംരംഭം വരാൻ 10 കോടി രൂപ വരെ 5 ശതമാനം പലിശക്ക് നൽകുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ സൂചിപ്പിച്ചതുപോലെ കാര്യം ടൂറിസത്തിന്റെ ഭാഗമായി ഹോട്ടൽ ക്ലസ്റ്ററുകൾ നിർമ്മിക്കുന്നതിന് പലിശ സബ്സിഡിയോടുകൂടി 50 കോടി രൂപ നൽകുന്നതിനുള്ള പദ്ധതി കെ.എഫ്.സി. ആവിഷ്കരിക്കും. കെ.എഫ്.സി. ഗവൺമെന്റിന്റെ ഭാഗമായി എല്ലാ മേഖലകളിലെയും ഹോട്ടലുകൾക്കുള്ള സഹായം നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കോൺട്രാക്റ്റർമാരുടെ ബിൽ ഡിസ്കൗണ്ടിംഗ് എന്നിവയടക്കം ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിന് കാപിറ്റൽ കൂടുതൽ വേണമെന്ന് പറയുന്നത്. കാരണം, കൂടുതൽ കടം കൊടുക്കണമെങ്കിൽ (CAR) ക്യാപിറ്റൽ അഡീക്വസി റേഷ്യോ പാലിക്കണം. അതുകൊണ്ടാണ് 300 കോടി രൂപ വർധിപ്പിച്ചത്. നിലവിൽ മൂലധനം മാത്രം 200 കോടി രൂപ വർധിപ്പിക്കാൻ ആലോചിച്ചിട്ടുണ്ട്. അങ്ങനെവരുമ്പോൾ പുതിയ മേഖലകളുൾപ്പെടെ പതിനായിരം കോടിരൂപ നൽകാൻ കഴിയും.

(ചോദ്യംനമ്പർ *35)

P.10-02-2025 -9.50-10.00
GS/FM(1)

## ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

5(*35) ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയപ്രകാരം
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയെക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്താനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) ആരോഗ്യ വകുപ്പുമന്ത്രിയുടെ നിർദേശപ്രകാരം ആരോഗ്യ വകുപ്പ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണോ ഇപ്രകാരം അന്വേഷണം നടന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ&ബി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെക്കുറിച്ച്

(KMSCL) ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി HEALTH-B3/312/2021-HEALTH നമ്പർ ഫയലിൽ ആവശ്യപ്പെട്ടതുപ്രകാരമാണ് ധനകാര്യ പരിശോധനാ വിഭാഗം KMSCL-ൽ പരിശോധന നടത്തിയത്.

(സി) പരിശോധന പൂർത്തിയാക്കുകയുണ്ടായി. പരിശോധനാവേളയിൽ നൽകിയ അമ്പതോളം അന്വേഷണക്കുറിപ്പുകൾക്ക് KMSCL അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാവേളയിൽ അന്വേഷണ സംഘം ശേഖരിച്ച ബൃഹത്തായ വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കോവിഡ് കാലത്തെ പർച്ചേസിനെ സംബന്ധിച്ച് 10 കോടി രൂപയുടെ ക്രമക്കേടുണ്ടായിട്ടുണ്ടെന്ന് Comptroller and Auditor General (C&AG) കണ്ടെത്തിയിരിക്കുകയാണ്. 550 രൂപയുടെ പി.പി.ഇ. കിറ്റ് 1500 രൂപയ്ക്ക് വാങ്ങിയെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒരു ധനകാര്യ പരിശോധന ആരംഭിച്ചിരുന്നു. പ്രസ്തുത ധനകാര്യ പരിശോധനയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ആ പരിശോധന റിപ്പോർട്ട് ധനകാര്യ വകുപ്പിന്

ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ധനകാര്യ പരിശോധനാ വിഭാഗം ഇതുസംബന്ധിച്ചൊരന്വേഷണം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ ആവശ്യപ്രകാരമാണ് പ്രസ്തുത അന്വേഷണം ആരംഭിച്ചത്. അവിടത്തെ ചില പ്രധാനപ്പെട്ട കേസുകളായ പ്രത്യേകിച്ചും പർച്ചേയ്സുമായി ബന്ധപ്പെട്ട അല്ലെങ്കിൽ ഓഫീസ് ഡേറ്റായുമായി ബന്ധപ്പെട്ട അന്വേഷണമാണ് നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങളിന്മേലുള്ള അന്വേഷണമല്ല നടത്തുന്നത്. അതിന്റെഭാഗമായി വളരെ പ്രധാനപ്പെട്ടൊരു ഡാറ്റ ഫിനാൻസിന്റെ ഇൻസ്പക്ഷൻ വിംഗിന് ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ വിശദമായി പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. നേരത്തെ അങ്ങ് സൂചിപ്പിച്ച Comptroller and Auditor General (C&AG) റിപ്പോർട്ടിനെസംബന്ധിച്ചാണെങ്കിലും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആരോഗ്യം സംരക്ഷിക്കാൻവേണ്ടി നടത്തിയ പർച്ചേയ്സുകളെ ഇതുമായി കൂട്ടിക്കെട്ടുന്നത് ശരിയല്ല. അതായത് ആ കാലഘട്ടത്തിൽ കർണ്ണാടകത്തിൽനിന്ന് വാങ്ങിയ പി.പി.ഇ. കിറ്റുകൾക്കും കോൺഗ്രസ് ഭരിച്ചിരുന്ന സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയ പി.പി.ഇ.

കിറ്റുകൾക്കും ഉയർന്ന വിലയാണ് ഈടാക്കിയത്. ആ സമയത്ത് ഇത്തരം സാധനങ്ങൾ കിട്ടുകയെന്നതുതന്നെ വളരെ പ്രധാനമായിരുന്നു. ഇവിടെ ഗവൺമെന്റ്തന്നെ ഒരു അന്വേഷണം നടത്തി ഡിറ്റെയിൽസ് ശേഖരിക്കുകയാണ്. അതിന്റെ ഡിറ്റെയിൽസ് ലഭിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് താമസിക്കാതെ സമർപ്പിക്കാൻ സാധിക്കുമെന്നാണ് ഫിനാൻസ് ഇൻസ്പക്ഷൻ വിംഗിൽനിന്ന് മനസ്സിലാക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ഉത്തരത്തിൽ തിരുത്ത്)

P 10-02-2025
MR-AY(1)
10.00-10.10 (SV)

**തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... 15-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 08-10-2024-ലെ നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ്

തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 08-10-2021-ലെ നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(മി. സ്പീക്കർ)

P 10-02-2025
MR-AY(1)
10.00-10.10 (SV)

## II. ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ (8)-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I thank the Fifteenth Kerala Legislative Assembly for the Motion of Thanks adopted on 23rd January, 2025 by its Thirteenth

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

Session on my address to the Assembly on 17th January, 2025."

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം)

P 10-02-2025
MR-AY(1)
10.00-10.10 (SV)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കിഫ്ബി

മി. സ്പീക്കർ: സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ച് രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനം താളംതെറ്റുകയും, നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

P 10-02-2025
MR-AY(1)
10.00-10.10 (SV)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കിഫ്ബി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിഫ്ബിയെ സംബന്ധിച്ച് ഇവിടെ ഉന്നയിച്ച സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം വാസ്തവത്തിൽ ഇപ്പോൾ എടുക്കത്തക്ക വിധത്തിലുള്ളൊരു വിഷയവും അതിൽ ഇല്ലെന്നുമാത്രമല്ല, കിഫ്ബി ജനിക്കുന്നതിന് മുമ്പുതന്നെ അതിനെ കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിച്ചിരുന്ന ആളുകൾ ഇപ്പോൾ ജനിച്ച് കുറച്ചായ ആ കുട്ടിയെ കൂടുതൽ പാലും ഹോർളിക്സുമൊക്കെ കൊടുത്ത് കുറച്ചുകൂടി നന്നാക്കേണ്ടതല്ലേ എന്ന ചോദ്യം ചോദിക്കുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. വൈകിയാണെങ്കിലും അവർക്കൊരു തിരിച്ചറിവ് വന്നുവെന്നുള്ളത് നല്ല കാര്യമാണ്. ഇനിയും ചർച്ചയുണ്ടെങ്കിൽ ഓരോ സ്ഥലത്തും ചെയ്ത കാര്യങ്ങളെപറ്റി വിശദമായി പറയാം.

സംസ്ഥാനത്തെ ഒരു ബദൽ വികസന മാതൃക എന്ന നിലയിൽ കിഫ്ബിയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളെ

തകർക്കാനാണ് ഈ ഘട്ടത്തിൽ ശ്രമിക്കുന്നത്. ഇത് സ്നേഹപൂർവമാണെന്ന് നമ്മൾ വിചാരിക്കും, എന്നാൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വരുന്നത് ധൃതരാഷ്ട്രാലിംഗനംതന്നെയാണ്. ഭീമനെ ആലിംഗനം ചെയ്യാൻ വന്നതുപോലെ... ഇരുമ്പ് പ്രതിമ കൊടുത്തതുകൊണ്ടാണ് അന്ന് ഭീമൻ രക്ഷപ്പെട്ടത്. ഇത്തരത്തിൽ കിഫ്ബിയുടെ പ്രവർത്തന മാതൃകയിൽ പരിഷ്കാരം വരുത്തുന്നതിനെ സംബന്ധിച്ച് മുന്നോട്ടുവച്ചിട്ടുള്ള വരുമാനദായക നിർദേശങ്ങളെ സംബന്ധിച്ചും നിലവിൽ കിഫ്ബിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നില്ലെന്നും പൂർത്തീകരിക്കാൻ പറ്റുന്നില്ലെന്നുമൊക്കെയാണ് പ്രതിപക്ഷം ഇപ്പോൾ പറയുന്നത്. കിഫ്ബി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ നേരത്തെതന്നെ തർക്കമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും കിഫ്ബിയുടെ മോഡൽ നമുക്കറിയാം. ഇന്ത്യയിൽ വളരെയേറെ നിക്ഷേപം ആവശ്യമാണെന്നുള്ള കണക്കിന്റെ അടിസ്ഥാനത്തിലാണ് ഒരു ലക്ഷം കോടിയോളം നിക്ഷേപം വരുന്നതിനുവേണ്ടിയുള്ള കാഴ്ചപ്പാട് വേണമെന്നുപറഞ്ഞ് ഇക്കാര്യം മുന്നോട്ടുവച്ചത്. കിഫ്ബി ആകെ 87521.36 കോടി രൂപയുടെ 1147 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കലിനുമാത്രം 20000 കോടി രൂപയുടെ പദ്ധതിയുൾപ്പെടുന്നു. മലർപ്പൊടിക്കാരന്റെ സ്വപ്നം എന്നാണല്ലോ അന്ന് ആക്ഷേപിച്ചത്?

കിഫ്ബിയിൽ ദേശീയ പാത 66, കോസ്റ്റൽ ഹൈവേ, ഹിൽ ഹൈവേ, വെസ്റ്റ് കോസ്റ്റ് കനാൽ തുടങ്ങിയ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പരിപാടികൾ ഒന്നൊന്നായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് എല്ലാവരും അംഗീകരിക്കുന്നതാണ്. ഞങ്ങളുടെ മണ്ഡലങ്ങളിൽ കൂടുതൽ പദ്ധതികൾ വേണമെന്നല്ലാതെ ഇതിന് വെറൊരു പ്രശ്നവും പ്രതിപക്ഷവും പറയുന്നില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 50000 കോടി രൂപയുടെ പദ്ധതികളാണ് ഉദ്ദേശിച്ചത്. എന്നാൽ അതിനേക്കാൾ കൂടുതൽ പദ്ധതികൾ ആ സമയത്ത് നൽകി. ഇപ്പോൾ അത് ഒരു ലക്ഷം കോടിയിലേക്ക് എത്തുന്ന അവസ്ഥയിൽത്തന്നെയാണ്. അതിൽനിന്നും പുറകോട്ട് പോയിട്ടില്ല. 67436 കോടി രൂപയുടെ 1140 അടിസ്ഥാന സൗകര്യ പദ്ധതികളിൽ 38205 കോടി രൂപയുടെ 697 പ്രോജക്ടുകൾ ടെൻഡർ ചെയ്യുകയും 18423 കോടി രൂപയുടെ പദ്ധതികളോ പദ്ധതി ഘടകങ്ങളോ പൂർത്തീകരിക്കാനായിട്ടുണ്ട്. എന്നാൽ 33088 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാധാരണഗതിയിൽ നമ്മുടെ ബജറ്റിൽ പറയാറുള്ള മൂലധനച്ചെലവ്, ആ മൂലധനച്ചെലവിനേക്കാളും കൂടുതലായ തുകയുള്ള പദ്ധതികൾ ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. കിഫ്ബി മുഖേനയുള്ള സംസ്ഥാനത്തെ വികസന പദ്ധതികൾ 140 മണ്ഡലങ്ങളിലും

വിവിധതരത്തിൽ നടക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ 33104 കോടി രൂപയുടെ 511 പദ്ധതികളും ജലവിഭവ വകുപ്പിനുകീഴിൽ 6907 കോടി രൂപയുടെ 101 പദ്ധതികളും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ 6263 കോടി രൂപയുടെ പദ്ധതികളും വൈദ്യുതി മേഖലയിലെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി 5200 കോടി രൂപയുടെ 18 പദ്ധതികളും തീരദേശ ഷിപ്പിംഗ് ആൻഡ് ഉൾനാടൻ ജലഗതാഗത വകുപ്പിനുകീഴിൽ 3503 കോടി രൂപയുടെ 18 പദ്ധതികളുമുണ്ട്. ഇവയ്ക്കെല്ലാം അനുമതി നൽകിക്കഴിഞ്ഞു. ഐ.ടി. വകുപ്പിനുകീഴിൽ 1652 കോടി രൂപയുടെ അഞ്ച് പദ്ധതികൾ, യുവജന ക്ഷേമകാര്യ വകുപ്പിനുകീഴിൽ 879 കോടി രൂപയുടെ 41 പദ്ധതികൾ, ടൂറിസം വകുപ്പിനുകീഴിൽ 619 കോടി രൂപയുടെ 14 പദ്ധതികൾ, ഗതാഗത വകുപ്പിനുകീഴിൽ 609 കോടി രൂപയുടെ 3 പദ്ധതികൾ എന്നിങ്ങനെ എല്ലാ വകുപ്പുകൾക്കും വിവിധതരത്തിൽ ഈ ഫണ്ടുകൾ മാറ്റിവച്ചിട്ടുണ്ട്. ഫിഷറീസ്, തുറമുഖം എന്നീ വകുപ്പുകൾക്കുമാത്രം 524 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കോവളം മുതൽ ബേക്കറി വരെയുള്ള 616 കിലോമീറ്റർ ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന് 1420 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വളരെ പ്രശസ്തമായ താമരശ്ശേരി ചുരത്തിന് പകരമായുള്ള പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ആനക്കാംപോയിൽ-കള്ളാടി തുരങ്കപാത. അതിനായി

രണ്ടായിരത്തിലധികം കോടി രൂപയാണ് കിഫ്ബി മാറ്റിവയ്ക്കുന്നത്.

തീരദേശ ഹൈവേയിൽ 600 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി 3015.11 കോടി രൂപയാണ് ഇതുവരെ അനുവദിച്ചത്. 11 കിലോമീറ്റർ നിർമ്മാണപ്രവർത്തനം പൂർത്തിയായി. 1169 കിലോമീറ്റർ ദൈർഘ്യമുള്ള ഹിൽ ഹൈവേയിൽ 803 കിലോമീറ്ററിന് 3503 കോടി രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അനുമതി നൽകിയത്. അവിടെയുള്ള റോഡിന്റെ മിക്കവാറും ഭാഗങ്ങൾ പൂർത്തിയായെന്നും വളരെ വേഗത്തിൽ ജനങ്ങൾക്ക് സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലേക്ക് അവ മാറിയെന്നുള്ളതും അവിടത്തെ ജനങ്ങൾ അംഗീകരിക്കുന്ന കാര്യമാണ്. കൊച്ചിയിലെ നഗര പുനരുജ്ജീവനത്തിനുവേണ്ടി 2084 കോടി രൂപയുടെ പദ്ധതി മാറ്റിവച്ചിട്ടുണ്ട്. കിഫ്ബി പിന്നോട്ടല്ല; മുന്നോട്ടുതന്നെയാണ് പോകുന്നത്. ഇതുസംബന്ധിച്ച് പല ഘട്ടങ്ങളിലും ചർച്ച ചെയ്തിട്ടുള്ളതാണ്. പാലക്കാട് വഴി കൊച്ചി-ബാംഗ്ലൂർ ഇടനാഴി, കോഴിക്കോട്-മംഗലാപുരം ഇടനാഴി എന്നിവയ്ക്കുവേണ്ടി വ്യവസായ പാർക്കുകൾക്കും വ്യവസായ ഇടനാഴിക്കും നേരത്തെതന്നെ പണം വകയിരുത്തി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, വിഴിഞ്ഞം-കൊല്ലം-പുനലൂർ മേഖല ആകെ വികസിക്കുന്നതിനുവേണ്ടി വ്യാവസായിക സാമ്പത്തിക വളർച്ചാമുനമ്പ് എന്ന

പദ്ധതിക്ക് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകി, 1000 കോടി രൂപ കിഫ്ബിമാത്രം അതിനായി മാറ്റിവയ്ക്കും. വ്യവസായ വകുപ്പും മറ്റുവകുപ്പുകളുമൊക്കെ വളരെ വിപുലമായ ചില പദ്ധതികളാണ് അവിടെ നടപ്പാക്കുന്നത്.

കേരളത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള കാര്യങ്ങളാണ് കിഫ്ബിയിലൂടെ ചെയ്യുന്നത്. നഗരങ്ങളുടെ സൗന്ദര്യവൽക്കരണം, മെച്ചപ്പെട്ട യാത്രാസൗകര്യം എന്നിവയ്ക്കായി 300 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കേരള, എം.ജി., കൊച്ചി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലാ ക്യാമ്പസുകളിലെ വിദ്യാർഥികൾക്ക് 1500 പുതിയ ഹോസ്റ്റൽ മുറികളാണ് നിർമ്മിക്കുന്നത്. 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികൾ നിർമ്മിക്കാനായി 100 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ട്രാൻസ്‌ലേഷൻ റിസർച്ച് സെന്റർ, കേരള ജെനോമിക് ഡാറ്റാ സെന്റർ, ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ, മൈക്രോ ബയോമിന്റെ മികവിന്റെ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കലിന്റെ കേന്ദ്രം, മെഡിക്കൽ ടെക്നോളജി കൺസോർഷ്യം എന്നിങ്ങനെ വിവിധ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പരിപാടികളിൽനിന്ന് പിന്നോട്ട് പോകുന്ന പ്രശ്നമില്ല. ഒരു താളം തെറ്റലുമില്ല, താളം തെറ്റിക്കാനുള്ള ശ്രമമുണ്ട്,

താളം തെറ്റിക്കുന്നതിന്റെ ശ്വാസം മുട്ടലുമുണ്ട്; അതില്ലെന്ന് പറഞ്ഞിട്ടില്ല. താളം തെറ്റിക്കാൻ നിൽക്കുന്ന കാര്യങ്ങൾക്കൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷം നിൽക്കരുതെന്നാണ് പറയാനുള്ളത്. കിഫ്ബിയാകെ കുഴപ്പമാണെന്ന് ഇപ്പോൾ ഇവിടെ സ്ഥാപിച്ചിട്ടെന്താണ് കാര്യം? ഉപക്ഷേപം അവതരിപ്പിച്ച അംഗത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല എല്ലായിടത്തും പല പദ്ധതികളും നടക്കുന്നതല്ലേ? കിഫ്ബിയെ ശ്വാസം മുട്ടിക്കാൻ ശ്രമിക്കുന്നു, കേന്ദ്രഗവൺമെന്റിന്റെ NHAI-ക്ക് ലഭിക്കുന്ന നിയമങ്ങൾക്കനുസരിച്ച് നമുക്ക് നിയമം തരുന്നില്ല, വലിയതോതിൽ.... ഇപ്പോഴും ഒരു വർഷം ചെലവാക്കേണ്ട പത്ത്- പന്ത്രണ്ടായിരം കോടി രൂപ അധിക നികുതിഭാരം സംസ്ഥാനത്തിന് ചുമത്തുന്ന തീരുമാനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പദ്ധതികൾ നടപ്പാക്കാതെ നമ്മൾ പുറകോട്ട് പോയിട്ടില്ല. 12000 കോടി രൂപ ഒരു വർഷം നമുക്ക് ചെലവാക്കേണ്ട പണം നമ്മൾ പ്രഖ്യാപിച്ച പദ്ധതികളുടെ ഭാഗമായി നമ്മുടെ ബോറോയിംഗിൽ കുറവുവരുകയാണ്. ബോറോയിംഗിന്റെ പ്രശ്നം നമ്മെ ബാധിക്കുന്നുണ്ട്. പക്ഷേ നമ്മൾ പുറകോട്ട് പോയിട്ടില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 12000 കോടി രൂപയാണ് ചെലവാക്കിയതെങ്കിൽ ഇപ്പോൾ ആകെ ചെലവ് 34000-35000 കോടി രൂപയാണ്. രണ്ടുവർഷം

കൂടി കഴിയുമ്പോൾ അത് ഇരട്ടിയായി വരത്തക്കരീതിയിലാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥയിലൊന്നും കിഫ്ബി പുറകോട്ട് പോയിട്ടില്ല. ഓരോ മണ്ഡലങ്ങളിലെയും സ്വപ്നപദ്ധതികളുൾപ്പെടെ പൂർത്തീകരിക്കാനും വേഗം മുന്നോട്ടുകൊണ്ടുപോകാനുമുള്ള എല്ലാ ശ്രമങ്ങളുമുണ്ടാകും. അതുകൊണ്ട് സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ചർച്ച ചെയ്യേണ്ടതില്ല.

(ശ്രീ. റോജി എം. ജോൺ)

P 10-02-2025
MR-AY(1)
10.00-10.10 (SV)

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കിഫ്ബി എന്ന കുഞ്ഞിന് ബൂസ്റ്റും പാലും കൊടുക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നതെന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ ആ കുഞ്ഞിനെ ഇപ്പോൾ ഡ്രിപ് കൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് എത്തിച്ചതിൽനിന്നും രക്ഷിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. കാരണം, ബജറ്റിന് പുറത്ത് കടമെടുത്ത് സംസ്ഥാനത്ത് തേനും പാലും ഒഴുക്കുമെന്ന് കൊട്ടിഘോഷിച്ച് രൂപീകരിച്ച കിഫ്ബി ഇന്ന്

കേരളത്തിനുതന്നെ വലിയ ബാധ്യതയായി മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ച ബോറോയിങ് ഉൾപ്പെടെ കിഫ്ബി രൂപീകരണവേളയിൽ പ്രതിപക്ഷം ചൂണ്ടിക്കാണിച്ച ആശങ്കകളും മുന്നറിയിപ്പുകളും ശരിയായി വന്നുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. സർക്കാരിന്റെ ധൂർത്തിന്റെയും അഴിമതിയുടെയും പിൻവാതിൽ നിയമനങ്ങളുടെയും കേന്ദ്രമായി കിഫ്ബി മാറുകയും പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെയെല്ലാം പാപഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനുമാണ് കിഫ്ബി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വൻകിട പദ്ധതികൾ നടപ്പാക്കാൻ വിഭാവനം ചെയ്ത കിഫ്ബി യഥാർത്ഥത്തിൽ ഇപ്പോൾ സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പൊതുമരാമത്ത് റോഡുകളും പാലങ്ങളും ആശുപത്രികളും സ്കൂൾ കെട്ടിടങ്ങളുമാണ് കൂടുതലായും നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

(തുടരും)

P 10-02-2025
ആർ.ജെ-എ.വൈ (2)
10.10-10.20 (SV)

(ശ്രീ. റോജി എം. ജോൺ....തുടർച്ച)

ഏത് സർക്കാരായാലും പ്ലാൻ ഫണ്ടുപയോഗിച്ച് സാധാരണ നിലയിൽ ഓരോ വകുപ്പും നടത്തേണ്ട പ്രവർത്തനങ്ങളാണ് കൊള്ളപ്പലിശയ്ക്ക് മസാല ബോണ്ടിറക്കി കിഫ്ബി ചെയ്തുകൊണ്ടിരിക്കുന്നത്, അതല്ലേ യാഥാർത്ഥ്യം? ഏതൊരു സംസ്ഥാനത്തിനും വായ്പയെടുക്കാനുള്ള വ്യവസ്ഥകൾ നമ്മുടെ രാജ്യത്തുണ്ട്. വൻകിട പദ്ധതികളെ കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ ഓഫ് ബജറ്റ് ബോറോയിങ്ങായെടുത്ത് നടപ്പാക്കാറുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് മെട്രോ റെയിൽ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കിയത് ഈ രീതിയിലാണ്. ഉമ്മൻചാണ്ടി സർക്കാർ നിശ്ചയദാർഢ്യത്തോടെ നടപ്പാക്കിയ മെട്രോ റെയിൽ പദ്ധതി ഇന്ന് ലാഭത്തിലായിരിക്കുന്ന കാഴ്ച നമ്മുടെ മുന്നിലുണ്ട്. പക്ഷെ കിഫ്ബിയിൽ എന്താണ് സ്ഥിതി? സർക്കാർ നിയമസഭയിൽ നൽകിയ ഉത്തരമനുസരിച്ച് കിഫ്ബിയുടെ മൊത്തം പദ്ധതികളിൽ കേവലം ഇരുപത്തിയഞ്ച് ശതമാനത്തോളം മാത്രമാണ് വരുമാനദായകമായിട്ടുള്ളത്. ശേഷിക്കുന്ന എഴുപത്തിയഞ്ച് ശതമാനം പദ്ധതികളും റവന്യൂ ജനറേറ്റിങ് ആയിട്ടുള്ള പദ്ധതികളല്ലെന്നുള്ളത്

നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഇത് ഞങ്ങൾ അന്നേ ചൂണ്ടിക്കാണിച്ചതാണ്. ഞങ്ങൾ കിഫ്ബിക്കെതിരായിട്ടോ, കിഫ്ബി രൂപീകരിക്കാൻ പാടില്ലെന്നോ അല്ല പറഞ്ഞത്; ഞങ്ങൾ ഉന്നയിച്ച ചില ആശങ്കകളുണ്ടായിരുന്നു. അവയെല്ലാം ഇപ്പോൾ ശരിയായി വന്നിരിക്കുകയാണ്. ഇത് പുതിയൊരു ഇക്കണോമിക് മോഡലാണെന്നാണ് ഡോ. തോമസ് ഐസക്ക് അന്നുപറഞ്ഞത്. ഇത് സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് വരില്ലെന്നും ഇതിന്റെ ബാധ്യത സംസ്ഥാനത്തെ ജനങ്ങളുടെമേലിൽ വരില്ലെന്നുമൊക്കെ പറഞ്ഞ് ഏതാണ്ട് ശൂന്യതയിൽനിന്നും പണം കൊണ്ടുവന്ന് പിണറായി സർക്കാർ മായാജാലം സൃഷ്ടിക്കുന്നുവെന്നുള്ള ക്യാപ്സ്യൂളുകളൊക്കെ ഇടതുപക്ഷ ഗ്രൂപ്പുകളിൽ എല്ലായിടത്തും പ്രചരിപ്പിച്ചു. ഈ ക്യാപ്സ്യൂളുകളൊന്നും ഇപ്പോഴില്ല. എന്നാൽ ഈ ബാധ്യത മുഴുവനും ഈ സംസ്ഥാനത്തെ ജനങ്ങളുടെ ബാധ്യതയായി വരുന്നുവെന്നുള്ളതാണ് ഏറ്റവുമൊടുവിൽ വന്നിരിക്കുന്ന റിപ്പോർട്ടുകൾ. നമ്മൾ അന്നുപറഞ്ഞതുപോലെ, കിഫ്ബി റോഡുകൾക്ക് ടോൾ ഏർപ്പെടുത്തുമെന്നാണ് ഏറ്റവും ഒടുവിൽ വാർത്ത വന്നിരിക്കുന്നത്. കെ-റെയിലും കെ-ഫോണും കെ-ഹോമിനുമെല്ലാംശേഷം കേരളത്തിൽ കെ-ടോൾ വരുന്നുവെന്നാണ് ഏറ്റവും ഒടുവിലെ റിപ്പോർട്ടുകളിൽ കാണുന്നത്.

അമ്പത് കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ റോഡ് പദ്ധതികളിലും ടോൾ ഏർപ്പെടുത്താൻ പോകുന്നുവെന്നാണ് വാർത്തകളിലൂടെ നമുക്ക് കാണാൻ സാധിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ ഈ റോഡുകൾ പ്രധാനമായും നിർമ്മിക്കപ്പെടുന്നത് മലയോര മേഖലയിലും തീരദേശ മേഖലയിലുമാണ്. സർക്കാർ എന്താണ് ഉദ്ദേശിക്കുന്നത്? ഈ അധിക നികുതിഭാരം/ടോളിന്റെ ഭാരം മലയോര തീരദേശ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളും കർഷകരുമായിട്ടുള്ള സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനാണോ സർക്കാരും കിഫ്ബിയും പ്ലാൻ ചെയ്യുന്നതെന്ന് അങ്ങ് ദയവുചെയ്ത് പറയണം. 2016 സെപ്തംബർ 26-ന് കിഫ്ബി ഭേദഗതി ബിൽ അവതരിപ്പിച്ച വേളയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്ക് നിയമസഭയ്ക്ക് നൽകിയ ഒരു ഉറപ്പുണ്ട്; 'ഏതായാലും ഈ നിയമസഭയിൽ ഞാൻ ഉറപ്പുനൽകുന്നു, കേരളത്തിലെ ഒരു പാലത്തിനും ഒരു റോഡിനും ഒരു ടോളും ഇതിൽനിന്നുണ്ടാകില്ല. നിയമസഭയിൽ പറഞ്ഞതല്ലേ; മുഖവിലയ്ക്കെടുക്കൂ, യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട'. ഡോ. തോമസ് ഐസക്കിന്റെ വാക്കുകളാണിത്. ഈ വാക്കുകൾ അങ്ങിവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കിഫ്ബിയുടെ പിതാവായ ഡോ. തോമസ്

ഐസക്കതന്നെ വിഴുങ്ങുന്ന കാഴ്ച ഈ ദിവസങ്ങളിൽ നമ്മൾ കാണുകയുണ്ടായി. മറ്റെന്ത് മാർഗമാണ് നമ്മുടെ മുമ്പിലുള്ളത്? എന്നൊക്കെ അദ്ദേഹം ചോദിക്കുന്ന ചോദ്യം നമ്മൾ കേൾക്കാനിടയായി. എൽ.ഡി.എഫ്. കൺവീനർ ഒന്നു പറയുന്നു, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി മറ്റൊന്ന് പറയുന്നു; മുന്നണിയിൽ ആലോചിച്ചിട്ടുണ്ടെന്ന് കൺവീനർ പറയുന്നു; ആലോചിച്ചിട്ടില്ലെന്ന് സെക്രട്ടറി പറയുന്നു. അങ്ങനെ എന്തൊക്കെ പറഞ്ഞാലും ചുരുക്കത്തിൽ ഇതിന്റെയെല്ലാം ബാധ്യത കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ പോകുകയാണ്. എന്തുകൊണ്ടാണ് ഞങ്ങൾ ഇക്കാര്യം ആശങ്കയായി ഉന്നയിച്ചതെന്നും ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ഞാൻ പറയാം; ഒച്ച് ഇഴയുന്ന വേഗത്തിലാണ് കിഫ്ബി പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നത്. 2025 വരെ അനുമതി കൊടുത്തത് എൺപത്തിയേഴായിരം കോടിയുടെ 1147 പദ്ധതികളാണെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഏതായാലും ഇതിന്റെ യാഥാർത്ഥ്യമെന്താണ്? 2016 മുതൽ 2021 വരെ അതായത് ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ ആകെ നടപ്പാക്കിയത് 10,500 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. കിഫ്ബി തുടങ്ങിയ വേളയിൽ ഡോ. തോമസ് ഐസക്ക് പറഞ്ഞത് അമ്പതിനായിരം കോടി രൂപയുടെ

പദ്ധതികൾ അഞ്ച് വർഷംകൊണ്ട് കേരളത്തിൽ നടപ്പാക്കാൻ പോകുന്നുവെന്നാണ്. ആദ്യത്തെ അഞ്ചുവർഷം നടത്തിയത് കേവലം പതിനായിരം കോടി രൂപയുടെ പദ്ധതികളാണ്. കഴിഞ്ഞ മൂന്നുവർഷംകൊണ്ട്, അങ്ങ് പറഞ്ഞ മറുപടിയനുസരിച്ചുതന്നെ നാളിതുവരെ കിഫ്ബി പദ്ധതിവഴി കേരളത്തിൽ ചെലവാക്കിയിരിക്കുന്നത് 32,798 കോടി രൂപയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിന് അങ്ങ് നൽകിയ മറുപടിയിൽനിന്നുമാണ് ഞാനിത് വായിക്കുന്നത്. അതായത് 18,423 കോടി രൂപയുടെ പദ്ധതി മാത്രമാണ് പൂർത്തീകരിച്ചത്. അമ്പതിനായിരം കോടി രൂപയുടെ പദ്ധതി അഞ്ച് വർഷംകൊണ്ട് നടക്കുമെന്നു പറയുകയും ഒരുലക്ഷം കോടി രൂപയുടെ പദ്ധതി പത്ത് വർഷംകൊണ്ട് നടക്കുമെന്നും പറഞ്ഞിട്ട് ഇതുവരെ പൂർത്തിയായത് കേവലം 18,000 കോടി രൂപയുടെ പദ്ധതി മാത്രമാണ്. 20 ശതമാനത്തിൽ താഴെ മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്. 55,000 കോടി രൂപയുടെ പദ്ധതികൾക്ക് ഇനി പണം നൽകാനുണ്ട്. 71,000 കോടി രൂപയുടെ പദ്ധതികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ഇത്തരത്തിൽ ഒച്ചിഴയുന്ന വേഗത്തിൽ ഇത് നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം; 32,000 കോടി രൂപ കൊടുത്തു, അല്ലെങ്കിൽ 18,000 കോടി

രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചുവെന്നെല്ലാം പറയുന്നതിന്റെ തുക എവിടെനിന്നാണ് വരുന്നത്? ഈ തുക വരുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നികുതിയിൽ നിന്നുതന്നെയാണ്, അതാണ് ഇവിടത്തെ പ്രശ്നം. മോട്ടോർ വാഹന നികുതിയിനത്തിലും പെട്രോളിയം സെസ് ഇനത്തിലുമായി നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിലേക്കുവരേണ്ട തുക, പ്ലാനിലുൾപ്പെടുത്തി ഇവിടെ വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കപ്പെടേണ്ടുന്ന തുക, ഈ തുകയാണ് കിഫ്ബിയിലേയ്ക്ക് വകമാറ്റുന്നത്. എന്നിട്ട് കിഫ്ബിയാണ് ഇതെല്ലാം ചെയ്യുന്നതെന്നാണ് പറയുന്നത്. അതായത്, നേരെ പിടിക്കേണ്ടതിന് വളഞ്ഞ് മൂക്കിൽ പിടിച്ചിട്ടാണ് ഇവയെല്ലാം സംസ്ഥാനത്തിന്റെ ബാധ്യതയല്ലെന്നും കിഫ്ബി ശൂന്യതയിൽനിന്നുമാണ്  ഇത് നടപ്പാക്കുന്നുവെന്നും നിങ്ങൾ പറയുന്നത്. ഓരോ വർഷവും മോട്ടോർ വാഹന നികുതി ഇനത്തിലും പെട്രോൾ സെസ് ഇനത്തിലും സംസ്ഥാന ഖജനാവിൽനിന്നും കിഫ്ബിക്ക് നൽകിയ കണക്ക് എന്റെ കൈയിലുണ്ട്. സമയക്കുറവുകാരണം ഓരോ വർഷവും തിരിച്ച് വായിക്കുന്നില്ല; ഇവരണ്ടുംകൂടി കഴിഞ്ഞ ഒമ്പത് വർഷക്കാലമായി സംസ്ഥാന ഖജനാവിൽനിന്നും ഇരുപതിനായിരത്തോളം കോടി രൂപയാണ് കിഫ്ബിക്ക് കൈമാറിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സഞ്ചിത

നിധിയിലുൾപ്പെട്ട ഇരുപതിനായിരം കോടി രൂപ കിഫ്ബിക്ക് പത്തുവർഷംകൊണ്ട് കൊടുത്തതിനുശേഷം, 18,000 കോടിയുടെ പദ്ധതി കിഫ്ബി പൂർത്തീകരിച്ചുവെന്ന് നിങ്ങൾ പറഞ്ഞാൽ ഇത് ഏതുരീതിയിലുള്ള Alternate economic model ആണ്? ഇതാണ് ഞങ്ങൾ ചോദിച്ച ചോദ്യം; നിങ്ങൾ വേറെയെവിടെനിന്നെങ്കിലും സംസ്ഥാനത്തിന് ബാധ്യതയില്ലാതെ ഈ പണം കൊണ്ടുവന്ന് പദ്ധതികൾ നടപ്പാക്കുകയാണെങ്കിൽ ആർക്കാണ് തടസ്സം? നമ്മുടെ ഖജനാവിൽ/ബജറ്റിലുണ്ടാകേണ്ട പണം തന്നെയാണ് കിഫ്ബിക്ക് കൊടുത്ത് ഇവിടെ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എന്നിട്ട് ഇവിടെ എന്താണ് കാണുന്നത്? എല്ലാ പദ്ധതികളും ഇഴഞ്ഞുനീങ്ങുകയാണ്. അങ്കമാലി ബൈപ്പാസിനുള്ള ഭൂമി ഏറ്റെടുക്കാൻ പണമില്ല; ഗിഫ്റ്റ് സിറ്റി/ഗ്ലോബൽ സിറ്റി - ഭൂമി ഏറ്റെടുക്കൽ നടപടികളെല്ലാം പൂർത്തീകരിച്ചെങ്കിലും ഒരു രൂപ പോലും കൊടുക്കാൻ കഴിയുന്നില്ല. എല്ലാ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും കിഫ്ബി പ്രഖ്യാപിച്ച പണം മാറ്റിവച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. പണം മാറ്റിവച്ചത് എവിടെയാണെന്ന് ഞങ്ങളോട് പറയണം; എത്രയധികം പദ്ധതികളാണ് കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും മുടങ്ങിക്കിടക്കുന്നത്. 2016, 2017, 2018 എന്നീ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾ മുന്നോട്ട്

നീങ്ങിയിട്ടില്ല. ഇതിൽനിന്നും എന്താണ് മനസ്സിലാക്കേണ്ടത്? യഥാർഥത്തിൽ ഇവിടെ നിങ്ങൾ പ്ലാനിനെ ഇല്ലാതാക്കുകയാണ് ചെയ്തത്. ഭരണഘടനാപരമായി നമ്മുടെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും ഈ നാട്ടിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളാണ് നിങ്ങൾ കിഫ്ബിക്ക് കൊടുത്തത്.

മി. സ്പീക്കർ: പ്ലീസ്, ശ്രീ. റോജി എം. ജോൺ, സമയമാകുന്നു..........

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ചുവർഷംകൊണ്ട് 2011-16 വരെ പ്ലാൻ സൈസ് എന്നുപറയുന്നത് ഇരട്ടിയായി വർധിച്ചു. ഏതാണ്ട് പതിനായിരം കോടി രൂപ 2011-ൽ ഉണ്ടായിരുന്നത് 2016-ൽ ഇരുപതിനായിരം കോടി രൂപയായി വർധിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇപ്പോൾ എന്താണ് നടക്കുന്നത്? കഴിഞ്ഞ മൂന്നുവർഷമായി കേരളത്തിന്റെ പ്ലാൻ സൈസ് ഇൻക്രീസ് സീറോയാണ്. 2021-22-ൽ 27,887 കോടി രൂപ, 2022-23-ൽ 30,000 കോടി രൂപ, 2023-ലും 2024-ലും 30,000 കോടി രൂപ പ്ലാൻ സൈസ്. അതായത് ഒരു രൂപപോലും പ്ലാനിൽ വർധിപ്പിക്കാൻ കഴിയുന്നില്ല. മറുവശത്ത് പ്ലാൻ മുഴവൻ നിങ്ങൾ വെട്ടിച്ചുരുക്കുകയാണ്. അമ്പത് ശതമാനത്തോളം പ്ലാൻ

വെട്ടിച്ചുരുക്കിയാണ് മുൻവർഷത്തെ 30,370 കോടി രൂപയിൽനിന്നും 32,500 കോടി രൂപയായി ഈ വർഷത്തെ പദ്ധതി വിഹിതം വർധിപ്പിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തവണത്തെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. കഴിഞ്ഞവർഷത്തെ 30,370 കോടി രൂപയിൽനിന്നും അമ്പത് ശതമാനത്തോളം വെട്ടിക്കുറച്ചതിനുശേഷമാണ് കഴിഞ്ഞ വർഷത്തെ തുകയിൽനിന്നും 2500 കോടി രൂപ വർധിപ്പിച്ചിരിക്കുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി വീണ്ടും നിയമസഭയിൽ പറയുന്നത്; എന്നുപറഞ്ഞാൽ പ്ലാനിനെ നിങ്ങൾ ഞെക്കിക്കൊന്നു. മറ്റൊരുകാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്... സമയം............

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ രണ്ടുമിനിട്ടിൽ അവസാനിപ്പിക്കാം. വളരെ ഗുരുതരമായ ഒരു വിഷയമാണ്, കിഫ്ബിവഴി മുപ്പതിനായിരം കോടി രൂപ ചെലവഴിച്ചെങ്കിലും ഈ നാട്ടിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി അതിൽനിന്നും എത്ര രൂപയാണ് ചെലവാക്കിയിരിക്കുന്നത്? അങ്ങ് നൽകിയ മറുപടിയനുസരിച്ച് കേവലം 81 കോടി രൂപയാണ് നിങ്ങൾ ചെലവാക്കിയിരിക്കുന്നത്. ഈ നാട്ടിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ നിങ്ങളോട് എന്ത് തെറ്റാണ് ചെയ്തത്? കിഫ്ബി മുപ്പതിനായിരം കോടി രൂപ പത്ത് വർഷംകൊണ്ട്

ചെലവാക്കുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരായ ഏറ്റവും പരിഗണന അർഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി നിങ്ങൾ ചെലവാക്കിയത് കേവലം 81 കോടി രൂപയാണ്. പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന തുകയിൽ അമ്പത് ശതമാനം വെട്ടിക്കുറച്ചു. പ്ലാനിലായാലും കിഫ്ബിയിലായാലും കേരളത്തിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ ഇത്രയധികം അവഗണിച്ചിട്ടുള്ള ഒരു കാലഘട്ടം കേരളത്തിലുണ്ടായിട്ടില്ല.

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ്...കൺക്ലൂഡ്.......

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ സബ്ജക്ടിൽ മാത്രമാണ് സംസാരിക്കുന്നത്. കിഫ്ബിയുടെ ധൂർത്തിനെക്കുറിച്ചും അവിടത്തെ സി.ഇ.ഒ.-യുടെയും ജീവനക്കാരുടെയും ശമ്പളത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല, ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ; കിഫ്ബി ജീവനക്കാരുടെയും സി.ഇ.ഒ.-യുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് ആനുപാതികമായിട്ടെങ്കിലും നമ്മുടെ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ സർക്കാർ തയ്യാറാകണം.

(ശ്രീ. റോജി എം. ജോൺ.....തുടരും)

p-10-02-2025
ks-ay-1
10.20-10.30 (SV)

(ശ്രീ. റോജി എം. ജോൺ തുടർച്ച...)

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ സമയം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്, പ്രതിപക്ഷം കിഫ്ബിയെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ, 2016-ൽ കിഫ്ബി ഭേദഗതിയെക്കുറിച്ചുള്ള ചർച്ച വന്നപ്പോൾ, അന്ന് ഇന്നത്തെ പ്രതിപക്ഷനേതാവും അന്നത്തെ എം.എൽ.എ.യുമായിരുന്ന ശ്രീ. വി. ഡി. സതീശൻ ഇങ്ങനെ പറഞ്ഞിരുന്നു; "അങ്ങ് എങ്ങനെയൊക്കെ ബൈപാസ് ചെയ്യാൻ ശ്രമിച്ചാലും അവസാനം എഫ്.ആർ.ബി.എം. ആക്റ്റ് ഇതിനെ അടാക്റ്റ് ചെയ്യും, ഫൈനലായി ഗവൺമെന്റിന്റെ ബാധ്യതയാണ് വർധിക്കുന്നത്, ഗവൺമെന്റിന്റെ ഫിസ്കൽ ഡെഫിസിറ്റ് ആത്യന്തികമായി കൂടുകയാണ്. കാരണം Government has to pay the money". അന്ന് ഞങ്ങൾ ഈ നിയമസഭയിൽ പറഞ്ഞകാര്യം എന്തായിരുന്നു? Ultimately the Government has to pay the money-എന്നാണ്, ആ കാര്യം ഇവിടെ യാഥാർഥ്യമായി വരികയാണ്. നിങ്ങൾ കൊള്ളപ്പലിശയ്ക്ക് പണം കടമെടുക്കുന്നു, അതെല്ലാം കൂടിയ പലിശയ്ക്ക് തിരിച്ചടയ്ക്കുന്നു, പ്ലാൻ വിഹിതം കട്ട് ചെയ്യുന്നു. അങ്ങനെ പ്ലാൻ കട്ട് ചെയ്ത് കിഫ്ബിയിൽ കൊണ്ടുവച്ചശേഷം

പദ്ധതികളെല്ലാം കിഫ്ബി നടപ്പാക്കുന്നതാണെന്ന് നിങ്ങൾ പറയുന്നു, അതിനുശേഷം പട്ടികജാതി വിഭാഗങ്ങളെവരെ അവഗണിച്ചുകളയുന്നു. എന്നിട്ട് ഇതിന്റെയെല്ലാം ബാധ്യത ഈ നാട്ടിലെ സാധാരണക്കാരുടെമേൽ ടോളിന്റെ രൂപത്തിൽ കെട്ടിവയ്ക്കാനായി ശ്രമിക്കുമ്പോൾ ഈ ഇക്കണോമിക് മോഡൽ ഒരു പരാജയപ്പെട്ട മോഡലാണെന്ന് ഞങ്ങൾ പറയും. കിഫ്ബി പദ്ധതികൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ ഞങ്ങൾ അതിന്റെ പോരായ്മകൾ ഇനിയും ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യും, അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്.

(ധനകാര്യ വകുപ്പുമന്ത്രി)

p-10-02-2025

ks-ay-1
10.20-10.30 (SV)

(സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം തുടർച്ച..)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിഫ്ബിയുടെ പേരിൽ മുൻകാലങ്ങളിൽ പറഞ്ഞ അത്രയും ആത്മാർഥമായ ഒരു ആവേശത്തോടെ ഇന്ന് പറയുന്നതിന് അങ്ങേയ്ക്ക് മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടുന്നുണ്ടെന്ന് അങ്ങയുടെ സംസാരം കേൾക്കുമ്പോൾ തോന്നുന്നുണ്ട്. പദ്ധതികൾ സാധാരണയായി ചെയ്തുവന്നിരുന്നതുപോലെ

പ്ലാൻ ഫണ്ടിൽമാത്രം ഉൾപ്പെടുത്തുന്ന പഴയരീതി അനുസരിച്ചായിരുന്നെങ്കിൽ അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ ഇപ്പോഴുള്ളതിന്റെ നാലിലൊന്ന് കാര്യങ്ങൾപോലും നടക്കുമായിരുന്നില്ല എന്നതാണ് അതിനുകാരണം. കേരളത്തിൽ ആകമാനമുള്ള സ്കൂൾ കെട്ടിടങ്ങൾ, കോളേജ് കെട്ടിടങ്ങൾ, റോഡുകൾ എന്നിവയ്ക്കെല്ലാം പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും വർഷങ്ങളെടുത്ത് പൂർത്തിയാക്കപ്പെടുന്ന അത്തരം പദ്ധതികളെല്ലാം കിഫ്ബി മുഖാന്തരം ചുരുങ്ങിയ കാലംകൊണ്ട് പൂർത്തിയാക്കാൻ സാധിച്ചു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്കമാലിയിൽ 5 കോടി രൂപ ഒരു സ്കൂളിനായി ചെലവഴിച്ചു... (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞതിന്റെ അർത്ഥം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ സ്കൂളുകൾക്ക് കൊടുത്ത തുകയേക്കാൾ കൂടുതൽ തുക അങ്കമാലിയിൽ സ്കൂളുകൾക്കായി കൊടുത്തുവെന്നാണ്. "അങ്കമാലിയിലെ പ്രധാനമന്ത്രിയാണ് എന്റെ അമ്മാവൻ" എന്ന് പണ്ട് ഒരു സിനിമയിൽ പറയുന്നതുപോലെ പറയുകയല്ല, അങ്കമാലിയിലുൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും അങ്ങനെതന്നെ നൽകിയിട്ടുണ്ട്. ഞാൻ ഇപ്പോൾ

ചെയ്യുന്ന പ്രസംഗം ബഹുമാനപ്പെട്ട അംഗത്തിന് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉപയോഗപ്പെടുത്താം. അത്തരത്തിൽ ലഭ്യമാകുന്ന കാര്യങ്ങളെപ്പോലും തമസ്കരിക്കാനും ഇല്ലാതാക്കാനും നിങ്ങൾ ശ്രമിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞുവന്നത്. മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ഗിഫ്റ്റ് സിറ്റിയെക്കുറിച്ച് പറയാം.

<u>ശ്രീ. റോജി. എം. ജോൺ</u>: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചത് സംസ്ഥാനത്തെ ബാധിക്കുന്ന പൊതുവായ വിഷയത്തെക്കുറിച്ചാണെങ്കിലും അങ്ങ് അങ്കമാലിയെക്കുറിച്ചുമാത്രം പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്കമാലി ബൈപാസ്, ഗിഫ്റ്റ് സിറ്റി എന്നിവ ഉൾപ്പെടെ നാളിതുവരെ അങ്കമാലിയിൽ കിഫ്ബിവഴി ഇതിനോടകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇതുസംബന്ധിച്ച വിശദമായ കാര്യങ്ങൾ ഞാൻ പിന്നീട് നൽകാം. ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് മാത്രമായി 840 കോടി രൂപ അനുവദിച്ചതിൽ സിംഹഭാഗവും ചെലവഴിച്ചുകഴിഞ്ഞു. ഗിഫ്റ്റ് സിറ്റി പദ്ധതിയിൽനിന്ന് പിന്നോട്ടുപോകുന്നത് ആരാണ്? പദ്ധതിയിൽനിന്നും കേന്ദ്രഗവൺമെന്റാണ് പിന്നോട്ടുപോകുന്നത്, ഇക്കാര്യങ്ങളെല്ലാം പറയുന്നത് അറിഞ്ഞിരിക്കാൻ വേണ്ടിയാണ്. ഗിഫ്റ്റ്

സിറ്റി പോലുള്ള ഒരു പദ്ധതി ഗുജറാത്തിൽ മാത്രമേ അംഗീകരിക്കുകയുള്ളൂവെന്ന നിലപാടെടുത്തുകൊണ്ട് കേന്ദ്രം പിന്നോട്ട് പോയിരിക്കുകയാണ്. സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുവദിക്കപ്പെടുന്ന സമയത്തിനുള്ളിൽത്തന്നെ പറഞ്ഞ് നിർത്തേണ്ടതുകൊണ്ട് ഈ വിഷയം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ച് കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. പ്രതിപക്ഷത്തുള്ള ഒരു അംഗം അവതരിപ്പിച്ച ഉപക്ഷേപമായതിനാൽ ഞാൻ ഒരാളെ മാത്രം എടുത്ത് പറയുന്നില്ല. അടുത്തവർഷം അവസാനമാകുമ്പോഴേയ്ക്കും പുതുക്കിപ്പണിത് 6 വരിപ്പാതയാക്കിമാറ്റിയ നാഷണൽ ഹൈവേയിലൂടെ കാസർഗോഡ്നിന്നും തിരുവനന്തപുരത്തേയ്ക്ക് വരാൻ കഴിയുമെന്നതിന്റെ അടിസ്ഥാനം ഈ പണമാണ്, 6000 കോടി രൂപ കിഫ്ബിയിൽനിന്നാണ് നൽകിയത്. ഇപ്പോഴുള്ള മലയോര പാതയും തീരദേശ പാതയും യാഥാർഥ്യമാകുമെന്ന് ആരെങ്കിലും ഒരിക്കലെങ്കിലും ചിന്തിച്ചിരുന്നോ? കിഫ്ബിയിൽ ഉൾപ്പെട്ടതല്ലെങ്കിലും കുട്ടനാട്ടിൽ "റീബിൽഡ് കേരളയിൽ" ഉൾപ്പെടുത്തി 700 കോടി രൂപ ചെലവഴിച്ച്

നിർമ്മിച്ച ചങ്ങനാശ്ശേരി-ആലപ്പുഴ പാത പോലുള്ളവ പ്ലാനിൽ മാത്രം ഉൾപ്പെടുത്തിയാൽ ഇത്രയും വേഗത്തിൽ നടക്കുമായിരുന്നുവെന്ന് വിചാരിക്കുന്നുണ്ടോ? കിഫ്ബി പദ്ധതിയെ ആകെ തകർക്കാനുള്ള ശ്രമം നടത്തുകയാണെന്ന് പറഞ്ഞുകൊണ്ട് ഇത്തരത്തിൽ ഒരു ഉപക്ഷേപം കൊണ്ടുവന്നത് ശരിയായ കാര്യമല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വരുമാനദായകമായ പദ്ധതികൾ നടപ്പാക്കണമെന്നത് കിഫ്ബിയുടെ നേരത്തേതന്നെയുള്ള കാഴ്ചപ്പാടാണ്, അതിൽ യാതൊരു സംശയവുമില്ല. എന്നാൽ കിഫ്ബിയുടെ കാര്യങ്ങൾ അട്ടിമറിക്കപ്പെട്ടത് എങ്ങനെയാണ്? വരുമാനദായക പദ്ധതികൾ മാത്രമല്ല, 75000 കോടി രൂപയിൽ അധികം ചെലവാകുന്ന പദ്ധതികൾക്ക് ലാൻഡ് അക്വിസിഷൻ ഒഴികെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ചെല്ലാം നേരത്തെതന്നെ കിഫ്ബിയുടെ പ്രവർത്തനങ്ങളിൽ പറഞ്ഞിട്ടുണ്ട്. കിഫ്ബി പദ്ധതി തുടങ്ങിയ സമയത്ത് നിങ്ങൾ പറഞ്ഞിടത്ത് കാര്യങ്ങൾ എത്തുന്നുവെന്ന സന്തോഷത്തിലാണ് ഇപ്പോൾ പ്രതിപക്ഷമുള്ളത്, ഇത് തകർന്നുപോകുമെന്ന് ഞങ്ങൾ അന്നേ പറഞ്ഞില്ലേ, എന്നെല്ലാമാണ് പറയുന്നത്. ബി.ജെ.പി.-യുടെ ദേശീയ/സംസ്ഥാന പ്രസിഡന്റുമാർ രാവിലെ പറയുന്ന കാര്യങ്ങൾ അന്നത്തെ പ്രതിപക്ഷനേതാവ് നിയമസഭയിൽവന്ന് പറയുന്നുവെന്ന ആരോപണം

അന്നേ ഞങ്ങൾ ഉന്നയിച്ചതാണ്. അതേപോലെ കാര്യങ്ങൾ വന്നുചേർന്നല്ലോയെന്ന തരത്തിലാണ് അങ്ങ് ഇവിടെ സംസാരിച്ചത്. കിഫ്ബിയെക്കുറിച്ച് നേരത്തെ ആലോചിച്ചത് ആന്വിറ്റി പദ്ധതി പോലെയായിരുന്നല്ലോ, പല റോഡുകൾക്കും ഇപ്പോൾ ആന്വിറ്റിയുണ്ട്, അവർ അടയ്ക്കും, പിന്നീട് പണം നൽകിയാൽമതി. എന്നാൽ അതെല്ലാം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തുന്ന രീതിയിലേയ്ക്ക് കേന്ദ്രനയം വന്നതുകൊണ്ടാണ് ഇപ്പോൾ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത്. എന്നാൽ ഈ നയത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് വന്നുചേർന്ന നഷ്ടങ്ങളുടെ കണക്ക് വാസ്തവത്തിൽ മനസ്സിലാക്കേണ്ടതുതന്നെയാണ്. ഇവിടെ പറഞ്ഞ മറ്റുകാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. നാം പദ്ധതികൾ തുടങ്ങുന്നത് സാമ്പത്തിക മാന്ദ്യക്കാലത്താണ്. കടമെടുപ്പ് പരിധി GSDP-യുടെ 3% ആയി മാറ്റിക്കൊണ്ടുള്ള തീരുമാനം കേന്ദ്രത്തിൽനിന്നും വന്നപ്പോൾ അതിലേയ്ക്ക് കിഫ്ബിക്കായി കണ്ടെത്തിയ ഫണ്ടുകൾകൂടി ഉൾപ്പെടുത്തിയപ്പോൾ 2016 മുതൽ ഇതുവരെയുള്ള കണക്ക് നോക്കുകയാണെങ്കിൽ സാധാരണ രീതിയിൽ കടമെടുക്കാമായിരുന്ന തുകയിൽനിന്ന് 91617 കോടി രൂപയുടെ കുറവുണ്ടായി, അത്രയും നഷ്ടം സംസ്ഥാനത്തിനുണ്ടായി. ഈ ഗവൺമെന്റ് വന്നതിന്റെ അടുത്ത വർഷം,

അതായത് 2022 സാമ്പത്തിക വർഷം 15895 കോടി രൂപ നമ്മുടെ കടമെടുപ്പ് തുകയിൽനിന്നും വെട്ടിക്കുറച്ചു, അത് എത്രമാത്രം വലിയ തുകയാണ്? 2016 മുതൽ 2023 വരെ ഇത്തരത്തിൽ പലതരത്തിലും സംസ്ഥാനത്തിന് കടമായി കിട്ടാൻ അർഹതയുള്ള തുകയിൽ കുറവ് വന്നിട്ടുണ്ട്, ഏറ്റവും കൂടുതൽ തുക കുറവ് വന്നത് ഈ കാലയളവിലാണ്. അതുകൊണ്ടാണ് NHAI-യുടെ നിലപാട് ഉൾപ്പെടെ ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചത്. ഏതായാലും ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ചത് പ്രതിപക്ഷം പറഞ്ഞ ന്യായമല്ല. സംസ്ഥാനത്തിന്റെ വാദത്തിനകത്ത് എന്തോ ഒരു അടിസ്ഥാനമുണ്ടെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. പദ്ധതികളിൽ NHAI-യുടെ നിലപാട് ആർട്ടിക്കിൾ 293-ന്റെ ലംഘനമാണെന്ന് നമ്മൾ ചൂണ്ടിക്കാണിച്ചു. സംസ്ഥാനത്തിന് ന്യായമായും ലഭ്യമാകേണ്ട തുക വെട്ടിക്കുറച്ചത് ശരിയല്ലെന്ന തോന്നൽ ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് ഉണ്ടായതുകൊണ്ടാണല്ലോ പ്രസ്തുത വിഷയം ഭരണഘടനാ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുന്നത്. ഭരണഘടനാ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ട് കാര്യങ്ങൾ കേരളത്തിന് അനുകൂലമായി വരുമെന്ന് പ്രതീക്ഷിക്കുന്ന സമയമാണ്. ഭരണഘടനാ ബഞ്ച്

നമ്മുടെ വാദങ്ങൾ പരിശോധിക്കാൻ പോകുന്ന സമയത്ത് അക്കാര്യത്തെക്കുറിച്ച് നിയമസഭയിൽ വീണ്ടും വീണ്ടും വാദിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ തീരുമാനം വരുന്നതിനുമുമ്പുതന്നെ അതിനെ തോൽപ്പിക്കാൻ ശ്രമിക്കരുത്. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടെ കണക്ക് എന്റെ കൈവശമുണ്ടെങ്കിലും  ഓരോ മണ്ഡലങ്ങളിലും ചെലവഴിച്ച തുകയുടെ കണക്ക് പ്രത്യേകമായി ഇവിടെ എടുത്തുപറയാത്തത് അത് ഔചിത്യമല്ല എന്നതുകൊണ്ടാണ്.

കിഫ്ബി മോഡലിന്റെ കാര്യത്തിനകത്ത് പ്രതിപക്ഷം സ്വീകരിച്ച സമീപനം വളരെ തെറ്റാണ്. കിഫ്ബിക്ക് ഡ്രിപ്പ് നൽകണമെന്ന് ഇതുസംബന്ധിച്ച് സംസാരിച്ച അംഗം പറഞ്ഞല്ലോ? ഡ്രിപ്പ് നൽകേണ്ട കാര്യമൊന്നും ഇപ്പോഴില്ല. 35000 കോടി രൂപയെക്കുറിച്ചാണല്ലോ പറഞ്ഞത്? ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോഴേയ്ക്കും 55000 കോടി രൂപയുടെ പദ്ധതികളെങ്കിലും പൂർത്തിയാകും.  നമ്മൾ ആദ്യം പ്ലാൻ ചെയ്യുന്നതുപോലെ വർക്കുകൾ നടക്കില്ല. പല സ്ഥലത്തും ലാൻഡ് അക്വിസിഷൻ നടക്കാത്തത് എന്തുകൊണ്ടാണ്; അനുമതി കിട്ടാത്തത് എന്തുകൊണ്ടാണ്; ആ കാര്യങ്ങളെക്കുറിച്ചെല്ലാം ഇവിടെ ഇരിക്കുന്ന

എം.എൽ.എ.-മാർക്ക് അറിവുള്ളതല്ലേ? ജനപ്രതിനിധി എന്ന നിലയിൽ ഞാനും എന്റെ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കാനായി പലപ്പോഴും നടക്കേണ്ടിവരാറുണ്ട്. എന്നാലും അതെല്ലാം സമയത്തിന് കിട്ടാറുണ്ടോ? സാങ്കേതികാനുമതി ലഭ്യമാക്കി എല്ലാ പദ്ധതികളും യാഥാർത്ഥ്യമാക്കും. സംസ്ഥാനത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റംവരെ കിഫ്ബിയിലുൾപ്പെടുത്തി നടക്കുന്ന അടിസ്ഥാന സൗകര്യ കാര്യങ്ങളിൽ ഏറ്റവും കൂടുതലുള്ള പ്രവൃത്തി റോഡുകളുടേതാണ്. പ്ലാൻ ഫണ്ടിൽനിന്നാണ് ഇതിനെല്ലാം തുക എടുക്കുന്നതെന്ന് അങ്ങ് ഇവിടെ പറഞ്ഞല്ലോ, എന്നാൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി സാധാരണയായി ഇത്രയും നിർമ്മാണപ്രവർത്തനങ്ങൾ നടക്കാറുണ്ടോ? ഇതുസംബന്ധിച്ച് കഴിഞ്ഞ 25 വർഷക്കാലത്തെ കണക്കുകൾ നിങ്ങൾ എടുത്ത് പരിശോധിക്കൂ. ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനകത്ത് വന്നിരിക്കുന്ന ക്രമാനുഗതമായ വളർച്ച ഇപ്പോഴുമില്ലേ? 14000 കോടി രൂപ മൂലധനച്ചെലവ് വരുമെങ്കിൽ അതിനുപുറമേയാണ് 25000 കോടി രൂപ കേരളത്തിൽ ഇപ്പോൾ ചെലവാക്കുന്നത്. അത്രയധികം തുക ഇവിടെ ചെലവഴിക്കുന്നുവെന്നത് ഒരു ചെറിയ കാര്യമല്ല. കേരളം വ്യവസായ സൗഹൃദമാണെന്ന് പറഞ്ഞുകൊണ്ട് വ്യവസായ വകുപ്പിന് ease of doing business എന്നതിലും മറ്റു

വകുപ്പുകൾക്കും അംഗീകാരം കിട്ടുമ്പോൾ ആ പറഞ്ഞ മാറ്റങ്ങളെല്ലാം വരുന്നത് ഇതിന്റെകൂടി ഭാഗമാണ്. മെട്രോ നിങ്ങൾ അന്ന് കൊണ്ടുവന്നതാണെന്നെല്ലാം പറയുന്നത് കേട്ടു, മെട്രോ ഉദ്ഘാടനം ചെയ്തു, അല്ലെങ്കിൽ തറക്കല്ലിട്ടു, കണ്ണൂർ എയർപോർട്ട് ഉദ്ഘാടനം ചെയ്തു എന്നെല്ലാം പറഞ്ഞല്ലോ? വിഴിഞ്ഞംവരെ നീളുന്ന പദ്ധതിക്ക് ഞങ്ങൾ 9 വർഷം മുമ്പ് തറക്കല്ലിട്ടുവെന്ന് ഇന്ന് രാവിലെ ഒരു അംഗം ഇവിടെ പറഞ്ഞു. ഇന്ന് രാവിലെ പറഞ്ഞ കാര്യമാണ്. തിരുവനന്തപുരത്ത് ഇങ്ങനെയൊരു പദ്ധതിക്ക് തറക്കല്ലിട്ടുവെന്ന്!

(തുടരും...)

P.10-02-2025
AV-SG
10.30-10.40 (RC)

(ശ്രീ. കെ. എൻ. ബാലഗോപാൽ  തുടർച്ച....)

കണ്ണൂർ എയർപോർട്ടിൽ ഒരു ഹെലികോപ്റ്റർ ഇറക്കിയശേഷം അവിടെ ഉദ്ഘാടനം നടത്തി. കേരളത്തിൽ നൂറ് സ്ഥലത്തെങ്കിലും ഹെലികോപ്റ്റർ ഇറക്കിയശേഷം ഉദ്ഘാടനം ചെയ്യാം. ഹെലികോപ്റ്ററല്ല, ഡിഫൻസിന്റെ ഡോർണിയർ എന്ന ചെറുവിമാനം ഗ്രൗണ്ടിലിറക്കിയശേഷം ഉദ്ഘാടനം ചെയ്തു. അത് ഉദ്ഘാടനമാണെന്ന് പറഞ്ഞിട്ടുകാര്യമില്ല. ഇത് ജനങ്ങൾ കാണുന്നതാണ്. കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിൽ കൂടുതൽ വികസന

പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്. (......ബഹളം.......) തിരുവനന്തപുരം ജില്ലയെയും ആ രീതിയിൽ മുന്നോട്ടുകൊണ്ടുപോകും. (......ബഹളം.......)

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആ വിമാനത്തെക്കുറിച്ച് പ്രത്യേക ഗവേഷണം നടത്തട്ടെ. മിലിട്ടറിയുടെ ആയിരം അടി നീളമുള്ള വിമാനം ഇറക്കുന്ന സ്ഥലത്തെയല്ല വിമാനത്താവളം എന്നുപറയുന്നത്. ഇവിടെയിരിക്കുന്ന എല്ലാവർക്കും അതറിയാമല്ലോ. വിഴിഞ്ഞം മെട്രോ അടക്കമുള്ള പദ്ധതിക്ക് തറക്കല്ലിട്ടുവെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്?

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഒന്ന് വഴങ്ങുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് വഴങ്ങാൻ പാടില്ലാത്തതുകൊണ്ട് ഞാൻ ഇപ്പോൾ വഴങ്ങുന്നില്ല. കണക്കുകൾ അല്ല നിങ്ങൾക്ക് ആവശ്യം. കണക്കിന്റെ കാര്യമാണെങ്കിൽ നിങ്ങൾ കൃത്യമായി പറയുമായിരുന്നു. ജനങ്ങൾക്ക് ബാധ്യത വരുന്നൊരു കാര്യം ചെയ്യില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞത് ശരിയാണ്. ഒരു ലക്ഷത്തി ചില്വാനം കോടി രൂപ സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് വരേണ്ടതും

സംസ്ഥാനത്തിന് അവകാശപ്പെട്ടതുമാണ്. 2017-ൽ ആദ്യം കേന്ദ്രസർക്കാർ പറഞ്ഞത് ട്രഷറിയിൽ വരുന്ന പണം സംസ്ഥാനത്തിന്റെ കടത്തിന്റെ പരിധിയിൽ വരുമെന്നാണ്. അതുവരെ അങ്ങനെയില്ലായിരുന്നു. അതുതന്നെ പതിനായിരം കോടിയോളം രൂപ വരും. അതിനുശേഷം പറഞ്ഞത് ഇതെല്ലാം കടത്തിന്റെ പരിധിയിൽ വരുമെന്നാണ്. നമുക്ക് ലഭിക്കേണ്ട പണത്തിൽ ഒരു വർഷം മാത്രം പതിനയ്യായിരം രൂപയാണ് വെട്ടിക്കുറച്ചത്. ഇപ്പോഴും അതിന്റെ പേരിൽ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തിപരമായി പറയുമ്പോൾ കിഫ്ബിയുടെയും മറ്റ് വർക്കിന്റെയും കാര്യം പറയുന്നല്ലോ; പക്ഷേ വർക്കുകൾ നടക്കുന്നില്ലേ? രാഷ്ട്രീയമായി പറയുകയാണെങ്കിൽ അന്നുണ്ടായിരുന്ന സാഹചര്യമല്ല ഇപ്പോഴുള്ളത്. ഇത് മൊത്തം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചതിന്റെ ഭാഗമാണ്. പക്ഷേ കിഫ്ബിയെ അവസാനിപ്പിച്ച് പുറകോട്ടുപോകാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. തീരദേശത്തെയുൾപ്പെടെ പ്രധാനപ്പെട്ട മേഖലയായി കണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. ചെല്ലാനത്തുമാത്രം മുന്നൂറ്റി ചില്വാനം കോടി രൂപയാണ് ചെലവാക്കിയത്. എന്നാണ് അങ്ങനെ ചെലവാക്കിയിട്ടുള്ളത്? തീരദേശത്ത് വലിയതോതിൽ ജിയോട്യൂബിന്റെ കാര്യം പ്ലാനിനകത്ത് പറഞ്ഞതുകൂടാതെ നമ്മൾ ഇപ്പോഴും പ്രഖ്യാപിച്ചു. ഇങ്ങനെയുള്ള കാര്യങ്ങൾ

ചെയ്ത് മുന്നോട്ടുപോകും. അങ്ങ് നിയമസഭയിൽ പറഞ്ഞതിന്റെ ഭാഗമായിട്ടുള്ള കാര്യം പറയേണ്ട. വരുമാനദായകമായ പദ്ധതി വേണമെന്ന് അങ്ങും പറഞ്ഞതാണ്. ഏത് പദ്ധതി എങ്ങനെ വേണമെന്ന് നമ്മൾ തീരുമാനിച്ചിട്ടില്ല. വരുമാനദായകമായ പദ്ധതി വേണമെന്നും എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ)-യെ കണ്ട് പഠിക്കണമെന്നും മുൻ പ്രതിപക്ഷനേതാവും പറഞ്ഞതാണ്.

പ്ലാൻ ഫണ്ട് കൂട്ടുന്നില്ലെന്നും പട്ടികജാതി വിഭാഗത്തിന് പണം കൊടുക്കുന്നില്ലെന്നുമുള്ള വളരെ തെറ്റായ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അങ്ങേയറ്റത്തെ തെറ്റായ സ്റ്റേറ്റുമെന്റാണ് പട്ടികജാതി വിഭാഗത്തിന്റെ പേരെടുത്ത് നിങ്ങൾ പറയാൻ ശ്രമിക്കുന്നത്. പട്ടികജാതി വിഭാഗത്തിനുൾപ്പെടെ ഏതെങ്കിലും പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഭാഗത്തിന്റെയും ഫണ്ടിൽ ഒരു രൂപയും ഈ സർക്കാർ കുറയ്ക്കില്ല. റീസ്ട്രക്ചറിംഗാണ്. നിങ്ങൾ ചോദ്യം മാത്രമേ ചോദിക്കുന്നുള്ളൂ. എന്നാൽ എത്ര കോടിരൂപയാണ് അനുവദിക്കുന്നതെന്ന് എനിക്കറിയാം. 1400 കോടി രൂപ സ്കോളർഷിപ്പിന് മാത്രമായി നൽകിയിട്ടുണ്ട്. പണം അനുവദിക്കുന്ന വ്യക്തിയെന്ന നിലയിൽ എനിക്ക് അറിയാവുന്നതാണ്. ഈ മേഖലയിൽ ഒരു രൂപ പോലും കുറയ്ക്കുകയില്ല. മാത്രമല്ല, ഏറ്റവും വലിയ ബാധ്യത വരുന്ന

സാമൂഹ്യക്ഷേമപെൻഷൻ തുകയായ അയ്യായിരം കോടി രൂപയിൽ രണ്ടായിരം കോടി രൂപ കൊടുത്തു. മൂവായിരം കോടി രൂപ അടുത്ത വർഷം കൊടുക്കുമെന്ന് പറഞ്ഞു. പറഞ്ഞകാര്യത്തിൽനിന്നും പുറകോട്ടുപോകില്ല. സാങ്കേതികമായ പേപ്പറുകളും മറ്റും വരുന്നതിന്റെ കാര്യം അവിടെ നിൽക്കട്ടെ. അതുകൊണ്ട് പട്ടികജാതി വിഭാഗത്തിന് കിട്ടാനുള്ള പണമെടുത്ത് ഇവിടെ കൊടുക്കുക, സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കാനുള്ളത് ഇവിടെ കൊടുക്കുക എന്നീ കാര്യങ്ങൾ പറയുന്നതിൽ അടിസ്ഥാനമില്ല.

പ്ലാനിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ രണ്ടുമൂന്നുവർഷമായി പ്ലാൻ വർധിപ്പിക്കാൻ സാധിച്ചില്ല. കോവിഡ് കഴിഞ്ഞ സമയത്ത് പത്ത് ശതമാനം വർധിപ്പിച്ചു. അതിനുശേഷം ഇപ്പോൾ പ്ലാൻ വീണ്ടും വർധിപ്പിച്ചു. എന്താണ് കാര്യം? ശരാശരി 57,000 കോടി രൂപയാണ് ഒരു വർഷം കേന്ദ്രം വെട്ടിക്കുറച്ചത്. കണക്കുകൾ ആവർത്തിക്കേണ്ട കാര്യമില്ലല്ലോ. 57,000 കോടി രൂപ വെട്ടിക്കുറച്ചിട്ടും കഴിഞ്ഞ മൂന്നുവർഷമായി ഏകദേശം ഒരു ലക്ഷത്തി അറുപതിനായിരം കോടി രൂപയാണ് ഒരു വർഷം ചെലവാക്കാൻ സാധിച്ചത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒരു വർഷം ശരാശരി ഒരു ലക്ഷത്തി പതിനായിരം കോടി രൂപയാണ് ചെലവാക്കിയത്. കോവിഡ് സമയത്ത് എൺപതിനായിരത്തിൽനിന്ന് ആരംഭിച്ച് ഒരു

ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ വരെയായി. എന്നാൽ ഒരു ലക്ഷത്തി അറുപതിനായിരമായിരുന്നത് ശരാശരി ഒരുലക്ഷത്തി അറുപത്തിനാലായിരം രൂപയാക്കി. ഇപ്പോൾ ഒരുലക്ഷത്തി എഴുപത്തെട്ടായിരം ചെലവാക്കാൻ സാധിക്കുമെന്നാണ് മനസ്സിലാകുന്നത്. സാമ്പത്തികമായി തകർക്കാൻ ശ്രമിച്ചിട്ടും ഇപ്പോൾ മുന്നോട്ടുവന്നിട്ടുണ്ട്. അതുകൊണ്ടാണ് പ്ലാനിൽ തുക അൽപ്പം വർധിപ്പിച്ചത്.

സി.&എ.ജി പറഞ്ഞതിൽ ചില കാര്യങ്ങളിൽ നമുക്ക് തർക്കമുണ്ട്. അതിൽ വേണ്ടത്ര കാര്യങ്ങൾ കണ്ടിട്ടില്ലെന്നാണ് വിചാരിക്കുന്നത്. ഡ്രിപ്പ് കൊടുക്കുകയാണെന്ന് ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ നിങ്ങൾ ആർക്കാണ് ഡ്രിപ്പ് കൊടുക്കാൻ ശ്രമിക്കുന്നത്? ആരെയാണ് സഹായിക്കാൻ ശ്രമിക്കുന്നത്? ഡൽഹിയിൽ ചെയ്ത അതേ പൊളിറ്റിക്സാണ് കേരളത്തിൽ നടത്താൻ ശ്രമിക്കുന്നത്. എന്ത് കണക്ക് പറഞ്ഞാലും ഡ്രിപ്പ് കൊടുത്തത് ബി.ജെ.പി.ക്കാണ്. ഡ്രിപ്പും ബൂസ്റ്റും കൊടുത്ത് ബി.ജെ.പി.-യെ സഹായിക്കുന്ന രാഷ്ട്രീയമുണ്ടല്ലോ, ആ രാഷ്ട്രീയം തന്നെയാണ്. ഇവിടെ നിങ്ങൾ എന്ത് സാങ്കേതിക കണക്കാണ് പറഞ്ഞത്? ഇന്ത്യാ മുന്നണി എന്ന സംവിധാനം തന്നെ തകർക്കുന്ന തരത്തിലേയ്ക്ക് നിങ്ങൾ പോയില്ലേ? ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പണിയല്ലേ ചെയ്യുന്നത്? രാഷ്ട്രീയംകൂടിയാണ്

ഞാനിവിടെ ഉത്തരവാദിത്വമായി പറഞ്ഞത്. (.....ബഹളം......)

മി. സ്പീക്കർ: ശ്രീ. വിൻസെന്റ്, അങ്ങ് സീറ്റിലിരിക്കണം. അദ്ദേഹം സംസാരിക്കട്ടെ. മറുപടി പറയാൻ പ്രതിപക്ഷനേതാവുണ്ടല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, രാഷ്ട്രീയപാർട്ടിയുടെയും മുന്നണിയുടെയും അടിസ്ഥാനത്തിലാണ് ഞങ്ങളിവിടെ നിൽക്കുന്നത്.

മി. സ്പീക്കർ: ശ്രീ. വിൻസെന്റ് മറുപടി പറയേണ്ടതില്ല. വാക്കൗട്ട് സ്വീച്ചുണ്ടല്ലോ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബിയെന്ന സ്ഥാപനത്തെ നിങ്ങൾ അന്നുമുതൽ തകർക്കാൻ ശ്രമിച്ചു. സി.&എ.ജി. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിങ്ങൾ ഫ്യൂവൽ ചെയ്ത് കൊടുത്തിട്ട് എങ്ങനെയാണ് നിർത്തുന്നത്? 'മകൻ ചത്താലും വേണ്ടില്ല, മരുമകളുടെ കണ്ണുനീർ കണ്ടാൽ മതി' എന്നാണ്. അങ്ങനെ തന്നെയല്ലേ ആ പഴഞ്ചൊല്ല്. അങ്ങനെ പണ്ട് പറഞ്ഞിരുന്നു. ഇതെല്ലാം മലയാളത്തിലെ പ്രയോഗങ്ങളാണ്. ഭാഷാപരമായ പ്രശ്നമുണ്ട്. എന്തായാലും അങ്ങനെയൊരു സമീപനമെടുക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ഞാൻ പറഞ്ഞത് വളരെ സിംപിളാണ്. വസ്തുതാപരമായി കാര്യങ്ങളെ കാണണം.

വരുമാനദായകമായ പദ്ധതികൾ വേണമെന്ന് പറഞ്ഞു. മിക്കവാറും

എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലങ്ങളിൽ ഫിഷ് മാർക്കറ്റും മറ്റ് മാർക്കറ്റുകളും സ്ഥാപിച്ചു. പണം സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന് പറഞ്ഞാണ് ആരംഭിച്ചത്. പക്ഷേ 5 കോടി, 8 കോടി....... കിഫ്ബി വന്നപ്പോൾ എല്ലാവർക്കും 500 കോടി രൂപയാണല്ലോ. അത് തിരിച്ചടയ്ക്കേണ്ടെന്ന് പറഞ്ഞ് കാലാവധി നീട്ടിക്കൊടുത്ത സമീപനമാണ് നമുക്കുള്ളത്. പക്ഷേ ഇപ്പോൾ വരുമാനദായകമായ കാര്യങ്ങൾ വേണമെന്ന അവസ്ഥയിലേയ്ക്കുവന്നു. എന്തൊക്കെ വേണമെന്നുള്ളത് പൊതുവിൽ ചർച്ച ചെയ്ത് ആലോചിക്കേണ്ടതാണ്. കഴിഞ്ഞദിവസം ബഡ്ജറ്റിനകത്ത് ഒരു പ്രത്യേക പദ്ധതി പറഞ്ഞു. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനും കിഫ്ബിയും കിൻഫ്രയും ചേർന്നുചെയ്യുന്ന ഐ.ടി. പാർക്ക് പദ്ധതി. ഐ.ടി. പാർക്ക് വരുമ്പോൾ സാധാരണചെയ്യുന്നതുപോലെ നൂറോ ഇരുന്നൂറോ കോടി രൂപയുടെ സ്ഥലമെടുക്കേണ്ടതില്ല. കോർപ്പറേഷന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ സ്ഥാപനങ്ങളുടെയോ കൈവശമുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയാണ്. ആ കെട്ടിടത്തിന് റിട്ടേൺ വേണം. ഒരു ലക്ഷം സ്ക്വയർഫീറ്റെങ്കിലും ആദ്യം തുടങ്ങണമെന്നാണ് ആലോചിക്കുന്നത്. അത് വളരെ എക്കണോമിക്കലായി പോകുമെന്നാണ് കരുതുന്നത്. അതിനകത്ത് സ്ഥലത്തിന് നമ്മൾ പണം മുടക്കുന്നില്ല. റവന്യൂ

ഷെയറിംഗ് മോഡിലാണ്. അത് വിജയിച്ചാൽ ഓരോ എം.എൽ.എ.യുടെയും മണ്ഡലത്തിലുൾപ്പെടെ നൂറ് സ്ഥലങ്ങളിൽ  ഇരുന്നൂറ് കോടിയോളം രൂപ മുടക്കുന്ന വരുമാനദായകമായ പദ്ധതി കിഫ്ബിയുടെ കീഴിൽ കൊണ്ടുവരുമെന്നാണ് പറഞ്ഞത്. ഇപ്പോൾ പറഞ്ഞതിനകത്ത് നിർത്തുകയല്ല. ഇനിയും പതിനായിരം കോടിയോളം രൂപ ചെലവാക്കുന്ന തരത്തിലേയ്ക്ക് കൂടുതൽ എക്കണോമിക്കലി വയബിളായ പദ്ധതികൾ കൊണ്ടുവരും. കിഫ്ബിയുടെ മോഡലിൽ അതുണ്ട്. അതുകൊണ്ട് ഇപ്പോൾ ഈ ടോളിന്റെ  കാര്യം പറഞ്ഞ് ജനങ്ങളെ ആശങ്കപ്പെടുത്തേണ്ട കാര്യമില്ല.

മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ആളുകൾക്ക് സ്പിരിറ്റ് ഇവിടെ വിൽക്കാം. എന്നാൽ ഇൻഡസ്ട്രിയൽ പർപ്പസിനുപോലും ഇവിടെ അതുണ്ടാക്കിക്കൂടായെന്ന് പറയുന്ന കാര്യമുണ്ട്. ഈ വിഷയത്തിലല്ല, അങ്ങനെ പറയുന്ന സമീപനം പോലെയാണ് കാര്യങ്ങളെടുക്കുന്നത്. അതുകൊണ്ട് അത്തരം പശ്ചാത്തലത്തിൽ അങ്ങനെയൊരു സമീപനമല്ല കേരളത്തിൽ വേണ്ടത്. കേരളത്തിൽ  കിഫ്ബി പോലുള്ള പദ്ധതികൾ ഹെൽത്തിയായി പോകുന്നത് പരസ്പരം ആലോചിക്കേണ്ടതാണ്. ഇത്തരമൊരു കാര്യത്തെ രാഷ്ട്രീയമായി കണ്ട് സ്വീകരിക്കുന്ന നിലപാട് ശരിയല്ല. ഇല്ലാത്ത ആശങ്ക നാട്ടിലുണ്ടാക്കുന്നത് ശരിയല്ല. മറ്റ് സംസ്ഥാനങ്ങളിൽ എൻ.എച്ച്.എ.ഐ.-

യുടെ എല്ലാ നിർമ്മാണവും ടോൾ വാങ്ങിച്ചിട്ടാണ് ചെയ്യുന്നത്. കേരളത്തിലും ഇപ്പോൾ അതുതന്നെയാണ് ചെയ്യാൻ പോകുന്നത്. വരുമാനദായകമായ പദ്ധതികൾ ചില മേഖലകളിൽ വേണ്ടി വരും. നൂറ് സ്ഥലത്തോ ഇരുന്നൂറ് സ്ഥലത്തോ പുതിയ പദ്ധതികൾ വേണ്ടി വരും.

ശ്രീ. എം. വിൻസെന്റ്: സർ, വഴങ്ങുമോ?

മി. സ്പീക്കർ: ഇപ്പോൾ വഴങ്ങാൻ കഴിയില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കിഫ്ബിയുടെ കാര്യത്തിൽ ഇല്ലാത്ത വിവാദമുണ്ടാക്കുന്നത് ശരിയല്ല. അതുകൊണ്ട് നടപടി നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് അനുമതി നൽകേണ്ടതില്ല. ഇത് അടിസ്ഥാനരഹിതമായതിനാൽ സഭയിൽ ചർച്ച ചെയ്യേണ്ട കാര്യമില്ല. പൊതുവിൽ അറിയാവുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഉപക്ഷേപത്തിന് അനുമതി നിഷേധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു)

(ശ്രീ. വി. ഡി. സതീശൻ)

P-10-02-2025

VV-SG-I
10.40-10.50

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം തുടർച്ച...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് യോജിക്കുകയാണ്. കിഫ്ബി ഇപ്പോൾ ഡ്രിപ്പ് കൊടുക്കേണ്ട അവസ്ഥയിലല്ല, കാരണം അത് വെന്റിലേറ്ററിലാണ്. എപ്പോഴാണ് വെന്റിലേറ്റർ ഊരേണ്ടതെന്ന് ബന്ധുക്കളോട് ഡോക്ടർമാർ ചോദിക്കേണ്ട അവസ്ഥയിലാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ്. ശ്രീ. റോജി എം. ജോൺ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അങ്കമാലിയിൽ എത്ര കിട്ടി, പറവൂർ എത്ര കിട്ടി എന്നൊക്കെ ഭരണപക്ഷത്തുനിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ചിരുന്നു. കിഫ്ബിയുടെ പണം എന്നുപറയുന്നത് ആരുടെയും തറവാട് സ്വത്ത് വിറ്റ് ബാങ്കിൽ ഇട്ടിരിക്കുന്നതല്ല. ഇതിന്റെ കോർപ്പസ് ഫണ്ട് എന്നുപറയുന്നത് എന്താണ്? മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സുമാണ്. അങ്കമാലിയിലും പറവൂരും കൊട്ടാരക്കരയിലും ധർമ്മടത്തുമെല്ലാമുള്ള ജനങ്ങൾ കൊടുക്കുന്ന മോട്ടോർ വെഹിക്കിൾ ടാക്സും

പെട്രോളിയം സെസ്സുമാണ് ഈ പണം. അത് ഏത് രീതിയിൽ ചെലവാക്കിയാലും ഏത് പദ്ധതി കൊണ്ടുവന്നാലും ഞങ്ങൾക്കെല്ലാം അവകാശപ്പെട്ടതാണ്. അല്ലാതെ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലത്തിൽ കൂടുതൽ പണം ചെലവാക്കിയെന്ന് പറയുന്നത് തെറ്റായ ഒരു സമീപനമാണ്, അത് ഒരിക്കലും ഈ സഭയിൽ ആവർത്തിക്കാൻ പാടില്ല. എന്താണ് ഇതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞ പ്രശ്നം? ഇത് ഒച്ചിഴയുന്ന വേഗതയിലാണ് പോകുന്നത് എന്നാണ്. കിഫ്ബി ഡിക്ലയർ ചെയ്തത് അഞ്ച് കൊല്ലക്കാലത്തേക്ക് 50,000 കോടി രൂപയുടെ പദ്ധതിയാണ്. 65000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. അതാണ് ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞത് 10000 കോടി രൂപയുടെ പദ്ധതികൾ നടത്തി എന്ന്. എട്ട് കൊല്ലം കഴിഞ്ഞപ്പോൾ ആകെ പൂർത്തിയായിരിക്കുന്ന പദ്ധതികൾ എന്നത് 18000 കോടി രൂപയുടേത് മാത്രമാണ്. പദ്ധതികൾ മുന്നോട്ടുപോകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽതന്ന ഉത്തരമാണ് ഞാനിവിടെ പറയുന്നത്. എന്തുകൊണ്ടാണ് പദ്ധതികൾ മുന്നോട്ടുപോകാത്തത്? ഒരു എക്കണോമിക് മോഡൽ എന്നുപറഞ്ഞുകൊണ്ട് അവതരിപ്പിച്ച കിഫ്ബിയുടെ ആദ്യത്തെ കോർപ്പസ് ഫണ്ടാണ് മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സും. അത് കൺസോളിഡേറ്റഡ്

ഫണ്ടിൽനിന്നും എടുക്കുന്ന തുകയാണ്. ആ തുക എടുത്തില്ലായിരുന്നെങ്കിൽ ഇപ്പോൾ പി.ഡബ്ല്യു.ഡി.ക്ക് കൊടുത്തിരിക്കുന്ന തുകയിൽ ആയിരം കോടി രൂപ കൂടുതൽ വയ്ക്കാമായിരുന്നു. ഇറിഗേഷന് 500 കോടി രൂപ കൂടുതൽ വയ്ക്കാം. ബാക്കിയുള്ള വകുപ്പുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഈ പണം കൊടുക്കാമായിരുന്നു. പി.ഡബ്ല്യു.ഡി.ക്ക് താരതമ്യേന മെച്ചപ്പെട്ട ഒരു സിസ്റ്റമുള്ള സംസ്ഥാനമാണ് കേരളം. വളരെ അപൂർവമായി ചില കോൺട്രാക്ടർമാർ വർക്ക് ഉപേക്ഷിച്ചിട്ട് പോയാലോ അതുപോലെ സ്ഥലമേറ്റെടുപ്പിന്റെ താമസംകൊണ്ടോ മാത്രമാണ് പി.ഡബ്ല്യു.ഡി. വർക്കിൽ സാധാരണ കാലതാമസം വരാറുള്ളത്. അല്ലാതെ കേരളത്തിൽ വർഷങ്ങളായി പി.ഡബ്ല്യു.ഡി. എന്നത് സാമാന്യം നന്നായി പ്രോജക്ടുകൾ നടപ്പാക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ്. പി.ഡബ്ല്യു.ഡി.യുടെ സ്പീഡിന്റെ പത്തിലൊന്ന് ഈ കിഫ്ബിയുടെ വർക്കുകൾക്കുണ്ടോ? സർക്കാർ ഒന്ന് റിവ്യൂ ചെയ്യണം. കിഫ്ബി വർക്കും പി.ഡബ്ല്യു.ഡി. വർക്കും തമ്മിൽ താരതമ്യം ചെയ്യൂ. എത്ര വേഗത്തിലാണ് പി.ഡബ്ല്യു.ഡി. വർക്ക് നടക്കുന്നത്. കിഫ്ബിയുടേത് അങ്ങനെ നടക്കുന്നുണ്ടോ? ഇല്ല. അന്ന് കിഫ്ബി കൊണ്ടുവന്നപ്പോഴുള്ള ഉദ്ദേശം എന്തായിരുന്നു? ധനകമ്മിയുടെ മൂന്ന് ശതമാനമേ സംസ്ഥാനങ്ങൾക്ക് കടമെടുക്കാൻ കഴിയൂ. അന്നത്തെ ധനകാര്യ

വകുപ്പുമന്ത്രിയുടെ വിചാരം അതിന്റെ അപ്പുറത്ത് കടമെടുപ്പിന്റെ പരിധിയിൽ വരാതെ extra budgetary ആയി കോടിക്കണക്കിന് രൂപ കടമെടുക്കണം എന്നതായിരുന്നു. അതുപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തണം. അന്ന് ഞങ്ങളത് എതിർത്തത് എന്തുപറഞ്ഞുകൊണ്ടാണ്? ഒരിക്കലുമത് extra budgetary ആയി വരാൻ പാടില്ല. കാരണം അത് കടമെടുപ്പിന്റെ പരിധിയിൽ വരും. Article 293 is very clear. ഒരു കാരണവശാലും പുറത്തുനിന്ന് കടമെടുക്കാൻ സമ്മതിക്കില്ല. ഇതുസംബന്ധിച്ച് ഞാൻ legal objection സഭയിൽ ഉന്നയിച്ചിട്ടുണ്ട്. എത്ര രൂപ സർക്കാർ കടമെടുത്താലും FRBM (Fiscal Responsibility and Budget Management) Act-ന്റെ പരിധിയിൽ വരും. കാരണമെന്താണ്? സർക്കാർ കടമെടുക്കുമ്പോൾ ഗാരന്റി എന്താണ്? സംസ്ഥാനത്തിന്റെ sovereign guarantee ആണ്. സംസ്ഥാനത്തിന്റെ sovereign guarantee വച്ച് പണം കടമെടുത്താൽ തിരിച്ചടയ്ക്കാൻ ഉത്തരവാദിത്വം ആർക്കാണ്? ഇതൊരു income generating model അല്ലാത്തതുകൊണ്ട് ഇതിന്റെ കടം ആത്യന്തികമായി ഗവൺമെന്റിന്റെ തലയിൽ വരും. ഇനി കടമെടുപ്പിന്റെ പരിധിയുടെ പുറത്താക്കി കേന്ദ്ര ഗവൺമെന്റ് തന്നുവെന്ന് വിചാരിച്ചാലും ഈ പണം തിരിച്ചടയ്ക്കണ്ടേ? സർക്കാർ കടമെടുക്കുമ്പോൾ കൊടുക്കുന്നത് സംസ്ഥാനത്തിന്റെ sovereign

guarantee ആണ്. സംസ്ഥാനത്തിന് ആ ലയബിലിറ്റിയിൽനിന്നും ഒഴിഞ്ഞുമാറാൻ പറ്റുമോ? ഇത് മൂന്ന് ശതമാനത്തിൽപ്പെടില്ല, അതിന്റെ പുറത്ത് കടമെടുത്തോളൂ എന്ന് കേന്ദ്രം ഇനി സമ്മതിച്ചാലും എല്ലാ വർഷവും പണം തിരിച്ചടയ്ക്കണ്ടേ? അടുത്ത അഞ്ച് വർഷത്തേയ്ക്ക് തിരിച്ചടയ്ക്കേണ്ട പണത്തിന്റെ കണക്ക് ഞാനിവിടെ വായിക്കണോ? അത് സംസ്ഥാന ബജറ്റിന് മുകളിലാണ്. ഇതാണ് മുമ്പ് കിഫ്ബി ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ഞങ്ങൾ പറഞ്ഞ ലീഗൽ ഒബ്ലിക്ഷൻ. അത് ഇപ്പോൾ യാഥാർത്ഥ്യമായി. ഇപ്പോൾ സംസ്ഥാന ബജറ്റിന്റെ മുകളിൽ ഒരു പ്രഷറായി കിഫ്ബി നിൽക്കുകയാണ്. You have to repay the money. ആ പണം തിരിച്ചടയ്ക്കുകതന്നെ വേണം. സംസ്ഥാനത്തിന്റെ sovereign guarantee കൊടുത്ത് എടുത്ത പണം തിരിച്ചടയ്ക്കാതെ സർക്കാരിന് വേറെ യാതൊരു ഓപ്ഷനുമില്ല. കിഫ്ബി income generating ആയി പണം തിരിച്ചുതരുന്നില്ല. അപ്പോൾ പണം തിരിച്ചടച്ചേ മതിയാകൂ. അപ്പോൾ എന്താണ് വ്യത്യാസം? ഈ പണം നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ കിടന്നിരുന്നുവെങ്കിൽ പ്ലാനിൽ അത് അലോക്കേറ്റ് ചെയ്ത് പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾക്ക് കൊടുത്ത് ഈ പറയുന്ന മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും സർക്കാരിന് നടത്താമായിരുന്നു. സർക്കാർ

അധികമായി എന്താണ് ചെയ്തത്? സർക്കാർ അധികമായി കടമെടുത്തു, അത് അന്നും എടുക്കാമായിരുന്നു. ഇപ്പോഴും കടമെടുപ്പിന്റെ പരിധിയിൽ വന്നു. അതുകൊണ്ട് ഇതൊരു ഭയങ്കര സംഭവമാണെന്ന് വരുത്തിത്തീർക്കുകയല്ലേ? നാഷണൽ ഹൈവേ നിർമ്മിക്കാൻ കിഫ്ബിയുടെ പണമായി 6000 കോടി രൂപ കൊടുത്തത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നല്ലേ? കിഫ്ബി ഇല്ലായിരുന്നെങ്കിലും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പ്രസ്തുത തുക കൊടുക്കാൻ പറ്റില്ലായിരുന്നോ? കൊടുക്കാം. നിങ്ങൾക്ക് അതിനെക്കുറിച്ച് അറിയില്ല. 20000 കോടി രൂപയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കിഫ്ബിക്ക് ഇതുവരെ കൊടുത്തിരിക്കുന്നത്. എന്നാൽ പൂർത്തിയാക്കിയ പദ്ധതികൾ 18000 കോടി രൂപയുടേത് മാത്രമാണ്. എല്ലാ വർഷവും സംസ്ഥാന ബജറ്റിൽ നിന്നും ഈ പണം അടച്ചുകൊണ്ടിരിക്കണം. മോട്ടോർ വെഹിക്കിൾ ടാക്സും ഇതും കൂടി 20000 കോടി രൂപ വരും. ഇതിൽ ഞങ്ങൾ എതിർത്ത ഒരു പ്രധാനപ്പെട്ട വിഷയമുണ്ട്, അത് ഇപ്പോഴുമുണ്ട്. ഇവിടെ സർക്കാർ പ്ലാനിൽനിന്ന് വ്യതിചലിക്കുകയാണ്. അത് ബി.ജെ.പി. ചെയ്യുന്നതാണ്, ഞാൻ രാഷ്ട്രീയം പറയുകയല്ല, ഡൽഹി ഇലക്ഷനെക്കുറിച്ച് ചർച്ച ചെയ്യേണ്ട സമയവുമല്ലിത്. അതിനെക്കുറിച്ച് വേറൊരു സന്ദർഭത്തിൽ മറുപടി പറയാം. അതായത് ഡൽഹിയിലെ രീതി എന്താണ്? പ്ലാനിങ്

കമ്മീഷനെ മാറ്റി. പ്ലാൻ മാറ്റിയിട്ട് പ്രോജക്ടിന്റെ പുറകെ പോകുകയാണ്. പ്ലാൻ മാറ്റി പ്രോജക്ടിന്റെ പുറകെ പോകുന്നത് Right extremism ആണ്, തീവ്ര വലതുപക്ഷവാദമാണ്. സി.പി.ഐ.(എം) അടക്കമുള്ള എല്ലാ പാർട്ടികളും അതിനെ എതിർത്തിട്ടുണ്ട്. പ്ലാനിന് ഒരു പ്രയോരിറ്റി ഉണ്ട്. പ്ലാൻ വരുമ്പോൾ 1000 കോടി രൂപയുണ്ടെങ്കിൽ 100 കോടി രൂപ പട്ടികജാതിക്കാർക്ക്, 20 കോടി രൂപ പട്ടികവർഗക്കാർക്ക് എന്നുതുടങ്ങി ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രയോരിറ്റികൾ നിശ്ചയിച്ചിട്ടാണ് പണം കൊടുക്കുന്നത്. പ്ലാൻ അല്ല പ്രോജക്ടാണെങ്കിൽ വേറെ കുറേ നേട്ടങ്ങളുണ്ട്, അത് ഞാൻ പറയുന്നില്ല. ഇവിടെ പ്രോജക്ടിനോടാണ് attraction. ഇത് പ്രോജക്ടുകളാണ്; പ്ലാനിന്റെ ഭാഗമല്ല. അതുകൊണ്ടാണ് ശ്രീ. റോജി എം. ജോൺ ഇവിടെ വ്യക്തമായി പറഞ്ഞത് സർക്കാർ ഇത്രയും കോടി പണം ചെലവാക്കിയപ്പോൾ ആ പണം പ്ലാനിലാണ് ചെലവാക്കിയിരുന്നതെങ്കിൽ അതിന്റെ 12 ശതമാനം പട്ടികജാതി-പട്ടികവർഗക്കാർക്ക് കൊടുക്കാമായിരുന്നു. ഇപ്പോൾ സർക്കാർ ചെലവാക്കിയിരിക്കുന്ന പണത്തിന്റെ മൂന്ന് ശതമാനത്തിൽ താഴെയാണ് പട്ടികജാതി-പട്ടികവർഗ പ്രോജക്ടുകൾക്കുവേണ്ടി ചെലവാക്കിയിരിക്കുന്നത്. പ്ലാനിന് ഒരു അന്ത:സത്തയുണ്ട്. പ്ലാൻ ഉപേക്ഷിച്ച് പ്രോജക്ടിനുപുറകെ

പോകുമ്പോൾ ഒരുപാട് പിന്നാക്കം നിൽക്കുന്ന സാമൂഹ്യ വിഭാഗങ്ങളോട് നീതി പുലർത്താൻ പറ്റില്ല. ഇത് ഞങ്ങളിവിടെ ഉന്നയിച്ച പോയിന്റാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്; ബി.ജെ.പി. നയമാണ്. പ്ലാനിന്റെ ഭാഗമായി പ്രോജക്ട് ചെയ്യണം എന്ന പോയിന്റാണ് ഞങ്ങൾ പറയുന്നത്. കിഫ്ബിക്ക് കൊടുത്തത് പെട്രോളിയം സെസ്, മോട്ടോർ വെഹിക്കിൾ ടാക്സ് എന്നിവയിലൂടെ ലഭിച്ച പണമാണ്; കടമെടുത്ത പണമല്ല. എന്നിട്ട് അതിനുമുകളിൽ വീണ്ടും ടോൾ ഏർപ്പെടുത്തിയാൽ ട്രിപ്പിൾ ടാക്സേഷനാണ് വരുന്നത്. കേന്ദ്ര ഗവൺമെന്റ് നാഷണൽ ഹൈവേകൾ നിർമ്മിക്കുന്നത് എൻ.എച്ച്.എ.ഐ. മുഖേനയാണ്. അവർ പണം കടമെടുത്താണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്. എന്നിട്ടവർ ടോൾ പിരിക്കുന്നു. എന്നാൽ നാം മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സും ജനങ്ങളിൽനിന്നും വാങ്ങിയിട്ട് അതിന്റെ മീതെ വീണ്ടും ടോൾ ഈടാക്കുകയുമാണ്. അത് ട്രിപ്പിൾ ടാക്സേഷനാണ്. റോഡിലൂടെ യാത്ര ചെയ്യുന്നതിന് മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോളിയം സെസ്സും വാങ്ങിയിട്ട് ഇനി ടോൾ കൂടി വാങ്ങാൻ പോകുകയാണ്. ഇത് നീതിപൂർവമായ ഒരു നിലപാടല്ല. അതുപോലെ സർക്കാർ മസാല ബോണ്ട് വാങ്ങാൻ പോയി. 9.72 ശതമാനം പലിശയ്ക്ക് 2150 കോടി രൂപ വാങ്ങിയിട്ട് 3150 കോടി രൂപ തിരിച്ചടച്ചു. അത്

ബജറ്റിൽ നിന്നാണ് തിരിച്ചടച്ചത്. അന്താരാഷ്ട്ര സാമ്പത്തിക വിപണിയിൽ ഒരു ശതമാനത്തിനും പൂജ്യം ശതമാനത്തിനും വരെ ലോൺ കിട്ടും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊച്ചി മെട്രോയ്ക്ക് ജർമ്മൻ ധനകാര്യ സ്ഥാപനത്തിൽനിന്നും ലോൺ വാങ്ങിയത് 1.5 ശതമാനത്തിനാണ്. അര ശതമാനത്തിനും ഒരു ശതമാനത്തിനും ഒന്നര ശതമാനത്തിനും പോലും അന്താരാഷ്ട്ര സാമ്പത്തിക വിപണിയിൽ ലോൺ കിട്ടുമ്പോൾ സർക്കാർ അവിടെ പോയി മണിയടിച്ച് 9.72 ശതമാനത്തിന് മസാല ബോണ്ട് വാങ്ങി. എന്നിട്ടത് 6 ശതമാനത്തിന് ഇവിടെയുള്ള ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചു. ഇതാണോ ആൾട്ടർനേറ്റീവ് എക്കണോമിക് മോഡൽ എന്നുപറയുന്നത്?

(തുടരും...).

P.10-02-2025
RL-SG-1
10.50-11.00

(ശ്രീ. വി. ഡി. സതീശൻ.....തുടർച്ച)

സി.&എ.ജി.-യെക്കുറിച്ച് സൂചിപ്പിച്ചു, സി.&എ.ജി. സ്കൂട്ടിണി ചെയ്യണ്ടേ? സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവാക്കുന്ന പണത്തിന്റെ സ്കൂട്ടിണി സഭ ചെയ്യണ്ടേ; അത് ലെജിസ്ലേച്ചർ പ്രോസസ്സല്ലേ.

സഭ ഡിമാൻഡ് പരിശോധിക്കും; ഓരോ വകുപ്പിനെക്കുറിച്ച് ഡിമാൻഡ് ചർച്ച നടത്തും. അതിനുമുകളിലുള്ള അപ്രോപ്രിയേഷൻ പാസ്സാക്കും; അതായത് ധനം ചെലവാക്കാനുള്ള അനുമതിയും ധനവിനിയോഗത്തിനുള്ള അനുമതിയും നൽകുന്നത് ഈ രണ്ട് കോൺസ്റ്റിറ്റ്യൂഷണൽ പ്രോസസ്സ് കഴിഞ്ഞാണ്. ഓരോ രൂപ ചെലവാക്കുന്നതും തലനാരിഴ കീറി പരിശോധിക്കുന്ന സ്ഥലമാണ് ലെജിസ്ലേച്ചർ. അതല്ലേ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ബജറ്റിന്റെ പ്രോസസ്സ് എന്നുപറയുന്നത്. ഇനി തുടർച്ചയായി ഉണ്ടാകുന്ന കോൺസ്റ്റിറ്റ്യൂഷണൽ പ്രോസസ്സാണ്. എന്നാൽ കിഫ്ബി കോൺസ്റ്റിറ്റ്യൂഷണൽ പ്രോസസ്സിനെ/ഒബ്ലിഗേഷനെ മന:പൂർവം മാറ്റി നിർത്തുകയാണ്. അവിടെ ഒരു സ്ക്രൂട്ടിണിയും നടത്തുന്നില്ല. സഭ പാസ്സാക്കി, സഭയുടെ അനുമതിയോടുകൂടി ഈ സംസ്ഥാനത്ത് ചെലവാക്കുന്ന പണം കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഓഡിറ്റ് ചെയ്യും. കൺസോളിറ്റേഡ് ഫണ്ടിൽനിന്ന് ഭരണഘടനാപ്രകാരം ചെലവാക്കുന്ന പണം എത്ര അനുമതിയോടുകൂടി ചെലവാക്കിയാലും അത് സി.&എ.ജി. ഓഡിറ്റ് ചെയ്യണം. എന്നാൽ കിഫ്ബി സി.&എ.ജി. ഓഡിറ്റ് ചെയ്യാൻ അനുവദിക്കില്ല. അത് സാധിക്കില്ലെന്നാണ് പറയുന്നത്. ഓഡിറ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സി.&എ.ജി. പല പ്രാവശ്യം എഴുതി. ഇത്

സി.&എ.ജി. ഓഡിറ്റ് ചെയ്താൽ എന്ത് സംഭവിക്കും? അത് സി.&എ.ജി. ഓഡിറ്റ് ചെയ്യണ്ട, ഞങ്ങളൊരു ഓഡിറ്റ് സംവിധാനം ഉണ്ടാക്കിയിട്ടുണ്ടെന്നാണ് പറയുന്നത്. അങ്ങനെ ഓഡിറ്റ് ചെയ്യാൻ ഇത് നാട്ടിൻ പുറത്തെ ക്ലബ്ബല്ല.

Mr. Speaker: Please conclude....Time is exceeding.

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. നാട്ടിൻപുറത്തെ ക്ലബ്ബിൽ രണ്ട് ഓഡിറ്റർമാരെ നിയോഗിച്ച് അവിടത്തെ വരുമാനവും വരി സംഖ്യയും പരിശോധിക്കുന്നപോലെയല്ല, ഇത് നാട്ടുകാരടയ്ക്കുന്ന നികുതിപ്പണമാണ്. നാട്ടുകാർ അടയ്ക്കുന്ന നികുതിപ്പണം ഭരണഘടനാപരമായ പരിശോധനകൾക്കും ഓഡിറ്റിംഗിനും വിധേയമാക്കണം. നിങ്ങൾ അതിനെ മന:പൂർവം ഒഴിവാക്കുന്നു. കാരണമെന്താണ്; ആ സ്ഥാപനത്തെ ഓഡിറ്റ് ചെയ്താൽ അതൊരു വെള്ളാനയാണെന്ന് ബോധ്യപ്പെടും. അവിടെ നടക്കുന്നത് മുഴുവൻ പിൻവാതിൽ നിയമനമാണ്. അവിടത്തെ സാലറി ആരാണ് തീരുമാനിക്കുന്നത്? ഞാൻ വ്യക്തികളെ പരാമർശിച്ച് അവിടത്തെ സാലറി റേറ്റൊന്നും സൂചിപ്പിക്കുന്നില്ല. ദയവുചെയ്ത് ഭരണകക്ഷിയിലിരിക്കുന്ന എം.എൽ.എ.-മാരുകൂടി അതൊന്ന് പരിശോധിക്കണം. നമ്മുടെയൊക്കെ പേരിലൊരു സ്ഥാപനമുണ്ടാക്കിയിട്ട് സർവീസിൽനിന്നും റിട്ടയർ ചെയ്തവർ

അവിടെ ഓരോ സ്ഥാനത്തിരുന്ന് എത്ര ലക്ഷം രൂപയാണ് ശമ്പളം വാങ്ങിക്കുന്നത്? പി.ഡബ്ല്യു.ഡി.-യിൽ പരിചയസമ്പന്നരായ ചീഫ് എൻജിനീയർമാർ എല്ലാകാര്യങ്ങളും പരിശോധിക്കുന്നുണ്ട്. എന്നാൽ കിഫ്ബിയിൽ ബി.എസ്.എൻ.എൽ.-നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരാണ് പരിശോധിക്കുന്നത്. എത്ര ലക്ഷം രൂപയാണ് കിഫ്ബിയിലിരുന്ന് ഓരോരുത്തർ ശമ്പളം വാങ്ങിക്കുന്നതെന്ന് നോക്കണം. സംസ്ഥാനത്തുതന്നെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ മെച്ചപ്പെട്ട മെക്കാനിസവും നല്ല ഇംപ്ലിമെന്റിംഗ് ഏജൻസികളും മികച്ച എൻജിനീയറിംഗ് വൈദഗ്ധ്യവുമുള്ളവരുള്ളപ്പോൾ അവരെ മുഴുവൻ നോക്കുകുത്തിയാക്കി നിർത്തിക്കൊണ്ട് ബദൽ മെക്കാനിസമുണ്ടാക്കി, ഭരണഘടനാ വിരുദ്ധമായി കാര്യങ്ങൾ ചെയ്ത് കുട്ടിച്ചോറാക്കിയ കഥയാണ് ഞങ്ങളിവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഇത് വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണം. ഇത് നിയമപരമായ കാര്യങ്ങളിലേയ്ക്ക് തിരിച്ചുകൊണ്ടുവരണം. കിഫ്ബി ഇപ്പോൾ സംസ്ഥാനത്തിന് ഒരു ബാധ്യതയായിരിക്കുന്നു; സംസ്ഥാനത്തിന്റെ ബജറ്റിന് ബാധ്യതയായിരിക്കുന്നു. പ്ലാനിൽനിന്ന് ഇതിന് ആവശ്യമില്ലാതെ പണം കൊടുക്കുന്നതുകൊണ്ടാണ് അമ്പതുശതമാനത്തോളം തുക പ്ലാനിൽനിന്ന് കട്ട്

ചെയ്യേണ്ട ഗതികേടിലേയ്ക്ക് വരുന്നത്. ഒന്നും കട്ട് ചെയ്തിട്ടില്ല എന്നുപറയുമ്പോഴും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൈവശമുണ്ട്. ഞാൻ അതിനെക്കുറിച്ച് പറയാൻ സമയം ഉപയോഗിക്കുന്നില്ല. ഇതുമായി ബന്ധമില്ലാത്ത ധാരാളം കാര്യങ്ങൾ മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചും ഡൽഹി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ചുമൊക്കെ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. പക്ഷേ കിഫ്ബിയെ സംബന്ധിച്ച് ഗൗരവത്തോടുകൂടി ഗവൺമെന്റ് മൈൻഡ് അപ്ലൈ ചെയ്തില്ലെങ്കിൽ സംസ്ഥാനത്തിന്റെ നിലവിലെ പരിതാപകരമായ ധനസ്ഥിതി കൂടുതൽ വഷളാകുമെന്നും കടത്തിന്റെ കാണാക്കയങ്ങളിലേയ്ക്ക് വീണുപോകുന്ന സ്ഥിതിവരുമെന്നും വിനയപൂർവം ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ശ്രീ. കെ. പി. എ. മജീദ്)

P.10-02-2025
RL-SG-1
10.50-11.00

ശ്രീ. കെ. പി. എ. മജീദ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഇവിടെ ഉന്നയിക്കപ്പെട്ടത്, സഭ ഗൗരവതരമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഉന്നയിക്കുന്ന ആശങ്കകളും മറ്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പോസിറ്റീവായെടുത്ത് പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കിഫ്ബി ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ ഇത് ഇൻകം ജനറേഷനാവണമെന്നുള്ള കാര്യം പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങളെ മുഴുവൻ എതിർക്കുകയല്ല; കിഫ്ബി നടത്തിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പോരായ്മകളും പ്രയാസങ്ങളും ചൂണ്ടിക്കാണിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ഇവിടെ സൂചിപ്പിക്കുന്നത്, പ്ലാൻ ഉപേക്ഷിച്ച് പ്രോജക്ടിന്റെ കൂടെ പോയതിന്റെ അപകടകരമായ സ്ഥിതിയാണ് കാണുന്നത്. ഈ സംവിധാനം ഇപ്പോൾ ഒട്ടും ആശാസ്യമായ നിലയിലല്ല ഉള്ളത്. ഒരു പദ്ധതി ഏറ്റെടുത്താൽ എന്ന് പൂർത്തിയാകുമെന്ന് പറയാൻ സാധിക്കില്ല, അതിന് വർഷങ്ങളോളം എടുക്കുന്ന സാഹചര്യമാണ്.

ഇവിടെയുള്ള എല്ലാ എം.എൽ.എ.മാരോടും ധനകാര്യ വകുപ്പുമന്ത്രിയോടും അന്വേഷിച്ചാൽ അറിയാം. പദ്ധതികളൊന്നും സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല, അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന നിലയിലാണ്. ഏതോ ഒരു നിലവാരത്തിന്റെ പേര് പറഞ്ഞ് അമിതമായ തുക കൊടുക്കുകയാണ്. പി.ഡബ്ല്യൂ.ഡി. പത്തുകോടി രൂപയ്ക്ക് ചെയ്യുന്ന ഒരു വർക്ക്, കിഫ്ബിയിലൂടെയാകുമ്പോൾ ഇരുപത്തിയഞ്ച് കോടി രൂപയായി മാറുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ചീഫ് എൻജിനീയർ പരിശോധിച്ച് അംഗീകാരം കൊടുത്തത്, അതിനുതാഴെയുള്ള ഉദ്യോഗസ്ഥർ വീണ്ടും പുന:പരിശോധന നടത്തുകയാണ്. അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ നടപടിക്രമങ്ങൾ പുന:പരിശോധിച്ച് ലളിതമാക്കണം. അല്ലാതെ ഈ സംവിധാനംകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുമെന്ന് തോന്നുന്നില്ല. അതുപോലെ ഞങ്ങൾ നേരത്തെ ഉന്നയിച്ച കാര്യങ്ങൾ നിങ്ങൾ നിഷേധിച്ചെങ്കിലും ഇപ്പോൾ എവിടെ എത്തിയിരിക്കുകയാണ്? ഇപ്പോൾ ടോൾ വേണമെന്ന നിലയിൽ വന്നു. ടോൾ എന്ന് പറയാൻ പാടില്ല, യൂസേഴ്സ് ഫീ എന്നുപറയാം. അതിലേയ്ക്ക് വരേണ്ടൊരു സാഹചര്യത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ അങ്ങുകൂടി പരിശോധിക്കണം. 2017-ൽ എന്റെ

മണ്ഡലത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനുമായി കൊണ്ടുവന്ന വർക്കിന്റെ ഡി.പി.ആർ. പോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. അതുപോലെ 2016-ൽ നൂറ് കോടി രൂപ അനുവദിച്ച വെണ്ണിയൂർ ബൈപ്പാസും ഇതുവരെ ആരംഭിച്ചിട്ടേയില്ല. അതുപോലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് രണ്ടുവർഷമായി പൊളിച്ചിട്ടിരിക്കുകയാണ്. അതിന്റെ പ്രവൃത്തിയും നടക്കുന്നില്ല. ഓരോ മെമ്പർമാർക്കും അവരുടെ മണ്ഡലത്തിലെ ഇതുപോലെയുള്ള ധാരാളം പ്രയാസങ്ങൾ പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കിഫ്ബിയെ ന്യായീകരിക്കുമ്പോഴും എന്താണ് പോരായ്മയുണ്ടായിട്ടുള്ളത്; എന്തുകൊണ്ടാണ് അത് നടക്കാത്തത് എന്നത് സംബന്ധിച്ചുള്ള ഒരു തുറന്ന സമീപനം സ്വീകരിക്കുന്നില്ല. അതിനുപോലും ധനകാര്യ വകുപ്പുമന്ത്രി താല്പര്യമെടുക്കുന്നില്ലെന്നുമാത്രമല്ല, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപംപോലും അനാവശ്യമാണെന്ന് സൂചിപ്പിച്ചത് ദൗർഭാഗ്യകരവുമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ശ്രീ. മോൻസ് ജോസഫ്)

P.10-02-2025
RL-SG-1
10.50-11.00

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കിഫ്ബിവഴി വലിയ പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നപ്പോൾതന്നെ കേരളത്തിലെ പ്രതിപക്ഷം ശക്തമായി എതിർപ്പ് പ്രകടിപ്പിച്ചതാണ്. പക്ഷേ കിഫ്ബിവഴി വലിയ പ്രോജക്ടുകളെല്ലാം നടക്കുന്നത് നാടിന് ഉപകാരപ്രദമാണെന്നാണ് ഗവൺമെന്റ് ചൂണ്ടിക്കാണിച്ചത്. അതിനുശേഷം പദ്ധതികളിൽ ഭൂരിപക്ഷവും നടക്കാതെവരികയും ഇപ്പോൾ നടന്ന സ്ഥലങ്ങളിൽ ടോൾ ഏർപ്പെടുത്താൻ പോകുന്നുവെന്ന് പറയുന്നതും തീർച്ചയായും ജനങ്ങളോടുള്ള ഏറ്റവും വലിയ ഉപദ്രവമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഞങ്ങളതിനെ ശക്തമായി എതിർക്കുന്നു. ടോൾ ഏർപ്പെടുത്താനുള്ള നീക്കത്തിൽനിന്ന് ഗവൺമെന്റ് പൂർണ്ണമായും പിൻതിരിയണമെന്ന് അഭ്യർത്ഥിക്കുകയാണ്. യഥാർത്ഥത്തിൽ കേരളത്തിൽ വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 2010-ൽ മാന്ദ്യവിരുദ്ധ പാക്കേജും ഡോ. തോമസ് ഐസക് തന്നെയാണ് പ്രഖ്യാപിച്ചത്. അന്ന് കിഫ്ബിവഴിയുള്ള കാര്യങ്ങൾ ഒഴിവാക്കി മാന്ദ്യവിരുദ്ധ പാക്കേജ് മുഴുവൻ ചെയ്തത് കേരള പി.ഡബ്ല്യു.ഡി. ആണ്. അതുപോലെ ഇറിഗേഷൻ

ഡിപ്പാർട്ടുമെന്റും ആഭ്യന്തര വകുപ്പും തുടങ്ങി ഗവൺമെന്റിന്റെ കീഴിലുള്ള സിസ്റ്റംതന്നെ ഇക്കാര്യങ്ങൾ ചെയ്തു. അന്ന് പി.ഡബ്ല്യൂ.ഡി. വകുപ്പിൽ ഗവൺമെന്റിൽ രണ്ടുവർഷം മന്ത്രി സ്ഥാനത്തുണ്ടായിരുന്നതുകൊണ്ടാണ് ഞാൻ അക്കാര്യത്തെക്കുറിച്ച് പറയുന്നത്. കേരളത്തിൽ നൂറുകണക്കിന് പാലങ്ങളും റോഡുകളും പൂർത്തിയാക്കിയിട്ട് ഒരുരൂപപോലും ടോൾ പിരിക്കേണ്ടിവന്നില്ല. അതെല്ലാം സമയബന്ധിതമായി അടച്ചുതീർന്നു. ഇപ്പോൾ വലിയ പ്രതിസന്ധിയിലേയ്ക്കാണ് വന്നിരിക്കുന്നത്. എല്ലാ മണ്ഡലത്തിലും കൊടുത്തതിനെക്കുറിച്ച് സൂചിപ്പിച്ചു, എന്റെ മണ്ഡലമായ കടുത്തുരുത്തി, തൊട്ടടുത്ത് പാലാ മണ്ഡലം അവിടെയൊക്കെ നാലഞ്ചുവർഷമായി കോടികളുടെ പ്രഖ്യാപനം കേട്ടതല്ലാതെ ഒരുരൂപ കിഫ്ബിയിൽനിന്ന് കിട്ടിയിട്ടില്ല. കിട്ടാത്തത് ഇപ്പോൾ അനുഗ്രഹമായിരിക്കുകയാണ്. കിട്ടിയിരുന്നെങ്കിൽ ടോൾ പിരിവിനെതിരെ നാട്ടിൽ നമ്മൾ സമരത്തിന് പോകേണ്ടിവരുമായിരുന്നു. നാട്ടിൽ സമരം ചെയ്യേണ്ട സാഹചര്യമുണ്ടാകുമായിരുന്നു. കിഫ്ബി കാശ് തരാതിരുന്നതിന് നന്ദിരേഖപ്പെടുത്തിക്കൊണ്ടും ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ്

സഭ വിട്ട് പുറത്തുപോയി)

(ശ്രീ. അനൂപ് ജേക്കബ് )

പി.10.02.2025 -കെ.ആർ./എൽ.ഡി.(I) bc.11.00-11.10

ശ്രീ. അനൂപ് ജേക്കബ്: സർ, ഇരുന്നൂറ് കോടി രൂപയുടെ ഐ.ടി. പാർക്ക് നൂറെണ്ണംവച്ച് നൽകാമെന്നും അത് ഓരോ മണ്ഡലത്തിലും വരുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാവുന്ന ഒരു കാര്യമുണ്ട്. ഒരു റവന്യൂ ടവറിനുവേണ്ടി ഞാൻ മൂന്ന് വർഷമായി ശ്രമിക്കുകയാണ്. അതുസംബന്ധിച്ച ഫയലിപ്പോൾ കിഫ്ബിയിലാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യം അറിയാം, അതിനെക്കുറിച്ച് അങ്ങ് തന്നെ എന്നോട് പറഞ്ഞിട്ടുമുണ്ട്. റവന്യൂ ടവറുമായി ബന്ധപ്പെട്ടുള്ള എട്ടുപത്ത് ഫയലുകൾ കിഫ്ബിയിൽ അട്ടിയടുക്കി വച്ചിരിക്കുകയാണ്. യഥാർഥത്തിൽ ഇത് ഓരോ നിയോജകമണ്ഡലത്തിലെയും അവസ്ഥയാണ്. അങ്ങ് ഇവിടെ കിഫ്ബിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ചപ്പോൾ, കിഫ്ബിയുമായി ബന്ധപ്പെട്ട് എനിക്കുള്ള ഒരനുഭവമാണ് ഞാനിവിടെ പറയുന്നത്. ഇതുപോലെ ഓരോ എം.എൽ.എ.-മാർക്കും അവരുടേതായ അനുഭവങ്ങൾ കിഫ്ബിയുമായി ബന്ധപ്പെട്ടുണ്ടാകും. കിഫ്ബിയിൽ

കൃത്യമായ നിലയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നതാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ വകുപ്പുകളിലേക്ക് തുകകൾ ലഭ്യമായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള അനവധി പദ്ധതികൾ കാലതാമസമില്ലാതെ നമ്മുടെയൊക്കെ പ്രദേശങ്ങളിൽ പൂർത്തിയാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അതിന് കടകവിരുദ്ധമായ സാഹചര്യമാണ് ഇവിടുള്ളത്. അഞ്ചുവർഷംകൊണ്ട് പൂർത്തിയാകാനുള്ള അൻപതിനായിരം കോടി രൂപയുടെ പദ്ധതികളിൽ, സർക്കാർ പത്താം വർഷത്തിലേക്ക് കടക്കുമ്പോഴും ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികളിലേക്ക് മാത്രമേ എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളൂവെന്ന സാഹചര്യം ഇവിടെ നിലനിൽക്കുന്നു.

മി. സ്പീക്കർ : യെസ്... യെസ്...... പ്ലീസ് കൺക്ലൂഡ്....

ശ്രീ. അനൂപ് ജേക്കബ്: സർ, ഇക്കാര്യം തന്നെ കിഫ്ബി പരിപൂർണ്ണ പരാജയമാണെന്നതിന് തെളിവാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

പി.10.02.2025 -കെ.ആർ./എൽ.ഡി.(I) 11.00-11.10 bc

<u>ശ്രീമതി കെ. കെ. രമ</u>: സർ, സർക്കാർ വകുപ്പുകൾക്ക് സമാന്തരമായൊരു സംവിധാനമുണ്ടാക്കി, പൊതുഖജനാവിനെ കടക്കെണിയിലേക്ക് നയിക്കുകയാണ് സർക്കാർ ചെയ്യുന്നത്. വിപുലമായ ഉദ്യോഗസ്ഥ സംവിധാനങ്ങളും അധികാരങ്ങളുമൊക്കെയുള്ള ധനകാര്യ വകുപ്പിന്, കെ.ആർ.എഫ്.ബി., ഹൗസിംഗ് ബോർഡ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ നിർമ്മാണ വിഭാഗങ്ങൾക്ക് ചെയ്യാൻ സാധിക്കാത്ത എന്ത് അത്ഭുതമാണ് കിഫ്ബിയിലൂടെ ചെയ്യാൻ സാധിക്കുകയെന്ന് മനസ്സിലാകുന്നില്ല. എന്റെ മണ്ഡലത്തിൽ ഒരു റവന്യൂ ടവർ നിർമ്മിക്കാനായി തറക്കല്ലിട്ടിട്ട് രണ്ടര വർഷം കഴിഞ്ഞു. അവിടെയുള്ള എല്ലാ സർക്കാർ ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുവരെ പ്രസ്തുത ടവറിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. നിലവിലുള്ള വകുപ്പുകളും മറ്റ് സംവിധാനങ്ങളുമൊക്കെ നോക്കിനടത്തുന്നതിൽ പരാജയപ്പെട്ട സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഉദാഹരണം കൂടിയാണ് കിഫ്ബി. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

(ശ്രദ്ധക്ഷണിക്കൽ)

പി.10.02.2025 -കെ.ആർ./എൽ.ഡി.(I) 11.00-11.10 ബി.സി.

ശ്രദ്ധക്ഷണിക്കൽ

1. വീട് നിർമ്മിക്കുന്നതിന് പെർമിസീവ് സാങ്ഷൻ അനുവദിക്കൽ

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സാധാരണ മനുഷ്യരുടെ ഏറ്റവും വലിയ ആഗ്രഹമാണ് സ്വന്തമായി ഒരു വീട് ഉണ്ടാകുകയെന്നത്. കഴിഞ്ഞ എട്ടുവർഷമായി അധികാരത്തിലുള്ള പിണറായി സർക്കാർ കേരളത്തിലെ സാധാരണക്കാരന്റെ ഏറ്റവും പ്രാഥമികമായ ഈ ആഗ്രഹം നിറവേറ്റാൻ ലൈഫ് മിഷൻ പോലെയുള്ള വിവിധ പദ്ധതികളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 427736 വീടുകൾ പൂർത്തിയാകുകയും 111306 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയുമാണെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. 539042 വീടുകളുടെ നിർമ്മാണം കേരളത്തിൽ പൂർത്തിയായി വരികയാണ്. എന്നാൽ നിലവിലുള്ള പല നിയമങ്ങളുടെയും

നിർവഹണത്തിലെ ചില പോരായ്മകൾ കാരണം നിരവധി സാധാരണക്കാരാണ് പ്രയാസം അനുഭവിക്കുന്നത്. വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് എടുക്കുന്നതിനായി ഭൂമിയുമായി ബന്ധപ്പെട്ടുള്ള ചില പ്രധാന ക്ലിയറൻസുകൾ ആവശ്യമാണ്. ഡാറ്റ ബാങ്ക് വിഷയം, നിലം വിഭാഗത്തിൽ വരുന്നത്, സി.ആർ.ഇസഡ്., പരിസ്ഥിതി ദുർബല പ്രദേശങ്ങൾ, ഇടുക്കി പോലെയുള്ള മലയോര ജില്ലകളിലെ വിശേഷിച്ചും മൂന്നാർ പ്രദേശത്തെ സവിശേഷമായ വിഷയങ്ങൾ എന്നിവയൊക്കെ ഇതിൽ ഉൾപ്പെടും. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റ ബാങ്കിൽ വരുന്ന ഭൂമികളിൽ ചിലത് വയൽ സ്വഭാവം ഇല്ലാത്തതാണെങ്കിൽപ്പോലും തെറ്റായി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിരിക്കുന്നത് മാറ്റിയെടുക്കുന്നതിന് വലിയ കാലതാമസം നേരിടുന്നുണ്ട്. നിലവിലുള്ള സ്ഥിതിയിൽ, കൃഷി ഓഫീസറും വില്ലേജ് ഓഫീസറും ഉൾപ്പെട്ട സമിതി കൂട്ടായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നതിൽ അവസാനത്തെ അമന്റ്മെന്റ് പ്രകാരം കൃഷി ഓഫീസർക്ക് അധികാരം നൽകി ഇത് ക്രമപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമംനടന്നിരുന്നു. പക്ഷെ വലിയ രീതിയിലുള്ള പ്രായോഗിക ബുദ്ധിമുട്ടാണ് ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നതാണ് പൊതുവിലുള്ള

അനുഭവം. ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത മറ്റൊരു സ്ഥലവും സ്വന്തമായോ പങ്കാളിക്കോ ഇല്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തുകളിൽ പത്ത് സെന്റും നഗരസഭകളിൽ അഞ്ച് സെന്റും നികത്താൻ കൃഷി ഓഫീസർ മുഖേന അപേക്ഷ നൽകി, പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ പ്രകാരം ജില്ലാതല സമിതി പരിഗണിച്ച് അനുവദിച്ച് നൽകാൻ 2008-ലെ നിയമത്തിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത ഭൂമി നികത്തുന്നതുമൂലം ആ പ്രദേശത്തെ കൃഷിയെ ദോഷകരമായി ബാധിക്കരുത്, നീരൊഴുക്കിനെ തടസ്സപ്പെടുത്തരുത് എന്നീ വ്യവസ്ഥകൾ പാലിക്കണമെന്നുമുണ്ട്. ഇങ്ങനെയുള്ള ഭൂരിഭാഗം അപേക്ഷകളും നിരസിക്കപ്പെടുന്ന നിലയാണ് പൊതുവിൽ സ്വീകരിച്ചുവരുന്നത്. പിന്നെയുള്ളത് നിലം കാറ്റഗറിയിൽ ഉൾപ്പെട്ടവയാണ്. റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തുകയും എന്നാൽ സൈറ്റിൽ പറമ്പിന്റെ സ്വഭാവത്തിൽ വരുന്നതുമായ ഭൂമിയാണ് മഹാഭൂരിപക്ഷവും. ഇത്തരത്തിലുള്ള കേസുകൾ കേരളത്തിൽ ലക്ഷക്കണക്കിനുണ്ട്. നിലവിലെ നിയമാനുസൃതമായ രീതിയിൽ അപേക്ഷ നൽകിയാൽ ഇത് മാറികിട്ടാൻ നാല് മുതൽ ആറ് മാസം വരെ കാലതാമസം നേരിടുന്നുണ്ട്. വലിയ വില്ലേജുകളിൽ ഒരു വർഷം ഏകദേശം ആയിരം മുതൽ ആയിരത്തഞ്ഞൂറ് വരെ അപേക്ഷകൾ ഈ

ഗണത്തിൽപ്പെട്ടതുണ്ടാകുന്നുണ്ട്. ഇത് തരം മാറ്റി നൽകാനുള്ള അധികാരം ആർ.ഡി.ഒ.-മാരെ കൂടാതെ ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകിയെങ്കിലും താഴെ തലത്തിലെല്ലായിടത്തും പ്രവർത്തനങ്ങളിൽ വേണ്ടത്ര വേഗത വന്നിട്ടില്ല. സി.ആർ.ഇസഡ്. വിഷയത്തിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം സങ്കീർണ്ണമാണ്. 2019-ലെ വിജ്ഞാപന പ്രകാരം ചില ഇളവുകൾ ലഭിച്ചിട്ടുണ്ടെങ്കിലും പുതിയൊരു കെട്ടിടവും നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. പരിസ്ഥിതി ദുർബല പ്രദേശമായി മാറ്റപ്പെട്ട സ്ഥലങ്ങളിലും പല പ്രശ്നങ്ങളും നിലനിൽക്കുകയാണ്. ഇടുക്കി പോലെയുള്ള മലയോര ജില്ലകളിലെ പ്രശ്നങ്ങൾ, ഉദാഹരണമായി മൂന്നാർ പ്രദേശത്തെ ചില വില്ലേജുകളിൽ റവന്യൂ വകുപ്പിൽനിന്ന് ആദ്യമേതന്നെ എൻ.ഒ.സി. വാങ്ങിയാൽ മാത്രമാണ് കാര്യങ്ങൾ നടത്തി മുന്നോട്ടുപോകാൻ സാധിക്കുന്നത്.

മി. സ്പീക്കർ: യെസ്, പ്ലീസ്...

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഇതെല്ലാം ആത്യന്തികമായി ബാധിക്കുന്നത് സമൂഹത്തിലെ ഏറ്റവും താഴെക്കിടയിൽ നിൽക്കുന്ന സാധാരണ മനുഷ്യരെയാണ്. ഗവൺമെന്റിന്റെ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട് ആശ്വാസമായി വീട് നിർമ്മിക്കാൻ തുടങ്ങുമ്പോഴാണ്

ഈ നൂലാമാലകൾ കടന്നുവരുന്നത്. ഇതുമൂലം ആയിരക്കണക്കിന് മനുഷ്യരാണ് ബുദ്ധിമുട്ടുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെയും അന്തഃസത്ത ചോരാതെ ഏറ്റവും പാവപ്പെട്ടവർക്ക് പല ഓഫീസുകൾ കയറിയിറങ്ങി ബുദ്ധിമുട്ടാതെ ഒരു കൂര പണിയാൻ കഴിയുന്ന വിധത്തിൽ സംവിധാനങ്ങളിൽ ഇളവ് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യമാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കലിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

(മുഖ്യമന്ത്രി)

പി.10.02.2025 -കെ.ആർ./എൽ.ഡി.(I) ബി.സി. 11.00-11.10

വീട് നിർമ്മിക്കുന്നതിന് പെർമിസീവ് സാങ്ഷൻ അനുവദിക്കൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. സ്വന്തമായി ഭൂമി ഉണ്ടായിട്ടും വീട് നിർമ്മിക്കാൻ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാലതാമസവും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെടുന്നതുവഴിയും നമ്മുടെ നാട്ടിലെ സാധാരണക്കാർ നേരിടുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഉന്നയിച്ചത്. 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ പാവപ്പെട്ടവന് അടച്ചുറപ്പുള്ള വീടെന്ന സ്വപ്നം

സാക്ഷാത്കരിക്കുന്നതിനായി ആവിഷ്കരിച്ച 'ലൈഫ്' പദ്ധതി രാജ്യത്തിനാകെ മാതൃകയായി മാറിക്കഴിഞ്ഞതാണ്. ഇതിനകം 427000 പേർക്ക് വീടുവച്ച് നൽകി. അതേസമയം സ്വന്തമായി ഭൂമിയുള്ളവർക്ക് അവർ ആഗ്രഹിച്ച പോലെ കയറിക്കിടക്കാനൊരിടം ഉണ്ടാകണമെന്നതും പ്രധാനപ്പെട്ടതാണ്. അതിന് കഴിയാത്തവണ്ണം നെൽവയൽ നികത്തുന്നതിന് തടസ്സമായി നിലനിന്ന 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥയിൽ സർക്കാർ 2018-ൽ ഭേദഗതി കൊണ്ടുവന്നു. ഈ ഭേദഗതി പ്രകാരം ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത നിലം ഇനത്തിൽപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം പത്ത് സെന്റിൽ കവിയാത്ത പക്ഷം അവിടെ 120 ചതുരശ്ര മീറ്റർ (1291.67 ചതുരശ്ര അടി) വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റം ആവശ്യമില്ല. ഇത്തരം ഭൂമിയിലെ വീടുകളുടെ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് ലഭിക്കുന്നതിന് ഒരു തടസ്സവാദവും ഉന്നയിക്കാൻ കഴിയില്ല. ഇത്തരം അപേക്ഷകളിൽ വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിക്കുന്നതിന് ഭൂമി ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയത് തടസ്സമാകില്ല എന്ന് ഉറപ്പുവരുത്തുന്നതാണ്. അതുപോലെ, അഞ്ച് സെന്റ് വരെയുള്ള ഭൂമിയിൽ 40 ചതുരശ്രമീറ്റർ (430.56 ചതുരശ്ര അടി) വരെ

വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നിർമ്മാണത്തിനും പ്രസ്തുത നിയമത്തിലെ 27 എ വകുപ്പുപ്രകാരം തരംമാറ്റൽ ആവശ്യമില്ല. കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം നിർദിഷ്ട ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതല്ലെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി മുമ്പാകെ സമർപ്പിച്ചാൽ മതിയാകും. മേൽപ്രകാരമുള്ള ഇളവ് ലഭ്യമാണെന്നതറിയാതെ തരം മാറ്റത്തിനായി അപേക്ഷകർ റവന്യൂ അധികാരികളെ ഇപ്പോഴും സമീപിക്കുന്നുണ്ട്. അത്തരം അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ആനുകൂല്യം അവർക്ക് ലഭ്യമാണെന്നത് തങ്ങളെ സമീപിക്കുന്ന അപേക്ഷകനെ അറിയിക്കുകയെന്നതാണ് കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചെയ്യേണ്ടത്. പലപ്പോഴും ഉദ്യോഗസ്ഥർ ഇതിന് തയ്യാറാകാത്ത സ്ഥിതിയുണ്ട്. ഇക്കാരണത്താൽ 2018-ൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയതിന്റെ ആനുകൂല്യം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല. അപേക്ഷകൾ സ്വീകരിക്കാതെയും വസ്തുതകൾ മനസ്സിലാക്കാതെയും ഉദ്യോഗസ്ഥർ വരുത്തുന്ന കാലതാമസം കാരണം നിരവധിപേരാണ് ഒരു ചെറിയ വീട് പണിയുന്നതിനുവേണ്ടി ഈ ബുദ്ധിമുട്ടനുഭവിക്കുന്നത്. ഇത് ഉദ്യോഗസ്ഥതലത്തിൽ വരുത്തുന്ന

ഗുരുതരമായ അനാസ്ഥയായി മാത്രമെ കാണാൻ കഴിയൂ. മേൽപ്രകാരമുള്ള ആനുകൂല്യങ്ങൾ നിലവിലുണ്ടെന്നകാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. നിലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അത്തരം അപേക്ഷകളിൽ അടിയന്തരമായി തീർപ്പ് കൽപിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 2008-ൽ ഉടമസ്ഥാവകാശം ഉണ്ടായിരുന്നതും ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതായ നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ വീട് വയ്ക്കാൻ പറ്റിയ സ്ഥലം സ്വന്തം ജില്ലയിൽ ഇല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും വീട് വയ്ക്കാനായി നിലം നികത്താൻ അനുമതി ലഭിക്കും. വേറെ വീടില്ലാത്തൊരു കുടുംബം സ്വന്തം ആവശ്യത്തിന് വീടുവയ്ക്കാൻ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടാലും നെൽവയൽ തണ്ണീർത്തട പരിധിയിൽപ്പെട്ടാലും ഗ്രാമപഞ്ചായത്തിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും സ്ഥലത്ത് വീടുവയ്ക്കാൻ പഞ്ചായത്ത്/ നഗരസഭ അനുമതി നൽകേണ്ടതാണ്.

ഞാൻ ആവർത്തിക്കുകയാണ്, ഇത് കൈകാര്യം ചെയ്യുന്ന

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. വേറെ വീടില്ലാത്തൊരു കുടുംബം സ്വന്തം ആവശ്യത്തിന് വീടുവയ്ക്കാൻ, ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടാലും നെൽവയൽ തണ്ണീർത്തട പരിധിയിൽ ഉൾപ്പെട്ടാലും ഗ്രാമപഞ്ചായത്തിൽ പത്ത് സെന്റും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും സ്ഥലത്ത് വീട് വയ്ക്കാൻ അനുമതി നൽകുകയെന്നത് എല്ലാ ഉദ്യോഗസ്ഥരും ചെയ്യേണ്ടകാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പ്രസ്തുത ആവശ്യവുമായി സമീപിക്കുന്നവരെ ഓരോ കാരണം പറഞ്ഞ് മടക്കിയയ്ക്കലാണ് തങ്ങളുടെ ഉത്തരവാദിത്വമെന്ന് കരുതാൻ പാടില്ല. അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും.

(ശ്രീ. ടി. ഐ. മധുസൂദനൻ തുടർച്ച..)

പി. 10.02.2025 പി.എസ്./എൽ.ഡി (1) 11:10 - 11:20 ബി.സി.

(ശ്രദ്ധക്ഷണിക്കൽ) തുടർച്ച...

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വീട് നിർമ്മിക്കുന്നതിന് പല

ഓഫീസുകളും കയറിയിറങ്ങുന്ന സ്ഥിതിയിൽ മാറ്റം വരുത്തി ഏകജാലക സംവിധാനം പോലുള്ള ഒരു സൗകര്യമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന് ഏകജാലകമൊന്നും ആവശ്യമില്ല. പത്ത് സെന്റും അഞ്ച് സെന്റും എന്നുപറയുന്നത് ഒരു പരിധിയാണ്. ആ പരിധിക്കുള്ളിൽ വേറെ വീടില്ലാത്ത ഒരാൾ അപേക്ഷയുമായി സമീപിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് കൊടുത്തിരിക്കണം. അതാണ് ഇപ്പോൾ പറയുന്നത്.

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

പി. 10.02.2025 പി.എസ്./എൽ.ഡി (1) 11:10 - 11:20 ബി.സി.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാനത്ത് 'ASHA' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന Accredited Social Health Activist അഥവാ അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് ഇന്ന് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ആശാ വർക്കർമാർ എന്നത് നമ്മുടെ പഞ്ചായത്തിലെ വാർഡുകളിൽ അലഞ്ഞുതിരിഞ്ഞ് 24 മണിക്കൂറും ജോലി ചെയ്യുന്ന ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന മാലാഖമാരാണെന്ന കാര്യത്തിൽ നമുക്കാർക്കും

സംശയമില്ല. 140 എം.എൽ.എ.-മാർക്കും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളറിയാം. അമ്മയുടെയും കുഞ്ഞിന്റെയും പ്രശ്നങ്ങൾ നന്നായി കൈകാര്യം ചെയ്യുന്നതിനായി 17 വർഷങ്ങൾക്ക് മുമ്പാണ് 'ആശാ വർക്കർമാർ' എന്ന സങ്കൽപം കൊണ്ടുവരികയും അത് സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുള്ളത്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ 'ഗ്രാമയാത്ര' എന്നൊരു ജനസമ്പർക്ക ഭവന സന്ദർശന പരിപാടി നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ വാർഡിലും ചെല്ലുമ്പോൾ അവിടത്തെ ആശാ വർക്കർമാർ നേരിട്ടുവന്ന് അവരുടെ പ്രശ്നങ്ങളും പ്രതിസന്ധിയും പറയുകയാണ്. ഈ ബജറ്റിൽപ്പോലും ആശാ വർക്കർമാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുകയോ അവരുടെ വരുമാനം വർധിപ്പിക്കുന്ന രീതിയിലുള്ള ഇൻസെന്റീവ്/ശമ്പള പരിഷ്കരണം പോലെയുള്ള എന്തെങ്കിലും നടപടികൾ കൊണ്ടുവരികയോ ചെയ്തിട്ടില്ല. മൂന്ന് മാസമായി അവർക്ക് ഇൻസെന്റീവ്/ഓണറേറിയം ഒന്നും ലഭ്യമാകുന്നില്ല. അതുമാത്രമല്ല അവർക്ക് EPF/GPF എന്നിവ ഇല്ല. എന്നാൽ അവർക്ക് ജോലിക്ക് യാതൊരു കുറവുമില്ല. 24 മണിക്കൂറും ആശാ വർക്കർമാർ ജോലി ചെയ്യുകയാണ്. ഒരു കല്യാണത്തിന് പോയാൽപ്പോലും അവരുടെ കയ്യിൽ ഒരു ഡയറി വച്ചുകൊണ്ട് പോകേണ്ട അവസ്ഥയാണുള്ളത്. 24 മണിക്കൂറും അവർക്ക്

ജോലി ചെയ്യണം. ഇന്നവർക്ക് ഒരുമാസം ലഭിക്കുന്ന ഏറ്റവും ഉയർന്ന ശമ്പളം 11,000/- രൂപയാണ്. ഈ തുകകൊണ്ട് ഒരു കുടുംബത്തിന് എങ്ങനെ ജീവിക്കാൻ കഴിയും? 24 മണിക്കൂറും ജോലി ചെയ്യുന്ന ഒരു ആശാ വർക്കർക്കറെ സംബന്ധിച്ചിടത്തോളം ഈ തുക വളരെ തുച്ഛമാണെന്ന കാര്യം നമുക്കറിയാം. അവർക്ക് ദിവസേന ആയിരം രൂപ ശമ്പളം കൊടുക്കുന്ന രീതിയിലേക്ക് ഗവൺമെന്റ് മാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവർ ഒട്ടേറെ ജോലികൾ ചെയ്യുന്നവരാണ്. പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും ഇവർ ആവശ്യമാണ്. സർവെ നടത്തണമെങ്കിലും ഫീൽഡിൽ ഓരോ വീടും കയറിയിറങ്ങി റിപ്പോർട്ട് കൊടുക്കണമെങ്കിലും ആശാ വർക്കർമാർ വേണം. നേരത്തെ 1000 പേർക്ക് ഒരു ആശാ വർക്കർ എന്ന അനുപാതത്തിലായിരുന്നെങ്കിൽ ഇന്ന് 3000 പേർക്ക് ഒരു ആശാ വർക്കർ എന്ന നിലയാണുള്ളത്. അതും അമിതമായി ജോലി ചെയ്യേണ്ട അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. കോവിഡ്-19, മഹാമാരി എന്നിങ്ങനെ എല്ലാ  പ്രവർത്തന രംഗങ്ങളിലും അശാ വർക്കർമാർ വാർഡിൽ ജനങ്ങളെ വിളിച്ച് മീറ്റിങ്ങുകൾ നടത്തി മുന്നോട്ടുപോകേണ്ട അവസ്ഥയുണ്ട്. കൂടാതെ JHI (Junior Health Inspector), JPHN (Junior Public Health Nurse), MLSP (Mid Level Service Provider) എന്നിവരുടെ ക്ലാസ്സുകളിൽ

പങ്കെടുക്കണം. ചില സർവെകളുടെ റിപ്പോർട്ടുകൾ രാത്രിയിലായിരിക്കും ആവശ്യപ്പെടുക എങ്കിൽപ്പോലും പിറ്റേന്ന് രാവിലെത്തന്നെ അത് നൽകേണ്ട അവസ്ഥയാണുള്ളത്. ഒരു ദിവസംപോലും ലീവില്ലാതെ ജോലി ചെയ്യേണ്ട അവസ്ഥയും ഇവർക്കുണ്ട്. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങൾ ഇവർ അഭിമുഖീകരിക്കുന്നുണ്ട്. ഇവർക്ക് ഗവൺമെന്റ് നൽകുന്ന ഓണറേറിയം 7000/- രൂപയും കേന്ദ്ര ഗവൺമെന്റ് നൽകുന്നത് 2000/- രൂപയുമാണ്. ഒരു ദിവസം മുഴുവൻ സർവെ നടത്തിയാൽ ലഭിക്കുന്നതും പൾസ് പോളിയയുമായി ബന്ധപ്പെട്ട് ലഭിക്കുന്നതും 75 രൂപയാണ്. ഒട്ടേറെ കഷ്ടതകൾ അനുഭവിച്ചാണ് ഇവർ മുന്നോട്ടുപോകുന്നത്. ആശാ വർക്കർമാരുടെ കാര്യത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിച്ച് മാന്യമായ ശമ്പളം കൊടുക്കുന്ന രീതിയിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീമതി വീണാ ജോർജ്)

പി. 10.02.2025 പി.എസ്./എൽ.ഡി (1) 11:10 - 11:20 ബി.സി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ 14 ജില്ലകളിലായി 21529 പേർ ഗ്രാമപ്രദേശങ്ങളിലും 4104 പേർ നഗര പ്രദേശങ്ങളിലും 492 പേർ ട്രൈബൽ

മേഖലയിലുമായി ആകെ 26125 പേരാണ് ആശാ വർക്കർമാരായി പ്രവർത്തിച്ചുവരുന്നത്. ആശാ വർക്കർമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ ഏറ്റവും അനുഭാവ പൂർണ്ണമായ നിലപാട് സ്വീകരിക്കുകയും നിരന്തരമായി അവരോട് ആശയ വിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ അവർക്ക് സ്ഥിരമായൊരു ശമ്പളം എന്നുള്ള നിലയിലല്ല, മറിച്ച് വിവിധ പദ്ധതികളിൽനിന്ന് ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 7,000/- രൂപ ഓണറേറിയവും 3000/- രൂപയും (കേന്ദ്രവും സംസ്ഥാനവും 60:40 എന്ന നിരക്കിൽ) പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകികൊണ്ടിരിക്കുന്നത്.

കഴിഞ്ഞ സർക്കാരിന്റെ തുടക്ക കാലഘട്ടത്തിൽ അവർക്ക് ലഭിച്ചിരുന്ന പ്രതിമാസ ഓണറേറിയം 1000/- രൂപയായിരുന്നു. ഇന്ന് ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 7,000/- രൂപ എന്ന നിലയിലേക്ക് വർധിപ്പിച്ചിട്ടുണ്ട്. നവംബർ 2024 വരെയുള്ള ഓണറേറിയവും ഒക്ടോബർ 2024 വരെയുള്ള ഇൻസെന്റീവുകളും എല്ലാ ആശാ വർക്കർമാർക്കും വിതരണം ചെയ്തിട്ടുണ്ട്. മൂന്നുമാസം കൂടുമ്പോൾ എന്നുള്ളത് മാറ്റി ധനകാര്യ വകുപ്പുമായി ആലോചിച്ച് അതത് മാസങ്ങളിൽ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള

നടപടികളാണ് ധനകാര്യ വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് സ്വീകരിച്ചുവരുന്നത്. വളരെ പ്രധാനപ്പെട്ട കാര്യം 2023-2024 സാമ്പത്തിക വർഷത്തിൽ ആശാ വർക്കർമാരുടെ ഇൻസെന്റീവായി നൽകേണ്ടിയിരുന്നത് ഏകദേശം 120 കോടി രൂപയായിരുന്നു. ആ വർഷം നമുക്ക് ഒരു രൂപപോലും കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചില്ല. അവരുടെ വിഹിതമായി ഏകദേശം 80 കോടി രൂപ ലഭിക്കേണ്ടിയിരുന്നു. ആ 80 കോടി രൂപ ചേർത്ത് 2023-2024 സാമ്പത്തിക വർഷം 120 കോടി രൂപയും ആ ഇൻസെന്റീവിൽ നൽകിയത് കേരളമാണ്. നമുക്ക് ലഭിക്കാനുള്ള 80 കോടി രൂപ ഇനിയും ലഭിക്കാനുണ്ട്. ലഭിക്കാനുള്ള തുക കേന്ദ്രത്തിൽനിന്നും നേടിയെടുക്കാനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്. പ്രതിപക്ഷത്തിന്റെ പിന്തുണകൂടി അക്കാര്യത്തിൽ ഉണ്ടാകണമെന്നുള്ളത് അഭ്യർഥിക്കുകയാണ്. കേന്ദ്രത്തിൽനിന്നുള്ള തുക ലഭിക്കാത്തതുകാരണം നമുക്ക് കൃത്യമായി ഇൻസെന്റീവ് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നെങ്കിലും തുക കണ്ടെത്തി അത് നൽകുകയായിരുന്നു. കേന്ദ്രത്തിൽനിന്ന് തുക ലഭ്യമാക്കാൻ നിരന്തരമായി ഇടപെടൽ നടത്തുന്നുണ്ടെങ്കിലും അക്കാര്യം പരിഹരിക്കപ്പെടാതെ മുന്നോട്ട് പോകുകയാണ്. ആ തുക ഇതുവരെയും അനുവദിച്ചിട്ടില്ല. ആശാ വർക്കർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 7,000/- രൂപ

ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ കർണ്ണാടക 5000/-, മഹാരാഷ്ട്ര 5000/-, പശ്ചിമ ബംഗാൾ 6000/- എന്നുള്ള നിലയിലാണ് ഓണറേറിയം നൽകുന്നത്. പരമാവധി അവരുടെ ജോലിയുടെ സങ്കീർണ്ണതകൾ ഒഴിവാക്കിക്കൊണ്ട് ജോലി ഭാരം കുറയ്ക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ശ്രമിക്കുന്നത്. എല്ലാ ജോലികളും ആശാ വർക്കർമാർ ചെയ്യണമെന്ന നിലയിൽ പോകുന്നത് ശരിയായ കാര്യമല്ല. അവർ കൃത്യമായി ചെയ്യേണ്ടതായ കാര്യങ്ങളുണ്ട്. അതുകൊണ്ടുതന്നെ JPHN (Junior Public Health Nurse), JHI (Junior Health Inspector) ഉൾപ്പെടെയുള്ളവർ എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നത് സംബന്ധിച്ചും സൂപ്പർവിഷൻ സംബന്ധിച്ച കാര്യങ്ങളിലും കൃത്യമായ ഗൈഡ്‌ലൈൻ പുറപ്പെടുവിച്ചുകൊണ്ടാണ് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ അനുഭാവ പൂർണ്ണമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. അങ്ങനെതന്നെ മുന്നോട്ട് പോകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതും ആലോചിച്ചിട്ടുള്ളതും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ആശാ വർക്കർമാർക്ക് നൽകുന്ന ഇൻസെന്റീവ് ഒരു വീട് സന്ദർശിച്ചാൽ അഞ്ച് രൂപയാണ്. ആ തുക

17 വർഷം മുമ്പും അങ്ങനെ തന്നെയാണ്. അതിൽ വർധനയുണ്ടായിട്ടില്ല. 1000 രൂപ 7000 രൂപയാക്കിയെന്ന് പറയുമ്പോൾ അന്ന് 1000 രൂപ കറണ്ട് ചാർജ്ജുണ്ടായിരുന്നത് ഇന്ന് 8000 രൂപയായി മാറിയിട്ടുണ്ട്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഇവരുടെ വലിയ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. അതുപോലെ 62-ാം വയസ്സിൽ സേവനം അവസാനിപ്പിച്ച് പോകുമ്പോൾ ഇവർക്ക് വെറും കയ്യോട്ടുകൂടി പോകേണ്ട അവസ്ഥയുമുണ്ട്. അവർക്കൊരു പെൻഷൻ സ്കീം കൊണ്ടുവരുന്ന കാര്യം ഇവിടെ പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്തും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. കേന്ദ്രത്തിൽ പുതിയ സർക്കാർ ചുമതല ഏറ്റെടുത്തപ്പോഴും സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹത്തെ കണ്ടപ്പോൾ ഒന്നാമത്തെ കാര്യമായി എഴുതി ആവശ്യപ്പെട്ടതും അദ്ദേഹവുമായിട്ടുള്ള ചർച്ചയിൽ ആദ്യത്തെ വിഷയമായി ചർച്ച ചെയ്തതും ആശാ വർക്കർമാരുടെ കാര്യമാണ്. കാരണം കേന്ദ്രം നൽകുന്ന ഇൻസെന്റീവിൽ വർധനയുണ്ടാകണം. അനേകം വർഷങ്ങളായി ഇൻസെന്റീവിൽ കേന്ദ്രം വർധന വരുത്തിയിട്ടില്ല. ആ ഇൻസെന്റീവ് വർധിപ്പിക്കണമെന്ന്

തന്നെയാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. കേന്ദ്ര സർക്കാർ അത് ലഭ്യമാക്കണമെന്നുള്ളതും സംസ്ഥാന സർക്കാരിന്റെ ആവശ്യമാണ്. ഈ ആവശ്യം കേന്ദ്ര സർക്കാരിനോടും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. അന്നത്തെ കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞത് അക്കാര്യം അനുഭാവപൂർവം പരിഗണിക്കാമെന്ന് തന്നെയാണ്. ഇതുകൂടാതെ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഇവർ ഉൾപ്പെട്ടിട്ടുണ്ട്. ആ നിലയിൽ അവർക്കായി കൂടുതലായി എന്തൊക്കെ ചെയ്യാൻ കഴിയുമോ അത് ചെയ്യണമെന്നതന്നെയാണ് ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

(സബ്മിഷൻ)

P-10-2-2025 UV-LD(1) 11.20-11.30 ബി.സി.

**സബ്മിഷൻ**

(1) <u>കടൽ തീരങ്ങളിലെ മണൽഖനനം റദ്ദാക്കൽ</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വളരെ ഗൗരവകരമായ ഒരു പ്രശ്നം സഭയുടെ മുമ്പാകെ ഉന്നയിക്കുകയാണ്. കേരളം, ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ എന്നീ മേഖലകളിലെ കടലിൽനിന്നും മണലും ധാതുക്കളും ഖനനം ചെയ്യാൻ സ്വകാര്യ കമ്പനികളിൽനിന്ന് കേന്ദ്ര സർക്കാർ ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. ആദ്യഘട്ടത്തിൽ

കേരളത്തിലെ കൊല്ലം ജില്ലയിലെ 242 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് മണൽ ഖനനത്തിന് തുറന്നുകൊടുക്കുന്നത്. കേരളത്തിലെ 10 ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗത്തെ ബാധിക്കുന്ന ഗൗരവകരമായ പ്രശ്നമാണിത്. 48.4 മുതൽ 62.5 മീറ്റർ വരെ ആഴത്തിൽ മണൽ നിക്ഷേപമുണ്ടെന്ന് പറയുന്നത് വലിയൊരു അളവാണ്. ഇതാണ് യന്ത്രകൈകൾ ഉപയോഗിച്ച് കടലിൽനിന്നും മാറ്റുന്നത്. ഇത് മാറ്റുന്നതോടുകൂടി മത്സ്യമേഖലയ്ക്കും തീരദേശ പരിസ്ഥിതിക്കും ഗുരുതരമായ ആഘാതമുണ്ടാക്കുന്ന തീരുമാനമാണിത്. കാട്ടിനുള്ളിലുള്ളതിനെക്കാൾ വൈവിധ്യമുള്ള flora and fauna നമ്മുടെ കടലിന്റെ അടിത്തട്ടിലുണ്ട്. സസ്യജന്തുജാലങ്ങളുടെ വൈവിധ്യത്തെയും മത്സ്യങ്ങളുടെ ഫുഡ് ചെയിനിനെയും ഗൗരവതരമായി ബാധിച്ച് മുഴുവൻ മത്സ്യ സമ്പത്തും തകർക്കുന്ന രീതിയിലാണ് ഖനനം ചെയ്യുന്നത്. തീരക്കടലിൽ മണൽ ഖനനം നടത്തുന്നത് മത്സ്യങ്ങളുടെ പ്രജനനത്തെ സാരമായി ബാധിക്കും. അതുപോലെ വൻതോതിൽ വിദേശനാണ്യവും തൊഴിൽ അവസരവും നൽകുന്ന മത്സ്യബന്ധന മേഖലയെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ മുഴുവൻ പട്ടിണിയിലേക്ക് പോകും. ആദ്യം കൊല്ലം ജില്ലയിലെ മേഖലയിൽ ഖനനത്തിന് പറഞ്ഞിരുന്നുവെങ്കിലും പിന്നീട് ചാവക്കാടും പൊന്നാനിയും

വർക്കല മുതൽ അമ്പലപ്പുഴ വരെ നീണ്ടുനിൽക്കുന്ന കൊല്ലം പരപ്പുമാണ് ഖനനത്തിനായി ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് നയത്തിന്റെ ഭാഗമായാണ് 'ബ്ലൂ ഇക്കോണമി' കൊണ്ടുവന്നത്. കടലും തീരപ്രദേശവുമെല്ലാം കോർപ്പറേറ്റുകൾക്ക് തീറെഴുതികൊടുക്കുന്ന വലിയ ഭേദഗതിയാണ് 2023-ൽ വന്നത്. അതുവരെ പന്ത്രണ്ട് നോട്ടിക്കൽ മൈലിന് അകത്തുള്ള സ്ഥലത്ത് മത്സ്യബന്ധനത്തിനുള്ള മുഴുവൻ അവകാശവും സംസ്ഥാനത്തുണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാനത്തിന് ഒന്നും പറയാൻ കഴിയാത്ത രീതിയിലുള്ള അമെന്റ്മെന്റ് കൊണ്ടുവന്ന് ഇതുമുഴുവൻ തകർത്തുകൊണ്ടുപോകുകയാണ്. വലിയ തോതിലാണ് ഇത് മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെയും കടലിലെ പാരിസ്ഥിതിക വ്യവസ്ഥയെയും ബാധിക്കുന്നത്. ഇത്രയും വലിയ തോതിൽ ഖനനം നടത്തി മണൽ എടുക്കുന്നതോടുകൂടി കേരളം പോലുള്ള തീരപ്രദേശങ്ങളിൽ ഭയങ്കരമായി കടൽ കയറികൊണ്ടിരിക്കുകയാണ്. പല സ്ഥലത്തും കടലും ബാക്ക് വാട്ടറും തമ്മിലുള്ള ദൂരം വളരെ ചെറുതാണ്. ഹെക്ടർ കണക്കിന് സ്ഥലമാണ് കടലെടുക്കുന്നത്. ഇപ്പോൾ തീരമായി കാണുന്ന സ്ഥലം അടുത്ത മൺസൂൺ വരുമ്പോൾ ഇല്ലാതായി തീരുകയാണ്. മണൽ ഖനനം വന്നുകഴിഞ്ഞാൽ രൂക്ഷമായ കടലേറ്റമുണ്ടായി

പാരിസ്ഥിതികമായ പ്രശ്നങ്ങളുണ്ടായി കേരളം അപകടത്തിലേക്ക് എത്തും. തീരപ്രദേശത്തെ ജനങ്ങളെ സങ്കടക്കടലിലേക്ക് തള്ളിയിടുന്ന നടപടിയാണിത്. നമുക്ക് പരിമിതികളുണ്ടെന്നുള്ള കാര്യം ഞാൻ മനസ്സിലാക്കുന്നു. നമ്മളെല്ലാവരുംകൂടി ചേർന്ന് കേന്ദ്രസർക്കാരിൽ അതിശക്തമായ സമ്മർദ്ദം ചെലുത്തി ഈ തീരുമാനത്തിൽനിന്ന് കേന്ദ്രഗവൺമെന്റിനെ പിന്തിരിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാനുള്ള നടപടികൾക്ക് സർക്കാർ മുൻകയ്യെടുക്കണമെന്ന് അഭ്യർഥിക്കുകയാണ്.

(ശ്രീ. പി. രാജീവ്)

P-10-2-2025 UV-LD(1) 11.20-11.30 ബി.സി.

## കടൽ തീരങ്ങളിലെ മണൽഖനനം റദ്ദാക്കൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവകരമായ പ്രശ്നമാണ് പ്രതിപക്ഷനേതാവ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. യഥാർഥത്തിൽ അദ്ദേഹം പറഞ്ഞതുപോലെ ആഴക്കടൽ മത്സ്യബന്ധനം, ആഴക്കടൽ ഖനനം എന്നിവയെല്ലാം സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്ന ഒരു സമീപനം നിയമപരമായി തന്നെ രാജ്യത്ത് നടപ്പാക്കുന്നുണ്ട്. 2002-ൽത്തന്നെ അന്നത്തെ ഗവൺമെന്റ് The Offshore Areas Mineral (Development

and Regulation) Act ഭേദഗതി ചെയ്ത് കൊണ്ടുവരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2006-ൽ പുതിയ ചട്ടങ്ങൾ ആഴക്കടൽ ഖനനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുകയുണ്ടായി. 2010-ൽ അത് നിലവിൽ വന്നു. അത് ഒന്നുകൂടി മുന്നോട്ട് കൊണ്ടുപോകുന്ന പുതിയ ഭേദഗതിയാണ് അതിന്റെ തുടർച്ചയായി ഇപ്പോഴത്തെ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. അത് പാർലമെന്റിൽ ചർച്ചയ്ക്കെടുത്ത സാഹചര്യത്തിൽ മണിപ്പൂർ പ്രശ്നവുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തിന്റെ എം.പി.-മാർ ആരുംതന്നെ അന്ന് സഭയിലുണ്ടായിരുന്നില്ല. അവർ സഭ ബഹിഷ്കരിച്ച ഘട്ടത്തിലാണ് ഈ ചർച്ചകൾ ആകെ നടന്നിട്ടുള്ളത്. എന്നാൽ ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിരുന്നു. അഭിപ്രായം ആരാഞ്ഞപ്പോൾ തന്നെ ഇക്കാര്യത്തിൽ അതിശക്തമായി നമ്മുടെ വിയോജിപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം വകുപ്പുതന്നെ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അവരുടെ കണക്കുപ്രകാരം എഴുപത്തിനാലര കോടി ടൺ മണൽ ഖനനം ചെയ്ത് എടുക്കാൻ കഴിയുമെന്നാണ്. അതിന് ഒരുതരത്തിലുള്ള പഠനങ്ങളും ധാതുപര്യവേക്ഷണ റിപ്പോർട്ടുകളുടെ ആധികാരികതയും ഉറപ്പാക്കാൻ കഴിയുന്നില്ല. അതോടൊപ്പം തീരദേശ സംസ്ഥാനങ്ങളുടെ സുരക്ഷയും അവകാശവും സംരക്ഷിക്കാതെയാണ് ചട്ട

ഭേദഗതി വരുത്തിയിട്ടുള്ളത്. ഒരു പഠനവും കൂടാതെയാണ് ധാതുപര്യവേക്ഷണം ഉൾപ്പെടെയുള്ള കടൽ ഖനനം സ്വകാര്യ മേഖലയ്ക്ക് അൻപതുവർഷത്തേക്കാണ് തുറന്നുകൊടുക്കുന്നത്. ഇതുവലിയ പാരിസ്ഥിതിക-സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന കാര്യം സ്ഥാനത്തിന്റെ വിയോജിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടും ആക്ടിന്റെ ഭേദഗതി ഇതിനൊപ്പം വന്നിരുന്നു. അന്ന് നമ്മൾ ശക്തമായി ആവശ്യപ്പെട്ടു. അതിനെത്തുടർന്ന് ഞാനും ബഹുമാന്യമായ ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഉൾപ്പെടെയുള്ള എം.പി.-മാർ എല്ലാവരും മന്ത്രിയെ കാണുകയും അതിൽ ചില മാറ്റങ്ങൾ വരുത്തുകയും ചെയ്തു. നിലവിൽ ഇതുസംബന്ധിച്ച് പുതിയ നിയമവും ചട്ടവും വന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ നിലവിൽ ടെൻഡർ നടപടികളിലേക്ക് പോയിട്ടുണ്ട്. കഴിഞ്ഞ ദിവസം ട്രേഡ് യൂണിയനുകളുടെ വലിയ പ്രതിഷേധം വന്നിരുന്നു. എല്ലാവരും ചേർന്ന് ഫെബ്രുവരി 27-ന് സംയുക്തമായി പ്രക്ഷോഭത്തിലേക്ക് വരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ ജനുവരി 11-ന് കൊച്ചിയിൽ കേന്ദ്ര ഖനന വകുപ്പിന്റെ സെക്രട്ടറി പങ്കെടുത്തുകൊണ്ട് ഒരു പരിപാടി നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ വ്യവസായ വകുപ്പിന്റെ

പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാനത്തിന്റെ നയപരമായ നിലപാടും വിയോജിപ്പും അതിശക്തമായിത്തന്നെ അറിയിച്ചിട്ടുണ്ട്. ഓഫ് ഷോർ മിനറൽ ഡ്രെഡ്ജിംഗ് ഉയർത്താവുന്ന പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും സർക്കാരിന്റെ എതിർപ്പ് അവിടെവച്ച് പരസ്യമായി ആ മീറ്റിംഗിൽ തന്നെ അറിയിച്ചിട്ടുമുണ്ട്. 2025 ജനുവരി 19-ന് ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 64-ാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡ് മീറ്റിങ്ങിൽ അത് ചർച്ചയ്ക്ക് വന്നപ്പോഴും ഈ വിഷയത്തിൽ കേരളത്തിന്റെ അഭിപ്രായവും നമ്മുടെ ശക്തമായ വിയോജിപ്പും അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് ഒരു മാറ്റം വരുത്തിയിട്ടുള്ളത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ് ഷോർ മൈനിംഗ് സംബന്ധിച്ച് പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിലവിൽ യോഗം തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ തീരദേശത്തെ ഈ ഖനനം സ്വകാര്യ വ്യക്തികൾക്ക് ചെയ്യാനുതകുന്ന തരത്തിൽ The Mines and Minerals (Development and Regulation) Act-ൽ ഭേദഗതി വരുത്താനുള്ള തീരുമാനം സംസ്ഥാന സർക്കാരിന്റെ എതിർപ്പിനെത്തുടർന്ന് പിൻവലിച്ചിരുന്നു. എന്നാൽ ഈ ഭാഗങ്ങൾ ഇപ്പോഴും ഇതിനകത്ത്

വിലമതിക്കുകയാണ് ചെയ്യുന്നത്. നമ്മൾ എല്ലാവരും ശക്തമായി ഒന്നിച്ച് നിൽക്കേണ്ടതുണ്ട്. പാരിസ്ഥിതിക സവിശേഷത കണക്കിലെടുക്കാതെ, അങ്ങ് സൂചിപ്പിച്ചതുപോലെ കൊല്ലം തീരദേശപ്രദേശത്ത് പ്രത്യേകമായി രൂപം കൊണ്ടിട്ടുള്ള ഭൗതിക സവിശേഷതയുടെ (കൊല്ലം പാരിന്റെ) അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള മത്സ്യസമ്പത്തും അത് ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ലക്ഷക്കണക്കിന് ജനങ്ങളെയും സാരമായി ബാധിക്കുമെന്നതിനാൽ ഇപ്പോൾ തീരുമാനിച്ച കടൽ മണൽ ഖനനം തടയുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തും. പാർലമെന്റിലും നമ്മുടെ എം.പി.-മാർ ശക്തമായി ഈ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. സ്വീകരിക്കുമെന്ന് തന്നെയാണ് സർക്കാരും പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊതുവെ നമ്മൾ യോജിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ നിർദേശത്തെ സ്വാഗതാർഹമായി കണ്ടുകൊണ്ട് ഒന്നിച്ച് എങ്ങനെ എതിർക്കാമെന്നുള്ളത് അദ്ദേഹവുമായി ചർച്ച ചെയ്യാം.

(ഡോ. എൻ. ജയരാജ്)

## (2) മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കോട്ടയം ജില്ലയിലെ വെസ്റ്റ് പോലീസ് സ്റ്റേഷൻ ഡ്രൈവറായി ജോലി ചെയ്തിരുന്ന സിവിൽ പോലീസ് ഓഫീസർ ശ്യാം പ്രസാദ് കഴിഞ്ഞ 02-02-2025-ന് രാത്രി ഡ്യൂട്ടി കഴിഞ്ഞ് തിരികെ വീട്ടിലേക്ക് മടങ്ങുമ്പോൾ കോട്ടയം കാരിത്താസ് ഹോസ്പിറ്റലിന് സമീപത്ത് തട്ടുകട നടത്തിയിരുന്ന സ്ത്രീയെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പല കേസുകളിൽ പ്രതിയായിട്ടുള്ള ഒരു വ്യക്തി ആക്രമിക്കുന്നത് കണ്ട് രക്ഷിക്കാൻ ശ്രമിച്ചു. അതിൽ പ്രകോപിതനായ പ്രതിയുടെ അതിശക്തമായ മർധനമേറ്റ് ശ്യാം പ്രസാദിന്റെ ജീവൻ നഷ്ടപ്പെടുന്ന സംഭവമുണ്ടായി. ജോലി കഴിഞ്ഞ് മടങ്ങുന്ന വഴിയായതിനാൽ ഡ്യൂട്ടിയിലല്ല എന്ന് സാങ്കേതികമായി പറയാമെങ്കിലും സമൂഹത്തിലെ അക്രമം നോക്കിനിൽക്കാതെ പോലീസ് സേവനം ചെയ്യുന്നതിൽ വിട്ടുവീഴ്ച ചെയ്യാത്ത ആളാണ് അക്രമിയുടെ മർധനമേറ്റ് മരണപ്പെട്ടത്. ആയതിനാൽ ടിയാളുടെ മരണാനന്തരമുള്ള എല്ലാ ആനുകൂല്യങ്ങളും ഡ്യൂട്ടിയിലിരിക്കെ മരണമടയുന്നവർക്ക് തുല്യമായി ലഭിക്കാൻ മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച് പരമാവധി സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

(ശ്രീ. പിണറായി വിജയൻ)

P-10-2-2025
UV-LD(1)
11.20-11.30

## മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ ഡ്രൈവർ സി.പി.ഒ. ശ്യാം പ്രസാദ് 02-02-2025-ന് ഡ്യൂട്ടികഴിഞ്ഞ് മടങ്ങവെ രാത്രി പതിനൊന്നര മണിയോടെ ഏറ്റുമാനൂരിൽ കടനടത്തുന്ന ഒരു സ്ത്രീയെയും സഹായിയെയും ഒരാൾ മർദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് തടയാൻ ശ്രമിച്ചു. തുടർന്ന് അക്രമി ശ്യാം പ്രസാദിനെ മാരകമായി ചവിട്ടി പരിക്കേൽപ്പിക്കുകയും ആശുപത്രിയിൽ ചികിത്സയിലിരിക്കെ ശ്യാം പ്രസാദ് 03-02-25-ന് പുലർച്ചെ മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ ക്രൈം നം. 170/2025 ആയി ഏറ്റുമാനൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവ ദിവസംതന്നെ അറസ്റ്റിലായ പ്രതി ജിബിൻ ജോർജ് റിമാന്റിലാണ്. ഒരു പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഉത്തരവാദിത്വം നിറവേറ്റുന്നതിനിടെയാണ് ശ്യാം പ്രസാദ് അതിദാരുണമായി കൊല്ലപ്പെട്ടത്. സമൂഹ മനസ്സാക്ഷിയെ ഞെട്ടിച്ച ഈ

സംഭവത്തിൽ പ്രതിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ശ്യാം പ്രസാദിന്റെ കുടുംബത്തിന് നിലവിലെ വ്യവസ്ഥ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ശ്രീ. ഡി. കെ. മുരളി)

P-10-2-2025 UV-LD(1) ബി.സി. 11.20-11.30

(3) പനവൂർ ഗവ. സ്കൂൾ മോഡൽ പ്രീ-പ്രൈമറി കെട്ടിട നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: സർ, എസ്.എസ്.കെ. സ്റ്റാർസ് പദ്ധതി പ്രകാരം മോഡൽ ബി.ആർ.സി. പ്രീ-പ്രൈമറി സ്കൂളുകൾ പുനർ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതി നടപ്പിലാക്കിവരികയാണ്. അതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ പനവൂർ സ്കൂളിന് 1,53,00,000 രൂപ അനുവദിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പക്ഷേ അതിന്റെ ഡി.പി.ആർ. തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റികൂടി സാങ്ഷൻ ചെയ്യാത്തതുകൊണ്ട് ആ പദ്ധതി നീണ്ടുപോകുകയാണ്. യഥാർത്ഥത്തിൽ പഴയ കെട്ടിടം പൊളിച്ചുമാറ്റി സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തതാണ്. കുട്ടികൾ വളരെ പ്രയാസത്തിലാണിപ്പോൾ. അടിയന്തരമായി അത് പരിഹരിക്കുന്നതിന് സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി കൂടാനും അതിന്റെ

നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിനും വേണ്ടിയുള്ള ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

(ശ്രീ. വി. ശിവൻകുട്ടി)

P. 10-02-2025
LJ/SR -(1)
11.30-11.40 (VR)

പനവൂർ ഗവൺമെന്റ് സ്കൂൾ മോഡൽ പ്രീ-പ്രൈമറി കെട്ടിടനിർമ്മാണം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സമഗ്ര ശിക്ഷാ കേരളം - സ്റ്റാർസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് മോഡൽ ബി.ആർ.സി. (ബ്ലോക്ക് റിസോഴ്സ് സെന്റർ) മോഡൽ പ്രീ-പ്രൈമറി ഉൾപ്പെടെ നിരവധി കെട്ടിടനിർമ്മാണ പദ്ധതികൾക്ക് കഴിഞ്ഞവർഷം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിൽ 14 ജില്ലകളിലും ഓരോ മോഡൽ പ്രീ-പ്രൈമറി കെട്ടിടങ്ങൾ ഒരുക്കുന്നതിനായി അനുമതി ലഭിക്കുകയും ആയതിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജക മണ്ഡലത്തിലെ പനവൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ തിരഞ്ഞെടുക്കുകയും 1.53 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ചെയ്യുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ സാങ്കേതിക വിദഗ്ധരെ ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയം വളരെ

ഗൗരവമുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

(ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ)

P. 10-02-2025
LJ/SR -(1)
11.30-11.40

കോട്ടയം നഗരസഭയിലെ ക്രമക്കേട്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കോട്ടയം നഗരസഭയിൽ നടന്ന ഞെട്ടിപ്പിക്കുന്നതും വലിയതോതിലുള്ളതുമായ ഒരു ക്രമക്കേടും അഴിമതിയും ചൂണ്ടിക്കാണിക്കുന്നതിനും അന്വേഷണം ആവശ്യപ്പെടുന്നതിനുമാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാലങ്ങളായി യു.ഡി.എഫ്. ഭരിക്കുന്ന കോട്ടയം നഗരസഭയിൽ ഇക്കഴിഞ്ഞ നാളുകളിൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ഏഴ് അക്കൗണ്ടുകളിലായി 211 കോടി രൂപ കാണാനില്ലെന്ന വലിയതോതിലുള്ള അഴിമതിയുടെ ചിത്രമാണ് കണ്ടെത്തിയത്. നഗരസഭയിലേക്ക് ലഭിക്കുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും നഗരസഭയുടെ അക്കൗണ്ടുകളിലേക്ക് വരാതെ മറ്റെവിടേക്കോ ആ പണം പോകുന്നുവെന്നുള്ളതാണ് ഇവിടെ കാണേണ്ട ഏറ്റവും വലിയ കാര്യം. ചെക്കുകളും ഡ്രാഫ്റ്റുകളും ലഭിച്ചതായി രേഖപ്പെടുത്തേണ്ട രജിസ്റ്ററും അവിടെ

കാണുന്നില്ല. അത് നശിപ്പിക്കുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്തിരിക്കുന്ന സ്ഥിതിയാണ്. ഇങ്ങനെ അഴിമതിയിലൂടെ വലിയതോതിൽ വ്യാപകമായ കാര്യങ്ങൾ അവിടെ നടക്കുമ്പോൾ പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തെ ഏറ്റവും ദയനീയ സ്ഥിതിയുള്ള നഗരസഭയായി യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള കോട്ടയം നഗരസഭ മാറിയിട്ടുണ്ട്. കഴിഞ്ഞവർഷങ്ങളിൽ പദ്ധതി നടത്തിപ്പിനായി ചെലവഴിക്കപ്പെട്ട തുക 50 ശതമാനത്തിൽ താഴെയാണെങ്കിൽ ഈ വർഷം പദ്ധതി പൂർത്തീകരണത്തിന് കേവലം ഒന്നരമാസം അവശേഷിക്കുമ്പോൾ പദ്ധതി തുകയിൽ ഇതുവരെ ഏകദേശം 15 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മാത്രമല്ല നടത്തിയ പദ്ധതികൾപോലും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. കോൺഗ്രസ് നേതാക്കന്മാരായ ഉമ്മൻചാണ്ടിയുടെ പേരിലുള്ള സപ്തതി സ്മാരക മന്ദിരം, കെ. കരുണാകരന്റെ പേരിലുള്ള വയോജന വിശ്രമകേന്ദ്രം, വനിതാ വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയവയുടെയൊക്കെ നിർമ്മാണം നടത്തിയെങ്കിലും അതൊന്നും തുറന്നുകൊടുക്കാനോ പ്രവർത്തിപ്പിക്കാനോ ഓഡിറ്റ് ഒബ്ജക്ഷൻമൂലം കഴിയാത്ത സ്ഥിതിയാണുള്ളത്. അവിടെ ഒറ്റയ്ക്ക് യു.ഡി.എഫ്.-ന് ഭൂരിപക്ഷമില്ലെന്നതാണ് ഏറ്റവും രസകരമായ കാര്യം. ബി.ജെ.പി.-യുടെ പരോക്ഷമായ സഹായത്തോടും എല്ലാ

പിന്തുണയോടുംകൂടിയാണ് യു.ഡി.എഫ്. ഭരണം ഈ അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കി മുന്നോട്ടുകൊണ്ടുപോകുന്നത് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ ഭരണസമിതിക്കുള്ളിൽ മാത്രമല്ല അഴിമതിയുടെ ശൃംഖലകൾ നിൽക്കുന്നതെന്നുള്ളതാണ് കാണേണ്ട ഒരു വലിയ കാര്യം. കോട്ടയത്തെ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയനേതൃത്വം സമാധാനം പറയേണ്ടതും മൂടിവയ്ക്കാൻ വെമ്പൽ കാണിക്കുന്നതും സംസ്ഥാനത്തെതന്നെ തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതുമായ ഏറ്റവും വലിയ ഈ അഴിമതിക്കെതിരെ അതിശക്തമായ അന്വേഷണം ഒരു പ്രത്യേക വിജിലൻസ് ടീം രൂപീകരിച്ചുകൊണ്ട് നടത്തണം. അതിനെ മോഷണമെന്നുള്ള നിലയിൽ ക്രിമിനൽ കേസെടുത്തുകൊണ്ടുതന്നെ മുന്നോട്ടുപോകേണ്ടതാണെന്നും രാഷ്ട്രീയനേതൃത്വത്തിന്റെ പങ്കുകൂടി അന്വേഷണപരിധിയിൽ കൊണ്ടുവരേണ്ടതാണെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(ശ്രീ. എം. ബി. രാജേഷ്)

P. 10-02-2025
LJ/SR -(1)
11.30-11.40

<u>കോട്ടയം നഗരസഭയിലെ ക്രമക്കേട്</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കോട്ടയം ജോയിന്റ് ഡയറക്ടറുടെ നിർദേശപ്രകാരം കോട്ടയം നഗരസഭയിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ 06-08-2024-ൽ നടത്തിയ പരിശോധനയിൽ നിരവധി ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. പ്രധാനപ്പെട്ട ക്രമക്കേടുകൾ താഴെപ്പറയുന്നവയാണ്.

1) റീ-കൺസീലിയേഷൻ രേഖകൾ പരിശോധിച്ചതിൽ, വർഷങ്ങളായി ചെക്കുമുഖേന വരവ് രേഖപ്പെടുത്തിയിട്ടുള്ള കോടിക്കണക്കിന് രൂപ മുനിസിപ്പാലിറ്റിയുടെ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ലഭിച്ചിട്ടില്ല.

2) ചെക്ക്സ് ആൻഡ് ഡ്രാഫ്റ്റ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലഭിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ചെക്കുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) വിവിധ ബാങ്കുകളുടെ റീ-കൺസീലിയേഷൻ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ഭൂരിഭാഗം അക്കൗണ്ടുകളിലും കാണപ്പെടുന്ന തുകകളും അക്കൗണ്ടിൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പുള്ള തുകകളും തമ്മിൽ വൻ അന്തരമുണ്ട്.

4) കാലാകാലങ്ങളിൽ അക്കൗണ്ട്സ് കൈകാര്യം ചെയ്ത

ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും അത് പരിശോധനാ ടീമിന് ലഭ്യമാക്കിയില്ല. 5) ഏകദേശം 200 കോടിയിലധികം രൂപ ബാങ്കുകളിൽ വരവും വന്നിട്ടില്ല. തുടർന്ന് ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ പ്രൊഫഷണൽ അക്കൗണ്ടിംഗ് വിദഗ്ധരുൾപ്പെട്ട പ്രത്യേക ടീമിനെ നിയോഗിച്ച് വിശദപരിശോധന നടത്തുന്നതിനും മുനിസിപ്പാലിറ്റിക്ക് നഷ്ടം നേരിടാനിടയായ സാഹചര്യം സംബന്ധിച്ച് അതത് സമയത്ത് അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന വിഭാഗത്തിലെ ജീവനക്കാരിൽനിന്ന് സെക്രട്ടറി മുഖേന വിശദീകരണം തേടുന്നതിനും നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദേശപ്രകാരം സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ധരുൾപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥ സംഘം കോട്ടയം നഗരസഭയിൽ 04-02-2025 മുതൽ 07-02-2025 വരെ തുടർച്ചയായി പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയെത്തുടർന്ന് ലഭ്യമായ പ്രാഥമിക റിപ്പോർട്ടുപ്രകാരം കോട്ടയം നഗരസഭയിൽ ഗുരുതരമായ ക്രമക്കേടുകളും അഴിമതിയും നടന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. പരിശോധനാസംഘം

നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ മറുപടിയും രേഖകളും ലഭ്യമാക്കുന്നതിന് കോട്ടയം നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്. വർഷങ്ങളായി നടക്കുന്ന ക്രമക്കേടെന്ന നിലയിലും ഒട്ടേറെ ജീവനക്കാരും മറ്റ് ഉത്തരവാദപ്പെട്ടവരുമെല്ലാമുൾപ്പെട്ട വിഷയമെന്ന നിലയിലും ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണെന്നാണ് സർക്കാർ കാണുന്നത്. അതുകൊണ്ടുതന്നെ ക്രമക്കേടിന്റെ വ്യാപ്തിയും ആഴവും കണ്ടെത്തുന്നതിനും ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ വിഷയത്തിൽ സംസ്ഥാന പോലീസിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഭരണവകുപ്പും വിജിലൻസും നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികൾക്കെതിരായി കർശനനടപടി സ്വീകരിക്കുന്നതാണ്.

(ശ്രീ. അൻവർ സാദത്ത്)

P. 10-02-2025
LJ/SR -(1)
11.30-11.40

<u>തെരുവുനായ ആക്രമണം</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം

ക്രമാതീതമായി വർധിച്ച് ജനങ്ങളുടെ സൈ്വരജീവിതത്തിനും ജീവനും ഭീഷണിയാകുംവിധം മാറിയിട്ടുണ്ട്. കേരളത്തിൽ ഓരോ മാസവും മുപ്പതിനായിരത്തോളം ആളുകൾ തെരുവുനായയുടെ അക്രമം നേരിട്ടുകൊണ്ടിരിക്കുകയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 24-12-2024-ൽ ആറാട്ടുപുഴയിലെ ഒരു മാതാവിന് തെരുവുനായയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. 2024-ൽ നായയുടെ കടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം 316793 ആണ്. ഈ വർഷം പേവിഷബാധയേറ്റ് 26 പേർ മരണമടഞ്ഞു. മൊത്തം കണക്കെടുക്കുമ്പോൾ 2023-ൽ 306427 പേരിൽ 25 പേരും 2022-ൽ 288866 പേരിൽ 27 പേരും പേവിഷബാധയേറ്റ് മരണമടഞ്ഞിട്ടുണ്ട്. 2018, 2019, 2020, 2021 തുടങ്ങിയ വർഷങ്ങളിലും ഇത്തരത്തിൽ ലക്ഷക്കണക്കിനുപേരാണ് ചികിത്സ തേടിയെത്തിയതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ 8 വർഷത്തിനിടയിൽ 1739651 പേർക്ക് നായയുടെ കടിയേറ്റുവെന്നത് ഗൗരവമായി കാണണം. തെരുവുനായ്ക്കളുടെ അക്രമം കേരളം അതീവഗൗരവത്തോടെ പരിഹരിക്കേണ്ട ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. നായയുടെ അക്രമത്തിലുള്ള വാഹനാപകടങ്ങളും മരണങ്ങളും ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണ്.

2019-ലെ സെൻസസ് പ്രകാരം കേരളത്തിലെ തെരുവുനായ്ക്കളുടെ എണ്ണം 289986 ആണ്. ഇത് ഔദ്യോഗിക കണക്കാണ്. ഇതിന്റെ എത്രയോ മടങ്ങായിരിക്കും ശരിക്കുമുള്ള കണക്ക്. 2025-ൽ തെരുവുനായ്ക്കളുടെ എണ്ണം എത്ര മടങ്ങായിട്ടുണ്ടെന്ന് പരിശോധിച്ച് അതിനനുസരിച്ചുള്ള നടപടി സ്വീകരിക്കണം. തെരുവുനായ്ക്കളെ പാർപ്പിക്കാൻ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഷെൽട്ടർ സ്ഥാപിക്കുമെന്ന പ്രഖ്യാപനവും എങ്ങുമെത്തിയിട്ടില്ല.

(തുടരും....)

P 10-02-2025
PT-SR
11.40-11.50

(ശ്രീ. അൻവർ സാദത്ത് തുടർച്ച.......)

മൂന്നുലക്ഷത്തിലധികം വരുന്ന തെരുവുനായ്ക്കളിൽ പേവിഷബാധ തടയുന്നതിനുള്ള കുത്തിവയ്പ്പ് നൽകിയത് വെറും പത്തുശതമാനത്തിന് മാത്രമാണ്. തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരിച്ച് പ്രതിരോധ കുത്തിവയ്പ്പിനുശേഷം തിരികെവിടുന്ന അനിമൽ ബർത്ത് കൺട്രോൾ (എബിസി) നിയമം നിലവിലുണ്ട്. തെരുവ് നായ്ക്കളെ പിടികൂടാൻ ആളുകളെ

കിട്ടാത്തതുമൂലം പ്രസ്തുത പദ്ധതി മുന്നോട്ടുപോകുന്നില്ല. മൂന്നുലക്ഷത്തിലേറെ തെരുവുനായ്ക്കളുള്ള കേരളത്തിൽ വന്ധ്യംകരണം നടത്തിയിട്ടുള്ളത് ചെറിയ ശതമാനത്തിന് മാത്രമാണ്. 10 മാസത്തിനകം തീവ്രവാക്സിൻ കാമ്പയിനിലൂടെ 32061 തെരുവുനായ്ക്കൾക്കാണ് കുത്തിവയ്പ്പ് നൽകിയിട്ടുള്ളത്. എട്ടുലക്ഷത്തിലധികം വളർത്തുനായ്ക്കൾ കേരളത്തിലുണ്ടെങ്കിലും വാക്സിനെടുത്തിട്ടുള്ളത് 438471 എണ്ണത്തിന് മാത്രമാണ്. മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും 2023 സെപ്റ്റംബറിൽ തുടങ്ങിയ കാമ്പയിൻ ഈ അവസ്ഥയിലാണുള്ളത്.

മി. ചെയർമാൻ: യെസ്.....യെസ്..... നാല് മിനിട്ടായി അങ്ങ് സംസാരിക്കുകയാണ്. ബാക്കിയുള്ളത് എഴുതി നൽകിയാൽ മതിയാകും.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യവും അപഹരിക്കാൻ പാടില്ലെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 21-ൽ പറഞ്ഞിട്ടുണ്ട്. ഇത് നായ്ക്കളുടെ അക്രമം കൊണ്ട് ഹനിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. ഇങ്ങനെ ഗുരുതരമായ പ്രശ്നം മനുഷ്യർ നേരിടുന്ന സാഹചര്യത്തിൽ വേണ്ടിവന്നാൽ നിയമനിർമ്മാണം കൊണ്ടുവന്ന് അക്രമകാരികളായ നായ്ക്കളെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കണം. നായ്ക്കളെ സ്നേഹിക്കുന്ന

ആൾക്കാർപോലും നായ്ക്കളെ സംരക്ഷിക്കാൻ തയ്യാറാകുന്നില്ല. ഈ പ്രശ്നത്തിനെതിരെ എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെയുള്ള ആളുകൾ രാഷ്ട്രപതിക്ക് നിവേദനം നൽകാൻ പോകുകയാണ്. സർക്കാർ ഈ പ്രശ്നത്തിൽ ഇടപെടുകയോ ഫലപ്രദമായ നടപടി സ്വീകരിക്കുകയോ ചെയ്യാതെ നിഷ്ക്രിയമായിരിക്കുകയാണ്. കേരളീയ പൊതുസമൂഹത്തിന്റെ സ്വൈര്യജീവിതത്തെ സാരമായി ബാധിക്കുന്ന ഈ വിഷയത്തിൽ ഗൗരവമായി ഇടപെട്ട് ഇതിനൊരു പരിഹാരം കണ്ടെത്താൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും അഭ്യർഥിക്കുന്നു.

(ശ്രീ. എം. ബി. രാജേഷ്)

P-10-02-2025
PT-SR
11.40-11.50

<u>തെരുവുനായ ആക്രമണം</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് ഉന്നയിച്ചിട്ടുള്ളത്. പക്ഷെ അവസാനം അതിലും അദ്ദേഹത്തിന്റെ സങ്കുചിതമായ രാഷ്ട്രീയം

കൊണ്ടുവന്നു. സർക്കാർ ഇക്കാര്യത്തിൽ എന്തോ നിഷ്ക്രിയത്വം കാണിച്ചുവെന്നാണ് അദ്ദേഹം പറയുന്നത്. തെരുവുനായ്ക്കൾ രാഷ്ട്രീയമോ പാർട്ടിയോ നോക്കിയല്ല കടിക്കാറുള്ളത്. ഇത്തരം വിഷയം ഉന്നയിക്കുമ്പോഴെങ്കിലും കക്ഷി രാഷ്ട്രീയം കലർത്താതിരിക്കാൻ അദ്ദേഹം ശ്രദ്ധിക്കേണ്ടതായിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ഉൾക്കൊള്ളുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് നിഷ്ക്രിയമായിരിക്കുകയല്ല ചെയ്യുന്നത്. ഇതിനെതിരായി ഗവൺമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിച്ചു. ഇക്കാര്യത്തിൽ നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്; നിലവിലുള്ള അനിമൽ ബർത്ത് കൺട്രോൾ നിയമം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. അതുപ്രകാരം മാത്രമെ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ വേണ്ടിവന്നാൽ നിയമമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. കേന്ദ്ര സർക്കാരിൽ അനിമൽ ബർത്ത് കൺട്രോൾ നിയമത്തിൽ അയവുവരുത്തി കൂടുതൽ ഫലപ്രദമായിമാറ്റാൻ/തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് ഉതകുന്നതരത്തിലാക്കി മാറ്റാൻ ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ അംഗങ്ങളോട് പാർലമെന്റിൽ ഇക്കാര്യങ്ങൾ ഉന്നയിക്കാൻ ആവശ്യപ്പെടണം. അതാണ് അദ്ദേഹം ചെയ്യേണ്ടത്.

തെരുവുനായ്ക്കളുടെ വംശ വർധനവ് നിയന്ത്രിക്കുക, പേവിഷബാധ തടയുക, തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക എന്നീ മൂന്നുകാര്യങ്ങളാണ് ഇതിൽ നമുക്ക് ചെയ്യാൻ സാധിക്കുന്നത്. അതിനാവശ്യമായൊരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമാണ് വംശവർധനവ് നിയന്ത്രിക്കുന്നതിന് നടപ്പാക്കാൻ കഴിയുന്ന ഏകകാര്യം. തദ്ദേശസ്വയംഭരണവകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് ഈ പ്രവർത്തനം നടത്തിവരുന്നത്. മൃഗസംരക്ഷണ വകുപ്പ് ഇക്കാര്യത്തിൽ സാങ്കേതിക സഹായം നൽകിക്കൊണ്ടിരിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ പതിനഞ്ച് അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തെരുവുനായ്ക്കളെ പാർപ്പിക്കുന്ന ഷെൽട്ടർ തുടങ്ങുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും നടന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രവും ഷെൽട്ടറും തുടങ്ങുന്നതിനുള്ള ഏക തടസ്സമെന്താണ്; ഫണ്ടിന്റെ തടസ്സമില്ല, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രോജക്ടുവച്ചിട്ടുണ്ട്. ജനങ്ങളുടെ പ്രദേശികമായ എതിർപ്പാണ്

ഇതിലുള്ള തടസ്സം. അതുകൊണ്ട് ആലുവയിൽ ഒരു എബിസി കേന്ദ്രവും ഷെൽട്ടറും തുടങ്ങാൻ ശ്രീ. അൻവർ സാദത്ത് മുൻകൈയെടുത്ത് കേരളത്തിൽ ഒരു മാതൃക സൃഷ്ടിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇക്കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. ആളുകൾക്ക് നായ്ക്കളുടെ കടി കൊള്ളാൻ സാധിക്കില്ല എന്നത് സ്വാഭാവികമാണ്. പക്ഷേ തെരുവുനായയെ നിയന്ത്രിക്കണമെങ്കിൽ എബിസി കേന്ദ്രം ആരംഭിക്കേണ്ടതുണ്ട്. എന്നാൽ എബിസി കേന്ദ്രം സ്ഥാപിക്കാമെന്ന് വിചാരിച്ചാൽ അതിനും സമ്മതിക്കില്ല. ഈ സ്ഥിതി വന്നാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് ഇവിടെ പറയുന്നത്. അല്ലാതെ സർക്കാരിന്റെ നിഷ്ക്രിയത്വം കൊണ്ടല്ല ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്തത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട്. ജനങ്ങളുടെ എതിർപ്പുകാരണം അതൊന്നും നടപ്പാക്കാൻ സാധിക്കുന്നില്ല. ബഹുമാന്യനായ എം.എൽ.എ. ഇക്കാര്യത്തിൽ ആത്മാർത്ഥമായി ഇടപെടുന്നതുകൊണ്ട് ഏറ്റവും ആദ്യം ആലുവയിൽ ഇതുതുടങ്ങാനുള്ള മുൻകൈ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എബിസി പ്രോഗ്രാം നടപ്പാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. എബിസി നിയമത്തിൽ അയവുവരുത്തണമെന്ന് കേരളം

ആവശ്യപ്പെട്ടപ്പോൾ കേന്ദ്രം അത് കൂടുതൽ കർക്കശമാക്കി തീർത്തുവെന്നതാണ് ഇതിലെ ഏറ്റവും വലിയൊരു വെല്ലുവിളി. ഇക്കാര്യം ഞാൻ സഭയിൽ വിശദീകരിച്ചതാണ്. ശ്രീ. പി. കെ. ബഷീറും ശരിയായ രീതിയിൽ മനസ്സിലാക്കണം. ഒരു എബിസി കേന്ദ്രത്തിൽ ഒരു തെരുവുനായയെ വന്ധ്യംകരണം ചെയ്യണമെങ്കിൽ അവിടത്തെ ഓപ്പറേഷൻ തിയേറ്റർ എയർ കണ്ടീഷൻ സൗകര്യമുള്ളതായിരിക്കണം. ഒരു നിശ്ചിത വർഷത്തെ എക്സ്പീരിയൻസുള്ള ഡോക്ടറുടെ സേവനമായിരിക്കണം അവിടെയുണ്ടാകേണ്ടത്. സർജറി കഴിഞ്ഞാൽ ആറുദിവസം ഇതിനെ സംരക്ഷിക്കണം. മുറിവ് ഉണങ്ങിയതിനുശേഷം മാത്രമെ പുറത്തുവിടാൻ സാധിക്കുകയുള്ളൂ. ഒരു എബിസി കേന്ദ്രത്തിൽ റഫ്രിജറേറ്റർ വേണം. പക്ഷേ ഫലത്തിൽ ഇക്കാര്യങ്ങളൊന്നും നടപ്പിലാക്കാൻ സാധിക്കാത്ത തരത്തിലാണ് ഇന്ന് എബിസി റൂൾസുള്ളത്. ആ എബിസി റൂൾസിൽ അയവുവരുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. നിർഭാഗ്യവശാൽ നമ്മുടെ എം.പി.-മാർ ഇതാവശ്യപ്പെട്ടതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യത്തിൽ അങ്ങ് ഇടപെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഒരു എബിസി കേന്ദ്രം ആരംഭിക്കാൻ ലക്ഷക്കണക്കിന് രൂപയാണ് ആവശ്യമായി വരുന്നത്. അതിന് തദ്ദേശ

സ്വയംഭരണസ്ഥാപനങ്ങൾ പ്രോജക്ടും വച്ചിട്ടുണ്ട്. അക്കാര്യങ്ങളിൽ യാതൊരുവിധ പ്രയാസവുമില്ല. ഇതെല്ലാം കഴിയുമ്പോഴാണ് നാട്ടുകാരുടെ എതിർപ്പ് വരുന്നത്. ബാക്കി കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇനിയും ഒട്ടേറെ കാര്യങ്ങളുണ്ട്. അത് മേശപ്പുറത്തുവയ്ക്കുന്നു+.

(ശ്രീ. മുഹമ്മദ് മുഹസിൻ)

P 10-02-2025
PT-SR
11.40-11.50

## ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി നഗരസഭാ പ്രദേശത്ത് കീഴായൂർ-നമ്പ്രം-കുടലൂർ-വള്ളൂർ കോളേജ് - വടക്കുംമുറി പട്ടാമ്പി ടൗൺ-പന്തക്കപറമ്പ്-ആനങ്ങാട്-ഉമിക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ ഗുരുതമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. ഈ ആവശ്യം ഉന്നയിച്ച് അങ്ങേയ്ക്ക് അപേക്ഷ നൽകിയതിന്റെ ഫലമായി 7.74 കോടി രൂപ അമൃത് 2 പദ്ധതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. വലിയ രീതിയിലുള്ള സാങ്കേതിക പ്രശ്നങ്ങൾമൂലം ടെൻഡർ നടപടികൾ നീണ്ടുപോയപ്പോൾ അങ്ങയുടെ ചേംബറിൽ ഒരു യോഗം ചേർന്ന് അത് പരിഹരിച്ചുകൊണ്ട് ആദ്യഘട്ടം ഇപ്പോൾ ടെൻഡർ ചെയ്തുകഴിഞ്ഞു. ടാങ്ക് അടക്കമുള്ള സൗകര്യങ്ങൾ

+ അനുബന്ധമായി ചേർക്കുന്നു.

ചെയ്യാനുള്ളത് ഇപ്പോൾ ടെൻഡർ ചെയ്തു. പട്ടാമ്പി നഗരസഭ അതിന് സ്ഥലവും ലഭ്യമാക്കിയിരുന്നു. ആദ്യഘട്ടം ടെൻഡർ ചെയ്തെങ്കിലും 7.74 കോടി രൂപയ്ക്കുപുറമെ രണ്ടുകോടി രൂപ ഇനിയും ഇതിനാവശ്യമായിട്ടുണ്ട്. എന്നാൽ മാത്രമെ ഈ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതുകൂടി അങ്ങ് അനുവദിച്ചുതരണമെന്നാണ് അഭ്യർഥിക്കാനുള്ളത്. അതോടൊപ്പം ഓങ്ങല്ലൂർ-വല്ലപ്പുഴ പഞ്ചായത്തുകളിലുള്ള ജലജീവൻ മിഷന്റെ സമഗ്ര കുടിവെള്ള പദ്ധതിയുടെ 90 ശതമാനം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കലും ടാങ്കും പ്ലാന്റും എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ റെയിൽവേ ക്രോസിംഗിന്റെ കാര്യത്തിൽ കുറച്ച് കാലതാമസമെടുത്തപ്പോൾ അതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ മാറ്റംവന്നു. അതിന്റെ ഭാഗമായി കരാർ കമ്പനിയും വാട്ടർ അതോറിറ്റിയും തമ്മിലുണ്ടായ പ്രശ്നം കാരണം ഒരു വർഷമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കാതെ വലിയ സാങ്കേതിക പ്രശ്നമായി നിലനിൽക്കുകയാണ്. റിസ്ക് ആൻഡ് കോസ്റ്റിൽ കരാറുകാരനെ പിരിച്ചുവിട്ടശേഷം പുതിയ കരാറുകാരനെ എടുക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. 90 ശതമാനവും പൂർത്തീകരിച്ച ഈ പദ്ധതിയിലൂടെ വേനലിൽ ആളുകൾക്ക് കുടിവെള്ളം നൽകുകയെന്ന പ്രയോരിറ്റി വച്ചുകൊണ്ട് അതിനുള്ള നടപടി

അടിയന്തരമായി സ്വീകരിക്കണമെന്നാണ് അങ്ങയോട് ആവശ്യപ്പെടാനുള്ളത്. അങ്ങ് ഇടപെട്ട് അമൃത് 2 പദ്ധതിയിൽ ഫണ്ടനുവദിച്ചു. രണ്ടുകോടി രൂപകൂടി അഡീഷണലായി നൽകിയാൽ ഈ സാങ്കേതിക പ്രശ്നം പരിഹരിച്ച് ഈ വേനൽക്കാലത്തുതന്നെ കുടിവെള്ളം നൽകാൻ ജലജീവൻ പദ്ധതിയുടെ ഭാഗമായി സാധിക്കുന്നതാണ്.

(ശ്രീ. റോഷി അഗസ്റ്റിൻ)

P 10-02-2025
BL-SR-1
11.50-12.00

ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പട്ടാമ്പി നഗരസഭയിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നിലവിലില്ല. പട്ടാമ്പി മുനിസിപ്പാലിറ്റി നേരിട്ട് കൈകാര്യം ചെയ്യുന്ന പദ്ധതിയാണുള്ളത്. ഈ കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി അമൃത്-II പദ്ധതിയിലുൾപ്പെടുത്തി പട്ടാമ്പി നഗരസഭയ്ക്ക് 7.74 കോടി രൂപയുടെ ഭരണാനുമതി നൽകി. പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് ചെയ്യാൻ AMRUT State Level Technical Committee (SLTC)-ൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ

തയ്യാറാക്കിയ രൂപരേഖയിൽ മാറ്റംവരുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിന് 2.01 കോടി രൂപ അധികമായി വേണ്ടിവരുമെന്ന് മനസ്സിലാക്കുകയും ആയതിനാൽ അധിക ഭരണാനുമതി ലഭിക്കാനുള്ള പ്രൊപ്പോസൽ 7-1-2025-ൽ AMRUT SLTC മീറ്റിംഗിൽ ചർച്ച ചെയ്യുകയും അത് ലഭ്യമാക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമത് സൂചിപ്പിച്ച ഓങ്ങല്ലൂർ-വല്ലപ്പുഴ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പദ്ധതിയുടെ 90 ശതമാനം പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. റെയിൽവേയുമായി ബന്ധപ്പെട്ട വിഷയമാണ് പ്രവൃത്തിക്ക് തടസമായി നിലനിന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. അതിനാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന സ്ഥിതിയാണുള്ളത്. ഓങ്ങല്ലൂർ പഞ്ചായത്തിൽ റെയിൽവേ ക്രോസിംഗ് പോയിന്റിൽ മണ്ണിന്റെ ഘടനയുടെ തർക്കം ഉന്നയിച്ചുകൊണ്ട് കരാറുകാരൻ പ്രവൃത്തി ചെയ്യുന്നതിന് തടസം ഉന്നയിച്ചിരിക്കുകയാണ്. കരാർപ്രകാരം ടി പ്രവൃത്തി പൂർത്തിയാക്കി നൽകേണ്ടതാണെന്ന് കരാറുകാരനെ രേഖാമൂലം അറിയിച്ചെങ്കിലും കരാറുകാരൻ പ്രവൃത്തി ചെയ്യാൻ വിസമ്മതിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. വല്ലപ്പുഴ

പഞ്ചായത്തിലെ ചെടിക്കൽ വഴി റെയിൽവേ ഗേറ്റിനടുത്തെ ക്രോസിംഗിനുള്ള കെയ്സിംഗ് വിതരണ പൈപ്പ് 80 mm പി.വി.സി.-യിൽനിന്നും 100 mm എം.എസ്. പൈപ്പാക്കി മാറ്റാൻ റെയിൽവേ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഓങ്ങല്ലൂർ പഞ്ചായത്തിലെ 174.70 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 8948 കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 6073.64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 127 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 4085 കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്തു. ജലജീവൻ മിഷൻ പദ്ധതിയിൽ വല്ലപ്പുഴ പഞ്ചായത്തിൽ 120 കിലോമീറ്ററോളം വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 5746 കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 2775 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 105 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുകയും 3211 കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ട് കോടി രൂപകൂടി അധികമായി വേണമെന്നാണ് ഇവിടെ ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട വിഷയം. അതിന്റെ പൂർത്തീകരണത്തിനായി അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് ആലോചിക്കാം. കോടതി കേസുമായി

ബന്ധപ്പെട്ട വിഷയത്തിൽ കാലതാമസം ഒഴിവാക്കാനായി കരാറുകാരനുമായി വീണ്ടും ചർച്ച നടത്താൻ സാധിക്കുമോയെന്ന് നോക്കാം. ആ നിലയിൽ അദ്ദേഹം തയ്യാറാണെങ്കിൽ ടി പ്രവൃത്തി തുടരാം. അല്ലെങ്കിൽ അടിയന്തരമായി അനന്തരനടപടികൾ സ്വീകരിച്ച് ഈ വിഷയം പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളാം.

(ശ്രീ. പി. പി. ചിത്തരഞ്ജൻ)

P 10-02-2025
BL-SR-1
11.50-12.00

## കയർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കയർ വ്യവസായം. പതിനായിരക്കണക്കിന് തൊഴിലാളികളാണ് കയർ മേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നത്. ഏറ്റവും സാധാരണക്കാരായ ഈ തൊഴിലാളികൾ ഇന്ന് വലിയ പ്രയാസത്തെ അഭിമുഖീകരിക്കുകയാണ്. ഗവൺമെന്റ് ഈ വ്യവസായത്തെ സംരക്ഷിക്കാൻ കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്ന മുഴുവൻ തുകയും കൊടുത്തുതീർത്തുവെന്നുള്ളത് അത്യന്തം സ്വാഗതാർഹമായ കാര്യമാണ്. എം.ഡി.എ., ഐ.എസ്.എസ്., കയർപിരി സംഘങ്ങൾക്ക് 50,000/- രൂപ മുതൽ രണ്ടര ലക്ഷം രൂപ വരെയുള്ള പ്രവർത്തന മൂലധനം തുടങ്ങി

കുടിശികയെല്ലാം കൊടുത്തുതീർത്തിട്ടുണ്ട്. നമ്മുടെ ഫാക്ടറി മേഖലയിലും സൊസൈറ്റി മേഖലയിലും കയർ തൊഴിലാളികൾക്കും തൊഴിൽദിനം വളരെ കുറവാണ്. അതുകൊണ്ടുതന്നെ വരുമാനവും കുറവാണ്. ആ വരുമാനക്കുറവുകാരണം ജീവിതം ഇന്ന് വലിയ പ്രയാസത്തെ അഭിമുഖീകരിക്കുകയാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയും? ചകിരിയുടെ ഉൽപാദനം വളരെ കുറവാണ്. തൊണ്ട് സംഭരണം എങ്ങനെ കാര്യക്ഷമതയോടെ നടപ്പാക്കാൻ സാധിക്കും? ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് 100 ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു. ആ മില്ലുകളിൽ പലതും ഇന്ന് പ്രവർത്തനക്ഷമമല്ല. അതുകൊണ്ട് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ഗൗരവമായി കാണുകയും തൊണ്ട് സംഭരണം ശക്തിപ്പെടുത്തുകയും വേണം. 2017-ൽ നിർണയിച്ച കൂലിയാണ് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നത്. 240 രൂപ കൂലിയും 110 രൂപ ഇൻകം സപ്പോർട്ട് സ്കീമുകൂടി ചേർത്ത് 350 രൂപയാണ്. ഏഴുവർഷക്കാലം പിന്നിടുകയാണ്. ജീവിതചെലവ് വളരെയധികം വർധിച്ചു. കൂലിയിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. അതിനാൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം നൽകുന്ന തുക ഗണ്യമായി വർധിപ്പിച്ച് ഏറ്റവും കുറഞ്ഞത് 500 രൂപയെങ്കിലും ഈ തൊഴിലാളികൾക്ക്

കൂലിയായി നൽകാൻ കഴിയുന്ന നിലയിലേക്കുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാർ ആലോചിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയെങ്കിലും കയർ മാറ്റിങ് സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സഹായം ലഭിക്കുന്നില്ല. അക്കാര്യം ആലോചിച്ച് അടിയന്തരമായി പരിഹരിക്കേണ്ട പ്രശ്നമാണ്. കയർ ഫാക്ടറി രംഗത്ത് കൂലി പുതുക്കി നിശ്ചയിച്ചെങ്കിലും കയർ മാറ്റിങ് സംഘങ്ങളിലും വൻകിട ഫാക്ടറികളിലും ചില സ്ഥലങ്ങളിൽ ഇപ്പോഴും കൂലി വ്യവസ്ഥ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ചെറുകിട കയർ ഫാക്ടറി തൊഴിലാളികൾക്കും മറ്റിതര മേഖലകളിലെ തൊഴിലാളികൾക്കും ഈ കൂലി നൽകുന്നതിനാവശ്യമായ നടപടിയുണ്ടാകണം. കയറും കയർ ഉൽപ്പന്നങ്ങളും സംഭരിക്കാനും യഥാസമയംതന്നെ അതിന്റെ വില നൽകാനും പൊതുമേഖല സ്ഥാപനങ്ങളായ കയർ ഫെഡും കയർ കോർപ്പറേഷനുമൊക്കെ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ അവർ നൽകുന്ന ധനസഹായം കുറച്ചുകൂടി വർധിപ്പിച്ചേ മതിയാകൂ. അതോടൊപ്പം വിദേശ/സ്വദേശ മാർക്കറ്റുകളിൽ ഇടംപിടിക്കാൻ കഴിയുന്ന നിലയിൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനുള്ള നടപടി സ്വീകരിക്കണം. 2021 മുതൽ ക്ഷേമനിധിയിൽനിന്നുള്ള അംശദായം കുടിശ്ശികയായി നിൽക്കുകയാണ്.

ആയിരക്കണക്കിന് വിരമിച്ച കയർതൊഴിലാളികൾക്ക് അതിന്റെ കുടിശ്ശിക ലഭ്യാമായിട്ടില്ല. അത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു പരമ്പരാഗത വ്യവസായം എന്ന നിലയിൽ അവിടെ പണിയെടുക്കുന്ന സാധാരണക്കാരായ പതിനായിരക്കണക്കിന് വരുന്ന പാവപ്പെട്ടവരുടെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനായി സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അത് അവരുടെ വരുമാന വർധനവിലേക്കോ ജീവിതത്തിന്റെ പുരോഗതിയിലേക്കോ എത്തുന്നില്ല എന്നുള്ളത് കണ്ടുകൊണ്ടുതന്നെ സങ്കീർണ്ണമായ ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ വിനീതമായി അഭ്യർഥിക്കുകയാണ്.

(ശ്രീ. പി. രാജീവ്)

P 10-02-2025
BL-SR-1
11.50-12.00

കയർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമായ വിഷയമാണ് ആലപ്പുഴ അംഗം ശ്രീ. പി. പി. ചിത്തരഞ്ജൻ

ഇവിടെ ഉന്നയിച്ചത്. പരമ്പരാഗത വ്യവസായ മേഖല പൊതുവെ പ്രതിസന്ധി നേരിടുന്നുണ്ട്. ഒരുപക്ഷെ കയർ മേഖലയിൽ ഒരു സർക്കാർ ഇതുപോലെ ഇടപെടുന്നൊരു സാഹചര്യം ലോകത്തുതന്നെ ഉണ്ടാകില്ല. കാരണം ഗവൺമെന്റ് തന്നെ ചകിരി സംരക്ഷിക്കുന്നു, ചകിരി നിർമ്മിക്കാനാവശ്യമായ മെഷീൻ സൗജന്യമായി നൽകുന്നു, ആ ചകിരി സംഘങ്ങൾക്ക് സബ്സിഡിയായി നൽകുന്നു, സംഘങ്ങളുണ്ടാക്കുന്ന കയർ സംഭരിക്കുന്നു, ആ സംഭരിക്കുന്ന കയർ കോർപറേഷന് സബ്സിഡിയായി വീണ്ടും നൽകുന്നു, ആ കയർ ഉൽപന്നം നമ്മൾ വീണ്ടും സംഭരിക്കുന്നു, ലോകത്തിനുതന്നെ അപൂർവമായൊരു മാതൃകയാണിത്. എല്ലാക്കാലത്തും തുടരുന്നതും അതുതന്നെയാണ്. അത്തരം മാതൃകകൾക്ക് അധികകാലം നിൽക്കാൻ സാധിക്കാത്ത സാഹചര്യം ഇപ്പോൾ വന്നിട്ടുണ്ട്. ഞങ്ങൾ അധികാരമേൽക്കുമ്പോൾ 22 ഗോഡൗണുകളിലാണ് കയർ കെട്ടിക്കിടന്നിരുന്നത്. സംഭരണമുണ്ടായിരുന്നു ഉണ്ടായിരുന്നത്; വിപണനമുണ്ടായിരുന്നില്ല. ഇപ്പോൾ 20 ഗോഡൗണുകളിലെയും കയർ കിട്ടിയ കാശിന് വിറ്റഴിച്ച് രണ്ട് ഗോഡൗണുകളിലേയ്ക്ക് മാത്രമായി ചുരുക്കി. കാരണം പലതും കുറെക്കഴിയുമ്പോൾ പൊടിയാൻ തുടങ്ങും. അതുപോലെ 7 ഗോഡൗണുകളിൽ കയർ ഉൽപന്നങ്ങൾ വിൽക്കാൻ സാധിക്കാതെ

കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. അതിലിപ്പോൾ 5 ഗോഡൗണുകളിലേത് വിൽപന നടത്തി ഫ്രീ ആക്കാൻ കഴിഞ്ഞു. ഇതുകൂടാതെ 52000 ടൺ കയർ ഉൽപാദിപ്പിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 77218 ടൺ ആണ് ഉൽപാദിപ്പിച്ചത്. അതിന് മുമ്പത്തെ ഗവൺമെന്റിന്റെ കാലത്ത് 36771 ടൺ ആണ് ഉൽപാദിപ്പിച്ചിട്ടുള്ളത്. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി ചെന്നൈയിലെ ഐ.ഐ.ടി., ഐ.ഐ.എം. എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി കുറെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ ചിലത് അതുപോലെതന്നെ നടപ്പിലാക്കാൻ സാധിക്കുന്നവ അല്ലെങ്കിൽപ്പോലും നടപ്പിലാക്കാൻ സാധിക്കുന്ന ചിലതുണ്ട്. ചകിരി നിർമാണ മെഷിനറികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. മെഷീൻ ഉപയോഗിച്ച് കയർ നിർമ്മിക്കുമ്പോൾ, ശരാശരി 30 കിലോഗ്രം വരെയാണ് തൊഴിലാളികൾ നിർമ്മിക്കുന്നത്. തമിഴ്നാട്ടിൽ 200 കിലോഗ്രോംവരെയുണ്ടാകും. ആലപ്പുഴയിൽ ഒരു ക്ലസ്റ്റർ ആരംഭിച്ചപ്പോൾ 130 മുതൽ 160 കിലോഗ്രാം വരെ ഒരു തൊഴിലാളിക്ക് നിർമ്മിക്കാൻ സാധിക്കുന്നുണ്ട്. ഉൽപാദനക്ഷമത വർധിപ്പിച്ചാൽ മാത്രമെ നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കു. ബഹുമാനപ്പെട്ട

അംഗം സൂചിപ്പിച്ചതുപോലെ ഡീഫൈബറിംഗ് സൊസൈറ്റികളുടെ പ്രൊഡക്ടിവിറ്റി വളരെ കുറവാണ്. അത് നന്നാക്കാനായി എ.എം.സി. ഉൾപ്പെടെ സർക്കാർ ഏറ്റെടുത്താണ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്. മെഷീനറി കോർപ്പറേഷൻ ഇപ്പോൾ മെച്ചപ്പെട്ടിട്ടുണ്ട്. അടുത്തദിവസം വിയറ്റ്നാമിലേയ്ക്ക് ഒരു മെഷീൻ കയറ്റുമതി ചെയ്യാൻ പോകുന്നുവെന്നത് അഭിമാനകരമായ കാര്യമാണ്. ചരിത്രത്തിലാദ്യമായി കയർ കോർപറേഷനും ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡും ലാഭത്തിലായി കഴിഞ്ഞിട്ടുണ്ട്. ചകിരി ചോറിനും ചെറിയ ഫൈബറിനും വിപണി കണ്ടെത്തൽ എന്നിവയ്ക്കും ബജറ്റിൽ ചില പ്രഖ്യാപനം വന്നിട്ടുണ്ട്. അതുകൂടി ഉപയോഗിക്കാൻ ശ്രമിക്കുന്നതാണ്. കയർ മേഖലയിലെ തൊഴിലാളികളുടെ വിശദമായ സെൻസസ് നടത്തിയിട്ടുണ്ട്. ശമ്പളം ബാങ്ക് അക്കൗണ്ട് വഴി നൽകാനാണ് ഇപ്പോൾ ആലോചിക്കുന്നത്. സൊസൈറ്റികൾ, സംഘങ്ങൾ തുടങ്ങി പല ഇടനിലങ്ങളിലൂടെ പോകുന്നതുകൊണ്ട് യഥാർഥ തൊഴിലാളിക്ക് കിട്ടുന്നില്ല. ആ നടപടി സ്വീകരിക്കരുതെന്ന് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉൽപാദനക്ഷമത വിലയിരുത്തി വിതരണം ചെയ്യാൻ സർക്കാർ ധനസഹായം അങ്ങനെയാക്കണം, നഷ്ടത്തിലുള്ള സംഘങ്ങൾക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ് വേണം, ഉൽപാദനം ക്രമീകരിക്കുന്നതിന് മാർക്കറ്റ്

ട്രെൻഡ്, ഡിമാൻഡ് തുടങ്ങിയ കാര്യങ്ങൾ സ്ഥിരമായി അവലോകനം ചെയ്യാൻ സംവിധാനം വേണം, കയർ ഭ്രവസ്തുത്തിന് വിപണന സാധ്യത കൂടുതലായി കണ്ടെത്തണം എന്നിങ്ങനെയുള്ള കാര്യങ്ങളാണ് അതിലുള്ളത്. കഴിഞ്ഞ ദിവസം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരി കണ്ടപ്പോൾ ഹൈവേയിൽ കയർ ഉപയോഗിക്കുന്ന പദ്ധതി അവർ അംഗീകരിക്കുന്നുണ്ടെന്ന് അറിയാൻ സാധിച്ചു. വിതരണം ചെയ്ത മെഷീനറികൾ പൂർണതോതിൽ പ്രവർത്തിപ്പിക്കാനും അടുത്ത 5 വർഷത്തേയ്ക്ക് എല്ലാ കയർ മെഷീനുകൾക്കും എ.എം.സി. നടപ്പിലാക്കാനുമുള്ള ശ്രമം നടക്കുന്നുണ്ട്. ഇതിന്റെ 32 പരിഹാര നിർദേശങ്ങളിൽ 25 എണ്ണത്തിൽ നടപടി സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പന്റോടുകൂടി പുതിയ ഡിസൈനുകൾക്കുള്ള പരിശീലനം നൽകി അവരെ മാസ്റ്റർ ട്രെയിനേഴ്സ് ആക്കുന്നുണ്ട്. അത് പുതിയ വിപണിയിലേയ്ക്ക് എത്താൻ സഹായിക്കും. കൂലി വർധിപ്പിക്കണമെന്ന ആവശ്യം അദ്ദേഹം പറഞ്ഞിട്ടുണ്ട്. സർക്കാർ അത് പരിശോധിക്കും. ഇൻകം സപ്പോർട്ടിന് വേണ്ടി അനുവദിക്കുന്ന തുക ഉപയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം കുറവാണ്. അതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമായി ചർച്ച നടത്തുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ

പ്രശ്നവും ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്.

(ശ്രീ. കെ. എം. സച്ചിൻദേവ്)

P 10-02-2025 TB - VS(II)
12.00 - 12.10 SY

ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ ലൈഫ് ഫ്ലാറ്റ് സമുച്ചയം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കേരളത്തിലെ നിർധനരായ കുടുംബങ്ങൾക്ക് സർക്കാർ മാതൃകാപരമായാണ് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നത്. ഇതിനോടകം 12 ജില്ലകളിൽ 12 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ മന്ദൻകാവിൽ 72 കുടുംബങ്ങൾക്കായി 1.97 ഏക്കർ ഭൂമിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ അടിയന്തര പരിഗണന നൽകി

ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരളം നടപ്പാക്കിയ മാതൃകപരമായ ഈ പദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ചതുകാരണം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. നിർമ്മാണ സാമഗ്രികളുടെ വില വർധന കാരണം ഇപ്പോൾ കരാർ കമ്പനി അധിക തുക ആവശ്യപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ അടിയന്തര പരിഗണന നൽകി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ശ്രീ. എം. ബി. രാജേഷ്)

P 10.02.2025 TB - VS(II)
12.00 - 12.10

ബാലുശ്ശേരി - നടുവണ്ണൂർ മന്ദൻകാവിൽ ലൈഫ് ഫ്ലാറ്റ് സമുച്ചയം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടുമില്ലാത്ത നിർധനരായ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ഭൂമിയുള്ള കുടുംബങ്ങളുടെ പുനരധിവാസത്തെക്കാൾ ഏറെ ശ്രമകരമാണ് ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങളുടെ പുനരധിവാസം. അതുകൊണ്ടാണ് കൂടുതൽ കുടുംബങ്ങളെ കുറച്ച് സ്ഥലത്ത് പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ലൈഫ് പദ്ധതിയുടെ ഭാഗമാക്കിയത്. അതിനാൽ ഓരോ കുടുംബങ്ങൾക്കും പ്രത്യേകം പ്രത്യേകം ഭൂമി കണ്ടെത്തേണ്ട കാര്യമില്ല. കുറച്ച് ഭൂമിയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചാൽ കൂടുതൽ കുടുംബങ്ങൾക്ക് താമസസൗകര്യമൊരുക്കാൻ സാധിക്കും. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ മന്ദൻകാവ് എന്ന സ്ഥലത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 196 സെന്റ് ഭൂമിയിൽ 120 ഭവനങ്ങൾ അടങ്ങിയ ഭവനസമുച്ചയത്തിന്റെ നിർമ്മാണത്തിന് 03-07-2019-ൽ 16.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ നാല് നിലകളിൽ 36 വീടുകൾ അടങ്ങിയ രണ്ട് ഭവനസമുച്ചയങ്ങൾ ഉൾപ്പെടെ ആകെ 72 യൂണിറ്റുകൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒൻപതാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ (എസ്.എൽ.ഇ.സി.) തീരുമാനപ്രകാരം നൂതന സങ്കേതികവിദ്യയായ ലൈറ്റ് ഗേജ് സ്റ്റീൽ ഫ്രെയിമിങ് (എൽ.ജി.എസ്.എഫ്.) ടെക്നോളജിയാണ് നിർമ്മാണത്തിന്

ഉപയോഗിച്ചത്. ആദ്യഘട്ടത്തിലെ 72 ഭവനങ്ങൾ അടങ്ങിയ സമുച്ചയത്തിന്റെ നിർമ്മാണത്തിന് 9.38 കോടി രൂപയുടെ സാങ്കേതികാനുമതി ലൈഫ് മിഷൻ ടെക്നിക്കൽ കമ്മിറ്റി നൽകി. അതനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിക്ക് ടെൻഡർ ഡോക്യുമെന്റ് സമർപ്പിച്ചതനുസരിച്ച് ലൈഫ് മിഷൻ ഇ-ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏജൻസിക്ക് ടെൻഡർ അംഗീകരിച്ച് 09-12-2020-ൽ കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കാലാവധി ആറ് മാസമായിരുന്നെങ്കിലും നിർമ്മാണത്തിന്റെ ആരംഭത്തിൽ കോവിഡ് മഹാമാരി കാരണം നിർമ്മാണത്തിൽ തടസ്സം നേരിട്ടു. നിലവിൽ ഭവനസമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ഏജൻസി നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ വില വർധന കാരണം കരാറുകാർ കരാർ തുകയിൽ വർധന ആവശ്യപ്പെടുകയും ഈ വിഷയം പരിശോധിക്കുന്നതിന് 27-04-2022-ൽ സർക്കാർ ഉത്തരവുപ്രകാരം സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതി കരാറുകാരുടെ ആവശ്യം പരിശോധിച്ച് സമർപ്പിച്ച ശിപാർശകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ശ്രീ. പി. പി. സുമോദ്)

P 10.02.2025TB - VS(II)
12.00 - 12.10

## തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: സർ, എന്റെ നിയോജകമണ്ഡലമായ തരൂരിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ഈ കോളേജ് ആരംഭിച്ചത് 2018-ലാണ്. ഈ കോളേജിനായി 2020-ൽ പത്ത് കോടി രൂപ ബജറ്റിൽ വകയിരുത്തുകയുണ്ടായി. ആദ്യഘട്ടത്തിലെ സ്ഥലം ഏറ്റെടുക്കൽ നടപടികളുൾപ്പെടെ വളരെ പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിഞ്ഞു. ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന നിരവധി വിദ്യാർത്ഥികൾ ഈ കോളേജിലുണ്ടെങ്കിലും ഇപ്പോഴും തൊട്ടടുത്തുള്ള ഹയർസെക്കൻഡറി സ്കൂളിലെ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിപ്പിക്കുന്നത്. സാങ്കേതിക തടസ്സങ്ങൾ ചൂണ്ടിക്കാണിച്ച് നാളിതുവരെ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഓരോ വർഷവും ഇവിടേക്ക് വിദ്യാഭ്യാസത്തിനായി

എത്തുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർധന പരിഗണിച്ച് അടിയന്തരമായി പ്രശ്നങ്ങൾ പരിഹരിച്ച് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷത്തിന്റെ ആദ്യ പകുതിയിലെങ്കിലും ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 10.02.2025TB - VS(II)
12.00 - 12.10

## തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. പി. പി. സുമോദ്, എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സബ്മിഷനാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 2019-20 ബജറ്റിൽ പത്ത് കോടി രൂപ വകയിരുത്തിയെങ്കിലും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കാലതാമസമുണ്ടായി. ഇതേവിഷയം കഴിഞ്ഞ വർഷം നിയമസഭയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചിരുന്നു. ഭരണാനുമതി

ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമയബന്ധിതമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുമെന്നായിരുന്നു അന്ന് നൽകിയ മറുപടി. അതനുസരിച്ച് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് 28-06-2024-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിരുന്നെങ്കിലും ചില നിർദേശങ്ങളോടുകൂടി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് 31-12-2024-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം വളരെ ന്യായമാണെന്ന നിലയിൽ കണ്ടുകൊണ്ടുള്ള ഇടപെടലുകൾ പൊതുമരാമത്ത് വകുപ്പ് നടത്തുന്നതാണ്.

(ശ്രീ. അനൂപ് ജേക്കബ്)

P 10.02.2025 TB - VS(II)
12.00 - 12.10

<u>പിറവത്തെ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം, പാമ്പാക്കുട, കീച്ചേരി എന്നീ മൂന്ന് ബ്ലോക്ക് സി.എച്ച്.സി.-കളുടെയും സ്റ്റാറ്റസ് കോ നിലനിർത്തണമെന്നാണ് എനിക്ക്

ആവശ്യപ്പെടാനുള്ളത്. പാമ്പാക്കുട സി.എച്ച്.സി.-യുടെ ഭൂവിസ്തൃതി വളരെ കൂടുതലാണ്. നിലവിലുള്ള ആരോഗ്യ പ്രവർത്തനങ്ങൾ അവിടെ വളരെ കൃത്യമായി മുമ്പോട്ടുപോകുന്ന സാഹചര്യത്തിൽ ഒരു പുനർവിന്യാസം വരുമ്പോൾ നിലവിലുള്ള പ്രവർത്തനങ്ങളെ ദോഷകരമായ രീതിയിൽ ബാധിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ആ മൂന്ന് ബ്ലോക്ക് സി.എച്ച്.സി.-കളും അതേ നിലയിൽ നിലനിർത്തി മുന്നോട്ട് പോകണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഒപ്പംതന്നെ പല സി.എച്ച്.സി.-കളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ലെന്നത് ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്. 2008-ലാണ് പല ആശുപത്രികളെയും സി.എച്ച്.സി.-കളായി അപ്ഗ്രേഡ് ചെയ്തത്. അതിനുശേഷം നിലവിലും പല സി.എച്ച്.സി.-കളിലും പഴയ പി.എച്ച്.സി.-കളിലുണ്ടായിരുന്ന സ്റ്റാഫ് പാറ്റേണാണ് ഉള്ളത്. അങ്ങനെയുള്ള സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് പലപ്പോഴും ചികിത്സാ സേവനങ്ങൾ ലഭിക്കുന്നില്ലെന്ന വിഷയം നിലനിൽക്കുകയാണ്. നിലവിലെ സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേണിൽ എട്ട് ഡോക്ടർമാരും പാരമെഡിക്കൽ സ്റ്റാഫും സപ്പോർട്ടിങ് സ്റ്റാഫുമുണ്ടാകണം. മുളന്തുരുത്തി, കീച്ചേരി, രാമമംഗലം, പാമ്പാക്കുട തുടങ്ങിയവയാണ് എന്റെ മണ്ഡലത്തിലെ സി.എച്ച്.സി.-കൾ.

പ്രസ്തുത സി.എച്ച്.സി.-കളിൽ കൃത്യമായ സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതുകാരണം രോഗികൾക്ക് രാത്രിയിൽ കിടത്തി ചികിത്സ ലഭിക്കുന്നില്ല. ഡോക്ടർമാരുടെ സേവനങ്ങൾ പൂർണ്ണ തോതിൽ രോഗികൾക്ക് ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നു. ഇത് ഒരു പ്രദേശത്ത് മാത്രമല്ല കേരളത്തിലെ പല സി.എച്ച്.സി.-കളിലും ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ആവശ്യമായ സ്റ്റാഫ് പാറ്റേൺ ഇത്തരത്തിലുള്ള സി.എച്ച്.സി.-കളിൽ ലഭ്യമാക്കി പൊതുജനങ്ങൾക്ക് രാത്രികാല സേവനങ്ങൾകൂടി ഉറപ്പുവരുത്തുന്ന നടപടികളുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. എഫ്.എച്ച്.സി.-കളിലും സമാനമായ സ്ഥിതിയാണ്. രണ്ട് ഡോക്ടർമാരാണുള്ളത്. എഫ്.എച്ച്.സി.-കളിലും സ്റ്റാഫ് പാറ്റേണില്ല. സി.എച്ച്.സി.-കളിലും എഫ്.എച്ച്.സി.-കളിലും കൃത്യമായ സ്റ്റാഫ് പാറ്റേണില്ലാതെ വെറുതെ അപ്ഗ്രേഡ് ചെയ്തിട്ട് യാതൊരു പ്രയോജനവുമുണ്ടാകില്ല. സാധാരണക്കാരായ രോഗികൾക്ക് സേവനം ഉറപ്പുവരുത്തുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ബഹുമാനപ്പെട്ട മന്ത്രി പിറവം താലൂക്ക് ആശുപത്രി സന്ദർശിച്ചപ്പോൾ ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് അനുവദിക്കുമെന്ന് ഉറപ്പുനൽകിയതാണ്. അതനുസരിച്ച് ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് അനുവദിക്കണമെന്നും കൂത്താട്ടുകുളത്തും അതേ നിലയിലുള്ള ഗൈനക്കോളജി

ഡിപ്പാർട്ടുമെന്റും ഒപ്പം അതോടുചേർന്ന് കാഷ്വാലിറ്റിയുടെ പ്രവർത്തനം ആരംഭിക്കേണ്ടതിന്റെ അനിവാര്യതയും ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാട്ടുന്നു. ആവശ്യമായ ക്രമീകരണങ്ങൾ ആരോഗ്യ കേന്ദ്രങ്ങളിലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

(ശ്രീമതി വീണാ ജോർജ്)

പി. 10-02-2025 ആർ.ആർ.-വി.എസ്.-2
12.10-12.20

## പിറവത്തെ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാലാകാലങ്ങളായി ആരോഗ്യ വകുപ്പ് രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അത് ഭരണപരവും അതോടൊപ്പം പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ സംബന്ധിച്ചും അത് വളരെ പ്രധാനപ്പെട്ടതുമാണ്. അതിലൊന്ന്, റവന്യൂ ബ്ലോക്കുകളും ആരോഗ്യ ബ്ലോക്കുകളും രണ്ടായിട്ടാണ് നിലനിന്നിരുന്നത്. ഉദാഹരണത്തിന് 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്ന അവസരത്തിൽ ഭരണപരമായ കാര്യങ്ങളിൽ റവന്യൂ ബ്ലോക്കും ആരോഗ്യ ബ്ലോക്കും ഏകീകരിക്കേണ്ടത് അനിവാര്യതയായി വകുപ്പിന്റെ മുന്നിൽവന്നു.

ഇതുപോലെതന്നെ പ്രധാനപ്പെട്ട വിഷയമാണ് നഗരപ്രദേശങ്ങളെ സംബന്ധിച്ച വിഷയം. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കീഴിൽ ആരോഗ്യവകുപ്പിലെ ഹെൽത്ത് വർക്കേഴ്സല്ല പ്രവർത്തിക്കുന്നത്, പകരം തദ്ദേശസ്വയംഭരണവകുപ്പിലെ ഹെൽത്ത് വർക്കേഴ്സാണ്. വെക്ടർ കൺട്രോൾ ആക്ടിവിറ്റീസ്, കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ആരോഗ്യ പ്രവർത്തകരാണ് നിർവഹിക്കുന്നത്. ഭരണപരമായും പൊതുജനാരോഗ്യ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടും രണ്ട് പ്രധാന കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് ശ്രമിക്കുന്നത്. റവന്യൂ ബ്ലോക്കും ആരോഗ്യ ബ്ലോക്കും ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അതത് ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം സർക്കാരെടുത്തിട്ടില്ല. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിനുശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. സ്റ്റാറ്റസ് കോ നിലനിർത്തുന്ന കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അതത് ഇടങ്ങളിൽ സ്റ്റാറ്റസ് കോ നിലനിർത്തി തന്നെ മുന്നോട്ടുപോകണം. ഇതുസംബന്ധിച്ചും നാളിതുവരെ സർക്കാർ

നയപരമായ തീരുമാനം കൈക്കൊള്ളാത്തതുകൊണ്ട് സ്റ്റാറ്റസ് കോ നിലനിൽക്കുകയും ചെയ്യും.

പിറവം നിയോജകമണ്ഡലത്തിലെ ആശുപത്രികളെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ച് അടുത്തിടെയാണ് പിറവം താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്ക് നവീകരിച്ചത്. കൂടാതെ കണ്ണാശുപത്രിക്കുവേണ്ടി ഒരു കോടി രൂപ ചെലവഴിച്ച് ആധുനിക ഒഫ്താൽ തീയറ്ററും സജ്ജീകരിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മുൻകാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം സ്ഥിരമായി ഉണ്ടായിരിക്കുകയും പ്രസവം ഉൾപ്പെടെയുള്ള ചികിത്സ ചെയ്യാൻ കഴിയുന്ന സാഹചര്യവുമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ രീതികൾ മാറി. ഒരു ഡോക്ടറെക്കൊണ്ടുമാത്രം ചികിത്സ നടത്താൻ സാധിക്കാത്ത സാഹചര്യമായി. ഗൈനക്കോളജിസ്റ്റ് അല്ലാതെ എം.ബി.ബി.എസ്. ബിരുദം മാത്രമുള്ള ഡോക്ടർമാർ പ്രസവസംബന്ധമായ ചികിത്സ ചെയ്യാത്ത സ്ഥിതിയാണ്. രണ്ട് ഗൈനക്കോളജിസ്റ്റുകളും ഒരു അനസ്തേഷ്യ സ്പെഷ്യലിസ്റ്റും ഉണ്ടെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുകയുള്ളൂ എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. നിലവിൽ ആർദ്രം പദ്ധതിപ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റഡൈസേഷൻ അനുസരിച്ചുള്ള

തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പിറവം നിയോജകമണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളുണ്ട്. സർക്കാർ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പിറവം നിയോജക മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രം പരിഗണിക്കാം. നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സർക്കാർ പര്യാപ്തമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ട് ഡോക്ടർമാരെ ആരോഗ്യവകുപ്പിൽനിന്നും ഒരു ഡോക്ടറെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിയമിക്കാവുന്നതാണ്. മറ്റൊരു ആരോഗ്യ പ്രവർത്തകനേയോ/ പ്രവർത്തകയേയോ തദ്ദേശസ്വയംഭരണ വകുപ്പിന് നിയമിക്കാം. ഇത്തരത്തിൽ സ്റ്റാന്റൈഡെസേഷൻ പ്രകാരം തസ്തികകൾ നിശ്ചയിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ പിറവം നിയോജകമണ്ഡലം തീർച്ചയായും ഉൾപ്പെടും.

(മി.സ്പീക്കർ)

പി. 10-02-2025 ആർ.ആർ.-വി.എസ്.-2
12.10-12.20 SY

<u>മി. സ്പീക്കർ</u>: ഓർഡർ.. ഓർഡർ.. ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവിന് റൂൾ 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

(ശ്രീ. വി. ഡി. സതീശൻ)

പി. 10-02-2025
ആർ.ആർ.-വി.എസ്.-2
12.10-12.20

**ക്രമപ്രശ്നം**

ധനാഭ്യർത്ഥനകളിലെ വെട്ടിക്കുറയ്ക്കൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവമുള്ള ഒരു വിഷയം അങ്ങയുടെയും സഭയുടെയും മുമ്പാകെ അവതരിപ്പിക്കുകയാണ്. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ പുനഃക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതിയെയും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉദ്യോഗസ്ഥ സമിതിയെയും നിയമിച്ചു. ഇതുസംബന്ധിച്ച് 17-07-2024-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതി ക്രമീകരണം നടപ്പാക്കുന്നതിന് മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 31-08-2024-ന് മറ്റൊരു സർക്കാർ ഉത്തരവുകൂടി പുറപ്പെടുവിക്കുകയുണ്ടായി. 2024-25 സാമ്പത്തിക വർഷം പത്ത് കോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പദ്ധതികൾ ഉൾപ്പെടെ

ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ഉദ്യോഗസ്ഥ സമിതി നൽകുന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി മാറ്റിവയ്ക്കുകയോ, വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ അൻപത് ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യണമെന്നും പത്ത് കോടി രൂപയ്ക്ക് താഴെയുള്ള തുടർ പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ മൊത്തം തുകയുടെ 50 ശതമാനമായി നിജപ്പെടുത്തണമെന്നും നിർദേശിച്ചിരിക്കുന്നു എന്നാണ് ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെയും ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകുന്ന വിവിധ സ്കോളർഷിപ്പുകളുടെയും ഉൾപ്പെടെ ബജറ്റ് വിഹിതം വെട്ടിക്കുറച്ചുകൊണ്ട് വിവിധ വകുപ്പുകൾ ജനുവരി 15-നും ജനുവരി 22-നും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 10-07-2024-ൽ നിയമസഭയിൽ റൂൾ 300 പ്രകാരം നടത്തിയ പ്രസ്താവനയുടെ തുടർ നടപടിയായിട്ടാണ് പദ്ധതി വിഹിതം വെട്ടിക്കുറച്ചത്. ഇതിലെ പ്രധാനപ്പെട്ട കാര്യം, 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകൾ ഈ സഭ ചർച്ചചെയ്ത് പാസാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപ്രോപ്രിയേഷൻ ബിൽ നിയമസഭ പാസാക്കുകയും ബഹുമാനപ്പെട്ട

ഗവർണറുടെ അനുമതിയോടുകൂടി 2024 ജൂലൈ 31-ന് ആക്ടായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയമസഭ അംഗീകരിച്ച ധനാഭ്യർഥനകളിൽ വ്യത്യാസം വരുത്താനുള്ള യാതൊരു അധികാരവും എക്സിക്യൂട്ടീവിനില്ല. റൂൾ 300 പ്രകാരം നിയമസഭയിൽ പ്രസ്താവന നടത്തിയതിലൂടെ ഇത്തരത്തിലൊരു അവകാശം ഒരിക്കലും എക്സിക്യൂട്ടീവിന് ലഭിക്കില്ല. ധനാഭ്യർഥനകൾ സഭ പാസാക്കിയതിനുശേഷം ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ നിയമസഭയുടെ വോട്ട് നേടിയ ഏതെങ്കിലും ധനാഭ്യർത്ഥന, അതായത് അപ്രോപ്രിയേഷൻ സ്റ്റേജിൽപോലും ധനാഭ്യർഥന ഒഴിവാക്കുന്നതിനോ ധനാഭ്യർഥനയുടെ തുകയോ ഉദ്ദേശ്യമോ മാറ്റുന്നതിനോ സഞ്ചിതനിധിയിൽ ചാർജ് ചെയ്യപ്പെട്ടിട്ടുള്ള തുകയിൽ വ്യത്യാസം നിർദേശിക്കുന്നതിനോ ഉദ്ദേശിക്കുന്ന ഒരു ഭേദഗതി അവതരിപ്പിക്കാൻപോലും പാടില്ലെന്ന് ആർട്ടിക്കിൾ 204(2)-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഡിമാൻഡ് പാസാക്കി അപ്രോപ്രിയേഷൻ സ്റ്റേജിലും തുകയിൽ വ്യത്യാസം വരുത്താൻ സഭയ്ക്കുപോലും അധികാരമില്ല. ഇത്തരമൊരു സാഹചര്യത്തിൽ എക്സിക്യൂട്ടീവ് എങ്ങനെയാണ് ഉത്തരവിറക്കുന്നത്? Article 162: Extent of executive power of State, ഇക്കാര്യം വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഒരു ബിൽ നിയമസഭ

പാസാക്കുമ്പോൾ എക്സിക്യൂട്ടീവിന് റൂൾസ് നിർമ്മിക്കാനുള്ള എംപവർ ലെജിസ്ലേച്ചർ നൽകുകയാണ്. അതല്ലാതെ, നിയമസഭ പാസാക്കിയ ഡിമാൻഡിനും അപ്രോപ്രിയേഷനും മുകളിൽ മറ്റൊരു അധികാരവും പ്രയോഗിക്കാൻ കഴിയില്ല. So it is very clear that no executive order or Rule 300 statement can tamper with or modify the demands already passed by this legislature and duly appropriated. 17-07-2024, 31-08-2024 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾ.. It is mockering on the budget discussions and the decisions we have taken as part of the constitutional obligations.

ഒരു ഭരണഘടനാ ബാധ്യതയുടെ ഭാഗമായി നിയമസഭയെടുത്ത ഒരു തീരുമാനത്തെ ഒരു എക്സിക്യൂട്ടീവിന് എങ്ങനെയാണ് ലംഘിക്കാൻ കഴിയുന്നത്? What is the sanctity of the decisions we are taking? ഇവിടെ കൃത്യമായൊരു ലെജിസ്ലേറ്റീവ്-കോൺസ്റ്റിറ്റ്യൂഷണൽ-ബജറ്റ് പ്രോസസ്സുണ്ട്. ഇതെല്ലാം ലംഘിക്കുന്ന തരത്തിലാണ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് പദ്ധതി വിഹിതം മുഴുവൻ വെട്ടിച്ചുരുക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് കർശനമായ റൂളിങ് നൽകുകയും ടി ഉത്തരവുകൾ റദ്ദാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യണം.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

പി. 10-02-2025
ആർ.ആർ.-വി.എസ്.-2
12.10-12.20

## ധനാഭ്യർഥനകളിലെ വെട്ടിക്കുറയ്ക്കൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത്.

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ പുനഃക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ 31-08-2024-ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.76/2024/ധന ഉത്തരവിനെതിരെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ സ്പെസിഫിക്കായ ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനാ അനുച്ഛേദം 202 അനുസരിച്ച് ഗവർണർ ഓരോ സാമ്പത്തിക വർഷവും ചെലവുകളുടെ അടങ്കൽ പത്രിക സഭയ്ക്കുമുമ്പാകെ വയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് വരവ് ചെലവുകളുടെ വർഷാരംഭത്തിലുള്ള അടങ്കൽ പത്രിക മാത്രമാണ്. വരവിലോ ചെലവിലോ ഉണ്ടാകുന്ന വ്യത്യാസം ഇതിനെ ബാധിക്കില്ല. തൊട്ടടുത്ത സാമ്പത്തിക

വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് വഴി അതിനെ ക്രമവൽക്കരിക്കുകയാണ് സാധാരണ ചെയ്യുന്നത്. സാധാരണഗതിയിൽ അത് നമ്മുടെ ബജറ്റ് പ്രോസസ്സിൽ ഉൾപ്പെടുന്നതാണ്. ഭരണഘടനാ അനുച്ഛേദം 203 പ്രകാരം സഞ്ചിതനിധിയിൽനിന്നും നടത്തേണ്ട ചെലവുകൾ സംബന്ധിച്ച് അനുച്ഛേദം 204 പ്രകാരമാണ് ധനവിനിയോഗ ബില്ലുകൾ പാസ്സാക്കുന്നത്. അപ്രകാരം സഭ അനുവദിക്കാത്ത ഒരു ചെലവും സഞ്ചിതനിധിയിൽനിന്നും നടത്തപ്പെടാൻ പാടുള്ളതല്ല. കൂടാതെ അനുച്ഛേദം 205 പ്രകാരം അനുപൂരകവും കൂടുതലായിട്ടുള്ളതുമായ അധിക ചെലവിലുള്ളതുമായ സഹായധനങ്ങളും അനുവദിക്കാവുന്നതാണ്. അവ പിന്നീട് ധനവിനിയോഗ ബിൽ വഴി ക്രമപ്പെടുത്തുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തിന്റെ വരവ് അനുസരിച്ചാണ് ചെലവ് സംബന്ധിച്ച വ്യവസ്ഥയും ഉൾപ്പെടുത്തുന്നത്. വരവിലുണ്ടാകാവുന്ന വ്യതിയാനങ്ങൾ പലപ്പോഴും ചെലവിനെ ബാധിക്കാറുണ്ട്. ഇതൊരു എസ്റ്റിമേറ്റഡ് എക്സ്പെൻഡിച്ചർ എന്നതിനാൽ അന്തിമമാണെന്ന് കരുതാനാകില്ല. കോവിഡ് ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ കാരണം വരുമാനത്തിൽ കുറവും പ്രളയവും പ്രകൃതിക്ഷോഭവുംമൂലം ചെലവിൽ വ്യത്യാസങ്ങളുണ്ടാകാറുണ്ട്. ഇവ പിന്നീട് ക്രമപ്പെടുത്തുകയാണ് ചെയ്യുന്നത്. കേന്ദ്രസർക്കാരിന്റെ നിയന്ത്രണങ്ങൾ കാരണം ബജറ്റിൽ പ്രതീക്ഷിച്ച

കടമെടുപ്പ് പരിധിയിൽ വല്ലാതെ കുറവ് വരുന്നുണ്ട്. ഇത് ചെലവ് ചെയ്യാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും കുറച്ചുകാണിക്കുന്നുണ്ട്. ഇത് എല്ലാ സംസ്ഥാനങ്ങളും ചെയ്തുവരുന്നതാണ്. ഭരണഘടനാ അനുച്ഛേദം 367 പ്രകാരം ഭരണഘടന വ്യാഖ്യാനിക്കുന്നതിന്, 1897-ലെ ജനറൽ ക്ലോസസ് ആക്റ്റാണ് ബാധകം. 1897-ലെ പ്രസ്തുത ആക്റ്റിന്റെ 21-ാം വകുപ്പ് പ്രകാരം ഒരു പ്രവൃത്തി ചെയ്യാൻ അധികാരം നൽകുന്നിടത്ത്, പ്രസ്തുത പ്രവൃത്തിയിൽ വ്യത്യാസം വരുത്താനോ റദ്ദാക്കാനോ ഉള്ള അധികാരവും ഉൾപ്പെടുന്നു. അപ്രകാരം, ഭരണഘടനാ അനുച്ഛേദം 205 പ്രകാരം അധികചെലവിനുള്ള ബിൽ കൊണ്ടുവരാവുന്നതിന് വ്യവസ്ഥ ചെയ്യുന്ന സാഹചര്യത്തിൽ, അനുവദിക്കപ്പെട്ട വ്യവസ്ഥകളിൽ വ്യത്യാസം വരുത്താവുന്നതാണെന്നും അനുമാനിക്കാവുന്നതാണ്. മുമ്പും ഇപ്രകാരം ചെയ്തിട്ടുള്ളതാണ്. അത് പുതുക്കിയ എസ്റ്റിമേറ്റ് വഴി ക്രമവൽകരിക്കുകയും ചെയ്യാവുന്നതാണ്. ചെയ്തിട്ടുള്ളതുമാണ്. യു.ഡി.എഫ്. ഭരണകാലത്തിൽ 2004-05-ലെ വാർഷിക പദ്ധതിയിൽ പൊതുവിൽ 15 ശതമാനം വെട്ടിക്കുറവ് വരുത്തി, 24-12-2004-ൽ സ.ഉ.(അച്ചടി) നം.നമ്പർ 598/2004/ധന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. ഇത്തരം കാര്യങ്ങൾ മുമ്പും ചെയ്തിരുന്നതാണ്. 31-08-2024-ൽ പുറപ്പെടുവിച്ച സ.ഉ.

(അച്ചടി)നം.76/2024/ധന ഉത്തരവും അതിനനുബന്ധമായി വിവിധ വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ക്രമപ്രകാരമാണെന്ന് സഭയെ അറിയിക്കുന്നു.

പ്ലാൻസ്പേസിന്റെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ പദ്ധതി വിഹിതത്തിൽ, നാളിതുവരെ 63 ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. പ്രസ്തുത ക്രമപ്രശ്നത്തിന്മേൽ ഇത്രയും കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ക്രമപ്രശ്നമെന്ന നിലയിൽ, ഭരണഘടനാ വിരുദ്ധമായി ഒരുകാര്യം ചെയ്തിട്ടുണ്ടെന്ന തരത്തിൽ നോക്കിക്കാണരുതെന്നാണ് സൂചിപ്പിക്കാനുള്ളത്.

(ക്രമപ്രശ്നം തുടരും.......ശ്രീ. വി. ഡി. സതീശൻ)

P.- 10.02.2025

12.20-12.30-KA/VS (1)

(ക്രമപ്രശ്നം ......തുടർച്ച)

ശ്രീ. വി. ഡി. സതീശൻ: സർ, സപ്ലിമെന്ററി ഗ്രാന്റും അഡീഷണൽ ഗ്രാന്റും എക്സസ് ഗ്രാന്റും അനുവദിക്കാൻ വോട്ട് ഓൺ അക്കൗണ്ടിൽ പ്രൊവിഷനുണ്ട്. അതാണ് ആർട്ടിക്കിൾ 205-ഉം 206-ഉം പ്രതിപാദിക്കുന്നത്. കോൺസ്റ്റിറ്റ്യൂഷൻ സെപ്പറേറ്റ് പ്രൊവിഷൻ, പർട്ടിക്കുലർ പ്രൊവിഷൻ അഡീഷണൽ ഗ്രാന്റിനുവേണ്ടി 205-ഉം 206-ഉം കൊടുത്തിരിക്കുകയാണ്. അതിനെ എങ്ങനെയാണ് വെട്ടിക്കുറയ്ക്കാനുള്ള അനുമതിയാണെന്ന് വ്യാഖ്യാനിക്കാൻ കഴിയുന്നത്. അത് പ്രത്യേകമായ അനുമതിയാണ്. അതില്ലെങ്കിൽ അതും ചെയ്യാൻ കഴിയില്ലായിരുന്നു. അതുള്ളതുകൊണ്ടാണ് സപ്ലിമെന്ററി ഗ്രാന്റ് അവതരിപ്പിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ വാദം നിലനിൽക്കുന്നതല്ല. പണ്ട് ഒരു തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അത് ഇപ്പോൾ ആവർത്തിക്കാനുള്ളതാണോ? നമ്മുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ചൂണ്ടിക്കാണിച്ചതാണ്.

(റൂളിംഗ്)

P.- 10.02.2025 KA/VS (1)

12.20-12.30

റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... 2024-2025 വർഷത്തെ ബജറ്റിലെ ധനാഭ്യർഥനകളെ സഭ ചർച്ച ചെയ്ത് പാസാക്കുകയും അതിന്റെയടിസ്ഥാനത്തിൽ ധനവിനിയോഗ നിയമം (Appropriation Act) പാസാക്കുകയും ചെയ്തതിനുശേഷം പ്രസ്തുത നിയമപ്രകാരം അനുവദിക്കപ്പെട്ട തുകകളിൽ വെട്ടിക്കുറവ് വരുത്തുന്ന തരത്തിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച നടപടി ഭരണഘടനാ വ്യവസ്ഥകളുടെയും നിയമസഭ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ആയത് പുന:പരിശോധിക്കാൻ നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച കാര്യങ്ങൾ ഇവിടെ വിശദീകരിക്കുകയുണ്ടായി. ധനവിനിയോഗവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളും നമ്മുടെ സഭാ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. സമാനസ്വഭാവമുള്ള ഒരു ക്രമപ്രശ്നം 1987 ഡിസംബർ 2-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ അതിന്

ചെയറിൽനിന്നും വ്യക്തമായ റൂളിങ് നൽകിയിട്ടുമുണ്ട്. അതുപ്രകാരം അപ്രോപ്രിയേഷൻ ആക്റ്റിലൂടെ ഓരോ ഡിമാൻഡിൽനിന്നും ചെലവാകുന്ന പരമാവധി തുകയാണ് സഭ നിശ്ചയിച്ച് അംഗീകാരം നൽകിയിരിക്കുന്നത്. ആ പരിധി ലംഘിക്കുന്നതിന് സർക്കാരിന് അധികാരമില്ല. ഏതെങ്കിലും സാഹചര്യത്തിൽ അധികതുക ചെലവഴിക്കപ്പെട്ടാൽ അതിന് അധിക ധനാഭ്യർത്ഥനയിലൂടെ സഭയുടെ അനുമതി ലഭ്യമാവേണ്ടതുണ്ട്. ഇവിടെ ധനവിനിയോഗ നിയമത്തിലൂടെ സഭ അനുവദിച്ച തുകയിൽ കുറവുവരുത്തിയത് സംബന്ധിച്ച കാര്യമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. വേയ്സ് ആൻഡ് മീൻസ് നില കണക്കിലെടുത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ ഗണത്തിൽപ്പെടുന്നവയാണ് ഇവിടെ പരാമർശിക്കപ്പെട്ട ഉത്തരവുകൾ എന്നാണ് ചെയർ കാണുന്നത്. മുൻ കാലങ്ങളിലും ഇത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. ഇത് ഭരണഘടനാ വ്യവസ്ഥകളുടേയോ സഭയുടെ അവകാശങ്ങളുടേയോ ലംഘനമായി കാണാനാവില്ല. അതുകൊണ്ടുതന്നെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

(ധനകാര്യം)

P.- 10.02.2025 KA/VS (1)

12.20-12.30

**ധനകാര്യം**

## 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുന്നു. ഒരു രാഷ്ട്രമോ സർക്കാരോ മുൻഗണന നൽകുന്ന മൂല്യങ്ങൾ എന്താണെന്നറിയാൻ ആ സർക്കാരിന്റെ ബജറ്റ് പരിശോധിച്ചാൽ മതിയാകും. ബജറ്റ് എന്നത് കേവലം വരവുചെലവ് കണക്കുകളല്ല. അത് സമൂഹനിർമ്മിതിയുടെ അവസരങ്ങളുടെയും അവകാശങ്ങളുടെയും നീതിപൂർവമായ വിതരണത്തിന്റെ ഉപാധിയാണ്. കഴിഞ്ഞ ഏഴുപതിറ്റാണ്ടുകളുടെ കേരളത്തിന്റെ നിയമനിർമ്മാണ സഭയുടെ സാമ്പത്തികവും നിയമപരവുമായിട്ടുള്ള ഇടപെടലുകൾ ഇത് വ്യക്തമാക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിനെ സാമ്പത്തികമായി ഞെക്കിഞെരുക്കി ശ്വാസം മുട്ടിച്ച് ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ ശ്രമങ്ങളെ അതിജീവിച്ചുകൊണ്ട് നമ്മുടെ കൊച്ചുകേരളം ഇവിടെയുള്ള മുഴുവൻ ജനങ്ങളെയും സംരക്ഷിച്ച് നിർത്തുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബജറ്റിലൂടെ

സ്വീകരിച്ചിരിക്കുന്നതെന്ന് ഞാൻ അഭിമാനപൂർവം പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ബജറ്റിന്റെ ചർച്ചയിൽ ശ്രദ്ധിക്കാൻ അവസരം കൊടുക്കാതെ രണ്ട് എം.എൽ.എ. മാർ അദ്ദേഹത്തെ തടസ്സപ്പെടുത്തുന്നുവെന്നുള്ളത് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഡെപ്യൂട്ടി സ്പീക്കർക്ക് വർഷത്തിൽ ഒരു പ്രാവശ്യമേ സംസാരിക്കാൻ അവസരമുള്ളൂ. അതുകൊണ്ട് അതിന് തടസമുണ്ടാക്കരുത് എന്നാണ് അഭ്യർഥിക്കാനുള്ളത്.

കേരളത്തെയും രാജ്യത്തെയും ഞെട്ടിച്ച സംഭവമാണ് വയനാട്-മുണ്ടക്കൈ-ചൂരൽമലയിലുണ്ടായത്. ആ ദുരന്തത്തിൽ 254 പേർക്കാണ് ജീവൻ നഷ്ടമായത്. ആ ദുരന്തത്തിൽ കാണാതായ 44 പേരെ ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 2007 വീടുകൾ പൂർണ്ണമായും തകരുകയും 1000 കണക്കിന് ആളുകളുടെ ജീവനോപാധികൾ നഷ്ടമാകുകയും ചെയ്തു. ഈ ദുരന്തത്തിലൂടെ 1202 കോടി രൂപയുടെ നഷ്ടമുണ്ടായി. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും അവിടെ ദുരന്തമുണ്ടായപ്പോൾ അവിടെ ഓടിയെത്തി. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും അവിടെ കേന്ദ്രീകരിച്ചുനിന്ന് ആളുകളെ സഹായിക്കാനും

സംരക്ഷിക്കാനും ആ ദുരന്തമുഖത്ത് രക്ഷാപ്രവർത്തനം നടത്താനും നിന്നുവെന്നത് നമ്മളെല്ലാവരും കണ്ടതാണ്. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുജനങ്ങളെയും സർവസ്വവും നഷ്ടപ്പെട്ടവരെയും ആശ്വസിപ്പിക്കാൻ കേരളത്തിലെ ജനങ്ങൾ ഗവൺമെന്റിനൊപ്പം ഉണ്ടായിരുന്നു. വീടുകൾ നഷ്ടപ്പെട്ടവരെ മാറ്റിപാർപ്പിക്കാനും അവർക്ക് വീട് കണ്ടെത്തി നൽകാനും ഓരോ മാസവും ആ വീടുകളുടെ വാടക കൊടുക്കാനും അതോടൊപ്പം പതിനായിരം രൂപ ആശ്വാസമെന്നുള്ള നിലയിൽ ഓരോ കുടുംബത്തിനും കൊടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. പുനരധിവാസത്തിന് 2221.10 കോടി രൂപ വേണമെന്ന് നമ്മൾ കണക്കാക്കി. അതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. അതുമാത്രമല്ല, ഈ ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. പക്ഷേ എന്താണ് സംഭവിച്ചത്? ദുരന്തമുണ്ടായി മാസങ്ങൾക്കുശേഷം ആ ദുരന്തമുഖത്തേക്ക് നമ്മുടെ പ്രധാനമന്ത്രി ബഹുമാനപ്പെട്ട നരേന്ദ്രമോദി എത്തുകയുണ്ടായി. അതോടൊപ്പം നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉണ്ടായിരുന്നു. ദുരന്തസ്ഥലം സന്ദർശിച്ചതിനുശേഷം പ്രധാനമന്ത്രി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഒരു കുട്ടിയെ കാണാൻ പോയി. ആ

കുട്ടിയുടെ അടുത്തുചെന്ന് അദ്ദേഹം എന്തൊക്കെയോ സംസാരിച്ചു. പ്രധാനമന്ത്രി പറഞ്ഞത് കുട്ടിക്കും കുട്ടി പറഞ്ഞത് പ്രധാനമന്ത്രിക്കും മനസ്സിലായില്ല. എന്നിട്ട് അദ്ദേഹം കുട്ടിക്കൊരു മുത്തം കൊടുത്തു. ആ സമയം എല്ലാവരും ആശ്വസിച്ചു. അദ്ദേഹം തിരിച്ച് ഡൽഹിയിലെത്തുമ്പോൾ നമുക്ക് വേണ്ടുന്ന സഹായം നൽകുമെന്ന് പ്രതീക്ഷിച്ചു. കേരള ബജറ്റിന് തൊട്ടുമുമ്പ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചു. കേന്ദ്ര ബജറ്റിൽ വയനാടിന് പ്രത്യേക പാക്കേജ് അനുവദിക്കുമെന്ന് നാം പ്രതീക്ഷിച്ചു. കേന്ദ്രം വയനാടിന് പ്രത്യേക പാക്കേജ് അനുവദിച്ചില്ലെന്ന് മാത്രമല്ല, കേരളത്തെ പൂർണ്ണമായും അവഗണിക്കുകയും ചെയ്തു. വയനാടിലെ ജനങ്ങളെ കണ്ടില്ലെന്ന് നടിച്ചു. ഒരു കുട്ടിക്ക് കൊടുത്ത മുത്തമല്ലാതെ വയനാടിലെ ജനങ്ങൾക്കും കേരളത്തിനും ഈ ബജറ്റിലൂടെ യാതൊന്നും നൽകാൻ ബി.ജി.പി. സർക്കാർ തയ്യാറായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആ പ്രദേശത്തെ ജനങ്ങളെ സംരക്ഷിക്കാൻ അവിടെ പ്രത്യേക ടൗൺഷിപ്പ് നിർമ്മിച്ച് അവിടെ വീടുകൾ നിർമ്മിച്ച് നൽകി അവിടെയുള്ള ജനങ്ങളെ സംരക്ഷിക്കാൻ തീരുമാനിച്ചു. അതിനായി ഈ ബജറ്റിൽ 750 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത്. സർ, കേരളം കേന്ദ്രത്തിന് അടിമയല്ല. കേന്ദ്രം തന്നില്ലെങ്കിലും കേരളം സ്വന്തം

നിലയിൽ വയനാടിലെ ജനങ്ങളെ സംരക്ഷിക്കുമെന്നുള്ള ഉറപ്പാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിലൂടെ നമുക്ക് കാണിച്ച് തന്നിട്ടുള്ളത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കേരളത്തോട് മാത്രമല്ല, പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോടെല്ലാം പക്ഷപാതപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. "കേരളം വികസനത്തിൽ പിന്നിലാണെന്ന് പറഞ്ഞ് ധനകാര്യ കമ്മീഷനെ സമീപിച്ചാൽ ഞങ്ങൾ പണം തരാം" എന്നാണ് ഒരു കേന്ദ്ര സഹമന്ത്രി പറഞ്ഞത്. ആ മന്ത്രിയോടും കേന്ദ്രത്തോടും എനിക്ക് പറയാനുള്ളത് "ഇത് യു.പി. യോ, ഗുജറാത്തോ അല്ല ഇത് കേരളമാണ്. ചുവന്ന കേരളം ഇവിടെ ഭരിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടുന്ന ഇടതുപക്ഷമാണ്" എന്നാണ്. വികസിത രാജ്യങ്ങളെപ്പോലും അതിശയിപ്പിക്കുന്ന നേട്ടങ്ങളാണ് എല്ലാ മേഖലയിലും നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. മറ്റൊരു സംസ്ഥാനത്തിനും കൈവരിക്കാൻ കഴിയാത്ത നേട്ടങ്ങളുടെ നെറുകയിലാണ് കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സമഗ്രവികസനത്തിനും കേരളത്തിനൊപ്പം എത്താൻ മറ്റു സംസ്ഥാനങ്ങൾക്ക് ബഹുദൂരം ഇനിയും സഞ്ചരിക്കേണ്ടതുണ്ട്. ലോകരാജ്യങ്ങൾ ഇന്ത്യയിൽ ആദ്യം പരിഗണിക്കുന്ന സംസ്ഥാനമാണ്

കേരളം. അതിന്റെ തുടർച്ചയായിട്ടുള്ള പുതിയകാല വികസന പദ്ധതിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് കേന്ദ്ര സഹമന്ത്രി ശ്രീ. ജോർജ് കുര്യനും ബി.ജെ.പി.-യും സ്വപ്നത്തിൽ വിചാരിച്ചാൽപോലും കേരളം പുറകോട്ട് പോകില്ല. കേരളം മുന്നോട്ടുതന്നെ പോകും. കേരളത്തിൽ ഇടതുപക്ഷമാണ് അധികാരത്തിലിരിക്കുന്നതെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

(ശ്രീ. ചിറ്റയം ഗോപകുമാർ...... തുടരും)

P 10-02-2025-NR/AN (2)-LV
12.30-12.40

(ശ്രീ. ചിറ്റയം ഗോപകുമാർ തുടർച്ച...)

അർഹതപ്പെട്ട നികുതി വിഹിതം നൽകാതെ, വായ്പാ പരിധി ചുരുക്കി, ദുരന്തനിവാരണത്തിന് സഹായം നൽകാതെ ദ്രോഹിക്കുന്ന സമീപനമാണ് ബി.ജെ.പി. സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനുള്ളിൽ 18,000 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ട കേരളത്തിന് കേവലം 3,000 കോടി രൂപയുടെ സഹായം മാത്രമാണ് ലഭിച്ചത്. ഈ കണക്കുകൾ ഞെട്ടിക്കുന്നതാണ്. സംസ്ഥാനങ്ങളുടെ പദ്ധതികൾക്ക് കേന്ദ്രം ഗ്രാന്റായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട്

കേരളം പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് മാത്രമല്ല, പദ്ധതിയുടെ ലാഭവിഹിതവും വേണമെന്ന വിചിത്രമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിലൊന്നും കേരളം തളരില്ല. വിഴിഞ്ഞം കേരളത്തിന്റെ സാമ്പത്തിക വികസന എഞ്ചിനാകുമെന്ന് ഉറപ്പുവരുത്തുന്ന പദ്ധതികളാണ് സംസ്ഥാന ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ ഇടനാഴിക്ക് കിഫ്ബി വഴി ആയിരം കോടി രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വിഴിഞ്ഞം വികസനത്തിനൊപ്പം കോവളത്തിനും ബേക്കലിനുമിടയിലുള്ള ഉൾനാടൻ ജലപാതയുടെ സമ്പൂർണ്ണ പുനരുജ്ജീവനവും വികസന പ്രവർത്തനങ്ങൾക്കായി അഞ്ഞൂറ് കോടി രൂപയും ഈ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കേരളത്തിന്റെ വികസന പ്രക്രിയയിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രത്യേകതയാണ് ഈ ബജറ്റിലൂടെ ചൂണ്ടികാണിക്കപ്പെടുന്നത്. ഒട്ടേറെ പ്രതിസന്ധികൾക്കിടയിലൂടെയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. ഫെഡറലിസത്തിന്റെ അടിസ്ഥാനനയംപോലും കാറ്റിൽ പറത്തി സംസ്ഥാനത്തിന്റെ അവകാശങ്ങൾ നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന മധ്യവർഗ്ഗ ജനതയുടെ ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകുന്ന കേരള സർക്കാർ നയം,

പുതുമുതലാളിത്തത്തിന്റെ വക്താക്കളെ വിരളി പിടിപ്പിക്കുന്നുവെന്നാണ് നാം കാണേണ്ടത്. ഈ അസഹിഷ്ണുത അസത്യപ്രചാരണങ്ങളായി മാധ്യമങ്ങളിലൂടെയും മറ്റും പ്രതിഫലിപ്പിക്കുന്നു. കേരളത്തിൽ ഇന്ന് യുവാക്കൾ നാടുവിടുന്നുവെന്ന മട്ടിലുള്ള പ്രചരണം നടക്കുകയാണ്. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ ഊന്നിയ ജ്ഞാനാധിഷ്ഠിത ക്ഷേമസമൂഹത്തെ നയിക്കാൻ കേരളത്തെ പരിവർത്തിപ്പിക്കുന്നതിന് ഇടതുപക്ഷ സർക്കാർ നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൊല്ലത്തും കൊട്ടാരക്കരയിലും കണ്ണൂരിലും പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം ഈ ബജറ്റിന്റെ പ്രത്യേകതയാണ്. കിഫ്ബി വിഭാവന ചെയ്യുന്ന റവന്യൂ ജനറേറ്റിങ് പദ്ധതിയുടെ ഭാഗമായാണ് ഇവ പ്രഖ്യാപിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് 2023-2024 വർഷത്തെ റിപ്പോർട്ടിൽ ഗ്രാമീണ മേഖലയിൽ തൊഴിലാളിക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനം കേരളമാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് ആയിരക്കണക്കിന് ചെറുപ്പക്കാരാണ് തൊഴിൽതേടി നമ്മുടെ നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുന്നത്. അവരുടെ നാട്ടിൽ അവർക്ക് മതിയായ വേതനം ലഭിക്കാത്തതുകൊണ്ടാണ് കേരളം അവരുടെ തൊഴിലിടമായി കാണുന്നത്. ഇവിടെ തൊഴിൽ സുരക്ഷ ഉറപ്പാണ്.

അതിതീവ്ര സാമ്പത്തിക പ്രതിസന്ധിയുടെ കാലം നമ്മൾ അതിജീവിച്ചുകഴിഞ്ഞുവെന്ന് ഈ ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുന്നുണ്ട്. 1957-ൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മുതൽ പിന്നീട് ഇങ്ങോട്ടുവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളും പുരോഗമന സർക്കാരുകളും കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയിൽ അവരുടെതായ പങ്ക് വഹിച്ചിട്ടുണ്ട്. കർഷക തൊഴിലാളികൾക്ക് ഉയർന്ന വേതനമായ 807.02 രൂപ കൊടുക്കുന്ന സംസ്ഥാനം കേരളമാണ്. ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വേതനം ഇതിന്റെ മൂന്നിലൊന്നാണെന്ന് നാം ഓർക്കേണ്ടതുണ്ട്. കാർഷികേതര ജോലികളുടെ അവസ്ഥയും വ്യത്യസ്തമല്ല. കേരളത്തിൽ 735 രൂപ കിട്ടുമ്പോൾ, 262/-, 285/- എന്നീ ക്രമത്തിലാണ് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് കിട്ടുന്ന വേതനം. സംസ്ഥാന സർക്കാരിന്റെ കരുതലും തൊഴിലാളി സംഘടനകളുടെ കരുത്തുമാണ് കേരളത്തിൽ ഉയർന്ന വേതനത്തിന്റെ അടിസ്ഥാനം. **ക്ഷേമപെൻഷന് 131.40 കോടി രൂപയും** തൊഴിലും തൊഴിലാളിക്ഷേമവുമെന്ന മേഖലയ്ക്കായി 538.44 കോടി രൂപയും കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അധികമായി 20 കോടി

രൂപയും  നീക്കിവച്ചതിൽ അങ്ങയെ അഭിനന്ദിക്കുന്നു. എന്നാൽ കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് അവരുടെ ആനുകൂല്യ കുടിശ്ശിക കൊടുക്കാൻ മാത്രം 540 കോടി രൂപ വേണം. ഇതുസംബന്ധിച്ച് കേരള സ്റ്റേറ്റ് കർഷകതൊഴിലാളി ഫെഡറേഷൻ അങ്ങേയ്ക്കും തൊഴിൽ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്.  സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും അടിസ്ഥാന ജനവിഭാഗം എന്ന നിലയിൽ കർഷക തൊഴിലാളിക്ക് മുൻഗണന നൽകി, ടി കുടിശ്ശിക ആനുകൂല്യം കൊടുക്കാൻ ആവശ്യമായിട്ടുള്ള ഒരു നടപടി അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും മഹാത്മ അയ്യങ്കാളിയും കുമാരഗുരുദേവനും പണ്ഡിറ്റ് കറുപ്പനും ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ വിഭാവനം ചെയ്ത അസമത്വമില്ലാത്ത, ജാതീയ വേർതിരിവില്ലാത്ത നവകേരള സൃഷ്ടിക്കായി അക്ഷീണം പ്രയത്നിക്കുന്ന ഒരു സർക്കാരാണ് കേരളം ഇന്ന് ഭരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക മേഖലയിൽ ശാശ്വതമായ പുരോഗതിക്കും മുന്നേറ്റത്തിനും വിദ്യാഭ്യാസത്തിനും മതിയായ പങ്കുണ്ടെന്ന് മനസ്സിലാക്കുന്ന സംസ്ഥാന സർക്കാർ ഓരോ വിദ്യാർഥിയുടെയും പഠനപുരോഗതിയെ ലക്ഷ്യമിട്ടുകൊണ്ട് നാൽപ്പതിനായിരം പഠനമുറികളും മുന്നൂറ്റി അറുപത്തിയൊന്ന് സാമൂഹ്യ പഠന

മുറികളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 12500 വീടുകളും അംബേദ്കർ ഗ്രാമവികസന പദ്ധതികളും ഇവിടെ നടപ്പാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഓഫ് കേരള ‘ UNNATHI SCHOLARSHIP FOR OVERSEAS STUDIES’ എന്ന പേരിൽ നടപ്പാക്കിയ പദ്ധതി പ്രകാരം 820 പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ പൂർണ്ണമായും സ്കോളർഷിപ്പോടെ ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചു. നിരവധി പദ്ധതികളാണ് ഈ മേഖലയിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഇനിയും ചില കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. ടി മേഖലയിൽ എസ്.സി./എസ്.ടി. വിദ്യാർഥികളുടെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വർധിപ്പിക്കണം. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഫീസ് ആനുകൂല്യം കൃത്യമായി കൊടുക്കാൻ ഇനിയും കഴിയണം. കൃത്യസമയത്ത് ഫീസ് നൽകാത്തതുകൊണ്ട് അവർക്ക് ഉന്നതവിദ്യാഭ്യാസം മുടങ്ങുന്ന സാഹചര്യമുണ്ട്. സർട്ടിഫിക്കറ്റ് ലഭിക്കാത്ത അവസ്ഥയുണ്ട്. പട്ടികജാതി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഇപ്പോൾ എല്ലാ ജില്ലയിലും ഒരു ഓഫീസാണുള്ളത്. അതുകൊണ്ട് ദൂരസ്ഥലങ്ങളിലുള്ളവർക്ക് ഇവിടെയെത്തി അപേക്ഷ നൽകാനോ വായ്പ തരപ്പെടുത്താനോ കഴിയാത്ത

അവസ്ഥയുണ്ട്. ഇപ്പോൾ മൂന്ന് സബ്സെന്ററുകളാണുള്ളത്. എന്റെ നിർദേശം പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എല്ലാ താലൂക്കുകളിലും പ്രത്യേക സബ്ഓഫീസുകൾ അനുവദിച്ചുകൊണ്ട് ആ മേഖലയിൽ കൂടുതൽ വികസനമെത്തിക്കാനുള്ള പരിശ്രമം നടത്തണം. വണ്ടൂരും കിളിമാനൂരും ചേലക്കരയിലുമാണ് സബ്ഓഫീസുകളുള്ളത്. അതോടൊപ്പംതന്നെ പട്ടികജാതി വികസന കോർപ്പറേഷന് പ്ലാൻ ഫണ്ടിനത്തിൽ അമ്പതുകോടി രൂപയാണ് വകയിരുത്തേണ്ടത്. അതിൽ ഇരുപത്തിനാലര ശതമാനം കേന്ദ്ര ഗവൺമെന്റും ഇരുപത്തിഅഞ്ചര ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് നൽകേണ്ടത്. പക്ഷേ, അതിപ്പോൾ നൽകുന്നില്ല. അടിയന്തരമായി ഗവൺമെന്റ് ആ വിഷയത്തിൽ ശ്രദ്ധിക്കണം. പട്ടികജാതി വികസന വകുപ്പിന് അങ്ങ് പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയിൽനിന്ന് നൂറ് കോടി രൂപ കോർപ്പറേഷന് കൊടുത്താൽ, ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുമെന്നാണ് എന്റെ പ്രതീക്ഷ. അതോടൊപ്പംതന്നെ പട്ടികജാതി വികസന കോർപ്പറേഷൻ ജീവനക്കാരുടെ പ്രശ്നങ്ങൾ, അവരുടെ സേവന-വേതന വ്യവസ്ഥകൾ അതുമായി ബന്ധപ്പെട്ട് ഒരു നിവേദനം ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിക്ക് നൽകിയിട്ടുണ്ട്. ആ

വിഷയത്തിൽ അടിയന്തരമായി ഇടപെടണം. ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. അർഹതപ്പെട്ട ശമ്പളം അവർക്ക് നൽകണം. അസിസ്റ്റന്റ് തസ്തികയിലേക്ക് ഡിഗ്രി യോഗ്യതയുള്ള ജീവനക്കാരെ നിയമിച്ചിട്ടും ആവശ്യമായ ശമ്പളം കിട്ടുന്നില്ലെന്ന വിഷയമുണ്ട്.

രാജ്യത്തിന് മാതൃകയായ ഭൂപരിഷ്കരണ നിയമം നടപ്പാക്കിയ കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം നടപ്പാക്കുന്ന ലക്ഷ്യമാണ് റവന്യൂ വകുപ്പ് സംസ്ഥാനത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് 180887 പേർക്കാണ് പട്ടയം കൊടുത്തിട്ടുള്ളത്. അതോടൊപ്പംതന്നെ ഡിജിറ്റൽ സർവേ നടത്തികൊണ്ട് എല്ലാവരുടെയും ഭൂരേഖകൾ കൃത്യമായും സുതാര്യമായും ലഭിക്കാൻ കഴിയുന്ന നടപടികളുമായി മുന്നോട്ടുപോയ്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ഇ.സി.-യുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ പറഞ്ഞതിനൊപ്പം ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ ഇപ്പോൾ കെ.എസ്.ആർ.ഇ.സി. റിപ്പോർട്ടിനുവേണ്ടി കാത്തുകിടക്കുകയാണ്. അവിടെ ഉദ്യോഗസ്ഥന്മാരുടെ കുറവുണ്ട്, അവർക്കാവശ്യമായ പണമില്ലാത്ത അവസ്ഥയുണ്ട്. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട്

ആവശ്യമായ പണം അനുവദിച്ചും ജീവനക്കാരെ നിയമിച്ചും കെ.എസ്.ആർ.ഇ.സി. റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കി ഭൂമി തരമാറ്റൽ നടപടി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യരംഗത്ത് ഏറെ മെച്ചപ്പെട്ട നിലയിൽ നമ്മൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നാഷണൽ ഹെൽത്ത് മിഷൻ വളരെ മോശപ്പെട്ട നിലയിൽ മുന്നോട്ടുപോകുമ്പോഴും ഇവിടെ ആർദ്രം പദ്ധതിയിലൂടെ നിരവധി മാറ്റങ്ങൾ സൃഷ്ടിച്ച് ആരോഗ്യമേഖല ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി ആതുരാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ എല്ലാ തലത്തിലുമുള്ള വികസന പ്രവർത്തനങ്ങൾ നടത്തിയാണ് ആരോഗ്യമേഖല ഇന്ന് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് മൂന്നുവർഷമായി ഏറ്റവുമധികം സൗജന്യ ചികിത്സ ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത ഒരു വലിയ സഹായമാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആശാവർക്കർമാരുടെ വിഷയം രാവിലെ ഇവിടെ ഉന്നയിച്ചു. അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്നും അതോടൊപ്പംതന്നെ അവരുടെ പി.എഫ്.,

ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് ഇപ്പോൾ അവർക്ക് ലഭിക്കുന്ന തുച്ഛമായ ഹോണറേറിയം വർധിപ്പിക്കുന്നതിനും അവരുടെ പ്രായപരിധി അറുപത്തിയഞ്ച് വയസ്സായി ഉയർത്തിയും ശൈലീ സർവ്വേയ്ക്ക് പ്രത്യേകമായി ഇൻസെന്റീവ് കൊടുത്തുകൊണ്ടും അവരെ സ്ഥിരം ജീവനക്കാരായി മാറ്റിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിൽ ആ വിഷയം ശക്തമായി ഉന്നയിക്കുന്നതിന് ആരോഗ്യവകുപ്പ് ഇടപെടണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിൽ 44539 കുടുംബത്തെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചു. 64006 പേരെയാണ് സർവ്വേയിലൂടെ കണ്ടെത്തിയത്. ഭക്ഷ്യവകുപ്പ് അതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി ഉയർത്തി, എല്ലാവർക്കും റേഷൻ എത്തിക്കാനും എല്ലാവർക്കും റേഷൻ കാർഡ് കൊടുക്കാനും കഴിയുന്ന നടപടികളുമായി മുന്നോട്ടുപോകുന്നു. ജീവിതശൈലീ രോഗം കൊണ്ട് കിടപ്പുരോഗികൾക്ക് റേഷൻ കടകളിൽവന്ന് സാധനം വാങ്ങാൻ കഴിയില്ലെങ്കിൽ 'ഒപ്പം' പദ്ധതിയിലൂടെ അവർക്ക് വീട്ടുപടിക്കൽ ഭക്ഷ്യ സാധനങ്ങൾ എത്തിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു.

വിദ്യാഭ്യാസരംഗത്തും ഉന്നതവിദ്യാഭ്യാസ രംഗത്തും ആധുനിക-ശാസ്ത്ര-സാങ്കേതിക മേഖലകളിലൂടെയുള്ള സംവിധാനം ഉപയോഗപ്പെടുത്തികൊണ്ട്, വരും കാലത്തിന്റെ സാങ്കേതികവിദ്യകളായ നിർമ്മിതബുദ്ധിയും റോബോട്ടിക്സും സാങ്കേതികവിദ്യയും വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് കഴിഞ്ഞു.

(തുടരും)

P-10-02-2025-AK-AN(1)
12.40-12.50

(ശ്രീ. ചിറ്റയം ഗോപകുമാർ.... തുടർച്ച)

വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനസൗകര്യം വിപുലപ്പെടുത്തി കേരളം ഇന്ത്യയ്ക്ക് മാതൃകയായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, സാക്ഷരതാ പ്രേരക്മാരുടെ വേതനം വർധിപ്പിക്കണം. നിലവിൽ നോഡൽ പ്രേരകിന് 15000/-രൂപയും അസിസ്റ്റന്റ് പ്രേരകിന് 12000/- രൂപയുമാണ് വേതനം. അവരുടെ വേതനം വർധിപ്പിക്കാനും സംസ്ഥാന സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനം അവർക്ക് നടപ്പാക്കുകയും ജീവനക്കാരുടെ എണ്ണം കുറവായതിനാൽ അത് പരിഹരിക്കുകയും ഗ്രാറ്റുവിറ്റിയും പെൻഷനുമടക്കം കൊടുത്തുകൊണ്ട് അവരെ സംരക്ഷിക്കുന്ന സമീപനംകൂടി സ്വീകരിക്കണം. സംസ്ഥാന

വിനോദസഞ്ചാരവും പൊതുമരാമത്തും ഇന്ന് കേരളത്തിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വിനോദസഞ്ചാര മേഖലയിലും റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങളടക്കം പശ്ചാത്തല വികസനത്തിലുമുൾപ്പെടെ നിരവധി പ്രവർത്തനങ്ങളുമായി പൊതുമരാമത്ത് വകുപ്പും വിനോദസഞ്ചാരവകുപ്പും മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട വിഷയം, പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രാഥമിക ഇൻവെസ്റ്റിഗേഷന്റെ ഭാഗമായുള്ള ടോട്ടൽ സ്റ്റേഷൻ ടെൻഡറിംഗിനും മറ്റുമായി ഫയൽ രണ്ടുമൂന്നു പ്രാവശ്യം തിരുവനന്തപുരത്തുപോയി തിരിച്ചുവരേണ്ടതുണ്ട് എന്നതാണ്. അതിന്റെ പ്രധാന കാരണം തിരുവനന്തപുരത്ത് മാത്രമേ ഡിസൈൻ വിംഗുള്ളൂ എന്നതാണ്. എല്ലാ ജില്ലകളിലും ഡിസൈൻ വിംഗുണ്ടായാൽ തീർച്ചയായും വേഗത്തിൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കും. ഇക്കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുണ്ടാകണമെന്നും ധനകാര്യ വകുപ്പ് അതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുകയും വേണം. കാരവൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നിങ്ങനെ നിരവധിയായ മുന്നേറ്റങ്ങളോടെ വിനോദസഞ്ചാര മേഖല കടന്നുപോകുകയാണ്.

വിനോദസഞ്ചാരമേഖലയിൽ കേരളം ഒരു ഹബ്ബായി മാറിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ അടൂരിൽ പുതിയകാവിൻചിറ എന്ന ടൂറിസം കേന്ദ്രമുണ്ട്. അതിനുവേണ്ടി എല്ലാവർഷവും ഞാൻ പ്രോജക്ട് കൊടുക്കാറുണ്ട്, ഓരോ വർഷവും അത് അംഗീകരിക്കാമെന്നും പറയാറുണ്ട്. എന്നാൽ, അവസാനം ധനകാര്യ വകുപ്പ് അതിന് ഒബ്ജക്ഷൻ പറയുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രത്യേക ശ്രദ്ധയ്ക്ക്, ഇപ്രാവശ്യവും ഈ പദ്ധതിക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം 20 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. അത് വെട്ടിക്കുറച്ച് 5 കോടി രൂപയാക്കിയിട്ടുണ്ട്. അങ്ങ് ഇക്കാര്യം പരിഗണിച്ച് ഈ പദ്ധതി നടപ്പാക്കാനാവശ്യമായ നടപടികളെടുക്കണം.

കൃഷി-മൃഗസംരക്ഷണ-ക്ഷീരവികസനമേഖലയിലും വലിയ മാറ്റങ്ങളോടെ നമ്മൾ കടന്നുപോകുന്നു. വ്യവസായ മേഖലയിലും തീർച്ചയായും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു. ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, എന്റെ മണ്ഡലമായ അടൂരിൽ കെൻകോസിന്റെ സ്ഥലമുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. ഈ വർഷം ഐ.ടി. പാർക്കുകൾ

സ്ഥാപിക്കുന്നതിന് അങ്ങ് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അടൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വ്യവസായ വകുപ്പിന്റെ ഈ സ്ഥലത്ത് ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി അങ്ങ് സ്വീകരിക്കണം.

സർക്കാർ ജീവനക്കാർക്കാവശ്യമായ എല്ലാ സഹായവും ഈ ബജറ്റിൽ അങ്ങ് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. സംസ്ഥാന ജീവനക്കാരുടെ പെൻഷനും സർവീസിലുള്ളവർ റിട്ടയർ ചെയ്യുമ്പോഴുള്ള മറ്റ് ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം അറുപതിനായിരം കോടി രൂപയിലധികം പലയിനങ്ങളിലായി സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നിയമപരമായി അനുവദിക്കാനുണ്ടെന്നത് യാഥാർഥ്യമാണ്. ഈ ബജറ്റിൽ ഏകദേശം രണ്ടായിരം കോടി രൂപയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ജീവനക്കാർ വലിയ തോതിൽ വേതനം കൈപ്പറ്റുന്നുവെന്ന പ്രചരണമാണ് ചിലർ നടത്തിക്കൊണ്ടിരിക്കുന്നത്. പണപ്പെരുപ്പത്തിന് അനുസരിച്ച് വേതന വർധനവില്ലാത്ത താഴ്ന്നവിഭാഗം ജീവനക്കാരെ വലിയ കടക്കെണിയിൽപ്പെടുത്തുന്നുവെന്ന സത്യം അങ്ങ് മനസ്സിലാക്കണം. പെൻഷൻ വിഷയം നടപ്പുബജറ്റിലും അങ്ങ് സൂചിപ്പിച്ചിട്ടുണ്ട്. തീർച്ചയായും

ഈ വിഷയത്തിലും അവരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയത്തിലും സമയബന്ധിതമായി തീരുമാനമെടുക്കണമെന്ന് അങ്ങയോട് അഭ്യർഥിക്കുകയാണ്. നിയമവകുപ്പുമായി ബന്ധപ്പെട്ട് അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമത്തിനായി 2004-ൽ നിലവിൽ വന്ന ക്ഷേമനിധി ബോർഡിൽ 1200/- രൂപയാണ് വരിസംഖ്യ. വെൽഫെയർ ഫണ്ട് സ്റ്റാമ്പിൽനിന്നും ലഭിക്കുന്നത് 12/- രൂപയും ലീഗൽ ബെനഫിറ്റ് ഫണ്ടിൽനിന്നും ലഭിക്കുന്ന നാമമാത്രമായ വിഹിതവുമാണ് അതിലുള്ളത്. എന്നാൽ, ക്ഷേമനിധി ബോർഡ് നിലവിലെ ബജറ്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവിലാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇത് മനസ്സിലാക്കിയ ബോർഡ് 2021-ൽ അംഗങ്ങളുടെ വാർഷിക വരിസംഖ്യ 1200/- രൂപയിൽനിന്നും 2000/- രൂപയായും വെൽഫെയർ സ്റ്റാമ്പ് 12/- രൂപയിൽനിന്നും 20/- രൂപയായും വർധിപ്പിച്ചു. ഈ വർധനവ് അവർ പൂർണമനസ്സോടെ അംഗീകരിച്ചെങ്കിലും അതിനാവശ്യമായ നിയമനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് കക്ഷിക്കോ ഗവൺമെന്റിനോ യാതൊരു ബാധ്യതയുമുള്ള കാര്യമല്ല. ഇതിനാവശ്യമായ ഒരു ബിൽ ഓരോ പ്രാവശ്യവും നിയമസഭ പാസാക്കുമെന്ന് പറയുമെങ്കിലും ഇപ്പോഴും പ്രതിസന്ധിയിലാണ്. ഈ ബിൽ പാസാക്കിയാൽ ഗവൺമെന്റിന് വലിയ നഷ്ടം വരുന്നതല്ല,

അവരുടെ പണം തന്നെയാണ് ഇതിന് ഉപയോഗിക്കുന്നത്. ഇതിന്റെ ഗുണം ലഭിക്കുന്നത് അഡ്വക്കേറ്റ് ക്ലർക്കുകൾക്കാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

എനിക്ക് അനുവദിച്ച സമയം കഴിഞ്ഞു, ഞാൻ ചുരുക്കുകയാണ്. വർഷത്തിലൊരിക്കൽ പ്രസംഗിക്കുന്നുവെന്നതുകൊണ്ടും ഡെപ്യൂട്ടി സ്പീക്കറെന്ന നിലയിൽ സമയകൃത്യത പാലിക്കേണ്ടതുകൊണ്ടും ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. കേരളം ഇന്ത്യയിലല്ലെന്ന് പ്രഖ്യാപിച്ച കേന്ദ്ര ബജറ്റിന് ഇതൊരു ബദലാണ്. പ്രതിസന്ധികളിൽ ഉലയാതെ സ്വന്തം കാലിൽ നിവർന്നുനിന്നാൽ കുതിക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2025-26-ലെ കേരള ബജറ്റ്. പുതിയ ആശയം, വികസന പദ്ധതികൾ, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഒരുപടി മുന്നിലാണ് നമ്മൾ. നവകേരള നിർമ്മാണത്തിന് ആവേശകരമായ കുതിപ്പ് നൽകുന്ന ക്രിയാത്മക ഇടപെടലാണ് ഈ ബജറ്റ്. സാമ്പത്തികമായി ഞെരുക്കാമെന്ന് കരുതുന്ന രാഷ്ട്രീയ നിലപാടുകളെ, ബദൽ വിഭവ സമാഹരണങ്ങളിലൂടെ വഴി കണ്ടെത്തി കേരളം അതിജീവിക്കുമെന്നതിന്റെ തെളിവാണ് ഈ ബജറ്റ്.

പാഴ്വാക്കുകളില്ല, പറഞ്ഞതെല്ലാം ചെയ്തതിന്റെ അടിത്തറയിൽനിന്ന് വീണ്ടും ഉയരങ്ങളിലേയ്ക്ക് വരുമാനമുയർത്തി, ധനക്കമ്മി കുറച്ച് ടേക്ക് ഓഫ്, വികസന ആകാശത്തേക്ക്, വിശാല ലോകത്തേക്ക്; ഈ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. നന്ദി.

(ശ്രീ. എം. രാജഗോപാലൻ)

P-10-02-2025-AK-AN(1)
12.40-12.50

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ജനാധിപത്യമെന്നാൽ സഹിഷ്ണുതയാണ്, നമ്മെ അനുകൂലിക്കുന്നവരോട് മാത്രമല്ല, നമ്മളോട് വിയോജിക്കുന്നവരോടുമുള്ള സഹിഷ്ണുത. ഈ മഹത് വചനം ആരുടേതാണെന്ന് പ്രതിപക്ഷം ഒന്ന് ആലോചിക്കുന്നത് നല്ലതാണ്. ഈ വചനം പണ്ഡിറ്റ് ജവർഹർലാൽ നെഹ്റുവിന്റേതാണ്. ജനക്ഷേമത്തെ മുൻനിർത്തി വികസന കാഴ്ചപ്പാടുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ ഭരിക്കാൻ അനുവദിക്കേണ്ടേ; ഇവിടെ ഇന്ന് രാവിലെ എന്താണ് കണ്ടത്; പ്രതിപക്ഷത്തിന്റേത് അസുരജന്മമാണോ? യാഗം മുടക്കാൻ വന്ന അസുരന്മാരെപ്പോലെയാണ് ചില ഘട്ടങ്ങളിൽ പ്രതിപക്ഷം ഇവിടെ പെരുമാറിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ

സമഗ്രവികസനത്തിനായി ഏതാണ്ട് 87000 കോടി രൂപ നീക്കി വച്ചുകൊണ്ടുള്ള കിഫ്ബി പദ്ധതിക്കാണ് കേരളത്തിൽ തുടക്കമിട്ടത്. സമഗ്രമായ വികസന പദ്ധതികളുമായി കേരളം മുന്നോട്ടുപോകുമ്പോൾ കിഫ്ബി എന്ന ഈ കുഞ്ഞിനെ കൊല്ലാൻ വന്ന അഭിനവ കംസൻമാരായാണ് പ്രതിപക്ഷത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഞങ്ങൾക്ക് അനുഭവപ്പെട്ടത്. റോഡും പാലവുമൊക്കെ വാങ്ങിപോയി തിരിച്ചുവരുന്നത് ഭസ്മാസുരന്മാരെപ്പോലെയാണ്. ആ രീതിയിലുള്ള ഒരു പ്രതികരണമാണ് കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മുൻ ധനകാര്യ വകുപ്പുമന്ത്രിയെഴുതിയ 'നാടിന്റെ വികസന കുതിപ്പിന് കിഫ്ബി' എന്ന ഒരു പുസ്തകമുണ്ട്. കിഫ്ബിയെക്കുറിച്ച് കുറച്ചുകൂടി സമഗ്രമായി പഠിക്കണമെങ്കിൽ ഇതിന്റെ കോപ്പി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണിനും വായിച്ച് പഠിക്കാവുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് കേരളത്തിനുമേൽ നടത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ഉപരോധത്തെ പ്രതിരോധിക്കുന്ന ബദലുകളുടെ ബജറ്റാണ് കേരള നിയമസഭയിൽ അവതരിപ്പിച്ചതെന്ന് അഭിമാനപൂർവം പറയാൻ സാധിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സമഗ്രമായ വീക്ഷണത്തോടെയുള്ള ഈ ബജറ്റ് കാലോചിതമാണ്, അല്ല ഒരു പടി

മുന്നിലാണ്. അടുത്ത 25 വർഷങ്ങൾക്കപ്പുറമുള്ള കേരളത്തെയാണ് നമ്മൾ വിഭാവന ചെയ്യുന്നത്. വൈജ്ഞാനിക സമൂഹത്തിൽ വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുടെ അടിത്തറയിൽനിന്നുകൊണ്ട് പുതിയ കാലത്തെയും സമൂഹത്തെയും തലമുറയെയും എങ്ങനെ ഉൾക്കൊള്ളാമെന്നും അതിന് സഹായകരമായിട്ടുള്ള വളരെ കൃത്യമായ ഭാവനാ പദ്ധതികളോടെയുമാണ് മുന്നോട്ടുപോകുന്നത്. വികസന കാഴ്ചപ്പാടിലെ സമഗ്രതയാണ് ഈ ബജറ്റിൽ ചൂണ്ടിക്കാണിക്കുന്നത്. ആ സമഗ്രതയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ സാമൂഹ്യനീതിയിലധിഷ്ഠിതമായ സമഗ്രവികസനമെന്ന ഈ സർക്കാരിന്റെ കാഴ്ചപ്പാടിന് അത് അടിവരിയിടുകയാണ്. അതുപോലെ ദീർഘവീക്ഷണമാണ് ഈ ബജറ്റ് വിഭാവന ചെയ്യുന്നത്, അതാണ് നവകേരള കാഴ്ചപ്പാട്. പ്രമുഖ ചിന്തകൻ റോബിൻ ജെഫ്രി ചൂണ്ടിക്കാട്ടിയതുപോലെ, കേരളം ഇന്ന് നിരവധി വിദഗ്ദരുടെയും നയരൂപീകരണ കർത്താക്കളുടെയും ആകർഷകമായ ഒരു വിഷയമായി മാറുകയാണ്. രാജ്യത്ത് ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറി. കേരളത്തിലെ ബഹുമുഖ ദരിദ്രരുടെ എണ്ണം 0.55 ശതമാനായി കുറഞ്ഞു. ഭൂപരിഷ്കരണം, എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം, സാമൂഹ്യ സുരക്ഷാ പദ്ധതി, പൊതുവിതരണ സമ്പ്രദായം, സ്ത്രീ ശാക്തീകരണം

തുടങ്ങി ദാരിദ്ര്യ തോത് കുറയ്ക്കുന്നതിൽ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിദരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് 44539 കുടുംബങ്ങൾക്ക് മോചനം ലഭ്യമായി എന്നുള്ളതാണ് ഇപ്പോൾ പുറത്തുവന്ന സാമ്പത്തിക അവലോകന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഇതാണ് കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ഈ ബജറ്റിന്റെ സാമൂഹ്യ പശ്ചാത്തലം. കേരളം പിന്നോക്കാവസ്ഥ തെളിയിച്ചിട്ട് വരൂ, പുലമ്പലുകൾ അവസാനിപ്പിക്കൂ എന്നെല്ലാമുള്ള കേന്ദ്രമന്ത്രിമാരുടെ ജൽപനങ്ങൾക്കിടയിലാണ്, അസംബന്ധ വർത്തമാനങ്ങളുടെ കാലത്താണ് സംസ്ഥാന സർക്കാർ ഈ ബജറ്റ് അവതരിപ്പിച്ചത്. എങ്ങനെയാണ് പുതുതലമുറ വികസന വെല്ലുവിളികളെ ജനങ്ങളുടെ മുന്നിൽ വയ്ക്കുകയെന്നതിൽ ഈ കേരള ബജറ്റ് വലിയ ജാഗ്രത പുലർത്തുന്നുണ്ട്. തീവ്രകാലാവസ്ഥാ വെല്ലുവിളികൾ, പ്രായം ചെന്നവർ കൂടുകയും തൊഴിൽ പ്രായത്തിലുള്ളവർ കുറയുകയും ചെയ്യുന്ന ജനസംഖ്യാമാറ്റം, അതുണ്ടാക്കുന്ന ക്ഷേമാവശ്യങ്ങൾ, പുറത്തേയ്ക്കും അകത്തേയ്ക്കുമുള്ള കുടിയേറ്റം, വർധിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങി കേരളത്തിന്റെ വ്യത്യസ്തമായ വികസന വെല്ലുവിളികളെ ഈ ബജറ്റ് തുറന്ന് കാട്ടുകയും പ്രായോഗികവും നൂതനവുമായ ഇടപെടലുകൾ നടത്താനുമാണ് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം കേന്ദ്ര

സർക്കാർ ശക്തമായ സാമ്പത്തിക ഉപരോധവുമായി മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിൽ രണ്ടാം പിണറായി സർക്കാർ മികച്ച ധനകാര്യ മാനേജ്മെന്റുമായി മുന്നോട്ടുപോകുകയാണ്.

(തുടരും....)

P 10-02-2025-SS-AN (1)
12.50- 01.00

(ശ്രീ. എം. രാജഗോപാലൻ തുടർച്ച)

റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 2021-22-ൽ 2.25% ആയിരുന്ന റവന്യൂകമ്മി 2023-24-ൽ 1.68% ആയി കുറയ്ക്കാൻ കഴിഞ്ഞു. ഇത് വലിയ നേട്ടമായാണ് കാണുന്നത്. സംസ്ഥാനത്തിന്റെ കടം, ജി.എസ്.ഡി.പി. അനുപാതം കുറഞ്ഞു. കേരളം കടം കയറി മുടിഞ്ഞുവെന്നാണ് പ്രതിപക്ഷം പലപ്പോഴും ആരോപിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ കടവും ജി.എസ്.ഡി.പി. അനുപാതവും ക്രമാനുഗതമായി കുറച്ചുകൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ മറ്റൊരു കാര്യം. നികുതി വരുമാനവും തനതു വരുമാനവും വർധിച്ചു. കേന്ദ്രം ഉപരോധ സമാനമായ സാമ്പത്തിക വിവേചനം

തുടർന്നപ്പോഴും കേരളത്തിന് തനത് വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമായിട്ടാണ് നമ്മൾ കാണേണ്ടത്. നികുതി വരുമാനവും നികുതിയേതര വരുമാനവും വർധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. കേന്ദ്ര വിഹിതം 3.88% ആയിരുന്നത് 1.92% ആയി കുറഞ്ഞ സാഹചര്യത്തിലാണ് കേരളത്തിന്റെ ഈ നേട്ടമെന്നത് അതീവ ശ്രദ്ധയാകർഷിക്കുന്നതാണ്. ജനക്ഷേമകരവും വികസനോന്മുഖവുമായിട്ടുള്ള ഒരു ബജറ്റുമായി കേരളം മുന്നോട്ട് പോകുമ്പോൾ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റിൽ ജനവിരുദ്ധത, ജനദ്രോഹപരമായിട്ടുള്ള നിലപാടായിരുന്നു. കേന്ദ്രം അവതരിപ്പിച്ച ബജറ്റിൽ 'കേരളം' എന്ന വാക്കേയില്ല. വയനാടിനും വിഴിഞ്ഞത്തിനും സഹായമില്ല, AIIMS ഇല്ല, പ്രത്യേക സാമ്പത്തിക പാക്കേജില്ല, സ്വകാര്യവത്കരണത്തിന് മുൻഗണന. 25 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുമ്പോൾ കേരളത്തിന് 40000 കോടി രൂപപോലും ഇല്ല. എന്നാൽ പൊയ്കാൽ സംസ്ഥാനങ്ങൾക്ക് നല്ല ആനുകൂല്യമാണ്. ബീഹാറിന്റെയും ആന്ധ്രാപ്രദേശിന്റെയും പൊയ്ക്കാലിലാണ് ഇന്ന് കേന്ദ്രഭരണം നിലനിൽക്കുന്നത്. അതുകൊണ്ട് ബീഹാറിന് വാരിക്കോരി അനുവദിച്ചുകൊടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറായി. അതുപോലെ സ്വകാര്യവത്കരണത്തിന്റെ ഗതിവേഗം വർധിപ്പിക്കാൻ

തീരുമാനിച്ചു. ഇൻഷ്വറൻസ് മേഖലയിലെ 100% വിദേശനിക്ഷേപം, ഊർജമേഖല സ്വകാര്യവത്കരണം, 5 വർഷംകൊണ്ട് 10 ലക്ഷം കോടിയുടെ പൊതുആസ്തി വിൽക്കുമുൾപ്പെടെ എല്ലായിടത്തും ഇപ്പോൾ ‘ For Sale’ ബോർഡ് വച്ചിരിക്കുകയാണ്. സമ്പന്നർക്ക് നികുതിയിളവ്, സാധാരണക്കാർക്ക് നികുതി ഭാരം. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമ പദ്ധതി എന്നിവയുടെയെല്ലാം വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. പാർശ്വവത്കരിക്കപ്പെടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമത്തിനാവശ്യമായ തുക വകയിരുത്താൻപോലും കേന്ദ്ര സർക്കാർ കൂട്ടാക്കിയില്ല. തൊഴിലുറപ്പ് പദ്ധതിക്ക് മരണമണിയാണ് മുഴങ്ങുന്നത്. വലിയ പ്രതീക്ഷയോടെ ഒന്നാം യു.പി.എ. ഗവൺമെന്റ് സി.പി.ഐ.(എം) ഉൾപ്പെടെയുള്ള ഇടതുപക്ഷ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിൻബലത്തോടെയാണ് ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ ഭൗതിക ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള ഒരു വലിയ പദ്ധതിക്ക് രൂപം നൽകിയത്. ആ പദ്ധതിയാണ് ഇപ്പോൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രം പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും നടപ്പിലാക്കണമെങ്കിൽ അതിനുള്ള ധനവിനിയോഗം സംസ്ഥാനം

നടത്തണമെന്ന പല പുതിയ രീതികളാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. അതുപോലെ റബ്ബറിന്റെ കാര്യത്തിൽ, ഇറക്കുമതി നിയന്ത്രിക്കുന്ന പരിപാടിയേ ഇല്ല. കാർഷിക സബ്സിഡി വെട്ടിക്കുറയ്ക്കുകയാണ്. മലയോര യാത്ര നടത്തിയവരൊന്നും ഇതിനെക്കുറിച്ച് എവിടെയും പ്രതികരിച്ചുകാണുന്നില്ല. ഫെഡറൽ സംവിധാനത്തെ തകർക്കുന്ന, രാജ്യത്തിന്റെ അഖണ്ഡതയെപ്പോലും ചോദ്യം ചെയ്യുന്ന രീതിയിലേക്ക്, കേരളത്തിന്റെ വികസനത്തെ എങ്ങനെ തടയാമെന്ന് ആലോചിക്കുകയാണ് ഒരു ബജറ്റിനെ രാഷ്ട്രീയവത്കരിച്ചുകൊണ്ട് മോദി ഗവൺമെന്റ് ചെയ്തത്. കേന്ദ്ര ബജറ്റ് ഒരു ഇലക്ഷന്റെ പ്രകടനപത്രികയായിട്ടാണ് നമുക്കനുഭവപ്പെട്ടത്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം ജനദ്രോഹ നയങ്ങൾ കാണുമ്പോൾ അത്യന്തം അപകടകരമായ സ്വാതന്ത്ര്യപൂർവ ഇന്ത്യയിലെ ഒരു സാമൂഹ്യ രാഷ്ട്രീയ സാഹചര്യത്തിലേക്ക് ഇന്ത്യയെ തിരിച്ചുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് വരുന്നത്, എവിടെ നിർഭയമാകുന്നു മാനസം, എവിടെ നിൽക്കുന്നു ശീർഷം സമുന്നതം' എന്ന് രവീന്ദ്രനാഥടാഗോർ ഗീതാഞ്ജലിയിലൂടെ ഉദ്ബോധനം ചെയ്തിട്ടുള്ള ശ്രദ്ധേയമായ വരികളാണ്. അടിമത്തത്തിൽനിന്നും ഒരു നാട് ഉണർന്ന്

സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിലേക്ക്, ശിരസ്സുയർത്തിപിടിച്ച് നടന്നുകയറാൻ ഒരു ജനതയെ, ഒരു രാജ്യത്തെ പ്രാപ്തമാക്കിയിട്ടുള്ള വാക്കുകളായിരുന്നു അത്. വർത്തമാനകാല ഇന്ത്യയിൽ ഫാസിസത്തിന്റെ ഇരുണ്ട ഗുഹാമുഖങ്ങളിലേക്ക് ആട്ടിൻപറ്റങ്ങളെപ്പോലെ നാം നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭം; അടിമ സമാനമായ ജീവിതസാഹചര്യം. രാജ്യം ഫാസിസത്തിന്റെ വലിയ ഭീഷണിയിൽ ഇന്ന് വിറങ്ങലിച്ച നിൽക്കുകയാണ്. ഈ ഘട്ടത്തിലാണ് രവീന്ദ്രനാഥ ടാഗോറിന്റെ ഈ സന്ദേശം വളരെ പ്രസക്തമാകുന്നത്. എന്നാൽ, കോൺഗ്രസിന്റെ നിലപാടെന്താണ്? ഇന്ത്യൻ രാഷ്ട്രീയത്തിൽ ചതിയൻ ചന്തുവിന്റെ പിൻമുറക്കാരായി കോൺഗ്രസ് മാറിയില്ലേ? അതാണ് നാം ഏറ്റവുമൊടുവിൽ ഡൽഹിയിൽ കണ്ടത്. യുദ്ധമുഖത്ത് പിന്നിൽനിന്ന് കുത്തിയവരുടെ ചരിത്രമുണ്ട്. ചരിത്രത്തിലും പുരാണങ്ങളിലും അമേരിക്കൻ സ്വാതന്ത്ര്യത്തെ ഒറ്റുകൊടുത്ത ബെനഡിക്ട് ആർനോൾഡ്, ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ ഒറ്റിക്കൊടുത്ത വി.ഡി. സവർക്കർ, സീസറിനെ കുത്തിവീഴ്ത്തിയ ബ്രൂട്ടസ്, എതിരാളിയോട് അടരാടുമ്പോൾ ബാഹുബലിയെ പിന്നിൽനിന്ന് കുത്തിയ കട്ടപ്പ, ഇനിയുമുണ്ട് ഏറെ പേരുകൾ. 'എന്റെ രണ്ട് കണ്ണ് പോയാലും നിന്റെ ഒരു കണ്ണ് പോയല്ലോ" എന്നതാണ് കോൺഗ്രസിന്റെ നിലപാട്. ആം ആദ്മി പാർട്ടി

തോറ്റല്ലോ എന്ന്. കോൺഗ്രസ് എഴുപത് സീറ്റിൽ മത്സരിച്ച് തോറ്റത് വിഷയമല്ല. അതാണിവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 'മകൻ ചത്താലും മരുമകളുടെ കണ്ണീർ...' . ആ നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. ഇത് ഒരു ഡൽഹി ഇലക്ഷനമാത്രം സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാടാണോ? ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി. തേരോട്ടം നടത്തിയപ്പോഴും രാജ്യതലസ്ഥാനമായ ഡൽഹിയിൽ കാവിക്കൊടി പാറാൻ അവിടുത്തെ പ്രബുദ്ധരായിട്ടുള്ള ജനങ്ങൾ ഒരു ഘട്ടത്തിൽ അനുവദിച്ചില്ല. ഡൽഹി കാവിക്കൊടിക്ക് കീഴ്പ്പെട്ടിരുന്നില്ല. ബി.ജെ.പി.-യുടെ കണ്ണിന് കരടായ ശ്രീ. അരവിന്ദ് കെജ്രിവാളിനെയും ആം ആദ്മി പാർട്ടിയെയും തോൽപിക്കാൻ നിങ്ങളും കോൺഗ്രസും ചതിക്കുഴി ഒരുക്കുകയായിരുന്നു. ഇവിടെ ബി.ജെ.പി.-യുടെ വർഗീയ രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ ഇന്ത്യൻ പ്ലാറ്റ്ഫോമുണ്ട്. രാജസ്ഥാൻ തിരഞ്ഞെടുപ്പിനുമുമ്പുണ്ടായിരുന്ന കോൺഗ്രസിന്റെ രാഷ്ട്രീയ നിലപാട് ഡൽഹിയിലും ആവർത്തിക്കുകയായിരുന്നില്ലേ? എഴുപത് സീറ്റിൽ മത്സരിക്കുകയായിരുന്ന കോൺഗ്രസിന്റെ നീക്കം. 'ഭായി ഭായി' ചങ്ങാതി മാത്രമല്ല, മതനിരപേക്ഷ വോട്ടുകൾ ഭിന്നിപ്പിച്ചു. വർഗ്ഗീയവാദികൾക്ക് തലസ്ഥാനത്ത് അഴിഞ്ഞാടാൻ കളമൊരുക്കുന്ന നികൃഷ്ടമായ സമീപനമാണ് ഡൽഹി തിരഞ്ഞെടുപ്പിൽ

കോൺഗ്രസ് സ്വീകരിച്ചത്. കോൺഗ്രസ് സ്ഥാനാർത്ഥികളുടെ സാന്നിധ്യംകൊണ്ട് മാത്രം ഡൽഹി നിയമസഭ തിരഞ്ഞെടുപ്പിൽ പതിനഞ്ച് സീറ്റാണ് ആം ആദ്മി പാർട്ടിക്ക് നഷ്ടപ്പെട്ടത്. ഡൽഹിയിൽ മാത്രമല്ല, ഹരിയാന, മഹാരാഷ്ട്ര ഇലക്ഷനുകളിലും ഉത്തർപ്രദേശ് ഉപതിരഞ്ഞെടുപ്പിലും കോൺഗ്രസ് സ്വീകരിച്ച നിലപാടെന്താണ്? ഇവിടങ്ങളിലെല്ലാം കേവലം മതേതര വാദികളാണെന്നും മതേതര നിലപാട് ഞങ്ങളുടെ രാഷ്ട്രീയ നിലപാടെന്നും പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കോൺഗ്രസ്, ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതര കൂട്ടായ്മക്ക് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നൊരു പാർട്ടി സംവിധാനത്തെയാണ് നമ്മൾ കണ്ടത്. ബീഹാറിൽ പിടിച്ചു വാങ്ങിയ സീറ്റിലെല്ലാം കോൺഗ്രസ് പരാജയപ്പെടുകയായിരുന്നു. ചുരുക്കത്തിൽ വർഗീയതക്കെതിരായുള്ള പോരാട്ടത്തിൽ കോൺഗ്രസ് വിശ്വസിക്കാനാകാത്ത ഒരു കൂട്ടുകക്ഷിയായി ഇന്ന് ദേശീയ രാഷ്ട്രീയത്തിൽ മാറിയിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾതന്നെ ഈ ബജറ്റിനോടുള്ള മാധ്യമങ്ങളുടെ നിലപാടെന്താണ്? കേന്ദ്രബജറ്റ് അവതിപ്പിച്ചപ്പോൾ ഒരു പത്രമെഴുതി 'വരുമാനന്ദം, ആദായമധുരം, ലക്ഷ്മീകടാക്ഷം' എന്നാൽ കേരളത്തിലെ ജനക്ഷേമകരവും വികസനോന്മുഖവുമായ ബജറ്റ് അവതരിപ്പിച്ചപ്പോൾ 'ജിം ഭും ഭാ' . ഇവിടെ

വസ്തുതക്ക് നിരക്കാത്ത സമീപനങ്ങളല്ലേ മാധ്യമങ്ങൾ സ്വീകരിക്കുന്നത്. അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഒരു കാശുപോലും നീക്കിവയ്ക്കാത്ത കേന്ദ്ര സർക്കാരിനോട് ചില മാധ്യമങ്ങൾക്ക് പരിഭവമേയില്ല. കേരളത്തെ സാമ്പത്തിക ഉപരോധത്തിലൂടെ ശ്വാസം മുട്ടിക്കുന്നതിനും ഇത്തരം മാധ്യമങ്ങൾക്ക് പരാതിയേയില്ല. കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ ഇകഴ്ത്തി കാണിക്കുന്നതിനുള്ള നിലപാടിൽനിന്നും മാധ്യമങ്ങൾ പിന്തിരിയണം. കാസർഗോഡ് വികസന പാക്കേജുമായി ബന്ധപ്പെട്ട് തുക വർധിപ്പിക്കണമെന്ന ആവശ്യമാണ് ഇവിടെ ഉന്നയിക്കാനുള്ളത്. കാരണം കാസർഗോഡിന്റെ സമഗ്ര വികസനത്തിന് ഏറെ പ്രയോജനകരമാണ് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് (കെ.ഡി.പി.). ഈ പദ്ധതിയിൽ തുക വർധിപ്പിക്കാൻ സർക്കാർ തയ്യാറാകണം. കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കാൻ സന്നദ്ധമായിട്ടുള്ള സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. ‘ Toddy Board’ -ന്റെ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികളിലേക്ക് സർക്കാർ പോയെങ്കിലും അതിന്റെ തുടർപ്രവർത്തനത്തിന്റെ വേഗത വർധിപ്പിക്കാൻ കഴിയുന്നില്ല. ടി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും മെച്ചപ്പെടുത്താനും കഴിയണം. അതുപോലെ കഴിഞ്ഞ രണ്ട് ബജറ്റുകളിലായി

20% തുക നീക്കിവച്ച ഒരു പദ്ധതിയാണ് ചീമേനി വ്യവസായ പാർക്ക്. നിരവധി യോഗങ്ങളും ചർച്ചകളും നടന്നെങ്കിലും ഇന്നും ആ സ്വപ്നസാക്ഷാത്കാരം നടന്നിട്ടില്ല. ചീമേനി വ്യവസായ പാർക്ക് പ്രാബല്യത്തിൽ വരുത്താനുള്ള അടിയന്തര ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടും ഈ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

(ഡോ. മാത്യു കുഴൽനാടൻ)

P-10-02-2025
AL-AM (1.00-1.10) (SV)

ഡോ. മാത്യു കുഴൽനാടൻ: സർ, ബജറ്റ് പ്രൊപ്പോസലുകൾ പരിശോധിക്കുമ്പോൾ.., സാധാരണയായി ഒരു ബജറ്റെന്ന് പറയുന്നത് വരുമാനവും ചെലവും മാത്രം പറയുന്നതിനപ്പുറം ഒരു സംസ്ഥാനം ഏതുനിലയിലാണ് മുന്നോട്ടുപോകേണ്ടത്, അതിന്റെ മുന്നോട്ടുള്ള പ്രവർത്തനം ഫോക്കസ് ചെയ്യേണ്ടതെന്ന് കാണിക്കാൻ കൂടി വേണ്ടിയാണ്. അങ്ങ് ഏത് മേഖലയിലാണ് സംസ്ഥാനത്തിന്റെ വളർച്ച ഫോക്കസ് ചെയ്യുന്നതെന്ന് ബജറ്റിൽ എവിടെയും പറഞ്ഞിട്ടില്ല, അതാണെനിക്ക് മനസ്സിലാകാത്തൊരു കാര്യം. ഇത് പറയുന്നതിൽ എനിക്ക് വിഷമമുണ്ട്, പലപ്പോഴും പല കാര്യങ്ങളും ആവർത്തിച്ച് പറയുന്നതല്ലാതെ കേരളത്തിന്റെ മുന്നോട്ടുള്ള

പാതയിൽ ഏത് മേഖലയിലാണ് നാം ഫോക്കസ് നൽകാൻ പോകുന്നതെന്ന് അങ്ങ് പറഞ്ഞില്ല. അങ്ങയുടെ ആദ്യത്തെ ബജറ്റ് പ്രസംഗം ഞാൻ കഴിഞ്ഞ ദിവസം പരിശോധിക്കുകയുണ്ടായി. അത് അങ്ങ് മറന്നുപോയിട്ടുണ്ടോ എന്നറിയില്ല. അങ്ങ് പറഞ്ഞ ഏതാനും വാഗ്ദാനങ്ങൾ ഞാൻ സൂചിപ്പിക്കാം. അഗ്രോ ഫെസിലിറ്റേഷൻ സെന്റേഴ്സ് ആൻഡ് അഗ്രോ പാർക്ക്സ്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ് ഇൻ യൂണിവേഴ്സിറ്റീസ്, ഇന്റർനാഷണൽ ഹോസ്റ്റൽസ് ഇൻ യൂണിവേഴ്സിറ്റീസ്, സ്കിൽ പാർക്ക്സ് ആൻഡ് വർക്ക് നിയർ ഹോം ഇനിഷ്യേറ്റീവ്സ്, ഗ്രാഫീൻ 2D മെറ്റീരിയൽസ്, ഡിജിറ്റൽ സയൻസ് പാർക്ക്, സെന്റർ ഓഫ് എക്സലെൻസ് ഇൻ യൂണിവേഴ്സിറ്റീസ്, ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്സ് എന്നിവ ഉണ്ടാകുമെന്ന് നാലുവർഷം മുമ്പ് അങ്ങ് നിയമസഭയിൽ പ്രഖ്യാപിച്ചു. ഞങ്ങളുടേത് ഒരു കാർഷിക മേഖലയായതുകൊണ്ട് കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകൾക്ക് വലിയ നേട്ടം ലഭിക്കാൻ പാകത്തിന് മൂവാറ്റുപുഴയിൽ നിലവിലുള്ള യൂറോപ്യൻ മാർക്കറ്റിന്റെ ഫെസിലിറ്റി അപ്ഗ്രേഡ് ചെയ്തുകൊണ്ട് അതിനെ ഒരു അഗ്രോ പാർക്ക് ആക്കി വിദേശ മാർക്കറ്റുകളിലേയ്ക്ക് വെജിറ്റബിൾസും മറ്റ് കാർഷികോൽപന്നങ്ങളും എത്തിക്കാനുള്ള സാധ്യതയുണ്ടോയെന്ന് പരിശോധിക്കാൻ ഒരു ഡീറ്റെയിൽഡ്

ഡോക്യുമെന്റ് ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുകയും അങ്ങ് എന്നെ അഭിനന്ദിക്കുകയും ചെയ്തിരുന്നു. അഗ്രോ പാർക്ക് മൂവാറ്റുപുഴ ഉണ്ടാകുമെന്ന് അങ്ങ് പ്രഖ്യാപിച്ചിരുന്നു. മൂവാറ്റുപുഴയെ മാറ്റിനിർത്താം. അങ്ങ് 14 അഗ്രോ പാർക്കുകൾ ആദ്യത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇന്നത്തെ ചർച്ചയിൽ അങ്ങ് പറയണം....., “ Could you finish one?” ഏതെങ്കിലും ഒന്നിന്റെ എങ്കിലും പ്രവൃത്തി തുടങ്ങാൻ നിങ്ങൾക്ക് സാധിച്ചോ; അങ്ങനെ ഓരോന്നും നിങ്ങൾ പരിശോധിക്കണം. നമ്മുടെ ടാക്സ് സംവിധാനം മെച്ചപ്പെട്ടുവെന്ന് അങ്ങിവിടെ പറഞ്ഞു. കഴിഞ്ഞ ബജറ്റിൽ, ബജറ്റ് എസ്റ്റിമേറ്റഡ് ആയി പറഞ്ഞത്, states own tax 84,884 രൂപ ഉണ്ടാകുമെന്നാണ്. എന്നാൽ നിലവിലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് 81,627 രൂപയാണ്. ഇതിനുശേഷം വർധനവ് വരുത്തിയ നികുതികൾ കൂടി പിരിച്ചിട്ടുപോലും അങ്ങ് എസ്റ്റിമേറ്റ് ചെയ്ത തുക പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെന്ന് പറയുമ്പോൾ നമ്മുടെ പ്രവർത്തനത്തിന്റെ അല്ലെങ്കിൽ ടാക്സ് കളക്ഷന്റെ എഫിഷ്യൻസി എവിടെ നിൽക്കുന്നുവെന്നത് പരിശോധിക്കണം. അതുപോലെ സ്റ്റേറ്റ് ജി.എസ്.ടി. ആണെങ്കിലും നോൺ ടാക്സ് ആണെങ്കിലും മറ്റ് ടാക്സ് റവന്യൂ ആണെങ്കിലും....., സ്റ്റേറ്റിന്റെ ജി.എസ്.ടി. കളക്ഷനിൽ 12 ശതമാനം കുറവാണുണ്ടായത്.

കഴിഞ്ഞ ബജറ്റിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ ഭാഗമായി 85 കോടി രൂപ ലഭിച്ചിരുന്നിടത്ത് 1,100 കോടി രൂപയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് പറഞ്ഞു. അങ്ങ് ലക്ഷ്യം വയ്ക്കുന്നതിന്റെ 9 ശതമാനമാണ് അങ്ങേയ്ക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞത്. ഈ ബജറ്റിൽ 100 എന്നുള്ളത് 1,100 ആയി പിരിച്ചെടുക്കുമെന്ന് അങ്ങ് പറയുകയാണ്. അതായത് ഏകദേശം 996 ശതമാനം ഇരട്ടി. ഇതെന്ത് അൺ റിയലിസ്റ്റിക്കായിട്ടുള്ള ബജറ്റാണ്. പലകാര്യങ്ങളിലും കേരളം നമ്പർ വൺ ആണെന്ന് ഇവിടെ പറയുമല്ലോ; ഞാനൊരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. അതിന് വളരെ കൃത്യമായി മറുപടി നൽകണം. നമ്മുടെ വിദ്യാഭ്യാസ മേഖലയെയാണ് നമ്മൾ വലിയ അഭിമാനമായി പറയുന്നത്. അങ്ങയുടെ ബജറ്റിന്റെ 13.4 ശതമാനമാണ് വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിന്റെയും ആവറേജ് പരിശോധിച്ചാൽ 15 ശതമാനത്തിന് മുകളിലാണ്. അതായത് ദേശീയ ശരാശരിയേക്കാൾ കുറവാണ് നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസത്തിന് ചെലവഴിക്കുന്നത്. ഇനി ആരോഗ്യ മേഖലയുടെ കാര്യം പരിശോധിച്ചാൽ, ദേശീയ ശരാശരി 6.2 ശതമാനം ആയിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ചെലവഴിക്കുന്നത് 5.5 ശതമാനമാണ്.

മറ്റൊന്ന് അർബൻ ഡെവലപ്മെന്റ് ആണ്. അർബൻ ഡെവലപ്മെന്റ് ആണല്ലോ സാധാരണയായി കേന്ദ്രീകൃത നഗര വികസനമെന്ന് പറയുന്നത്. ദേശീയ ശരാശരി 3.3% ആണെങ്കിൽ നമ്മൾ കേവലം 1% ആണ്. അതുപോലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്, പാലവും റോഡുമൊക്കെ നിർമ്മിക്കാൻ വേണ്ടി ദേശീയ ശരാശരി, മറ്റ് സംസ്ഥാനങ്ങൾ 4.3% ചെലവഴിക്കുമ്പോൾ നമ്മൾ ചെലവാക്കുന്നത് കേവലം 2.3% ആണ്. ലൈഫ് മിഷൻ വഴി ഇത്ര വീടുകൾ കൊടുത്തു, ഇത്രയൊക്കെ ചെയ്തു എന്നെല്ലാം നിങ്ങൾ പറയുന്നു. ദേശീയ ശരാശരിയേക്കാൾ താഴെ, മറ്റ് സംസ്ഥാനങ്ങൾ ഹൗസിംഗിന് മുടക്കുന്നതിനേക്കാൾ താഴെയാണ്, അതായത് 1%-ൽ താഴെയാണ് നമ്മൾ മുടക്കുന്നത്. നമ്മുടെ ചെറുപ്പക്കാർ കൂട്ടം കൂട്ടമായി നാടുവിട്ടുപോകുന്നു എന്ന വിഷയം നിരവധിതവണ നിയമസഭയിൽ ചർച്ച ചെയ്തതാണ്. അന്നൊക്കെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയടക്കമുള്ള മറ്റ് മന്ത്രിമാർ പറയുന്നത് കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് വളരെ വലിയ റാങ്കിംഗാണെന്നാണ്. ഇത് ഔദ്യോഗികമായി രേഖയിൽ ഉണ്ടാകണമെന്ന് ആഗ്രഹിച്ച് ഞാൻ പറയുന്നതാണ്. ' India Rankings 2024: University' എന്ന പേരിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ National Institutional Ranking

Framework (NIRF) എന്നൊരു ഡോക്യുമെന്റുണ്ട്. ആദ്യത്തെ 20 റാങ്കിംഗിൽ കേരളത്തിൽനിന്നും ഒരു സർവകലാശാലകളുമില്ല. A+ ലഭിച്ചു, അല്ലെങ്കിൽ NAAC അക്രെഡിറ്റേഷനിൽ കേരളം രണ്ടാമതാണെന്നൊക്കെ കളവ് പറയുന്നു. എന്തിനാണ് ഇങ്ങനെ പറയുന്നത്; കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കാര്യത്തിൽ..., നിങ്ങൾ വിശ്വസിച്ചുകൊണ്ടിരിക്കുന്നതും പ്രസംഗിച്ചുകൊണ്ടിരിക്കുന്നതും കേരളം നമ്പർ വൺ ആണെന്നല്ലേ; ഒരിക്കലുമല്ല. കേന്ദ്ര സർക്കാർ പറഞ്ഞത് എന്താണെന്ന് പറഞ്ഞുതരാം..., .... (ബഹളം).... കേന്ദ്ര സർക്കാർ പറഞ്ഞത് ആസ്പിരേഷണൽ സ്റ്റേറ്റ്സിൽ കേരളം നമ്പർ വൺ ആണെന്നാണ്. എന്റെ സുഹൃത്ത് ശ്രീ. റോജി എം. ജോൺ പറഞ്ഞ ഒരു ഉദാഹരണം ഞാൻ പറയാം. പത്താം ക്ലാസ് പരീക്ഷ നടന്നു, എല്ലാവരും വലിയ വിജയം നേടി ജയിച്ചു. അതിൽ തോറ്റുപോയ ചില കുട്ടികളുണ്ട്. അവർക്ക് സേ പരീക്ഷ നടത്തി. അതിൽ ഒന്നാം സ്ഥാനം ലഭിച്ചയാളാണ് നമ്പർ വൺ എന്ന് പറഞ്ഞാൽ നമ്പർ വൺ ആകുമോ; You check? അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ; ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളം നമ്പർ വൺ ആണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കരുത്. ഈ മന്ത്രിമാർ സത്യമാണ് പറയുന്നതെന്ന് നിങ്ങൾ

തെറ്റിധരിക്കരുത്. ആസ്പിറേഷണൽ സ്റ്റേറ്റ്സ്, അതായത് പരാജയപ്പെട്ടതിൽ പിന്നിൽ നിൽക്കുന്നവരെ നന്നാക്കാൻ ശ്രമിക്കുന്നവരിൽ ഒന്നാമതെന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. യൂണിവേഴ്സിറ്റികളെക്കുറിച്ച് ആധികാരികമായി പറയുകയാണെങ്കിൽ 20 യൂണിവേഴ്സികളിൽനിന്ന് ഒന്നുപോലും കേരളത്തിൽ നിന്നില്ല. നമ്മുടെ ഓരോ മേഖലയും എങ്ങനെയാണ് പരാജയപ്പെടുന്നതെന്ന് പരിശോധിക്കണം. പൊതുവിൽ ബജറ്റ് പരിശോധിക്കുമ്പോൾ, എനിക്ക് ഏറ്റവും വിഷമം തോന്നുന്നത് നിങ്ങൾ ഈ ബജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി മാറ്റിവച്ച തുകപോലും യഥാർത്ഥത്തിൽ കാർഷിക മേഖലയ്ക്കുവേണ്ടി മാറ്റിവച്ചില്ലെന്നതാണ്. നിങ്ങൾ മുൻഗണന കൊടുക്കുന്നത് എന്തിനാണെന്ന് ബോധ്യപ്പെടുത്താനാണ് ഞാനിത് പറയുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി എഴുന്നൂറ്റി ചില്വാനം കോടി രൂപ മാറ്റിവച്ചപ്പോൾ അത്രയും തുകപോലും നിങ്ങൾ കാർഷിക മേഖലയ്ക്കുവേണ്ടി മാറ്റിവച്ചില്ല. അങ്ങയുടെ ബജറ്റ് പ്രസംഗത്തിൽ റബ്കോയെ സംബന്ധിച്ച് 330-ാമത്തെ ഒരു പ്രഖ്യാപനമുണ്ടായിരുന്നു. അങ്ങ് കേരളത്തിന്റെ പൊതുസമൂഹത്തോട് പറയാൻ തയ്യാറാകണം.

റബ്കോയുടെ നവീകരണം, പ്രവർത്തനമൂലധനം എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നുവെന്ന് പറഞ്ഞു. ഈ ഖജനാവിൽനിന്നും 234

കോടി രൂപ നിങ്ങൾ റബ്കോയ്ക്ക് കൊടുത്തു. ഇവിടെ മരുന്ന് കമ്പനികൾക്ക് 800 കോടി രൂപ നൽകാനുള്ളത് നൽകാത്തതിന്റെ പേരിൽ പാവപ്പെട്ടവന് പനിക്കും ചുമയ്ക്കുമുള്ള മരുന്ന് ആശുപത്രികളിൽ ലഭിക്കുന്നില്ല. മെഡിസെപ്പിനെ ആശ്രയിച്ച് ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുന്നവന്റെ ചികിത്സ മുടങ്ങുകയാണ്. കാരുണ്യ പദ്ധതിപ്രകാരം രോഗത്തിനടിമയാകുന്നവന് നൽകാനുള്ള പണമില്ല. നിങ്ങളുടെ പാർട്ടി പ്രവർത്തനം നടത്താൻ വേണ്ടി റബ്കോയ്ക്ക് വീണ്ടും 10 കോടി രൂപ മാറ്റിവയ്ക്കാൻ നിങ്ങൾക്ക് ഒരു മടിയുമില്ലേ; ഇവിടെ എന്ത് സാമൂഹിക ഉദാരീകരണം നടത്താൻ വേണ്ടിയാണ് നിങ്ങൾ ഇങ്ങനെ ചെയ്യുന്നത്; നിങ്ങളുടെ പ്രയോറിറ്റി എവിടെയാണ്? ഇന്ന് കേരളത്തിന്റെ സമഗ്രമായ വികസനത്തിനാവശ്യം കൃത്യമായ നിർദേശങ്ങൾ നമുക്ക് നൽകാൻ ഈ സർക്കാരിന് കഴിയണമെന്നതാണ്. കൃത്യമായ നിർദേശമില്ലാതെ ഈ സർക്കാർ ഇത്രയുംകാലം പോയതിന്റെ ഭാഗമായി എല്ലാ മേഖലകളിലും വലിയ തകർച്ചയുണ്ടായി. അതിൽ ഏറ്റവും വലിയ തകർച്ച നേരിടുന്നത് കാർഷിക മേഖലയിലാണ്. ആ കാർഷിക മേഖല ഊർധ്വശ്വാസം വലിക്കുന്ന നിലയിൽ തകർന്നുപോകാൻ കാരണം..., നിങ്ങൾ ആ മേഖലയെ പൂർണ്ണമായും അവഗണിച്ചുവെന്ന് മാത്രമല്ല, അവർക്ക് കൃഷി ചെയ്ത്

ജീവിക്കാനുള്ള അവസരം പോലും നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അടുത്തകാലത്തായി ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മരണം സംഭവിച്ചത് വന്യജീവി ആക്രമണങ്ങളിലാണ്. അവർ ഒരു തെറ്റും ചെയ്തിട്ടില്ല. ഈ സംസ്ഥാനത്തെ സാധാരണക്കാർക്ക് ജീവിക്കാൻ..., അവന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയാത്ത ഒരു സർക്കാരാണിത്. കഴിഞ്ഞ ബജറ്റിൽ മാറ്റിവച്ച തുകയുടെ 50 ശതമാനം പോലും ചെലവാക്കിയില്ല. ഫെൻസിംഗിന് വേണ്ടിയോ കിടങ്ങ് കുഴിക്കാൻ വേണ്ടിയോ കോമ്പൻസേഷൻ കൊടുക്കാൻവേണ്ടിയോ ഒന്നും സർക്കാരിന്റെ കൈവശം പണമില്ല. റബ്കോ പോലുള്ള, ആയിരക്കണക്കിന് കോടി രൂപ സംസ്ഥാന ഖജനാവിന് ബാധ്യതയായി മാറുന്ന ഈ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോഴും നിങ്ങളുടെ പ്രയോരിറ്റി എന്ന് പറയുമ്പോൾ, ഈ സംസ്ഥാനത്തെ വികസനത്തിലേയ്ക്ക് നയിക്കാൻ വേണ്ടിയല്ല, നിങ്ങളുടെ അജണ്ട നടപ്പാക്കാനുള്ള ഒരു ഡോക്യുമെന്റായി ബജറ്റിനെ മാറ്റി എന്നുള്ളതാണ് എന്റെ ആക്ഷേപം.

(ശ്രീ. വി. ശശി)

P-10-02-2025
AL-AM (1.00-1.10) (SV)

<u>ശ്രീ. വി. ശശി</u>: സർ, രണ്ടാം പിണറായി സർക്കാരിന്റെ

അവസാനത്തെ സമ്പൂർണ്ണ ബജറ്റാണ് ഫെബ്രുവരി ഏഴാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. ഇതിനുമുമ്പ് അവതരിപ്പിച്ച ബജറ്റുകളിലെല്ലാം സ്വീകരിച്ചുപോന്ന നയം തന്നെയാണ് ഇതിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചുകാണുന്നത്. കേരളത്തിന്റെ വികസനമൂല്യങ്ങളായി കരുതപ്പെടുന്ന സാമൂഹ്യനീതിക്കും സാമൂഹ്യക്ഷേമത്തിനും ഒരു തകരാറും സംഭവിക്കാതെതന്നെ മനുഷ്യനന്മയ്ക്കാവശ്യമായ വികസനം സാധ്യമാണെന്ന് ഒരിക്കൽക്കൂടി തെളിയിക്കുകയാണ് 2025-26-ലെ സംസ്ഥാന ബജറ്റ്. എന്നാൽ കേരളത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആക്കിത്തീർത്തിരിക്കുന്നുവെന്നാണ് കേന്ദ്ര സർക്കാരിന്റെ ആരോപണം. അത് ഏറ്റുപിടിച്ചുകൊണ്ടുള്ള സമീപനമാണ് കേരളത്തിലെ പ്രതിപക്ഷവും ഉന്നയിക്കുന്നത്. ഇവയ്ക്കെല്ലാമുള്ള മറുപടി ബജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകുന്നുണ്ട്. ധനഞെരുക്കം ഇവിടെയുണ്ടെന്നുള്ള കാര്യം സമ്മതിക്കുന്നുണ്ട്. കേന്ദ്ര അവഗണനയാണ് ധനഞെരുക്കത്തിനുള്ള പ്രധാന കാരണം. അത് ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയതല്ല. കേരളത്തിൽ നിന്നടക്കം കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിപ്പണത്തിന്റെ നമ്മുടെ വിഹിതം കുറയാൻ തുടങ്ങിയിട്ട്

കാൽനൂറ്റാണ്ടായി.

(തുടരും.....)

P.10-02-2025
1.10-1.20
GS/AM(2) (SV)

(ശ്രീ. വി. ശശി......തുടർച്ച)

പത്താം ധനകാര്യ കമ്മിഷന്റെ കാലത്ത് 3.88 ശതമാനമായി കുറഞ്ഞു. പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ കാലത്ത് ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ 1.92 ശതമാനമായി മാറി. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാമതാണെന്ന് അംഗീകരിക്കുമ്പോഴും പ്രാദേശിക സർക്കാരിലേക്കുള്ള ധനകമ്മിഷൻ ഗ്രാന്റ് തുടർച്ചയായി വെട്ടിക്കുറയ്ക്കുകയായിരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മിഷന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 4.54 ശതമാനമായി നൽകിയിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ കാലത്ത് 2.68 ശതമാനമായി കുറച്ചു. ഈ വെട്ടികുറയ്ക്കൽ വളരെ കടുത്തതായി പോയെന്ന് ബോധ്യമായതുകൊണ്ടാകാം ഇടക്കാല ആശ്വാസമായി റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിച്ചത്. എന്നാൽ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് അതും നിർത്തലാക്കി. ജി.എസ്.ടി. വന്നതോടെ നികുതി വരുമാനം കുറച്ചുയരുമെന്നാണ് നാം കരുതിയത്. അതായിരുന്നു നമ്മുടെ പ്രതീക്ഷ,

അതുണ്ടായില്ല. നികുതിപിരിവിലെ കുറവ് പരിഹരിക്കാനായി ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച് നൽകി. എന്നാൽ നികുതി പിരിവിലെ കുറവ് ഇപ്പോഴും തുടരുന്നു. പക്ഷെ ജി.എസ്.ടി കോമ്പൻസേഷൻ പൂർണ്ണമായും നിലച്ചു. കടമെടുക്കാനുള്ള സർക്കാരിന്റെ അവകാശത്തിന്മേൽ കടുത്ത അവഗണനയാണ് നാം നേരിടുന്നത്. 2023-ലെ (FRBM) Act പ്രകാരമാണ് കടമെടുക്കാനുള്ള തോത് നിർണ്ണയിക്കുന്നത്. കേന്ദ്രസർക്കാരായാലും കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കായാലും കടമെടുക്കാനുള്ള തോത് ജി.ഡി.പി.-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സംസ്ഥാനങ്ങൾക്ക് പ്രത്യേക സാഹചര്യങ്ങളിൽ ഇളവ് അനുവദിക്കാമെന്നും പ്രസ്തുത ആക്റ്റിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും കേരളത്തിന് ബാധകമാക്കിയിട്ടില്ല. കേരളത്തിനർഹമായ, അനുവദിക്കപ്പെട്ട പരിധിക്കുള്ളിൽനിന്നുപോലും കടമെടുക്കാൻ അനുവദിച്ചിരുന്നില്ല. അതുമാത്രമല്ല, കിഫ്ബി വായ്പയും പെൻഷൻ കമ്പനി വായ്പയും പബ്ലിക് അക്കൗണ്ടിലെ നിക്ഷേപവും കേരളത്തിലെ വായ്പാ പരിധിയിൽനിന്ന് വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഈ ഇനങ്ങളിൽ മുൻകാലങ്ങളിലെടുത്ത വായ്പകൂടി ഈ സർക്കാർ അധികാരത്തിൽവന്നശേഷം മുൻകാലപ്രാബല്യത്തോടെ വായ്പാപരിധിയിൽനിന്ന് വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയുണ്ടായി. ഈ

സാഹചര്യത്തിലുണ്ടാകാവുന്ന സാമ്പത്തിക ഞെരുക്കം ഊഹിക്കാവുന്നതേയുള്ളൂ. അവഗണനയ്ക്കെതിരെ ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനത്തിനെതിരെ രാഷ്ട്രീയപരമായും നിയമപരമായും നമ്മൾ നേരിടുകയാണ്. പതിനാറാം ധനകാര്യ കമ്മിഷന്റെ മുന്നിൽ ഈ അവഗണന തുറന്നുകാണിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ രാഷ്ട്രീയകക്ഷികളും ഐക്യത്തോടുകൂടിത്തന്നെ ഈ വിഷയത്തിൽ ഇടപ്പെട്ടു. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ധനകാര്യ കമ്മിഷനുമുമ്പിൽ യോജിച്ച് അഭിപ്രായം നമ്മളുയർത്തിയിട്ടുണ്ട്. എന്തായാലും പതിനഞ്ചാം ധനകാര്യ കമ്മിഷനെ അപേക്ഷിച്ച് മെച്ചപ്പെട്ട അവാർഡ് പതിനാറാം ധനകാര്യ കമ്മിഷനിൽനിന്നുമുണ്ടാകുമെന്നാണ് കരുതുന്നത്. കാരണം, ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ വെട്ടിക്കുറവ്, അവഗണന ഇനിയൊരു സംസ്ഥാനത്തോടും ചെയ്യാനില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്ത് പ്രതീക്ഷ ഉയർത്തിക്കൊണ്ട് മുന്നോട്ടുനീങ്ങുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തുമ്പോൾ, ബഹുമാനപ്പെട്ട

ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കിയിരിക്കുന്നതുപോലെ കേരളം അതിവേഗം വളർച്ചയുടെ ടേക്ക്ഓഫ് ഘട്ടത്തിലാണ്. ആഭ്യന്തരോൽപ്പാദനം വർധിച്ചു. ധനകമ്മിയും റവന്യൂ കമ്മിയും കുറഞ്ഞു. തനതുവരുമാനം നാല് വർഷത്തിനിടെ 70 ശതമാനമായി വർധിച്ചു. ഈ ധനഞെരുക്കത്തിന്റെ അപകടകാലം കടന്നുവെന്നാണ് ധനകാര്യവകുപ്പുമന്ത്രി തന്റെ പ്രസംഗത്തിൽ ആത്മവിശ്വാസത്തോടുകൂടി വ്യക്തമാക്കുന്നത്. ഇനി വളർച്ചയുടെയും ഉയർച്ചയുടെയും ദിശയിലേയ്ക്ക് കടക്കുകയാണ്. കേരളസർക്കാർ ലക്ഷ്യമിട്ട നവകേരള നിർമ്മിതിക്ക് കുതിപ്പ് നൽകാൻ പോകുന്ന ഇടപെടലുകളായി ബജറ്റ് നിർദേശങ്ങൾ മാറുകയാണ്. വളരെയേറെ പ്രതീക്ഷയുയർത്തുന്ന സമീപനമാണ് ബജറ്റിൽ നാം കാണുന്നത്. പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതികവിദ്യാ പദ്ധതികൾ, ഹരിതവാതക പദ്ധതികൾ, ടൂറിസം, മെട്രോ വ്യാപനം, വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പൂർത്തീകരണം, സ്റ്റാർട്ട് അപ്പുകൾ, വിജ്ഞാനാധിഷ്ഠിത മേഖലകൾ, മെഡിക്കൽ ഉപകരണങ്ങൾ, സയൻസ് പാർക്കുകൾ തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ വൈവിധ്യമാർന്ന പദ്ധതികളും അതിനാവശ്യമായ തുകയും ഈ ബജറ്റിലുണ്ട്. നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ മാറ്റങ്ങളെ ഉൾക്കൊള്ളാനും നിർദേശങ്ങളുണ്ട്. തീരദേശ വികസനം,

തദ്ദേശസ്വയംഭരണം, പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി കശുവണ്ടി എന്നിവയ്ക്ക് വലിയ പരിഗണന നൽകിയിരിക്കുന്നു. കാർഷികമേഖലയ്ക്കും വിള പരിപാലനത്തിനും വികസനത്തിനും 1412 കോടി രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. അതോടൊപ്പം നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ സുസ്ഥിര നെൽകൃഷി വികസനത്തിനും റോയൽറ്റിക്കുമായി 25 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. നെൽകൃഷിയിൽ സൂക്ഷ്മമൂലകങ്ങളുടെ പത്രപോഷണത്തിനുള്ള ധനസഹായം 1.15 കോടി രൂപയിൽനിന്നും 3.5 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഗതാഗത വാർത്താവിനിമയത്തിന് 2065 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി 2821 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ലൈഫ് പദ്ധതിക്ക് 1160 കോടി രൂപയും ആരോഗ്യമേഖലയ്ക്ക് 10431 കോടി രൂപയും വിദ്യാഭ്യാസത്തിന് 2391 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന ത്രികോണം, വെസ്റ്റ്കോസ്റ്റ് കനാലിന്റെ സ്വാധീന മേഖലയിലൂടെ സാമ്പത്തിക വികസനം, തീരദേശ ഹൈവേയോടുചേർന്ന വികസന പരിപാടികൾ, തിരുവനന്തപുരം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ തുടങ്ങിയ ഒട്ടേറെ നിർദേശങ്ങളടക്കിയ ബജറ്റിൽ പുതിയ കേരളത്തിന്റെ

കൃത്യമായ ചിത്രമുണ്ട്. വയനാട്-മുണ്ടക്കൈ പുനരധിവാസ പദ്ധതിക്ക് ആദ്യഘട്ടമായി 750 കോടി രൂപയാണ് അനുവദിച്ചത്. മൊത്തം പ്രതീക്ഷിക്കുന്ന ചെലവ് 2221 കോടി രൂപയാണ്. ഒരു പൈസപോലും ഇതുവരെ കേന്ദ്രസർക്കാരിൽനിന്ന് ഈ മഹാദുരന്തത്തിന് ലഭിച്ചിട്ടില്ലെന്നുള്ള കാര്യം വളരെ വേദനയോടുകൂടിയാണ് നമ്മൾ ഓർമ്മിക്കുന്നത്. സർവീസ് പെൻഷൻ കുടിശ്ശിക, അവസാന ഗഡുവായ 600 കോടി രൂപ ഈ മാസം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ കുടിശ്ശികയുടെ രണ്ടുഗഡു ഈ സാമ്പത്തിക വർഷംതന്നെ പി.എഫ്.-ൽ ലയിപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കിയിരുന്നു. ക്ഷേമപെൻഷനായി 33210 കോടി രൂപ ഈ സർക്കാർ ചെലവാക്കി. നിലവിലുള്ള മൂന്നുമാസത്തെ കുടിശ്ശിക 2025-26-ൽ പൂർണ്ണമായി നൽകുമെന്നും ഉറപ്പാക്കുന്നുണ്ട്. കോടതി ചെലവുകൾ-ചെറിയ വർധന, കോൺട്രാക്റ്റ് ക്യാരേജ് വാഹനങ്ങളുടെ നികുതി ഘടനയിൽ ഏകീകരണം, 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ നികുതി വർധന തുടങ്ങി 366 കോടി രൂപയുടെ വർധനവാണ് നികുതിയിനത്തിൽ വിഭവസമാഹരണമായി ബജറ്റിൽ പ്രതീക്ഷിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി 2005-06 കാലഘട്ടത്തിലേയ്ക്ക് അവതരിപ്പിച്ച ബജറ്റ് സാമ്പത്തിക-രാഷ്ട്രീയ-

സാംസ്കാരിക-സാമൂഹിക ജീവിതത്തെ അടയാളപ്പെടുത്തുന്നുവെന്നും അങ്ങനെ അത് ചരിത്രരേഖയും ഭാവികേരളത്തിന്റെ വികസനരേഖയായും മാറുമെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ശുഭപ്രതീക്ഷയോടെയാണ് അദ്ദേഹം തന്റെ ബജറ്റ് പ്രസംഗം അവസാനിപ്പിച്ചിരിക്കുന്നത്. ആ ശുഭപ്രതീക്ഷ സാക്ഷാത്ക്കരിക്കാനുള്ള പൂർണ്ണപിന്തുണ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ)

P.10-02-2025
1.10-1.20
GS/AM(2) (SV)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. അങ്ങയുടെ ഈ ബജറ്റ് പ്രസംഗത്തിന്റെ കോപ്പിയിൽ ആദ്യം എഴുതിയിരിക്കുന്നത് രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നുവെന്നാണ്. കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറുമെന്ന പ്രതീക്ഷയോടുകൂടിയാണ് ധനകാര്യവകുപ്പുമന്ത്രി അതൊക്കെ പറഞ്ഞതും എഴുതിയിരിക്കുന്നതും. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറിയെന്നുപറയുന്ന ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്കുതന്നെ ആ

ബജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിലെ വൻകിട പദ്ധതികൾ പ്രഖ്യാപിക്കാനോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്ന് പറയാനോ കഴിഞ്ഞില്ലെന്ന് മാത്രമല്ല, കേരളം പ്രതീക്ഷയോടെ കാത്തിരുന്ന ക്ഷേമപെൻഷനിൽ 100 രൂപപോലും വർധിപ്പിക്കാൻ കഴിഞ്ഞില്ലെന്നത് വളരെ വ്യക്തമായ ബോധ്യമാണ്, കേരളത്തിലെ സാമ്പത്തിക ഞെരുക്കം ഒരുവിധത്തിലും അതിജീവിച്ചിട്ടില്ലെന്നതിനുള്ള വളരെ വ്യക്തമായ തെളിവാണിതെന്ന് നമുക്കറിയാം. സാമ്പത്തിക വികസന രംഗത്ത് കേരളം പ്രതിസന്ധിയിൽനിന്ന് ടേക്ക് ഓഫ് ചെയ്യുന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സൂചിപ്പിച്ചത്. കേരളത്തിന്റെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ 25-നും 39-നും വയസ്സിനിടയ്ക്കുള്ള 10 ലക്ഷം സ്ത്രീകൾ തൊഴിലില്ലാതെ നിൽക്കുന്നുണ്ട്. അതേപ്രായത്തിലുള്ള മൂന്നുനാല് ലക്ഷം യുവാക്കൾ, ബിരുദാന്തര ബിരുദം നേടിയവർ ഈ കേരളത്തിൽ തൊഴിലില്ലാതെ നിൽക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയിലും ഈ വികസനനയമില്ലാത്ത പ്രവർത്തനങ്ങളിലും കേരളം ഒരു ടേക്ക് ഓഫാണോ നടത്തിയതെന്ന് അവരോട് ചോദിച്ചാൽ അത് ടേക്ക് ഓഫ് അല്ല ഏറ്റവും വലിയ ക്രാഷ് ലാന്റിംഗാണ് ധനകാര്യമന്ത്രിയും

ഇടതുപക്ഷമുന്നണി ഗവൺമെന്റും നടത്തിയതെന്ന് വളരെ വ്യക്തമായി ഈ ജനങ്ങൾ പറയുമെന്നതാണ് ഈ സാമ്പത്തിക രംഗത്തെ ഇപ്പോഴത്തെ വസ്തുത. കഴിഞ്ഞ ബജറ്റ് കാലഘട്ടങ്ങളിൽ നമ്മൾ കേട്ടുകൊണ്ടിരുന്നതാണ് കുട്ടനാട് പാക്കേജ്, വയനാട് പാക്കേജ്, വിഴിഞ്ഞം പാക്കേജുകൾ. ഇതൊക്കെ പ്രഖ്യാപിക്കുന്നതിനപ്പുറത്ത് അത് നടപ്പാക്കുന്നുണ്ടോ അതിന്റെ പരിണിതഫലങ്ങൾ എന്തൊക്കെയെന്നോ കേരളത്തിലെ ഗവൺമെന്റിന് ഒരു ഇവാല്യേഷൻ നടത്തി പറയാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളത് വളരെ വ്യക്തമാണ്.

(തുടരും...)

P- 10-02-2025
MR-AM(2)
1.20-1.30 (SV)

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ... തുടർച്ച)

ആ പാക്കേജിനൊപ്പം കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വന്യമൃഗ പ്രയാസത്തിൽനിന്ന്, അവയുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്താൻ കേരളത്തിന് ഒരു വന്യമൃഗ പാക്കേജുകൂടി

രൂപീകരിക്കുന്നതായിരിക്കും കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്ക് നല്ലതെന്നാണ് തോന്നുന്നത്. അതോടൊപ്പംതന്നെ ഈ ബജറ്റിന്റെ ഭാഗമായി പല പാക്കേജുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ആ പാക്കേജിന്റെ കൂട്ടത്തിൽ അത് പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഇടതുപക്ഷ മുന്നണിയും ബഹുമാനൃനായ ധനകാര്യ വകുപ്പുമന്ത്രിയും അത് പ്രഖ്യാപിച്ചതെങ്കിൽ...., കേരളം, 2026-ലേയ്ക്ക് കേരള ജനത ഇടതുപക്ഷ നിർമ്മാർജ്ജന പാക്കേജ്, നിരാകരണ പാക്കേജ് രൂപീകരിച്ച് വച്ചിട്ടുണ്ട്. നിങ്ങളെ ഈ കേരളത്തിന്റെ ഭരണരംഗത്തുനിന്ന് പുറത്തേയ്ക്ക് കളയാൻ..., എന്നതാണ് കേരളം കാണാൻ പോകുന്ന കാഴ്ചയെന്നാണ് എനിക്ക് തോന്നുന്നത്. എല്ലാം കഴിഞ്ഞ കാലങ്ങളിലെ ആവർത്തനങ്ങളാണ്. ഡോ. മാതൃു കുഴൽനാടൻ ഉൾപ്പെടെയുള്ള ആളുകൾ അതൊക്കെ ഇവിടെ വളരെ വ്യക്തമായി പറഞ്ഞു. ബഹുമാനൃനായ ധനകാര്യ വകുപ്പുമന്ത്രി, ധാരാളം പദ്ധതികൾ കൊല്ലത്ത് കൊടുക്കുന്നുവെന്ന് പറഞ്ഞു.., അങ്ങ് പറഞ്ഞ കൊല്ലം-പുനലൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് ട്രയാങ്കിൾ പദ്ധതി കഴിഞ്ഞ ബഡ്ജറ്റിലും പ്രഖ്യാപിച്ചതാണ്. കഴിഞ്ഞകാലങ്ങളിൽ ബജറ്റിൽ പ്രഖ്യാപിച്ച ഒരു കാര്യങ്ങളും കേരളത്തിൽ നടപ്പാക്കാൻ കഴിയുന്നില്ലെന്നത് വളരെ വ്യക്തമാണ്. കിഫ്ബിയുടെ കാര്യങ്ങളെക്കുറിച്ച്, രാവിലത്തെ

അടിയന്തര പ്രമേയത്തിൽ കിഫ്ബിയിലെന്താണ് നടക്കുന്നതെന്നും കേരളത്തിന്റെ പ്രതിസന്ധികളെന്തൊക്കെയാണെന്നും വളരെ വ്യക്തമായി പറഞ്ഞു. എന്റെ മണ്ഡലത്തിൽ തന്നെയുള്ള വളാഞ്ചേരിയിൽ 2018-19-ൽ അനുവദിച്ചിരുന്ന വളാഞ്ചേരിയിലെ മുൻസിപ്പൽ കെട്ടിടത്തിനുവേണ്ടി രൂപീകരിച്ച 15 കോടി രൂപയുടെ പദ്ധതിക്ക് ഈ നിമിഷംവരെ അതിനനുകൂലമായി ഒരു തീരുമാനമെടുക്കാനോ എ.എസ് നൽകാനോ സാധിക്കാത്തവിധം കിഫ്ബി ഇന്നും ഇഴഞ്ഞുനീങ്ങുകയാണ് എന്നതിനപ്പുറം യാതൊരു തെളിവും പറയേണ്ടതില്ല. എല്ലാ എം.എൽ.എ.-മാർക്കും ഇത് പറയാൻ കഴിയും. കഴിഞ്ഞ വർഷത്തിൽ അങ്ങ് പറഞ്ഞതിൽ നിന്ന് ഒരു പ്ലാൻ-ബി രൂപീകരിച്ചാണ് പിന്നീട് പോയത്. ബജറ്റിൽ പ്രഖ്യാപിക്കുക, അത് ഭരണഘടനാ വിരുദ്ധമാണെന്ന് പറയുന്നതുപോലെത്തന്നെ വേറൊരു പ്ലാൻ-ബി രൂപീകരിക്കുക, ശേഷം പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നൽകിയ ഫണ്ടുകളിൽനിന്ന് കുറയ്ക്കുക. ആ ഒരു പ്രവർത്തനത്തിലൂടെയാണ് അങ്ങ് പോകുന്നത്. വെട്ടികുറയ്ക്കലുകൾ നടത്തിയ ഘട്ടത്തിൽ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട മൂന്നാംഘട്ട ഗഡുപോലും നൽകാൻ ഇതുവരെ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നതിനപ്പുറത്ത് ഏകദേശം 746.3 കോടി രൂപയിൽനിന്ന് 30.99 കോടി രൂപ മാത്രം അഥവാ

40 ശതമാനം മാത്രമാണ് ഈ കാലഘട്ടത്തിനിടയ്ക്ക് അങ്ങ് പ്രഖ്യാപിച്ച ഈ ബഡ്ജറ്റിന്റെ കാലഘട്ടങ്ങളിൽ ചെലവഴിച്ചിട്ടുള്ളത്. അങ്ങനെ പറയുമ്പോൾ വരാനിരിക്കുന്ന വർഷങ്ങളിൽ ഇത്രകൂടി നടക്കാൻ സാധ്യതയില്ലാത്തവിധം കേരളത്തെ സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള ഒരു ധനസ്ഥിതിയാണ് കേരളത്തിലുള്ളതെന്ന് വളരെ വ്യക്തമാണ്. അതുപോലെതന്നെ മെയിന്റനൻസ് ഗ്രാന്റിന്റെ 13362 ബില്ലുകൾ ഇപ്പോഴും ട്രഷറിയിൽ കെട്ടിക്കിടക്കുകയാണ്. അതിന് ഇതുവരെയും പണം നൽകിയിട്ടില്ല. കേരളത്തിലെ പഞ്ചായത്തുകൾക്ക് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റുകൾ, പ്രവൃത്തി നടത്തുന്നതിനുവേണ്ടി നൽകിയത്, പ്രവൃത്തി നടത്തി 13000-ലധികം പേരുടെ ബില്ലുകൾ ട്രഷറിയിൽ കെട്ടിക്കിടക്കുന്ന ഒരവസ്ഥ പോലുമുണ്ട്. കുട്ടികളിൽനിന്ന് പൊതു പരീക്ഷയ്ക്കായി, ഹയർസെക്കൻഡറി പരീക്ഷയ്ക്കും എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുമൊക്കെ ഫീസ് വാങ്ങാറുണ്ട്. എന്നിട്ടും പരീക്ഷകൾക്കായി ചെലവിന് സ്കൂളുകളുടെ പി.ഡി. അക്കൗണ്ടിൽനിന്ന് പണം എടുക്കാൻ പറയുന്ന ഒരു സന്ദർഭം ഈ കേരളത്തിലുണ്ടായിട്ടുണ്ട്. ആ പണം എടുക്കണമെന്ന് പറയുമ്പോൾ കേരളത്തിലെ മൂല്യനിർണ്ണയ പ്രതിഫലത്തിനായി 44 കോടി രൂപ അധ്യാപകർക്ക് ഈ നിമിഷവും

കൊടുക്കാൻ ബാക്കിയുണ്ടെന്നതാണ് വസ്തുത. ആയിരക്കണക്കിന് അധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ല. അതിലേറെ ആളുകൾക്ക് ശമ്പളം ലഭിക്കാനുണ്ട്. പ്രീ പ്രൈമറി മേഖലയിൽ പഠിപ്പിക്കുന്ന സാധാരണക്കാരായ അധ്യാപകർക്ക് ഇതുവരെയും ശമ്പളം ലഭിച്ചില്ല. അങ്ങനെ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും വളരെ പരിതാപകരമായ ഒരവസ്ഥയാണുള്ളത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒരു ഹബ്ബാക്കുമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കേരളത്തിലെ മുഖ്യമന്ത്രിയും പ്രഖ്യാപിച്ചുകൊണ്ടിരുന്നത്. ഒന്നും നടക്കുന്നില്ലെന്ന് പ്രിയപ്പെട്ട ഡോ. മാത്യു കുഴൽനാടൻ ഇവിടെ ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിടത്ത് പറഞ്ഞു. ആയിരക്കണക്കിന് കുട്ടികൾ നാടുവിടുന്ന അവസ്ഥ, അവരൊക്കെ നാടുവിട്ടുപോയിട്ട് സ്വന്തം നാട്ടിലേക്ക് തിരിച്ചുവരാത്ത അവസ്ഥ, അവർ അവിടെ പോയി താമസിക്കുകയും അവരുടെ രക്ഷിതാക്കന്മാരെ അങ്ങോട്ട് കൊണ്ടുപോകുകയും ചെയ്യുന്ന അവസ്ഥ. അതാണിപ്പോൾ പലയിടത്തും ധാരാളമായി കണ്ടുവരുന്നത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും കേരളത്തിന് വലിയ നാശം വരാനിരിക്കുന്ന അവസ്ഥയിലേയ്ക്കാണ് കേരളം പോകുന്നതെന്ന് നമുക്കറിയാം. ഇത്

പരിഹരിക്കുന്നതിനുപകരം കേരളത്തിലെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്; ഇങ്ങനെ രക്ഷിതാക്കൾ പോയ ഒഴിഞ്ഞ വീടുകളെ നാളെ ടൂറിസ്റ്റുകൾക്ക് താമസിക്കാവുന്ന കേന്ദ്രങ്ങളാക്കി മാറ്റാമെന്നാണ്. പുര കത്തുന്നിടത്ത് കഴുക്കോൽ ഊരിയെടുക്കാൻ ശ്രമിക്കുന്ന ഒരു നിലപാടാണ് ധനകാര്യ വകുപ്പുമന്ത്രിയുടേതെന്ന് പറയാതിരിക്കാൻ വയ്യ. ആ ഒരു രൂപത്തിലാണ് കേരളത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഈ ബജറ്റിലൂടെ കൊണ്ടുപോകുന്നത്. സർവകലാശാല അധ്യാപകർക്ക് യു.ജി.സി. നൽകേണ്ട 1500 കോടി രൂപ ഏഴാം ശമ്പള കമ്മീഷന്റെ ഭാഗമായി ലഭിക്കേണ്ടതുണ്ടായിരുന്നു. ആ 1500 കോടി രൂപയ്ക്കാവശ്യമായ പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പുമന്ത്രിയും അല്ലെങ്കിൽ കേരളാ ഗവൺമെന്റും ഈ സംസ്ഥാന സർക്കാരിലേയ്ക്ക് അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പ്രൊപ്പോസലുകൾ കൃത്യമായി നൽകാത്തതിന്റെ ഫലമായി ഈ 1500 കോടി രൂപ നഷ്ടമാകുകയും ഏഴാം ശമ്പള കമ്മീഷന്റെ ഭാഗമായി കേരളത്തിലെ അധ്യാപകർക്ക് ലഭിക്കേണ്ട ആ ശമ്പളം നഷ്ടപ്പെടുകയും ചെയ്ത അവസ്ഥ കേരളത്തിലുണ്ടായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം പിന്നെ ഏത് തരത്തിലൂടെ നന്നാകുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ

മനസ്സിലാക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇടതുപക്ഷ സർക്കാരിന്റെ സാമ്പത്തിക കാഴ്ചപ്പാടില്ലാത്തതിന്റെ പ്രധാന ഘടനാപരമായ പ്രശ്നങ്ങളെന്നത്, കുറഞ്ഞ വരുമാനമാണ്; കുറഞ്ഞ സമ്പാദ്യമാണ്; നിക്ഷേപമില്ലായ്മയാണ്; കുറഞ്ഞ തൊഴിലവസരങ്ങളാണ്; സാമ്പത്തിക നയരാഹിത്യമാണ്; സാമ്പത്തിക കെടുകാര്യസ്ഥതയാണ്. സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെന്നിന്റെ ' An Uncertain Glory: India and its Contradictions' എന്നുപറയുന്ന പുസ്തകത്തിൽ വളരെ വ്യക്തമായി ജനാധിപത്യത്തെക്കുറിച്ചും മതനിരപേക്ഷതയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. രാജ്യത്തെ ഒരു സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി അഴിമതി ഇല്ലാത്ത നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റുകൾക്കുമാത്രമേ രാജ്യത്തിന്റെ വികസനവുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് വളരെ വ്യക്തമായി അമർത്യസെൻ ആ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ബ്രൂവറി അടക്കമുള്ള അഴിമതി നിറഞ്ഞുനിൽക്കുമ്പോൾ കേരളത്തിന്റെ വികസനത്തെ ഇത്തരത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്നതുകൊണ്ടും അതിനനുസൃതമായി ഒരു ധനകാര്യ മാനേജ്മെന്റ് സൃഷ്ടിക്കാൻ കഴിയാത്ത ബജറ്റിനെ അംഗീകരിക്കാൻ കഴിയില്ലെന്നതുകൊണ്ടും ഈ ബജറ്റിനെ ഞാൻ എതിർക്കുകയാണ്.

P -10-02-2025
MR-AM(2)
1.20-1.30 (SV)

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെയെല്ലാം അനുകൂലിക്കുകയാണ്. വലിയ കേന്ദ്ര അവഗണനയുടെ ഇടയിലും അതിനെയൊക്കെ അതിജീവിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ മൂന്നുനാല് വർഷക്കാലമായി കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന അവഗണനയെക്കുറിച്ച് നമ്മൾ നിരവധി തവണ ചർച്ച ചെയ്തതാണ്. ധാരാളം സാമ്പത്തിക നിയന്ത്രണങ്ങൾ, അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ഒരു ഗവൺമെന്റ് ഫിനാൻഷ്യൽ മാനേജ്മെന്റിനെ സംബന്ധിച്ച് സൂചിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ഏതാനും ചില സൂചകങ്ങൾ നമുക്കറിയാം. ഈ ബജറ്റിൽ സൂചിപ്പിക്കുന്നതുപോലെ ധനകമ്മിയുടെ കാര്യത്തിൽ കുറവുണ്ടായിട്ടുണ്ട്. അതൊരു വസ്തുതാപരമായ കാര്യമാണ്. റവന്യൂ കമ്മി കുറഞ്ഞിട്ടുണ്ട്. ആഭ്യന്തര ഉൽപാദനവും കടവും തമ്മിലുള്ള റേഷ്യോയിലും കുറവുണ്ടായിട്ടുണ്ട്. ഈ മൂന്ന് സാമ്പത്തിക സൂചകങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് ഏറ്റവും മികച്ച

തരത്തിലായിരുന്നുവെന്നത് എടുത്തുപറയാൻ കഴിയുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. അതോടൊപ്പം തന്നെ നമുക്കറിയാം, കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് കുറേക്കാലമായി സംസ്ഥാനത്തോട് കാണിക്കുന്ന തെറ്റായ പ്രവണതകൾ..... റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഈ വർഷത്തോടെ അവസാനിക്കാൻ പോകുകയാണ്. നേരത്തെ നമുക്ക് നൽകിയിരുന്ന തുക വെട്ടിക്കുറച്ചപ്പോഴുണ്ടായ, ഒരു കോമ്പൻസേഷന്റെ ഭാഗമായി നൽകിയ ഈ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇല്ലാതാകുന്ന ഒരവസ്ഥയിലേക്ക് എത്തുന്നു. ജി.എസ്.ടി. കോമ്പൻസേഷൻ വളരെ നേരത്തെതന്നെ നിർത്തിക്കഴിഞ്ഞു. അതോടൊപ്പംതന്നെ എഫ്.ആർ.ബി.എം. ആക്റ്റ്, ഇത് കേന്ദ്ര ഗവൺമെന്റിന് ബാധകമല്ല. ഇത്രകാലമായിട്ടും എഫ്.ആർ.ബി.എം. ആക്റ്റിന്റെ സൂചകങ്ങളിലേക്ക് എത്താനായി കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പക്ഷേ സംസ്ഥാനങ്ങളുടെ പേരിൽ അത് അടിച്ചേൽപ്പിക്കുന്ന അവസ്ഥ. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് കടമെടുക്കാനുള്ള പരിധിക്കെല്ലാം നിയന്ത്രണം ഏർപ്പെടുത്തും. ഏറ്റവും രസകരമായ കാര്യം, ഈ സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും ഇപ്രാവശ്യത്തെ ബജറ്റുകളുടെ പശ്ചാത്തലത്തിൽ ഈ കേന്ദ്ര പദ്ധതികൾ സംബന്ധിച്ച് ഞാൻ

തയ്യാറാക്കിയ നോട്ട് ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്കെല്ലാം നൽകാനായി കൊണ്ടുവന്നിട്ടുണ്ട്. ഉച്ചകഴിയുമ്പോഴേക്കും എല്ലാവർക്കും അത് എത്തിക്കും. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം കേന്ദ്രാവിഷ്കൃത പദ്ധതികൾ 'കോർ' പദ്ധതികൾ 'കോർ ഓഫ് ദ കോർ' പദ്ധതികൾ എന്നിങ്ങനെയുണ്ട്. ഇപ്രാവശ്യത്തെ കേന്ദ്ര ബജറ്റിൽ കേന്ദ്ര ഗവൺമെന്റ് ചെയ്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം..., പൂർണ്ണമായിത്തന്നെ കേന്ദ്ര ഗവൺമെന്റ് മുടക്കേണ്ട മേഖലകളിൽനിന്ന് മാറിനിന്നുകൊണ്ട് 40 ശതമാനത്തോളം സംസ്ഥാനം മുടക്കേണ്ട മേഖലകളിലേക്ക്...., വളരെ ബോധപൂർവമായി സംസ്ഥാനങ്ങളുടെ മേൽ അതടിച്ചേൽപ്പിക്കുന്ന നിലപാട്. കൂടുതലായി ഇനി കേന്ദ്ര പദ്ധതികൾ ആവിഷ്കരിക്കാൻ സംസ്ഥാന ബജറ്റിൽ കൂടുതൽ പണം കണ്ടെത്തേണ്ട ഒരു സാഹചര്യമുണ്ടാകുന്നു. ഇതാണ് കേന്ദ്രത്തിന്റെ നിലപാട്.

(തുടരും...)

P 10-02-2025
RJ-AU (1)
1.30-140 (RC)

(ഡോ. എൻ. ജയരാജ് തുടർച്ച.....)

ഇതോടൊപ്പം പലതവണ ആവർത്തിച്ച ഒരുകാര്യമാണ് പ്രകൃതി

ദുരന്തങ്ങളുണ്ടാകുന്നത് സംബന്ധിച്ച്. വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലുണ്ടായ പ്രകൃതി ദുരന്തങ്ങളെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് വളരെ ക്രൂരമായൊരു നിലപാടാണ് കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. വിഴിഞ്ഞം പദ്ധതിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ടുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെ സംബന്ധിച്ച് രാവിലെ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ഏത് പദ്ധതിയെടുത്താലും സംസ്ഥാനത്തെ വല്ലാതെ ഞെരുക്കുന്ന ഒരു നിലപാടാണ് കേന്ദ്രത്തിനുള്ളത്. അതിനിടയിലാണ് ഇന്ന് രാവിലെ ചർച്ചചെയ്യപ്പെട്ട കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയം. അതിൽ ഒരുകാര്യം പറയാതെ കടന്നുപോകുന്നത് ശരിയല്ല; കാരണം ചില കാര്യങ്ങൾ യാഥാർത്ഥ്യമായി നിൽക്കുന്നുണ്ട്. 1999-ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്റ്റുണ്ട്, അതിനുശേഷം 2016-ൽ കെ. എം. മാണി അവതരിപ്പിച്ച സംസ്ഥാന

ബജറ്റിലെ 22-ാമത്തെ ഐറ്റമായി പറയുന്നത് "കുതിപ്പിന്റെ കുളമ്പടിയുമായി അടിസ്ഥാന സൗകര്യ വികസനം- ഈ തുക മൂലധനമായി ഉപയോഗിച്ച് കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡ് പൊതുവിപണിയിൽനിന്നും പണം കണ്ടെത്തുന്നതാണ്" എന്നാണ്. അതായത് കിഫ്ബി എന്നുപറയുന്ന ആശയം 2015-16

കാലഘട്ടത്തിലുണ്ടായിരുന്ന എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുശേഷം ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയാകുന്ന സമയത്ത് കിഫ്ബിയെ കൂടുതൽ മോഡിഫൈ ചെയ്ത് നിലവിലുള്ള രൂപത്തിലേയ്ക്ക് കൊണ്ടുവന്നു. കിഫ്ബിയെ സംബന്ധിച്ച് ഇവിടെ ഒരു പ്രവർത്തനവും നടക്കുന്നില്ലെന്ന് പറയുമ്പോൾ, അത് പറയാതെ കടന്നുപോകുന്നത് ശരിയല്ല. എന്റെ നിയോജകമണ്ഡലത്തിൽ പതിനൊന്ന് പദ്ധതികളാണ് ലഭിച്ചത്. ഇന്ന് രാവിലെ നടന്ന ബോർഡ് യോഗത്തിൽ എന്റെ മണ്ഡലത്തിലെ കളിക്കളവുമായി ബന്ധപ്പെട്ട് 28 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചറിനുള്ള ടെക്നിക്കൽ സാങ്ഷൻ ലഭിച്ചുകഴിഞ്ഞു. ഇനി ഒരു പ്രോജക്ടിന് മാത്രമെ എന്റെ മണ്ഡലത്തിൽ ലഭിക്കാനുള്ളൂ. പത്ത് പദ്ധതികളും നടന്നുകൊണ്ടിരിക്കുകയാണ്, ഓൺ ഗോയിങ്ങാണ്. 2025-ൽതന്നെ എട്ട് പദ്ധതികൾ പൂർത്തീകരിക്കാവുന്ന ഘട്ടത്തിലാണ്. അപ്പോൾ കിഫ്ബിയിൽ ഒന്നും നടക്കുന്നില്ലെന്ന് പറയാൻ കഴിയില്ല. ഒരുപക്ഷെ സങ്കേതികമായ നൂലാമാലകളുള്ളതുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലതാമസമായിരിക്കാം ഇവിടെ സൂചിപ്പിച്ചത്. ഏതായാലും കാഞ്ഞിരപ്പള്ളിയെ സംബന്ധിച്ച് എടുത്തുപറയേണ്ട ഒരുകാര്യമാണ് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് ഒരു കാത്ത് ലാബ്

കിഫ്ബിയിൽനിന്നും അനുവദിച്ചത്. 2500 കേസുകളാണ് അവിടെ അറ്റൻഡ് ചെയ്തത്. 2500 ജീവൻ രക്ഷപ്പെടുത്താൻ കഴിഞ്ഞൂയെന്നത് തീർച്ചയായും പൊതുജീവിതത്തിൽ വളരെ ധന്യമായൊരു കാര്യമാണ്. കാഞ്ഞിരപ്പള്ളി പോലെയുള്ള ഗ്രാമീണ മേഖലയിലെ സ്കൂളുകളിലെ വിദ്യാർഥികൾക്ക് ഈ വേനൽക്കാലത്ത് പങ്കയുടെ കീഴിലിരുന്ന് സ്വസ്ഥമായി പഠിക്കാൻ കഴിയുന്നു എന്നുപറയുന്നത് കിഫ്ബി എന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ്. ഇത്തരം കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്താം; കുറച്ചുകൂടി ക്രമപ്പെടുത്തണമെങ്കിൽ ക്രമപ്പെടുത്താം. അതിനപ്പുറത്തേയ്ക്ക് പദ്ധതി മോശമാണെന്ന് പറയാനാവില്ല. കാരണം കേരളം ദീർഘകാലമായി ആഗ്രഹിച്ച ഒരു പദ്ധതിയുടെ സാക്ഷാത്കാരമാണ് കിഫ്ബി എന്നുമാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത, പ്രതിസന്ധികൾക്കിടയിലും പ്ലാൻ ഫണ്ട് വർധിപ്പിച്ചുയെന്നതാണ്. കഴിഞ്ഞ പ്രാവശ്യം 1,60,000 കോടി രൂപയായിരുന്നത് ഇത്തവണ 1,64,000 കോടിയായി വർധിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി.-യുടെ കാര്യത്തിൽ 27.5 ശതമാനമായിരുന്നത് ഈ ബജറ്റിൽ 28 ശതമാനമാക്കിയിട്ടുണ്ട്. പ്രതിസന്ധിക്കിടയിലും യഥാർഥത്തിൽ പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുകയല്ല

ചെയ്തത്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാടാണെടുത്തിട്ടുള്ളത്. സുസ്ഥിര വികസന മേഖലയിലെ ഒരുകാര്യം എടുത്തുപറയാനുണ്ട്. പ്രത്യേകിച്ച് ബജറ്റിനകത്ത് ഒരു ദീർഘകാല വീക്ഷണമുണ്ട്. ഒരുപക്ഷെ എനിക്ക് തോന്നുന്നത് ഇതിൽ കെട്ടുകാഴ്ചകളും വർണ്ണാഭമായ കുടമാറ്റങ്ങളുമില്ല. എങ്കിലും മനോഹരമായ രീതിയിൽ ആവിഷ്ക്കരിച്ച സാമ്പത്തിക വാസ്തു ശാസ്ത്രമാണെന്നുപറയുന്നത് അടിസ്ഥാന മേഖലയിലെ, പ്രത്യേകിച്ച് വ്യാവസായിക മേഖലയിലെ ഇൻവെസ്റ്റ്മെന്റ് വർധിപ്പിക്കുക, അതോടൊപ്പം ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലത്തിനനുസരിച്ചുള്ള മാറ്റമുണ്ടാക്കിക്കൊണ്ട് കേരളത്തിന്റെ ദീർഘകാല ഭാവിയെ രൂപപ്പെടുത്തുകയും ക്രമപ്പെടുത്തുകയും കുറച്ചുകൂടി ഊർജ്ജസ്വലമാക്കുകയും ചെയ്യുക എന്ന വ്യക്തമായ ദിശാബോധം നൽകുന്ന ബജറ്റാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ മാറ്റമാണ് യഥാർഥത്തിൽ കാണേണ്ടത്. എനിക്ക് ഇന്നലെ ഒറ്റപ്പാലത്തുള്ള ചിനക്കത്തൂർ വരെ പോകേണ്ട സാഹചര്യമുണ്ടായി. അവിടെ പൂരങ്ങൾ ആരംഭിക്കുന്ന കാലമായിരുന്നു. അവിടെ ചെന്നപ്പോൾ കുറേ മുളകളും ഈറകളും കൊണ്ടിട്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു. പത്തു ദിവസം കഴിഞ്ഞ് അവിടെ പോയാൽ വർണ്ണാഭമായ തരത്തിലുള്ള നിലപ്പന്തലുകൾ രൂപപ്പെടും.

പിന്നീട് അത് വലിയ കാഴ്ചയാണ്. യഥാർഥത്തിൽ ഈ ബജറ്റിൽ കണ്ടതൊക്കെ ചില മുളയുടെയും ഈറകളുടെയുമൊക്കെ ഭാഗം മാത്രമാണ്. പക്ഷെ അത് വരാൻപോകുന്ന കേരളത്തിന്റെ ഭാവിയെ കെട്ടിപ്പടുക്കുന്ന വലിയ നിലപ്പന്തലുകളായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി ഈ ബജറ്റിലെ നിർദേശങ്ങളെ അഭിമാനത്തോടെ പിന്താങ്ങിക്കൊണ്ട് വാക്കുകൾ നിർത്തുന്നു.

(ശ്രീ. പി. ജെ. ജോസഫ്)

P 10-02-2025
RJ-AU (1)
1.30-140

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. കേരളം ഒരു ടേക്ക് ഓഫ്-ന് സജ്ജമായിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയുണ്ടോ? പദ്ധതി വിഹിതം 50 ശതമാനം വെട്ടിക്കുറച്ചിരിക്കുകയാണ്. കഴിഞ്ഞ നാലു വർഷമായി ഇടുക്കി പാക്കേജിന് 75 കോടി രൂപവച്ച് 300 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ ഒരു

രൂപപോലും ചെലവാക്കിയിട്ടില്ല. ഇത്തവണ പട്ടയം എന്നൊരു വാക്കുപോലും ബജറ്റിൽ പറഞ്ഞിട്ടില്ല; എന്താണ് കാര്യം? ഇടുക്കിയിലെ ഉടുമ്പൻചോല താലൂക്കിൽ 210000 ഏക്കർ സ്ഥലം കാർഡമം ഹിൽ റിസർവിലാണ്. പ്രസ്തുത സ്ഥലം വനഭൂമിയാണോ, റവന്യൂ ഭൂമിയാണോ? വനഭൂമിയാണെന്നാണ് വനം വകുപ്പ് പറയുന്നത്. ചീഫ് സെക്രട്ടറി കൊടുത്തിരിക്കുന്ന അഫിഡവിറ്റിൽ പറയുന്നത് റവന്യൂ ഭൂമിയെന്നാണ്. പക്ഷെ ഈ പൊരുത്തക്കേടുകളുടെ മധ്യത്തിൽ അവിടത്തെ പട്ടയ നടപടികൾക്ക് മുഴുവൻ സുപ്രീംകോടതി ഇടക്കാല സ്റ്റേ കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ആ പട്ടയത്തെക്കുറിച്ച് ബജറ്റിൽ മിണ്ടിയിട്ടില്ല. പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കേണ്ട കാര്യമാണ്. അതുപോലെ കഴിഞ്ഞദിവസം തൊടുപുഴ അദാലത്തുണ്ടായിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി കേൾക്കാൻ ഞാൻ പറയുകയാണ്. മുള്ളരിങ്ങാട് പ്രദേശത്ത് ഒരാളെ ആന ചവിട്ടിക്കൊന്നപ്പോൾ പത്ത് ലക്ഷം രൂപ പ്രഖ്യാപിച്ചെങ്കിലും അഞ്ച് ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. ബാക്കി നൽകിയിട്ടില്ല. അവിടെ മാത്രമല്ല, കോതമംഗലത്ത് എൽദോ എന്നയാളെ ആന കൊന്നപ്പോഴും പത്ത് ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. അഞ്ച് ലക്ഷം രൂപ കിട്ടിയിട്ടില്ലെന്നുപറഞ്ഞ്

പ്രതിപക്ഷനേതാവ് പങ്കെടുത്ത ജാഥ നടക്കുന്ന സ്ഥലത്ത് എൽദോയുടെ പ്രായമായ പിതാവ് വന്നിരുന്നു. പ്രഖ്യാപിക്കുന്ന തുകയെങ്കിലും കൊടുക്കണം. വനം-വന്യജീവി സംരക്ഷണത്തിന് 305 കോടി രൂപ ബജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. ആന ഇറങ്ങി വരാതിരിക്കണമെങ്കിൽ വനഭൂമിയിൽ ആനയ്ക്ക് കുടിക്കാൻ വെള്ളവും തീറ്റയും ഉണ്ടാകണം. 305 കോടി രൂപ വകയിരുത്തിയിരിക്കുന്നതിൽ നല്ലൊരു ഭാഗം തടയണകളുണ്ടാക്കാനും യൂക്കാലിപ്റ്റ്സും അക്കേഷ്യയുമല്ലാതെ ആനകൾ ഭക്ഷിക്കുന്ന ഈറ്റയും മുളയും വച്ചു പിടിപ്പിക്കാനും ഉപയോഗിച്ചാൽ ഒരു പരിധിവരെ ആന ജനവാസ മേഖലകളിൽ ഇറങ്ങുന്നത് നിയന്ത്രിക്കാൻ കഴിയും. രണ്ടാമത് ഫെൻസിംഗുകളുടെ കാര്യമാണ്. മുള്ളരിങ്ങാട് പ്രദേശത്ത് അഞ്ച് കിലോമീറ്റർകൂടി ഫെൻസിംഗ് നടത്തിയാൽ ആന ജനവാസകേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് തടയാൻ കഴിയും. പക്ഷെ അതിനാവശ്യമായ പത്തുലക്ഷം രൂപ ആസ്തി വികസന ഫണ്ടിൽനിന്നുപയോഗിക്കാൻ കഴിയില്ല. അതിന് പ്രത്യേകം അനുമതി ആവശ്യമാണ്. അതിനുവേണ്ടി അനുവാദം ചോദിച്ചിട്ട് ഇതുവരെ ലഭിച്ചിട്ടില്ല. തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. തൊഴിൽ ലഭ്യമാകുന്ന മേഖലകൾ നമ്മൾ കണ്ടെത്തണം. പെട്രോ

കെമിക്കൽസ് മേഖല വളർന്നുവരുന്ന കാര്യം ഗവൺമെന്റിന് അറിഞ്ഞുകൂടെ? കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി നാന്നൂറേക്കർ സ്ഥലത്താണ് അതിനുള്ള സംവിധാനമുണ്ടാക്കുന്നത്. പ്രസ്തുത മേഖലയിൽ ആവശ്യമുള്ളത് ഡിപ്ലോമക്കാരെയാണ്. അതുമായി ബന്ധപ്പെട്ട വിദഗ്ധരുമായി ഞാൻ സംസാരിച്ചിരുന്നു. പെട്രോ കെമിക്കൽ വ്യവസായത്തിന് ആവശ്യമായത് കെമിക്കൽ ടെക്നോളജി, ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, പ്രോസസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ്, പ്രോസസിംഗ് എന്നീ എട്ട് മേഖലകളിലെ ഡിപ്ലോമക്കാരെയാണ്. കേരളത്തിലെ പോളിടെക്നിക്കുകളിൽ ഇപ്പോഴുള്ളത് ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ മൂന്ന് ബ്രാഞ്ചുകൾ മാത്രമാണ്. ബാക്കിയുള്ളതൊന്നുമില്ല. ബഹുമാനപ്പെട്ട ഹയർ എഡ്യൂക്കേഷൻ മിനിസ്റ്റർ സീറ്റിലില്ല. പതിനായിരക്കണക്കിന് ആളുകൾക്ക് ജോലി കിട്ടുന്ന കാര്യമാണിത്. ഇതിലേക്ക് ഓൾ ഇന്ത്യ തലത്തിലാണ് പരസ്യം കൊടുക്കുന്നത്. ഇവിടെ പ്രാപ്തരായ വിദ്യാർഥികളില്ലാത്തതിനാൽ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ് ഇവിടേക്ക് ജോലിക്ക് വരുന്നത്. അതുകൊണ്ട് ഇത്തരം മേഖലകളെപ്പറ്റി നാം ചിന്തിക്കാത്തത്

എന്തുകൊണ്ടാണ്? തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലകളിൽ പരിശീലനം നൽകണം. അവിടെ ഡിപ്ലോമയുള്ളവരെയാണ് ആവശ്യം, അല്ലാതെ എഞ്ചിനീയേഴ്സിനെയല്ല. ഐ.ടി.ഐ.-കളിലുള്ള ചില കോഴ്സുകളായ വെൽഡിംഗ്, കെമിക്കൽ ഓപ്പറേഷൻ, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ മേഖലകളിലെ പ്രാധാന്യം മനസ്സിലാക്കി ആ രംഗത്തേയ്ക്ക് അടിയന്തര ശ്രദ്ധപതിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്.

(ശ്രീ. പി. ജെ. ജോസഫ്......തുടരും)

p-10-02-2025
ks-au-2
1.40-1.50

(ശ്രീ. പി. ജെ. ജോസഫ് തുടർച്ച...)

തടയണകളും ആനയ്ക്കുള്ള തീറ്റയും സൃഷ്ടിക്കുന്നുണ്ടെങ്കിലും ജനവാസമേഖലകളിലേക്ക് ആന ഇറങ്ങാതിരിക്കാൻ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. വളരെ ശാസ്ത്രീയമായി അക്കാര്യം ചെയ്യാൻ സാധിക്കും. ഒരു കിലോ മീറ്റർ ദൂരം ഫെൻസിംഗ് ചെയ്യുന്നതിന് ഏകദേശം രണ്ടര ലക്ഷം രൂപ ചെലവ് വരും.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഹാംഗിംങ് ഫെൻസിംഗിന് അതിനേക്കാൾ കൂടുതൽ തുക ചെലവുവരും. (മൈക്ക് ഓഫ്)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, അതെ, ഹാംഗിംങ് ഫെൻസിംഗിന് 8 ലക്ഷം രൂപ ചെലവ് വരും. ബജറ്റിൽ മാറ്റിവച്ചിരിക്കുന്ന തുകയുടെ വലിയഭാഗവും ഹാംഗിംങ് ഫെൻസിംഗിനായി ഉപയോഗിക്കണം, അത് ജനങ്ങളെ സംരക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമായ കാര്യമാണ്. വന്യജീവി ആക്രമണത്തിൽ ആളുകൾ മരിച്ചാൽ അവകാശികൾക്ക് അടിയന്തര സഹായം ലഭ്യമാക്കണം. ഈയിനത്തിൽ പ്രഖ്യാപിക്കപ്പെട്ട പത്ത് ലക്ഷം രൂപയെങ്കിലും അടിയന്തരമായി നൽകേണ്ടതല്ലേ; അങ്ങനെയൊരു തീരുമാനമുള്ളതല്ലേ? ഞാൻ ചോദിക്കുന്നത് വനം വകുപ്പുമന്ത്രിയോടാണ്.

<u>ചെയർപേഴ്സൺ</u>: അനുവദിക്കപ്പെട്ട സമയം കഴിഞ്ഞിരിക്കുന്നു. പ്രസംഗം ചോദ്യോത്തര രൂപത്തിലാക്കരുത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, നഷ്ടപരിഹാരത്തിന്റെ ഒന്നാം ഗഡു നൽകിക്കഴിഞ്ഞു, പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് ബാക്കി തുക നൽകും. പ്രസ്തുത വിഷയത്തിൽ കോടതി കേസ് വന്നതുകൊണ്ടാണ് അങ്ങനെ നിൽക്കുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്:</u> സർ, രണ്ടുഗഡുവായിട്ടാണ് നൽകുന്നതെങ്കിൽ അങ്ങനെ ചെയ്യുക. ഏതായാലും നഷ്ടപരിഹാരം കൊടുക്കേണ്ടത് അത്യാവശ്യമാണ്. ആളുകൾ ജീവിക്കാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ കാർഷികോൽപന്നങ്ങൾക്കും വില കിട്ടാതെ പോകുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഭൂനികുതി 50 ശതമാനം വർദ്ധിപ്പിച്ചത് തെറ്റായ ഒരു നടപടിയായിപ്പോയി എന്നതാണ് എന്റെ അഭിപ്രായം. റബ്ബറിന്റെ വില സ്ഥിരതാ ഫണ്ടിനെക്കുറിച്ചാണ് അടുത്തതായി സൂചിപ്പിക്കാനുള്ളത്. റബ്ബറിന്റെ മാർക്കറ്റ് വില കിലോയ്ക്ക് 200 രൂപയിൽ കൂടുതലുള്ള ഈ സാഹചര്യത്തിലും കഴിഞ്ഞ കാലത്തേക്കാൾ താങ്ങുവിലയിൽ 10 രൂപ മാത്രം വർദ്ധിപ്പിച്ച് 180 രൂപയായി സീലിംഗ് ചെയ്തതിനാൽ ഒരു രൂപ പോലും ആയിനത്തിൽ ചെലവാക്കേണ്ടിവരില്ല. കാർബൺഫ്രീ സ്റ്റേറ്റ് ആയി കേരളത്തെ മാറ്റിത്തീർക്കുമെന്ന് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇലക്ട്രിക് വാഹനത്തിന് നികുതി വർദ്ധിപ്പിച്ചത് പരിസ്ഥിതി സൗഹൃദ സമീപനമാണോ? പ്രോത്സാഹിപ്പിക്കേണ്ട മേഖലയായതിനാൽ ഇലക്ട്രിക് വാഹനത്തിനുള്ള നികുതി വർദ്ധന തീർച്ചയായും എടുത്തുകളയണം. ആ മേഖലയിലെ നികുതി വർദ്ധനകൊണ്ട് അധികമായി പ്രതീക്ഷിക്കുന്നത് 30 കോടി രൂപ മാത്രമാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങേയ്ക്ക് അനുവദിച്ചതിലും 2 മിനുട്ട് കൂടുതലായിക്കഴിഞ്ഞു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ആശുപത്രികളിൽ മരുന്ന് ലഭ്യതയുണ്ടോ? ഗവൺമെന്റ് മേഖലയിലെ ഡയാലിസിസ് യൂണിറ്റുകളിൽപ്പോലും 1000 രൂപയെങ്കിലും മുടക്കാതെ രോഗികൾക്ക് ചികിത്സ ലഭിക്കുന്നില്ല, ഇതുപോലുള്ള അത്യാവശ്യ കാര്യങ്ങൾ ഉടനെതന്നെ നടപ്പിലാക്കണം. കാരുണ്യ പദ്ധതിയും അവതാളത്തിലായിരിക്കുകയാണ്, കാരുണ്യ ഫാർമസികളിലെ സ്ഥിതിയും അങ്ങനെതന്നെയാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ടവർ ആശ്രയിക്കുന്ന ഗവൺമെന്റ് ആശുപത്രികളിൽ മരുന്ന് എത്തിച്ചുനൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ബജറ്ററി കട്ട് ധാരാളമായി വരുന്നുണ്ട്. മരുന്ന് ലഭ്യതയിൽ പ്രശ്നം വരുന്നത് എന്തുകൊണ്ടാണ്? അങ്ങനെ സംഭവിക്കുന്നത് മരുന്ന് വിതരണ കമ്പനികൾക്ക് കുടിശ്ശിക തീർത്ത് നൽകാത്തതിനാലാണ്. കമ്പനികൾ മരുന്ന് സപ്ലൈ ചെയ്താലും തുക നൽകുന്നില്ല. ഇത്തരം കാര്യങ്ങളിലെല്ലാം അടിയന്തരമായി നടപടിയുണ്ടാകണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി മെഗാ തൊഴിൽ ഹബ്ബുകൾ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ചെയർപേഴ്സൺ: ജോബ് ഫെയർ നടത്തുമെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. പി. ജെ. ജോസഫ്: സർ, അതൊക്ക നടക്കുകയാണെങ്കിൽ നല്ലകാര്യമാണ്. കേന്ദ്ര ബജറ്റിൽ കളിപ്പാട്ട നിർമ്മാണത്തിന്റെ ഹബ്ബായി ഇന്ത്യയെ മാറ്റുമെന്ന പ്രഖ്യാപനമുണ്ട്, നമ്മളും അക്കാര്യം പരമാവധി പ്രയോജനപ്പെടുത്തണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ഏറ്റവുംനല്ല അവസരമായി അതിനെ കാണേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ബജറ്റിൽ പ്രഖ്യാപനം നടത്തിയശേഷം പിന്നീട് എക്സിക്യൂട്ടീവ് ഓർഡർവഴി 50 ശതമാനം തുക വെട്ടിക്കുറയ്ക്കാനാണെങ്കിൽ ഇത്തരത്തിൽ പ്രഖ്യാപനങ്ങൾ ആവശ്യമുണ്ടോ? ഇപ്പോൾ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത് അങ്ങനെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങനെ ചെയ്യുന്നത് നിയമവിരുദ്ധമാണ്. (മൈക്ക് ഓഫ്)

ശ്രീ. പി. ജെ. ജോസഫ്: സർ, അത് നിയമവിരുദ്ധമാണെന്ന കാര്യം പ്രതിപക്ഷനേതാവ് ഉന്നയിക്കുകയുണ്ടായി. പ്രഖ്യാപിച്ച കാര്യങ്ങളെല്ലാം സമയബന്ധിതമായി നടപ്പിലാക്കണം. ഇടുക്കിയിലെ പട്ടയ വിതരണം സ്റ്റേ ചെയ്തത് വെക്കേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉത്തരം ഇല്ല എന്നായതുകൊണ്ടുതന്നെ പട്ടയത്തെപ്പറ്റി ബജറ്റിൽ ഒരക്ഷരവും മിണ്ടിയിട്ടില്ല.

പട്ടയ വിഷയത്തിൽ പൊരുത്തക്കേടുണ്ടെന്ന് അമിക്കസ് ക്യൂറി പറയുകയുണ്ടായി. ഭൂമി അവരുടേതാണെന്ന് വനം വകുപ്പും, റവന്യൂ വകുപ്പിന്റേതാണെന്ന് അവരും പറയുന്നു. റവന്യൂ വകുപ്പ്, അല്ലെങ്കിൽ ചീഫ് സെക്രട്ടറി പറയുന്നത്, പ്രസ്തുത ഭൂമി റവന്യൂ ഭൂമി തന്നെയാണെന്നാണ്, അത്തരം പൊരുത്തക്കേടുകൾ നീക്കിക്കൊണ്ട് അവിടുത്തെ പരിപാടികൾ നടപ്പാക്കണം. ഇടയ്ക്കിടയ്ക്ക് പദ്ധതികൾ വെട്ടിച്ചുരുക്കുന്നത് അവസാനിപ്പിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു.

(ശ്രീ. കെ. ഡി. പ്രസേനൻ)

p-10-02-2025
ks-au-2
1.40-1.50

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു, അതിന് വിവിധ കാരണങ്ങളുമുണ്ട്. 2025-ലെ കേരള ബജറ്റ് ഒരേ സമയം അദ്ഭുതവും ആത്മവിശ്വാസവും ആവേശവും പകരുന്നതാണ്. എന്നാൽ അക്കാര്യം ബോധ്യപ്പെടാത്ത ചിലരെങ്കിലും ഈ സഭയിലുണ്ട് എന്നതിന്റെ തെളിവാണ് കുറച്ചുമുമ്പ് ഈ സഭയിൽ ചെയ്ത ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗം, കേട്ടപ്പോൾ അക്കാര്യം മനസ്സിലാകുകയും ചെയ്തു. ഇത്രയും കാലം

ഈ സഭയിൽ ഇരുന്നിട്ടും കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഫോക്കസ് ഏത് മേഖലയിലാണെന്ന് അദ്ദേഹത്തിന് പിടികിട്ടിയിട്ടില്ല. ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റിൽ മാത്രമല്ല, എല്ലാ കാലത്തും ഈ ഗവൺമെന്റിന്റെ ഫോക്കസ് കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിലാണ്, അക്കാര്യത്തിൽ ഒരു തർക്കത്തിന്റെയും ആവശ്യമില്ല. അദ്ദേഹം പ്രസംഗത്തിനിടെ ചില കണക്കുകൾ പറയുകയുണ്ടായി, വിദ്യാഭ്യാസ-ആരോഗ്യ-നഗരവികസന മേഖലയിൽ ദേശീയ ശരാശരിയെക്കാളും കുറഞ്ഞ തുകയാണ് കേരളം വകയിരുത്തിയിരിക്കുന്നത് എന്ന് അതിൽ സൂചിപ്പിക്കുകയുണ്ടായി. ഈ വാദം നരേന്ദ്ര മോദി പറയുന്നതുപോലെയാണ്, ഇന്ത്യയുടെ ആളോഹരി വരുമാനത്തിന്റെ കണക്ക് മോദിയും പറയാറുണ്ട്, അതുപോലെതന്നെയാണ് ഈ കണക്കും. പ്രധാനകാര്യം ഈ പണമെല്ലാം ആർക്കുവേണ്ടി ചെലവഴിക്കുന്നുവെന്നതല്ലേ? കേരളത്തിൽ മാറ്റി വയ്ക്കുന്ന പണം, പൊതു ഖജനാവിൽനിന്നും വകയിരുത്തുന്ന പണം പൂർണ്ണമായും പൊതുകാര്യങ്ങൾക്കുള്ളതാണ്. പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ മേഖലയ്ക്കുവേണ്ടിയും തുക ചെലവഴിക്കുന്ന സംസ്കാരമാണ് കേരളത്തിനുള്ളത്, അവിടെയാണ് ഞങ്ങളുടെ ഫോക്കസ് നിലകൊള്ളുന്നത്. അദ്ദേഹത്തിന് പിടികിട്ടാതെ പോയ മറ്റൊരു കാര്യം കാർഷിക

മേഖലയാണ്, കൃഷിക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്നാണ് ആരോപണം. ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റ് സൂക്ഷ്മമായി വായിച്ചില്ലെങ്കിലും ഒന്ന് ഓടിച്ച് വായിച്ചാൽപ്പോലും കാണാൻ കഴിയുന്ന കാര്യങ്ങളുണ്ട്, വിള പരിപാലനത്തിന് 535 കോടിയിലധികം രൂപയും കേര പദ്ധതിക്ക് 100 കോടി രൂപയും നെൽകൃഷി വികസനത്തിന് 150 കോടി രൂപയും നാളികേര വികസനത്തിന് 73 കോടി രൂപയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 78 കോടി രൂപയും മൃഗസംരക്ഷണത്തിന് 318 കോടി രൂപയും ക്ഷീര വികസനത്തിന് 121 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് അതിൽനിന്നും മനസ്സിലാകും. ഇതൊന്നുമല്ലാതെ ഏത് തരം കൃഷിയാണ് ഡോ. മാത്യു കുഴൽനാടൻ, താങ്കൾ ഉദ്ദേശിക്കുന്നത്? കോൺഗ്രസിലെ കുത്തിത്തിരിപ്പ് കൃഷിക്കാണെങ്കിൽ അതിന് ഇവിടെനിന്നും പണംകിട്ടുമെന്ന് കരുതേണ്ട. അത്തരം കൃഷിയൊഴിച്ച് മറ്റെല്ലാ കൃഷിക്കും ഇവിടെ പണം വകയിരുത്തിയിട്ടുണ്ട്. നമ്മൾ ആലോചിക്കേണ്ട കാര്യമെന്താണ്; നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റിനുള്ള സമീപനം എന്താണ്? ഏതാണ്ട് അടങ്ങാത്ത പ്രതികാരദാഹവുമായി നടക്കുന്ന രക്തരക്ഷസ്സിനെപ്പോലെയാണ് നമ്മളോടുള്ള കേന്ദ്രത്തിന്റെ സമീപനം. കേരളത്തെ തുടർച്ചയായി അവഗണിച്ചും അവഹേളിച്ചും

കടന്നുപോയ കേന്ദ്ര ബജറ്റിനുശേഷമാണ് നമ്മുടെ കേരള ബജറ്റിന്റെ അവതരണമുണ്ടായത്, അദ്ഭുതംകൂറുന്ന ബജറ്റായി ഈ ബജറ്റിനെ മാറ്റിത്തീർത്തതും അതാണ്. പ്രതിവർഷം 50000 കോടി രൂപയുടെ കട്ടുംവെട്ടാണ് ഇക്കാലത്തിനിടെ കേന്ദ്രഗവൺമെന്റ് നടത്തിയത്. നികുതിയിനത്തിലും ഗ്രാന്റിനത്തിലുമെല്ലാം കട്ടുംവെട്ട് നടത്തിയിട്ടുണ്ട്. ആ സാഹചര്യത്തെയെല്ലാം മറികടന്നുകൊണ്ടാണ് കേരളാ ഗവൺമെന്റ് നവകേരള സൃഷ്ടിക്കായി ഇത്തരത്തിൽ ഒരു ബജറ്റ് അവതരിപ്പിച്ചതെന്ന് നമ്മൾ കാണേണ്ടതുണ്ട്.

ഇന്ത്യ നമ്മുടേതുകൂടിയാണ്, ഇന്ന് കാണുന്ന ഇന്ത്യയെ സൃഷ്ടിക്കാനും അതിനെ നിലനിർത്താനും ഇടതടവില്ലാതെ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തവരുടെ ചരിത്രത്തിൽ മലയാളികളും കേരളവും ഉൾപ്പെടുന്നുണ്ട്. മലയാളികളുടെ ജീവനും ജീവിതവും സമർപ്പിക്കപ്പെട്ടതിലൂടെ പുനഃസൃഷ്ടിക്കപ്പെട്ട ഇന്ത്യയിൽ, ആ മലയാള നാടിന്, കേരളത്തിന് ഒരു സ്ഥാനവുമില്ലെന്ന് പറയുന്ന കേന്ദ്ര ഭരണകൂടത്തെ വെറുക്കാതെ നമുക്ക് എങ്ങനെ മുമ്പോട്ടുപോകാൻ കഴിയും? കേന്ദ്രഭരണാധികാരികൾ മലയാളികളെ പൂർണ്ണമായും മറന്നുകഴിഞ്ഞിരിക്കുകയാണ്. മതനിരപേക്ഷതയും മാനവികതയും മുഖമുദ്രയാക്കിയ മലയാളക്കരയെ

മാനംകെടുത്തുന്ന ഉന്നതകുല ദ്രോഹികളായി കേന്ദ്രസർക്കാർ മാറുന്നത് മറ്റാര് ക്ഷമിച്ചാലും മാനാഭിമാനമുള്ള മലയാളികൾ ക്ഷമിക്കാൻപാടില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ നാടിനുവേണ്ടി നമ്മൾ ചോദിച്ചതിൽ എന്തെങ്കിലുമൊന്ന് അവർ അനുവദിക്കാൻ തയ്യാറായോ? ഒന്നും അനുവദിക്കാൻ സന്നദ്ധരായില്ല.

(ശ്രീ. കെ. ഡി. പ്രസേനൻ തുടരും...)

P.10-02-2025
AV-AU
01.50-2.00

(ശ്രീ. കെ. ഡി. പ്രസേനൻ തുടർച്ച.....)

വയനാട് ദുരന്ത പരിഹാരത്തിന് 2000 കോടി രൂപ മാത്രമാണ് ഈ ഗവൺമെന്റ് ചോദിച്ചത്. തന്നതോ വട്ടപ്പൂജ്യം. ജി.എസ്.ടി. നഷ്ടപരിഹാരം നികത്താൻ 24000 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. പ്രവാസിക്ഷേമ പദ്ധതിക്ക് 3940 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. വിഴിഞ്ഞം തുറമുഖ വികസനത്തിന് 5000 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. വന്യജീവി ആക്രമണം നേരിടാൻ 1000 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. കാലാവസ്ഥാ വ്യതിയാന കെടുതി പരിഹരിക്കാൻ 4500 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. നെല്ല് സംഭരണത്തിന് 2000 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. ഉന്നതവിദ്യാഭ്യാസത്തിന് 2000 കോടി രൂപ

ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. റബർ വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് 1000 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. കടലേറ്റവും തീരശോഷണവും തടയാൻ 2329 കോടി രൂപ ചോദിച്ചു. തന്നത് വട്ടപ്പൂജ്യം. ഇതാണ് കേന്ദ്രത്തിന്റെ സമീപനം. ഒന്നുംതരാതിരുന്നവർ ഒന്നും തരാതിരിക്കാൻവേണ്ടി ഒന്നാമതായി പറഞ്ഞ കാര്യമാകട്ടെ അതിലേറെ രസമാണ്. നമ്മൾ എല്ലാത്തിനും ഒന്നാമതായി എന്നതാണ് അവരുടെ ന്യായം. എന്ത് അന്യായ നയമാണ് കേന്ദ്രസർക്കാർ കേരളത്തെക്കുറിച്ച് പറയുന്നത്? വിദ്യാഭ്യാസത്തിൽ ഒന്നാമതായതിനാൽ കേരളത്തിന് തുടർ പഠനത്തിന് പണമില്ലെന്ന് കേന്ദ്രം പറയുകയാണ്. കേരളത്തിൽ പട്ടിണിമരണമില്ലല്ലോ അതിനാൽ ഭക്ഷ്യധാന്യ വിതരണത്തിന് അധിക പണമില്ലെന്ന് കേന്ദ്രം പറയുകയാണ്. കേരളം ആയുർദൈർഘ്യത്തിൽ ഒന്നാമതാണല്ലോ. അതിനാൽ മരുന്നിനുപോലും ഇനി പണം തരില്ലെന്ന് പറയുകയാണ്. കേരളത്തിൽ ദശലക്ഷക്കണക്കിന് ഇതരസംസ്ഥാനക്കാർ തൊഴിൽ തേടി വരുന്നുണ്ടല്ലോ. അതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ പണത്തിനുവേണ്ടി നിങ്ങൾ കാത്തിരിക്കേണ്ടയെന്ന് പറയുകയാണ്. കേരളത്തിൽ അതിദരിദ്രരില്ലല്ലോ. അതിനാൽ ദാരിദ്ര്യം അകറ്റാനുള്ള ഒരു പണവും നിങ്ങൾക്കിനിയില്ല എന്നുപറയുകയാണ്. ഇത് എന്ത് അസംബന്ധമാണ്.

കേരളം എങ്ങനെയാണ് ഈ അവഗണനയെല്ലാം സഹിച്ച് അതിജീവിച്ച് ഒന്നാമതെത്തിയതെന്നുകൂടി നമ്മൾ പരിശോധിക്കണം. നമുക്ക് ഏതെങ്കിലും കാലത്ത് കേന്ദ്രത്തിൽനിന്നും അധിക പണം ലഭിച്ചിട്ടുണ്ടോ? ഒരുകാലത്തും ലഭിച്ചിട്ടില്ല. കിട്ടിയ പണത്തെ ജനങ്ങളുടെ സംഘടിതമായ പരിശ്രമത്തിലൂടെ നാലിരട്ടിയാക്കി മാറ്റിക്കൊണ്ടാണ് കേരളത്തിൽ സാമൂഹ്യ വികസനം സാധ്യമാക്കിയത്. അത് കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവുമാണ്. കേരളത്തിലെ ആദ്യ സർക്കാരായ ഇ.എം.എസ്.-ന്റെ സർക്കാർ മുതൽ ഇടവിട്ടാണെങ്കിലും അധികാരത്തിലിരുന്ന ഇടതുജനാധിപത്യ സർക്കാരുകളും ഇടവേളകളില്ലാതെ അധികാരത്തിൽ തുടരുന്ന ഇന്നത്തെ പിണറായി സർക്കാരും സ്വീകരിച്ച ജനപക്ഷ നിലപാടുകളാണ് കേരളീയ മുന്നേറ്റത്തിന്റെ അടിത്തറയായി മാറിയതെന്ന് ഓർക്കണം. ഈ മുന്നേറ്റത്തെ ശാപമായി വ്യാഖ്യാനിച്ച് മലയാള നാട്ടിലേയ്ക്ക് നയാപൈസ തരാത്ത കേന്ദ്ര സർക്കാർ ചെയ്യുന്നതെന്താണ്? ബീഹാറിലെ താമരക്കുരു ശേഖരിക്കാൻ അനുണക്കിയുണ്ടാക്കുന്ന ഉഡായിപ്പ് പരിപാടിക്ക് ഏതാണ്ട് ഒരുലക്ഷം കോടി രൂപയാണ് അനുവദിച്ചത്. അയൽ സംസ്ഥാനമായ ആന്ധ്രാപ്രദേശിന് ആറുമാസത്തിനിടെ മൂന്ന് ലക്ഷം കോടി രൂപയുടെ സാമ്പത്തികസഹായമാണ് മൂന്നാം മോദി സർക്കാർ നൽകിയത്. ഇത്തരം

കടുത്ത അവഗണനകളിൽ അടിപതറാതെ ആത്മവിശ്വാസത്തിന്റെ കരുത്തുമായാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. പിണറായി സർക്കാരിന്റെ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനമെന്താണ്? സമീപകാലത്ത് നമ്മൾ നേടിയ നേട്ടങ്ങൾ തന്നെയാണ്. നീതിആയോഗിന്റെ സുസ്ഥിരവികസന സൂചികയിലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിലും ഇന്ത്യാ ടുഡേയുടെ Happiness index survey-യിലും നീതി ആയോഗിന്റെ ആരോഗ്യ സൂചികയിലും കേരളം ഒന്നാമതാണ്. രാജ്യത്തെ ആദ്യ സൂപ്പർ ഹബ്ബ് ലാബ് കേരളത്തിൽ, രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവകലാശാല കേരളത്തിൽ, രാജ്യത്തെ ആദ്യ ഗ്രാഫിക് സെന്റർ കേരളത്തിൽ, രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക് കേരളത്തിൽ, രാജ്യത്തെ ആദ്യ വാട്ടർ മെട്രോ കേരളത്തിൽ, രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യചികിത്സ നടത്തുന്ന നാട് കേരളം, മാതൃശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ നാട് കേരളം, അറുപത് ലക്ഷത്തോളം പേർക്ക് പ്രതിമാസം 1600 രൂപ പെൻഷൻ നൽകുന്ന ഏക നാട് കേരളം, 5 ലക്ഷത്തോളം കുടുംബങ്ങൾക്ക് ജീവിത വീടുകൾ നൽകിയ നാട് കേരളം, വ്യവസായ സൗഹൃദ റാങ്കിംഗിൽ ഒന്നാമതെത്തിയ നാട് കേരളം, ശരവേഗത്തിൽ 20 പൊതുമേഖലാ സ്ഥാപനങ്ങളെ

ലാഭത്തിലാക്കിയ നാട് കേരളം, റബർ അധിഷ്ഠിത വ്യവസായ ഹബ്ബാക്കാൻ 1050 കോടി രൂപ മുടക്കി കമ്പനി ആരംഭിച്ച നാട് കേരളം, 95 ലക്ഷം റേഷൻ കാർഡുടമകളുള്ള രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനമുള്ള നാട് കേരളം, സമ്പൂർണ്ണ ഭവന വൈദ്യുതീകരണം നടപ്പാക്കിയ നാട് കേരളം, ഭൂരഹിതരായ മൂന്നേകാൽലക്ഷം പേർക്ക് പട്ടയം നൽകിയ നാട് കേരളം, അതാണ് കേരളം. പിണറായി സർക്കാരിന്റെ കഠിനാധ്വാനത്തിൽ നേടിയെടുത്ത ഈ നേട്ടങ്ങളുടെ നെറുകയിൽ ചാരിനിന്നുകൊണ്ടുതന്നെയാണ് വരാനിരിക്കുന്ന ലോകത്ത് കുതിപ്പ് നടത്താൻ കേരളം ഈ ബഡ്ജറ്റിൽ പുതുനിർദേശങ്ങൾ വച്ചത്. വയനാടൻ ദുരന്തഭൂമിയെ സ്വർഗ്ഗഭൂമിയാക്കി വീണ്ടെടുക്കാൻ ആദ്യഘട്ടിൽ 750 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ആരോഗ്യമേഖലയ്ക്ക് 10431 കോടി രൂപ, വ്യവസായ വികസനത്തിന് 1831 കോടി രൂപ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 15980 കോടി രൂപ, ലൈഫ് വീടുകൾക്ക് 1160 കോടി രൂപ, റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് 4219 കോടി രൂപ, വിലക്കയറ്റം തടയാൻ 2063 കോടി രൂപ, വിള പരിപാലനത്തിന് 530 കോടി രൂപ, മറ്റ് കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്ക് കോടികളുടെ മറ്റ് സഹായങ്ങൾ ഇതെല്ലാം ചെയ്യുന്നതിനോടൊപ്പം ഈ ഘട്ടത്തിൽ ഞാൻ ഗവൺമെന്റിനോട്

അഭ്യർഥിക്കുന്നത് ക്ഷേമപെൻഷന് ചെറിയൊരു വർധനവെങ്കിലും വരുത്താൻ നമ്മൾ പരിശ്രമിക്കണം. അതുപോലെ നെല്ല് സംഭരണത്തിലെ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണം. കാലാനുസൃതമായ വിലവർദ്ധനവ് നൽകേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്രത്തിൽനിന്നും അത് വാങ്ങിച്ചെടുക്കാൻ വലിയ സമ്മർദ്ദം ചെലുത്തണം. അതുലഭിക്കുന്നതുവരെയുള്ള കാലത്ത് കേരളത്തിലെ നെൽ കർഷകരെ സഹായിക്കാൻ ഗവൺമെന്റ് പിന്തുണയ്ക്കണമെന്ന അഭ്യർഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ഈ സന്ദർഭത്തിൽ ചില ജൽപ്പനങ്ങൾ നമ്മൾ ശ്രദ്ധിക്കാതെ കടന്നുപോയിട്ട് കാര്യമില്ല. അതിന് കേന്ദ്രത്തിലുള്ളവരുണ്ട്. അതുപോലെ കേരളത്തിലെ പ്രതിപക്ഷവുമുണ്ട്. എന്താണ് ജൽപ്പനങ്ങൾ? അവർ പറയുന്നത് അയ്യോ ഞങ്ങൾ പട്ടിണിയിലാണ്. കുടിക്കാൻ വെള്ളവും കിടക്കാൻ കിടപ്പാടവും ഉടുക്കാൻ വസ്ത്രവും പഠിക്കാൻ പള്ളിക്കൂടവുമില്ലാത്ത ഞങ്ങൾക്ക് വല്ലതും തരണേയെന്ന് യാചകവേഷത്തിൽ വന്നുപറഞ്ഞാൽ എല്ലിൻ കഷണമെങ്കിലും എറിഞ്ഞുതരാമെന്ന് പറയുന്ന കേരളത്തിൽ പിറന്ന കേന്ദ്ര കര്യനോട്ടം ചുമ്മാ കിടന്ന് നിലവിളിക്കാതെ പഞ്ചപുച്ഛമടക്കി ഉന്നതകുലജാതരായ തങ്ങളുടെ തറവാട്ടിൽവന്ന് നട്ടെല്ല് വളച്ചുനിന്നാൽ

നിങ്ങളെ അത്യുന്നതിയിലെത്തിക്കാമെന്ന് പുലമ്പിയ പൂരപ്പറമ്പിലെ കേന്ദ്ര ഗോപിയോടും അവരെയെല്ലാം ആദരവോടെ സ്വീകരിക്കുന്ന കേരളത്തിലെ പ്രതിപക്ഷത്തോടും മലയാളികളുടെ മറുപടി ഞാൻ ഈ സഭയിൽ പറയുകയാണ്. ഞങ്ങൾ മലയാളികൾ മലയാള നാടിനെയും മലനാടിനെയും ഇടനാടിനെയും തീരനാടിനെയും ഇടനെഞ്ചിൽ ഒരുപോലെ ഏറ്റുവാങ്ങിയ മനുഷ്യരാണ്. ഞങ്ങൾ മലയാളികൾ അടിമജീവിതം അടിച്ചേൽപ്പിക്കപ്പെട്ട മാനവകുലത്തിന്റെ പൂർവകാല തിന്മകൾ തിരുത്താൻ പൊരുതിക്കയറിയ മതനിരപേക്ഷ മാനവരാണ്. ഞങ്ങൾ മലയാളികൾ 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് ഓതിയ മഹാ ഗുരുവിന്റെയും 'മനുഷ്യൻ നന്നാവാൻ മനസ്സ് നന്നായാൽ മതി' എന്ന് ഉദ്ഘോഷിച്ച ബ്രഹ്മാനന്ദ ശിവയോഗിയുടെയും അടിയാളരുടെ മക്കളെ പള്ളിക്കൂടത്തിൽ കയറ്റിയില്ലെങ്കിൽ അരിവാളുമായി പാടത്തിറങ്ങാൻ അധ്വാനവർഗ്ഗമുണ്ടാകില്ലെന്ന് പ്രഖ്യാപിച്ച് അനാചാര പെരുവഴികളിലൂടെ അവകാശപോരാട്ട ചാട്ടവാറുമായി വില്ലുവണ്ടിയിൽ വീറോടെ പൊരുതി മുന്നേറുകയും ചെയ്ത അയ്യങ്കാളിയുടെ പിന്മുറക്കാരായ ഞങ്ങൾ മലയാളികൾ ഈ നാടിനുവേണ്ടി ജീവൻ നൽകി പോരാടുമെന്ന് പ്രതിജ്ഞ ചെയ്ത ഞങ്ങൾ മലയാളികൾ, ഏതെങ്കിലും എല്ലിൻ കഷണത്തിനുവേണ്ടി ഏതെങ്കിലും കേന്ദ്ര

ധിക്കാരിയുടെ മുമ്പിൽ ഏറാൻമൂളികളായി മാറില്ലെന്നും ഏത് ഉന്നതകുല അധികാര ധാർഷ്ട്യത്തിന്റെ മുമ്പിലും ഈ നാടിന്റെ അവകാശത്തിനുവേണ്ടി ചങ്കുപൊട്ടുമാറ് ഉച്ചത്തിൽ നിലയ്ക്കാത്ത മുദ്രാവാക്യ നിലവിളികളുമായി നിലയുറപ്പിക്കുമെന്നും ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ)

P-10-02-2025 VV-UL-II 2.00-2.10 bc

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു.

വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചത്. സമഗ്ര മേഖലയിലും പുരോഗതി കൈവരിച്ച കേരളത്തിന് ഒരു സംസ്ഥാനമെന്ന പരിഗണനപോലും കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തം വയനാട്ടിൽ ഉണ്ടായിട്ടും, അതിതീവ്ര ദുരന്തമെന്ന് കേന്ദ്ര ഗവൺമെന്റുതന്നെ പ്രഖ്യാപിച്ച ആ വിഷയത്തിൽ ഒരു സഹായവും നൽകില്ലെന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കൈവരിച്ച

പുരോഗതിയെ തള്ളിപ്പറഞ്ഞാൽ സഹായം നൽകാമെന്ന പ്രഖ്യാപനം നടത്തി കേരളത്തെ അപമാനിക്കുകയാണ് ബി.ജെ.പി.യും കേന്ദ്ര സർക്കാരും ചെയ്യുന്നത്. ഇതിനെ കൈയടിച്ച് പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള എല്ലാ പ്രതിസന്ധികളെയും അതിജീവിക്കുമെന്ന പ്രഖ്യാപനമാണ് സംസ്ഥാന ബജറ്റ്. അർഹതപ്പെട്ട നികുതി വിഹിതംപോലും തരാതെ സാമ്പത്തികമായി ഞെരുക്കുമ്പോഴും സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കേരളം കരകയറുന്നുവെന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിൽ മലയാളി എന്ന നിലയിൽ അഭിമാനിക്കേണ്ടതാണ്. കേന്ദ്ര ബജറ്റിലെ പല പ്രഖ്യാപനങ്ങളും കേരളം വർഷങ്ങൾക്കുമുമ്പേ നടപ്പാക്കിയ പദ്ധതികളാണ്. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ 50 ശതമാനം വർധനയുണ്ടായി എന്നത് സർക്കാരിന്റെ ഇച്ഛാശക്തി വിളിച്ചോതുന്നു. ബജറ്റിൽ നികുതി ഭാരം കൂട്ടിയെന്നാണ് ഇവിടെ പ്രതിപക്ഷം പറയുന്നത്. എന്നാൽ വസ്തുത എന്താണ്? ഒരു വർഷം 1.74 ലക്ഷം കോടിയിലേറെ രൂപ സംസ്ഥാന വികസനത്തിനായി ചെലവിടുമ്പോഴും സർക്കാർ 646 കോടി രൂപയുടെ നികുതി വർധനവ് മാത്രമാണ് ബജറ്റിൽ പ്രത്യക്ഷമായി പ്രതീക്ഷിക്കുന്നത്. വർഷങ്ങളായി വർധിപ്പിക്കാത്ത ഭൂനികുതിയിൽ 50

ശതമാനം വർധന വരുത്തിയത് പെരുപ്പിച്ച് കാണിച്ച് നികുതി ഭാരം എന്ന് വിശേഷിപ്പിക്കുകയാണ് പ്രതിപക്ഷം. ഭൂനികുതിയിൽ ചെറിയ മാറ്റം വന്നതോടെ 100 കോടി രൂപ മാത്രമാണ് അധികമായി ലഭിക്കുക. പഞ്ചായത്ത് പ്രദേശത്ത് 8.1 ആർ വരെ വിസ്തീർണ്ണത്തിന് ആർ ഒന്നിന് പ്രതിവർഷം 5 രൂപയായിരുന്നത് 7.50 രൂപയാക്കി വർധിപ്പിച്ചു. അതായത് 50% വർധന. മുൻസിപ്പൽ കൗൺസിൽ പ്രദേശത്ത് 2.43 ആർ വരെ 10 രൂപയായിരുന്നത് 15 രൂപയാക്കി വർധിപ്പിച്ചു. മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 1.62 ആർ വരെ ആർ ഒന്നിന് പ്രതിവർഷം 20 രൂപയായിരുന്നത് 30 രൂപയാക്കി. വർഷങ്ങളായി വർധിപ്പിക്കാത്ത ഒരു നികുതി വർധിപ്പിക്കുക മാത്രമാണ് സർക്കാർ ചെയ്തത്. കേന്ദ്രം സാമൂഹ്യസുരക്ഷാ പദ്ധതികൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുമ്പോഴും കേരളം ബദൽ വിഭവസമാഹരണം വഴി സാമൂഹ്യസുരക്ഷാ പദ്ധതികൾ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകുമെന്ന് പ്രഖ്യാപിച്ച് മുന്നേറുകയാണ്. കേരളത്തിന്റെ ആഭ്യന്തരോൽപാദനം വർധിപ്പിക്കാൻ കഴിഞ്ഞു. സംസ്ഥാന ബജറ്റ് എല്ലാ മേഖലകളെയും പരിഗണിച്ചു. സർക്കാർ സർവീസ് നിയമനത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ

ഇന്ത്യയിലാകെ 64000 നിയമനങ്ങൾ നടത്തിയതിൽ 34000 എണ്ണവും കേരളത്തിലാണ് എന്നത് നാം വിസ്മരിക്കാൻ പാടില്ല. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് 1.84 ലക്ഷം പേർക്ക് എൽ.ഡി.എഫ്. സർക്കാർ പട്ടയം നൽകി. ലൈഫ് പദ്ധതി മുഖേന എട്ട് വർഷം കൊണ്ട് അഞ്ച് ലക്ഷത്തോളം കുടുംബങ്ങൾക്ക് വീട് നൽകി. 5.58 ലക്ഷം ഹെക്ടർ ഭൂമിയിൽ ഡിജിറ്റൽ സർവേ പൂർത്തിയായി. കേന്ദ്രം തഴഞ്ഞാലും വയനാട് ജനതയെ കൈവിടില്ലെന്ന് പ്രഖ്യാപിച്ച് ദുരന്ത പുനരധിവാസത്തിനായി 750 കോടി രൂപയുടെ പദ്ധതികളാണ് കേരള സർക്കാർ പ്രഖ്യാപിച്ചത്. അതിദരിദ്ര കുടുംബങ്ങൾ ഇന്ന് നാമമാത്രമായ എണ്ണത്തിലേക്ക് എത്തിക്കാൻ സാധിച്ചു എന്നുള്ളത് വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ഒന്നാണ്. ക്ഷേമപെൻഷൻ കുടിശ്ശികയ്ക്ക് 600 കോടി രൂപ നീക്കിവച്ചു. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൃത്യമായി നൽകുമെന്ന് സർക്കാർ ഉറപ്പുനൽകുന്നു. ബജറ്റ് കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവാണ് നൽകുന്നത്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലയെ വിറ്റുതുലയ്ക്കുമ്പോൾ കേരളം പൊതുമേഖലയെ ശക്തിപ്പെടുത്താൻ 275.10 കോടി രൂപ നീക്കിവച്ചു. സ്റ്റാർട്ടപ്പ് രംഗത്ത് കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. ആരോഗ്യ മേഖലയിൽ മികച്ച മുന്നേറ്റം

കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യ വനിതാ ശിശുവികസന വകുപ്പിന് ദേശീയ അന്തർദേശീയ തലത്തിൽ 28 പുരസ്കാരങ്ങളും ബഹുമതികളും ലഭിച്ചു. ഇവിടെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞു, എസ്.എസ്.എൽ.സി.ക്ക് സേ പരീക്ഷയിൽ പാസ്സായ കുട്ടികളിൽ ഏറ്റവും മുൻപന്തിയിലുള്ള സംസ്ഥാനമായല്ലേ കേരളത്തെ കണക്കാക്കാൻ പറ്റൂ എന്ന്. സത്യം പറഞ്ഞാൽ വളരെ സങ്കടം തോന്നുകയാണ്. മലയാളികൾ എന്ന നിലയ്ക്ക് നമുക്ക് അഭിമാനിക്കാനുള്ള ഒരു വലിയ വകയല്ലേ യഥാർത്ഥത്തിൽ അത്. കേരളമെന്ന് പേരുകേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം എന്നുപറഞ്ഞിട്ട് ഇതാണോ നമ്മുടെ നയം. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്നുപറഞ്ഞതുപോലെ ആ കൊതുക് ആയി മാറാൻ പാടുണ്ടോ? മലയാളി എന്ന നിലയ്ക്ക് സംസ്ഥാനത്തിന്റെ വികസനത്തെയല്ലേ കണക്കിലെടുക്കേണ്ടത്? പലപ്പോഴും അതിൽനിന്നും വ്യത്യസ്തമായി ചിന്തിക്കുന്നവരെക്കുറിച്ച് വലിയ സങ്കടം തോന്നുന്നുണ്ട്. പ്രതിപക്ഷം എന്നുപറഞ്ഞാൽ ക്രിയാത്മകമായിരിക്കണം. തെറ്റുകൾ ചൂണ്ടിക്കാണിക്കാം. പക്ഷെ എല്ലാത്തിനെയും തകർക്കുന്ന ഒരു നയം ഒരിക്കലും സ്വീകരിക്കാൻ പാടില്ല എന്നതാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. അതുപോലെ വ്യവസായ മേഖലയ്ക്ക് ഉണ്ടാക്കാൻ സാധിച്ച

ഉണർവ് ഒരു കാലത്ത് ആലോചിക്കാൻ സാധിക്കുമായിരുന്നോ? വ്യവസായ മേഖലയ്ക്കാകെ 1831.36 കോടി രൂപയാണ് ഈ ബജറ്റിലൂടെ വകയിരുത്തിയിരിക്കുന്നത്. ചെറുകിട വ്യവസായ മേഖലയ്ക്ക് 254.93 കോടി രൂപ നീക്കിവച്ചു. ഇടത്തരം, വൻകിട വ്യവസായങ്ങൾക്കുവേണ്ടി 795.09 കോടി രൂപ വകയിരുത്തി. സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്റ്റാർട്ടപ്പുകളുടെ സ്വയംപര്യാപ്തതയും ശാക്തീകരണവും ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായപദ്ധതിക്ക് 9 കോടി രൂപ അനുവദിച്ചു. പ്രതിസന്ധിയിലകപ്പെട്ട പീഢിത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിന് പുതിയ പദ്ധതിക്കായി 4 കോടി രൂപ വകയിരുത്തി. കൊച്ചി പാലക്കാട് ഹൈടെക് വ്യാവസായിക ഇടനാഴിക്ക് 200 കോടി രൂപ വകയിരുത്തി. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ സാമ്പത്തിക പുനഃസംഘടനാ പദ്ധതിക്ക് 275.10 കോടി രൂപ അനുവദിച്ചു. കോവളം, മൂന്നാർ, കുമരകം, ഫോർട്ടുകൊച്ചി മേഖലകളിലെ താമസക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വീടുകളെ പ്രയോജനപ്പെടുത്തി ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കെ-ഹോംസ് പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ അനുവദിച്ചു. കോ-വർക്കിങ് സ്പേസുകൾ നിർമ്മിക്കാൻ സർക്കാർ 10 കോടി രൂപ വരെ 5 ശതമാനം പലിശയിൽ വായ്പാ സബ്സിഡി നൽകും.

ഹൈഡ്രജൻ ഉൽപാദനത്തിന് 'ഹൈഡ്രജൻ വാലി' പദ്ധതി. എഥനോൾ ഉൽപാദന സാധ്യതകൾ പഠിക്കാൻ 10 കോടി രൂപ, കൊച്ചി സുസ്ഥിര നഗരഭൂമി പുനഃക്രമീകരണ പദ്ധതിക്ക് 10 കോടി രൂപ, മുതിർന്ന പൗരന്മാർക്ക് പുതുസംരംഭങ്ങൾ തുടങ്ങാൻ ന്യൂ ഇന്നിംഗ്സ് പദ്ധതിക്ക് 5 കോടി രൂപ, വിദൂര ആദിവാസി ഗ്രാമങ്ങളുടെ വൈദ്യുതിവൽക്കരണത്തിന് 5 കോടി രൂപ, പട്ടികവർഗ/ഗോത്ര നഗറുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ 5 കോടി രൂപ എന്നിങ്ങനെയാണ് അനുവദിച്ചത്. സത്യംപറഞ്ഞാൽ കഴിഞ്ഞ ഒരു വർഷംകൊണ്ട് വ്യവസായ മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങൾ ചെറുതാണോ? ഒരു ലക്ഷം MSME പ്രോജക്ടുകൾ തുടങ്ങുമെന്ന് പറഞ്ഞ സ്ഥാനത്ത് മൂന്ന് ലക്ഷത്തിലധികം പ്രോജക്ടുകൾ ആരംഭിക്കാൻ കഴിഞ്ഞില്ലേ. എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഇതിലൂടെ സാധിച്ചത്. സത്യത്തിൽ അതൊന്നും ഉൾക്കൊള്ളാൻ പ്രതിപക്ഷത്തിന് സാധിക്കാതെ പോകുന്നുവെന്നത് വളരെ സങ്കടകരമായ അവസ്ഥയാണ്. എല്ലാ മേഖലകളിലും വയോജനങ്ങൾക്ക് വലിയ സൗകര്യങ്ങൾ അനുവദിച്ചുകൊടുക്കണം എന്നുള്ളത് നമ്മുടെ നയമാണ്. കേരളത്തിലിപ്പോൾ 17% വയോജനങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2030 ആകുമ്പോൾ അത് ഏകദേശം 24% ആയി

മാറും. അതിനാൽ വയോജന സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. ആയുസ്സ് ദീർഘിപ്പിക്കാൻ സാധിച്ചത് ആരോഗ്യ മേഖലയിലുണ്ടായ വലിയ പുരോഗതി കാരണമാണെന്നതിൽ ഒരു സംശയവുമില്ല. നിരവധി മെഡിക്കൽ കോളേജുകൾ/ആശുപത്രികൾ എന്നിവ സ്ഥാപിക്കാൻ സാധിച്ചു. എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുന്നതാണ്. എല്ലാ ജില്ലാതല ആശുപത്രികളും സ്ട്രോക്ക് യൂണിറ്റ് സൗകര്യമുണ്ടാകുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറും. കോഴിക്കോട് മെഡിക്കൽ കോളേജിൽ കാൻസർ കെയർ സെന്ററിന് പുതിയ ഉപകരണം വാങ്ങാൻ പണം വകയിരുത്തി. ആലപ്പുഴ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽ ആധുനിക കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 45 കോടി രൂപ വകയിരുത്തി. സംസ്ഥാനത്ത് 658 കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഒരു കാലത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളായിരുന്നവ ഇന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടക്കില്ലെന്ന് പ്രഖ്യാപിച്ച് പിന്മാറിയ പ്രധാന പദ്ധതികൾ ഈ സർക്കാർ ഏറ്റെടുത്ത് അന്തിമ ഘട്ടത്തിലാണ്.

കിഫ്ബി കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് മുഖ്യഘടകമാകുന്നു. സത്യത്തിൽ കേരളത്തിന്റെ വികസനത്തിൽ കിഫ്ബി കൊണ്ടുവന്ന മാറ്റങ്ങൾ ചെറുതാണോ? എല്ലാ എം.എൽ.എ.മാർക്കും അതിന്റെ ഗുണങ്ങൾ ലഭിച്ചുവെന്നത് വസ്തുതയാണ്. കേന്ദ്രം അവഗണിക്കുമ്പോഴും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. സർക്കാരിനെ ദുർബലപ്പെടുത്താൻ യു.ഡി.എഫ്. ബി.ജെ.പി.യുമായി കൂട്ടുചേരുന്നു. ഒരു വികസന പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കുകയില്ലെന്ന് യു.ഡി.എഫ്. പ്രഖ്യാപിക്കുന്നു. കെ-ഫോൺ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ യു.ഡി.എഫ്. കോടതിയിൽപോയി തിരിച്ചടി നേരിട്ടിട്ടും പാഠം പഠിക്കുന്നില്ല. കേരളത്തിന്റെ വികസനം തകർക്കാൻ യു.ഡി.എഫ്. ബി.ജെ.പി. മാധ്യമഐക്യമുണ്ടാക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന് അർഹതപ്പെട്ട കേന്ദ്ര സഹായം നിഷേധിക്കുന്നു. ഈ ചെറിയ കാലംകൊണ്ടുതന്നെ 275000 കണ്ടെയ്നറുകളാണ് ഇതുവരെ വിഴിഞ്ഞത് എത്തിയിട്ടുള്ളത്. നമുക്ക് ആലോചിക്കാൻ കഴിയാത്ത മാറ്റങ്ങളാണ് യഥാർത്ഥത്തിൽ അതുവഴി നമുക്ക് വരാൻപോകുന്നത്.

ബജറ്റ് നവകേരള കുതിപ്പിന്റെ വേഗത വർധിപ്പിക്കും. മെട്രോപോളിറ്റൻ ആസൂത്രണ സമിതി രൂപീകരണം കോഴിക്കോടിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടും.

കോഴിക്കോട് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം സന്തോഷം തരുന്നു. പക്ഷെ തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 2025-26-ൽ ആരംഭിക്കുമെന്ന് പറയുമ്പോഴും കോഴിക്കോട് മെട്രോയെക്കുറിച്ച് ഒന്നും പറയുന്നില്ല. തിരുവനന്തപുരത്തെപ്പോലെതന്നെ കോഴിക്കോടിനെക്കൂടി അംഗീകരിക്കണം എന്നുള്ളതാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

അതുപോലെ കോഴിക്കോട് എൻ.ജി.ഒ. കോർട്ടേഴ്സിൽ 16.5 ഏക്കർ സ്ഥലമാണുള്ളത്. അവിടെ പഴയകാലത്തുണ്ടാക്കിയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി രണ്ട് ടവറുകൾ നിർമ്മിച്ച് ജീവനക്കാരെ പുനരധിവസിപ്പിച്ചാൽ ഒരുപാട് സ്ഥലം ബാക്കിനിൽക്കും. അവിടെ ഒരു നല്ല കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ 25 കോടി രൂപ വകയിരുത്തണം. അതുപോലെ പൂനൂർ പുഴയിൽനിന്നും വെള്ളം സമീപഭാഗത്തേയ്ക്ക് കയറുന്നത് കണ്ണാടിക്കൽ പ്രദേശത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അത് മാറ്റാൻ 5 കോടി രൂപ അനുവദിക്കണം. ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ട് നിർമ്മിക്കാൻ മൂന്ന് കോടി രൂപ രണ്ട് വർഷം മുൻപ് അനുവദിച്ചിരുന്നെങ്കിലും മദ്രാസ് ഐ.ഐ.റ്റി. അത് പരിശോധിച്ച് ഏഴ് കോടി രൂപ ചെലവ് വരുമെന്ന് അറിയിച്ചതിനാൽ ബാക്കി തുകകൂടി അനുവദിക്കണം. അതുപോലെ

കോഴിക്കോട് ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 50 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ചേവായൂർ വില്ലേജിൽ ത്വക്ക് രോഗാശുപത്രിയുടെ കോമ്പൗണ്ടിലുള്ള ടി സ്ഥലം അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള കെട്ടിടത്തിനായി മാറ്റിവച്ചിരിക്കുകയാണ്. ആ പദ്ധതി നടപ്പാക്കണം. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 27.5 ശതമാനമായിരുന്നത് 28 ശതമാനമാക്കി മാറ്റി. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് ആറ് റോഡുകൾ തന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത റോഡുണ്ട്. അത് നാഷണൽ ഹൈവേ വരുന്നതിന്റെ ഭാഗമായി മുറിഞ്ഞുപോകുന്ന അവസ്ഥയുണ്ട്. അവിടെയൊരു മേൽപ്പാലം നിർമ്മിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. അത്തരത്തിൽ കോഴിക്കോടിന്റെ സമഗ്രമായ വികസനത്തിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീമതി യു. പ്രതിഭ)

P.10-02-2025 RL-UL-2 2.10-2.20 ബി.സി.

<u>ശ്രീമതി യു. പ്രതിഭ:</u> സർ, കേന്ദ്രത്തിന്റെ മാടമ്പി സമീപനത്തിനിടയിലും വളരെ സൗമ്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച സൗമ്യ ദീപ്തമായിട്ടുള്ള കേരള ബജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 140 അസംബ്ലി മണ്ഡലങ്ങളിലും യാതൊരു രാഷ്ട്രീയ വ്യത്യാസവുമില്ലാതെ വലിയതരത്തിൽ ഫണ്ട് നൽകി തുടർവികസനങ്ങൾ സാധ്യമാക്കിക്കൊണ്ടാണ് സംസ്ഥാന ബജറ്റ് നടപ്പിലാക്കിയിരിക്കുന്നത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല പ്രതിനിധാനം ചെയ്യുന്ന ഹരിപ്പാട് മണ്ഡലത്തിൽ 203 കോടി രൂപയുടെ പദ്ധതിയെക്കുറിച്ച് അദ്ദേഹം ജനങ്ങളോട് പറഞ്ഞിരിക്കുന്നത് എന്റെ കൈയിലുള്ള പത്രത്തിൽ വലിയ വെണ്ടക്ക അക്ഷരത്തിൽ അടിച്ചുവന്നതാണ്. അതുപോലെ പെരുമ്പാവൂർ എം.എൽ.എ. 1216 കോടി രൂപ പദ്ധതികൾക്ക് ലഭിച്ചെന്നാണ് പത്രങ്ങളിൽ കൊടുത്തിരിക്കുന്നത്. എന്നാൽ സഭയിൽ പറയുന്നത് ഒന്നും കിട്ടിയില്ലെന്നാണ്. മൂവാറ്റുപുഴ അംഗവും 182 കോടി രൂപ ബജറ്റിൽ കിട്ടിയെന്ന് പറയുകയാണ്. ഈ തരത്തിൽ സ്വന്തം മണ്ഡലത്തിലെ ജനങ്ങളോട് കോടിക്കണക്കിന് രൂപയുടെ കണക്കുകൾ ബജറ്റിൽ ലഭിച്ചെന്ന് പറയുകയും നിയമസഭയിൽവന്ന് ഒന്നിനും

കൊള്ളാത്ത ബജറ്റാണ് ഇവിടെ അവതരിപ്പിച്ചതെന്ന് പറയാനായി അൽപ്പമൊരു ലജ്ജ പ്രതിപക്ഷത്തിലുള്ളവർക്കുണ്ടാകണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. രണ്ടാം തീയതി വന്ന കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ .... അതായത്, രണ്ടാം തീയതി എന്നുപറയുമ്പോൾ നമുക്കറിയാം, ഒന്നാം തീയതി കേന്ദ്ര ബജറ്റായിരുന്നു, അതിനുശേഷം വന്ന പ്രമുഖ പത്രത്തിൽ ആദായ നികുതിയിൽ ബമ്പർ ഇളവ്, എന്താ ഒരു ഭാഷയെന്ന് ആലോചിച്ചുനോക്കു, എന്തൊരു വാർത്ത; എന്തൊരു തലക്കെട്ട്; എന്താണ് മാധ്യമങ്ങൾക്ക് കേരളത്തോട് ഇത്ര ശത്രുതയെന്ന് തോന്നുകയാണ്. ബമ്പർ ഇളവ്... കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ഉപയോഗിച്ചിരുന്ന സാരി ഇങ്ങനെയാണ് എന്നുപറയുകയാണ്. മറ്റൊരു പത്രവും നമ്മുടെ ബജറ്റ് വന്നതിന്റെ അടുത്ത ദിവസം അതുപോലെതന്നെയാണ് പറഞ്ഞിരിക്കുന്നത്; "ജീം ബൂം ഭാ", എങ്ങനെയുണ്ട്; രണ്ടാം തീയതി വന്നതും എട്ടാം തീയതി വന്നതുമാണ് കാണിക്കുന്നത്; ഒരേ പത്രംതന്നെ. രണ്ടാം തീയതി വന്നത് ആദായനികുതിയിൽ ബമ്പർ ഇളവ്, എട്ടാം തീയതി വന്നത് ജീം ബൂം ഭാ. ഇത്രയും മനോഹരമായ ഒരു ബജറ്റ് ഈ കേരളത്തിൽ അവതരിപ്പിച്ചപ്പോൾ ജീം ബൂം ഭാ. യാതൊരു പരിഗണനയുമില്ലാതെ ഒരു ശത്രുവിനോടെന്നപോലെ

ഒരു സംസ്ഥാനത്തോട് പെരുമാറിയ കേന്ദ്രഗവൺമെന്റിന്റെ ബജറ്റ് വരുമാന ദായകം, എങ്ങനെയുണ്ട്? എട്ടാം തീയതി വന്ന മറ്റൊരു പത്രത്തിൽ, നികുതിഭാരം കൂട്ടും ക്ഷേമപെൻഷനും കൂട്ടിയില്ല. എങ്ങനെയുണ്ട്? ഒരു പത്രം പറഞ്ഞിരിക്കുകയാണ്. അതേ പത്രം തന്നെ രണ്ടാം തീയതി വളരെ ആശ്വാസത്തോടുകൂടിയാണ് പറഞ്ഞിരിക്കുന്നത്; രണ്ടാം തീയതി അവരുടെ പത്രത്തിൽ അവർക്ക് യാതൊരുവിധമായ വിഷമങ്ങളും കാണുന്നില്ലായെന്നുള്ളതാണ്. കേന്ദ്ര ബജറ്റിനോട് ഇംഗിതം, എം.പി. മാരൊക്കെ എത്ര ഭാഗ്യവാന്മാരാണ്; അവർക്ക് റെയിൽവെയെ അവഗണിച്ചാലോ ഒന്നും വിമർശനമില്ലല്ലോ? കേരളത്തിൽനിന്ന് കുറച്ച് എം.പി.മാർ കേന്ദ്രത്തിൽ പോയിട്ടുണ്ടല്ലോ; കേന്ദ്രത്തിന്റെ ഫണ്ട് കേരളത്തിന് നൽകിയില്ലെങ്കിലും എയിംസ് ഇല്ലെങ്കിലും അവർക്ക് വിമർശനമില്ല. കേരളത്തിൽ ഇത്രയുമധികം വികസനങ്ങൾ നടത്തുന്ന ഗവൺമെന്റിനുനേരെയാണ് ക്യാമറാകണ്ണും തുറന്നുവച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ., ഇന്ത്യയിൽ ഏറ്റവും മികച്ച സംസ്ഥാനമായതിന്റെ പൊതുവായിട്ടുള്ള നേട്ടങ്ങളെക്കുറിച്ചും എത്ര തള്ളിപ്പറഞ്ഞാലും അതൊക്കെ സത്യമായിത്തന്നെ ഇവിടെ അവശേഷിക്കുന്ന

ധാരാളം ഉദാഹരണങ്ങളെക്കുറിച്ചുമാണ് ഇവിടെ സൂചിപ്പിച്ചത്. ഞാൻ ആവർത്തനത്തിലേയ്ക്ക് പോകുന്നില്ല. ക്ഷേമ പെൻഷന്റെ മാത്രം കാര്യത്തിലേയ്ക്ക് വരികയാണ്. ക്ഷേമ പെൻഷനുകളെക്കുറിച്ച് പറയുമ്പോൾ സാമ്പത്തികമായി കഴുത്ത് ഞെരിക്കുന്ന കടുത്ത സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുമ്പോഴും 98 ശതമാനവും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ടാണ് ക്ഷേമപെൻഷൻ നൽകുന്നത്. 98 ശതമാനം സംസ്ഥാനം കണ്ടെത്തുകയാണ്. കേന്ദ്രവിഹിതം പെൻഷൻ നൽകാൻവേണ്ടുന്ന തുകയുടെ വെറും രണ്ട് ശതമാനം മാത്രമാണ്. സംസ്ഥാനം 1600 രൂപ പെൻഷൻ കൊടുക്കുമ്പോൾ 300 രൂപയാണ് കേന്ദ്രം നൽകുന്നത്. ആ തുകപോലും ഇപ്പോൾ ലഭിക്കുന്നില്ല. അതും മുടങ്ങിയിരിക്കുകയാണ്. അവിടെയും കുത്തിത്തിരിപ്പുമായി മാധ്യമങ്ങൾ എത്രത്തോളമാണ് വാർത്തകൾ വളച്ചൊടിക്കുന്നതെന്ന് നിങ്ങൾ ഓർത്തുനോക്കിയാൽ അറിയാം. 68 ലക്ഷം പേർ പെൻഷൻ വാങ്ങുന്ന കേരളത്തിൽ കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരേയൊരാളായിരുന്നു ഹൈലൈറ്റായത്. 68 ലക്ഷം പേർ 700 കോടി രൂപ പെൻഷൻ വാങ്ങുന്ന ഈ കേരളത്തിൽ ഹൈലൈറ്റ് ആരായിരുന്നു; പാവം മറിയക്കുട്ടി ചേട്ടത്തി. അവരെയാണ് മാധ്യമങ്ങൾ കൊണ്ടുവന്നത്. അവർ ഇപ്പോൾ എവിടെയാണെന്ന് നമുക്കറിയുകയില്ല.

നമുക്ക് ആ അമ്മയോട് ഒരു വിരോധവുമില്ല. പക്ഷേ അവരെയാണ് ഹൈലൈറ്റ് ചെയ്തത്; എത്രയധികം പേർ പെൻഷൻ വാങ്ങുന്ന നാടാണ് നമ്മുടേത്. ഏകദേശം 34 ലക്ഷം പേർ മാത്രമായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ പെൻഷൻ വാങ്ങിയിരുന്നതെന്നത് സത്യമല്ലേ? യു.ഡി.എഫ്.-ലെതന്നെ അന്നത്തെ മന്ത്രിമാരടക്കം പ്രതിപക്ഷ നിരയിലുമുണ്ട്. 34 ലക്ഷം പേരാണ് അന്ന് പെൻഷൻ തുക വാങ്ങിച്ചത്. അവരുടെ പെൻഷൻ തുക എത്രയാണെന്ന് പ്രതിപക്ഷത്തിനറിയാം, അതിനൊക്കെ വ്യക്തമായ കണക്കുകളുള്ളതല്ലേ? അന്ന് പതിനെട്ടുമാസം കുടിശ്ശികയാക്കിയിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിയതെന്നുള്ളതും സത്യമാണ്. 32 ലക്ഷം പേർ എന്നത് 62 ലക്ഷത്തിലേയ്ക്കുവന്നപ്പോഴും പെൻഷൻ തുക 1600 രൂപയായി വർധിപ്പിച്ചുകൊടുക്കുമ്പോഴും കേരളത്തിൽ ഒന്നും ചെയ്യുന്നില്ലായെന്നും, ധൂർത്താണെന്നുമാണ് പറയുന്നത്. എവിടെയാണ് ധൂർത്ത്? 56000 കോടി രൂപയിലധികം നിക്ഷേപിച്ചുകൊണ്ട് കേരളത്തിലെ റോഡും പാലവും സ്കൂൾ കെട്ടിടങ്ങളുമൊക്കെ നിർമ്മിച്ചതും 700 കോടിയോളം രൂപ പ്രതിമാസം പാവപ്പെട്ട ജനങ്ങൾക്ക് പെൻഷൻ തുകയായി കൊടുക്കുന്നതും ഇവിടത്തെ നാടിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും കൃത്യമായി ചെയ്യുന്നതും ധൂർത്താണെങ്കിൽ ആ ധൂർത്ത് ഞങ്ങൾ

അംഗീകരിക്കുകയാണെന്ന് കരുതിയാൽമതി. കാരണം ജനങ്ങൾക്കുവേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നത്. ഇവിടെ ഒട്ടനവധി വികസനപ്രവർത്തനങ്ങൾ നടക്കുമ്പോൾ എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയത്, ഒരു സംസ്ഥാന ഗവൺമെന്റ്, ദരിദ്രരിൽ ദരിദ്രരായ..... നിങ്ങൾ കേന്ദ്രവും കേരളവും യു.പി.എ. ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും ഒന്നിച്ചിരുന്ന് ഭരിച്ചതാണല്ലോ; എന്താ നിങ്ങൾക്ക് ചെയ്യാൻ പറ്റില്ലായിരുന്നോ? ശ്രീ. കെ. എൻ. ബാലഗോപാൽ മിനിസ്റ്റർ ബജറ്റ് അവതരിപ്പിച്ചപ്പോൾ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്, മലബാറിൽനിന്നുള്ള എം.എൽ.എ.-മാർക്ക് 2026-ൽ ദേശീയ പാതയിലൂടെ തലസ്ഥാന നഗരത്തിലേയ്ക്ക് വളരെ വേഗത്തിൽ എത്താൻ സാധിക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി. അയ്യായിരത്തിലധികം കോടി രൂപ സ്ഥലമെടുപ്പിന് മാറ്റിവച്ചുകൊണ്ടല്ലേ അതിന് സാധ്യമായത്. അന്ന് കേന്ദ്രത്തിൽ നിങ്ങൾക്ക് യു.പി.എ. സർക്കാരും കേരളത്തിൽ കോൺഗ്രസുമാണ് ഭരിച്ചിരുന്നത്. അന്ന് ഭംഗിയായി നിങ്ങൾക്കത് ചെയ്യാമായിരുന്നു. ഇപ്പോൾ ഇതൊക്കെ ചെയ്യുന്നതുകണ്ടിട്ട് ഒന്നും ചെയ്യുന്നില്ലേ എന്ന് വിലപിച്ചിട്ട് കാര്യമില്ല. പക്ഷേ അതിന് കൂട്ടുനിൽക്കാനും ഈ പറഞ്ഞതുപോലെ ജീം ബൂം ഭാ എഴുതാനും ആൾക്കാരുള്ളിടത്തോളം കാലം ഞങ്ങൾക്ക് കുറച്ച്

പണിപ്പെട്ടുമാത്രമേ ജനങ്ങളുടെ ഇടയിലേയ്ക്ക് ഇതൊക്കെ പറയാനും സാധിക്കുകയുള്ളൂ. അതുപോലെ അടുത്തകാലത്ത് നിയമസഭയിൽ ഒരംഗത്തിന്റെ ചർച്ചയിൽ പറയുകയാണ്, യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ പി.എസ്.സി. നിയമനം വഴി കൂടുതൽ നിയമനം കൊടുത്തു, എന്നിട്ട് അദ്ദേഹം കണക്ക് നിരത്തുകയാണ്. നമ്മളെല്ലാം ഉത്തരവാദിത്തപ്പെട്ട തിരഞ്ഞെടുക്കപ്പെട്ട സ്ഥാനത്തിരിക്കുന്നവരല്ലേ; 2011 മുതൽ 2016-വരെ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 149356 പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്. എന്നാൽ ഇന്ന് കേരളത്തിൽ 2016-മുതൽ 2021 വരെയുള്ള കണക്കെടുത്താൽ 168878 പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്. 149000 ആണോ 168000 ആണോ വലുതെന്ന് ഉത്തരവാദിത്തപ്പെട്ട അംഗത്തോട് ഞങ്ങൾ ചോദിക്കുകയാണ്. ഇക്കാലംവരെ ഏകദേശം 259576 പേർക്കാണ് നിയമനം നൽകിയിത്. ചെറുപ്പക്കാരോട് നീതി പുലർത്തിയ ഒരു സർക്കാരാണ്. പക്ഷേ ഇതിനൊക്കെ പൈസയുണ്ടോ എന്നുചോദിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം വർധിപ്പിച്ചുകൊണ്ട് കൃത്യമായി ഇടപെടാനായി ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളതുകൊണ്ടാണ് ഇത്തരത്തിലേയ്ക്ക് പ്രവർത്തിക്കാനായി സാധിക്കുന്നത്.

ഞാനിതെല്ലാം പൊതുവായി പറയുമ്പോഴും എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനായി ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ കരീലക്കുളങ്ങര പോലീസ് സ്റ്റേഷനുവേണ്ടി ഫണ്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അത് കേന്ദ്രഗവൺമെന്റിന്റെകൂടി ഫണ്ട് ചേർത്തുകൊണ്ടുള്ള പ്രോജക്ടിന്റെ ഹെഡിലാണ് വന്നിരുന്നത്. ഇനി കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് നോക്കാതെതന്നെ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിലുൾപ്പെടുത്തി കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ പൂർത്തിയാക്കിത്തരണമെന്ന് ഈ അവസരത്തിൽ അഭ്യർഥിക്കുകയാണ്. അതുപോലെ ഏറ്റവും ആകർഷകമായ ഒരു നിർദ്ദേശമാണ് ബജറ്റിലെ 66-ാമത്തെ പേജിൽ കണ്ടത്. പലപ്പോഴും രൂപകൽപ്പന ചെയ്യുന്ന ഡിസൈൻ അഴിച്ചുപണിതുകൊണ്ട് ഏറ്റവും മനോഹരമായ ഡിസൈൻ കുറച്ചുകൂടി ചെലവുകുറച്ചുകൊണ്ട് ചെയ്യാൻ പറ്റുന്ന രൂപത്തിലേയ്ക്കുള്ള ഒരു നിർദ്ദേശം ധനകാര്യ വകുപ്പിൽനിന്നും വന്നിട്ടുണ്ട്. അതിൽ ചില ഉദാഹരണങ്ങൾ സഹിതം പറഞ്ഞിട്ടുണ്ടെന്നുള്ളതും വളരെ ആകർഷകമായി കാണുകയാണ്. അതുപോലെതന്നെ ഒരാളെപ്പോലും ആത്മഹത്യയിലേയ്ക്ക് തള്ളിവിടില്ലെന്നും ജനങ്ങൾക്കിടയിൽ സാമ്പത്തിക സാക്ഷരത ഉണ്ടാക്കുമെന്നുമുള്ള തരത്തിലേയ്ക്കുള്ള ഏറ്റവും മനോഹരമായ

മറ്റൊരു പ്രഖ്യാപനം തീർച്ചയായും അഭിനന്ദനാർഹമായ കാര്യമാണ്. കടത്തിന്റെ പേരിൽ ഒരാളും ആത്മഹത്യ ചെയ്യാൻ പാടില്ല. അതിന് എല്ലാവരും കൂട്ടായി നിൽക്കണം. അതിനുതകുന്ന നിയമഭേദഗതികൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. മുഖ്യമന്ത്രി വളരെ കർശനമായി അത്തരം കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ പാലങ്ങളുടെ പുനരുദ്ധാരണത്തിൽ കായംകുളത്തെ ടി. എം. ചിറ പാലം ഉൾപ്പെടുത്തണം. പ്രതിപക്ഷ അംഗങ്ങൾക്ക് ഇഷ്ടംപോലെ കിട്ടിയിട്ടുണ്ട്, അവർ പലപ്പോഴും പറയുന്നില്ലെങ്കിൽപ്പോലും. ഭരണപക്ഷ എം.എൽ.എ. മാർക്കുകൂടി നിലവിൽ നൽകുന്നതിനേക്കാൾ കുറച്ചുകൂടി പരിഗണന നൽകണം. ഇവർക്ക് 1251 കോടിയൊക്കെയാണല്ലോ മണ്ഡലത്തിൽ പറഞ്ഞിരിക്കുന്നത്.

(തുടരും........)

പി.10.02.2025 KR-UL-II 02.20-02.30 ബി.സി.

(ശ്രീമതി യു. പ്രതിഭ. തുടർച്ച....)

സർ, സ്പോർട്സ് സമ്മിറ്റിനുശേഷം ഏകദേശം അയ്യായിരം കോടി രൂപയുടെ നിക്ഷേപം നമ്മുടെ നാട്ടിലേക്ക് കൊണ്ടുവരാൻ സാധിച്ചു. നിങ്ങളൊക്കെ ചിലപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ശങ്കു എന്ന കുഞ്ഞിന്റെ വീഡിയോ കണ്ടുകാണും. അംഗൻവാടിയിലെ ഭക്ഷണത്തിൽ

ബിരിയാണി കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശങ്കുവിന്റെ വീഡിയോ വൈറലായിരുന്നു. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയടക്കം ശങ്കുവിന്റെ ആവശ്യം പരിഗണിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശങ്കുവിനെപ്പോലെയുള്ള കുട്ടികളെ മാതൃകയാക്കിക്കൊണ്ട്, ശങ്കുവിന്റെതന്നെ വീഡിയോ എടുത്തുകൊണ്ട് അംഗൻവാടികളിൽ പോഷകാഹാരം കൂടി പ്രോത്സാഹിപ്പിക്കണം..... നമ്മുടെ ജീവിതശൈലീ രോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ സ്പോർട്സിലൂടെ ചെറുപ്പക്കാരുടെയടക്കം ആരോഗ്യം തിരിച്ചുകൊണ്ടുവരാനുള്ള വലിയ പരിശ്രമം നടത്തുമ്പോൾ, ഈ ചെറിയ കുട്ടികളെ നമുക്ക് മോഡലാക്കി അംബാസിഡർമാരാക്കാം. ശങ്കുവിനെക്കൊണ്ടുതന്നെയത് പറയിപ്പിക്കണം. അഞ്ച് ദിവസം ശങ്കു ചോറും ഇലക്കറികളും പയറും തൈരുമെല്ലാം കഴിക്കട്ടെ, ഒപ്പം ആഴ്ചയിൽ ഒരു ദിവസം ഇത്തരത്തിൽ ആധുനികമായ ഫുഡ് ഹാബിറ്റിനോടുള്ളൊരിഷ്ടവും ...... ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയടക്കം.... ആ രൂപത്തിൽ നമുക്ക് ശങ്കുവിനെപ്പോലെയുള്ള കുട്ടികളെ മാതൃകയാക്കാം. വലിയ രൂപത്തിൽ ആ ക്യാമ്പയിൻ മുന്നോട്ടുകൊണ്ടു പോകാൻ നമുക്ക് സാധിക്കും. സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ഏറ്റവും മനോഹരമായ ഈ ബജറ്റിനെ എല്ലാ അർത്ഥത്തിലും സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഒപ്പം, കണ്ണുള്ളവർ

കാണട്ടെ, ചെവിയുള്ളവർ കേൾക്കട്ടെ, അല്ലാത്തവർ നമ്മളെ തള്ളിപ്പറയട്ടെ എന്ന് മാത്രം പറഞ്ഞുകൊണ്ട് എല്ലാ പിന്തുണയും നൽകികൊണ്ട് നിർത്തുന്നു.

(ശ്രീ. സജീവ് ജോസഫ്)

പി.10.02.2025 KR-UL-II 02.20-02.30 ബി.സി.

ശ്രീ. സജീവ് ജോസഫ്: സർ, അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും പിടിപ്പുകേടും കൊണ്ട് സർക്കാർ ഉണ്ടാക്കിവച്ച ബാധ്യതകളെ ജനത്തിന്റെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് 2025-ലെ കേരള ബജറ്റ്. പരിഗണിക്കേണ്ടവരെ അവഗണിച്ച ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ, വ്യാപാരരംഗത്തും പരമ്പരാഗത വ്യവസായ രംഗത്തും ഊർജ്ജം പകരാൻ, യുവാക്കൾക്ക് തൊഴിൽ നൽകാൻ, അവരുടെ വിദേശകുടിയേറ്റം നിയന്ത്രിക്കാൻ, ആത്മഹത്യാമുനമ്പിൽ നിൽക്കുന്ന കർഷകരെ രക്ഷിക്കാൻ, ദുർബല ജനവിഭാഗങ്ങളെ സംരക്ഷിക്കാൻ ഫലപ്രദമായ യാതൊരു നിർദ്ദേശവും ഈ ബജറ്റിലുൾപ്പെടുത്തിയിട്ടില്ലായെന്നത് ദൗർഭാഗ്യകരമാണ്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന സമസ്ത മേഖലകളിലും പ്രത്യക്ഷത്തിലുള്ള നികുതി വർധിപ്പിച്ച ബജറ്റിൽ മെട്രോ റെയിലും മോണോ റെയിലും പോലെയുള്ള ചില

സ്വപ്നപദ്ധതികളുടെ പതിവ് പ്രഖ്യാപനത്തിനപ്പുറം ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ഒരു നിർദ്ദേവുമില്ലാത്ത നിയമസഭയുടെ ചരിത്രത്തിൽതന്നെ ഏറ്റവും ദുർബലമായ ബജറ്റാണെന്ന് ചരിത്രത്താളുകളിൽ രേഖപ്പെടുത്തും.

സർ, എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകളെക്കുറിച്ച് അങ്ങ് പറഞ്ഞുതുടങ്ങിയപ്പോൾ ഞങ്ങളെല്ലാപേരും പ്രതീക്ഷിച്ചത് പ്രസ്തുത സ്കോളർഷിപ്പുകളുടെ തുക വർധിപ്പിക്കുമെന്നാണ്. എന്നാൽ അങ്ങ് പറഞ്ഞത് കുടിശ്ശിക കൊടുത്തുതീർക്കുമെന്നാണ്. ബജറ്റിൽ അതൊരു മഹാസംഭവമായാണ് അങ്ങ് അവതരിപ്പിച്ചത്. ശമ്പളപരിഷ്കരണകുടിശ്ശിക, ക്ഷേമപെൻഷൻ കുടിശ്ശിക എന്നിവപോലെയുള്ള കുടിശ്ശികകൾ കൊടുത്തുതീർക്കുന്ന കാര്യമാണ് ഈ ബജറ്റിൽ പല ഭാഗത്തും പ്രതിപാദിച്ചിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഒരു കുടിശ്ശിക നിർമ്മാർജ്ജന പദ്ധതിയായി കേരള ബജറ്റിനെ അങ്ങേക്ക് മാറ്റേണ്ടി വന്നു. കർഷകരെ നിരാശരാക്കുക മാത്രമല്ല അവരെ കണ്ണീര് കുടിപ്പിച്ച് ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ആത്മഹത്യാപ്രേരണ കുറിപ്പാണ് ഈ ബജറ്റിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

കൃഷിയല്ലേ സർ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ല്.

നമ്മുടെ കർഷകർ നാടിനെ പോറ്റാൻ രാവും പകലും അധ്വാനിക്കുന്നു. എന്നിട്ടും അവരെ ശാക്തീകരിക്കുന്നതിനുപകരം ഈ ബജറ്റ് അവരുടെ പോരാട്ടങ്ങളെ അവഗണിക്കുകയും നികുതിഭാരം ചുമത്തുകയും അർഥവത്തായ പിന്തുണ നൽകുന്നതിൽ പൂർണ്ണമായും പരാജയപ്പെടുകയും ചെയ്തിരിക്കുകയാണ്. കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത പ്രശ്നം അതീവ ഗുരുതരമാണെന്ന് സർക്കാരിനറിയാം. എന്നാൽ സർക്കാർ അത് കണ്ടില്ലെന്ന് നടിക്കുകയാണ്. വിപണിയിലെ ഏറ്റക്കുറച്ചിലുകളിൽനിന്നും അവരെ രക്ഷിക്കാൻ ഈ ബജറ്റിൽ ഒന്നും ചെയ്തിട്ടില്ല. റബ്ബർ, കശുമാവ്, നെൽകർഷകരെയെല്ലാം സർക്കാർ വഞ്ചിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റബ്ബർ കർഷകരെ അപമാനിച്ചിരിക്കുകയാണ്. റബ്ബർ കർഷകരോട് അങ്ങ് മാപ്പ് പറയണം. ഈ ബജറ്റിൽ റബ്ബർ കർഷകർക്കുവേണ്ടി ഒരു വാക്കുപോലും അങ്ങ് പ്രതിപാദിച്ചിട്ടില്ലെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 250 രൂപ റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച മുന്നണിയാണ്, പ്രകടനപത്രികയിൽ പറഞ്ഞകാര്യമാണ്, നാല് വർഷം കഴിഞ്ഞിട്ടുമത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷം 600 കോടി രൂപ മാറ്റിവച്ചു, എത്ര രൂപ ചെലവഴിച്ചുവെന്ന് സർക്കാർ വ്യക്തമാക്കണം.

റബ്ബറിന് മാർക്കറ്റിൽ 200 രൂപ വിലയുണ്ട്. താങ്ങുവില 180 രൂപയാണ്. സർ, ഒരു രൂപ പോലും നൽകുന്നില്ലെന്ന് മാത്രമല്ല റബ്ബർ കർഷകർക്ക് അവരുടെ ചെലവിന് തത്തുല്യമായ രീതിയിൽ വരുമാനം കിട്ടാത്ത സാഹചര്യത്തിൽ അവരെ സഹായിക്കാൻ, കേരളത്തിൽ ഏറ്റവുമധികം ആളുകൾ ആശ്രയിക്കുന്ന റബ്ബർ മേഖലയെ സഹായിക്കാൻ, ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദനം നടക്കുന്ന നമ്മുടെ സംസ്ഥാനമെന്ന നിലയിൽ ഇവിടെത്തന്നെ ഏറ്റവും കൂടുതൽ കൃഷിഭൂമിയുള്ള റബ്ബർ മേഖലയെ സഹായിക്കാനുള്ള ഒരു നടപടിയും ചെയ്യാത്ത; റബ്ബർ എന്ന പേരുപോലും ബജറ്റിൽ ഉൾപ്പെടുത്താത്ത ധനകാര്യ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. സർക്കാർ പ്രഖ്യാപിച്ച 250 രൂപ അടിയന്തരമായി അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഇവിടെ പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. കർഷകർ നേരിടുന്നൊരു വലിയ പ്രശ്നമാണ് അവരുടെ കടബാധ്യത. എന്നാൽ ഈ വായ്പ എഴുതിത്തള്ളുന്ന കാര്യത്തിലോ പലിശയ്ക്ക് സബ്സിഡി കൊടുക്കുന്ന കാര്യത്തിലോ, കടാശ്വാസ കമ്മിഷനെ ശാക്തീകരിക്കുന്ന കാര്യത്തിലോ ഒന്നും ഒരു വിദൂരമായ ദൃഷ്ടിപോലും സർക്കാരിന്റെ ഈ ബജറ്റിൽ നമുക്ക് കാണാൻ സാധിക്കുന്നില്ല.

സർക്കാരിന്റെ സാമ്പത്തിക പിന്തുണയില്ലാത്തതുമൂലം ഭൂരിപക്ഷം കർഷകർക്കും അവരുടെ ഭൂമിയും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കറിയാം. അൽപം അനുകമ്പയോടെ അവരെ സമീപിക്കാൻ ഈ സർക്കാരിന് കഴിയേണ്ടതുണ്ട്. ആധുനിക സാങ്കേതിവിദ്യക്ക് കൃഷിയിൽ വിപ്ലവം സൃഷ്ടിക്കാൻ കഴിയുന്ന ഈ പുതിയ കാലഘട്ടത്തിൽ അർഥവത്തായ കാർഷിക പരിഷ്കാരങ്ങൾ അവതരിപ്പിക്കുന്നതിൽ ഈ ബജറ്റ് പരാജയപ്പെട്ടിരിക്കുകയാണ്.

സമകാലീന കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവമായ വിഷയമെന്ന നിലയ്ക്ക് വന്യജീവി ആക്രമണം തടയാനും വനത്തേയും വനേതരഭൂമിയെയും വേർതിരിക്കാനുള്ള ഫെൻസിംഗിനെക്കുറിച്ചൊന്നും ഒരു പരിഗണനയും ഈ ബജറ്റിൽ ഇല്ലായെന്നത് വളരെ പ്രതിഷേധാർഹമാണ്. മലയോര മേഖലയിലെ സാധാരണക്കാരായ ജനങ്ങളോടും കർഷകരോടുമുള്ള വെല്ലുവിളിയായി മാത്രമേ ഇതിനെ കാണാൻ സാധിക്കൂ. ഈ വർഷത്തെ ബജറ്റിൽ ഈ പ്രശ്നത്തിനായി കുറച്ച് പണം മാറ്റിവച്ചുവെന്നാണ് ധനകാര്യവകുപ്പുമന്ത്രി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനായി ശ്രമിക്കുന്നത്. കഴിഞ്ഞ വർഷം അനുവദിച്ച തുകയിൽ വെറും 40 ശതമാനത്തോളം തുക

മാത്രമേ ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂവെന്നതാണ് യാഥാർത്ഥ്യം. നിരപരാധികളായ കർഷകരും ഗ്രാമീണരും ആദിവാസികളും കാട്ടാനകളുടെയും കാട്ടുപന്നികളുടെയും മറ്റും ആക്രമണത്തിനിരയായി പിടഞ്ഞു വീണ് മരിക്കുമ്പോൾ ഫലപ്രദമായൊരു പരിഹാരം കാണാൻ സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. കാരണം ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ട വിഷയം ആണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ നയിച്ച മലയോര ജാഥ ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് നടത്തിയത്. കേരളത്തിലങ്ങോളമിങ്ങോളമുള്ള മലയോരമേഖലയിലൂടെ കടന്നുപോയ ജാഥയുടെ മുന്നിലേക്ക് കടന്നുവന്ന പാവപ്പെട്ട ജനങ്ങൾ.. ഇരകളായ ആളുകൾ... അവരുടെയൊക്കെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവസരം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അവയൊക്കെ സർക്കാരിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുമ്പോഴും..... പ്രതിപക്ഷം മാത്രമല്ല ഭരണപക്ഷ അംഗങ്ങൾ ഉൾപ്പെടെ ഈ സഭയിൽ ഇത്തരം വിഷയങ്ങൾ ഉന്നയിച്ചപ്പോൾ വളരെ ലാഘവത്തോടെ ഈ വിഷയത്തെ സമീപിച്ച നടപടി അങ്ങേയറ്റം

ലജ്ജാകരമാണെന്ന കാര്യം ഇവിടെ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭൂനികുതി എല്ലാ സ്ലാബിലും 50 ശതമാനം വർധന വരുത്തിയതാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, അത് ശുദ്ധ തോന്ന്യാസം എന്നു മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. കൃഷി ചെയ്യാൻ സാധിക്കാത്ത ഭൂമിയിൽ, വന്യമൃഗശല്യമുള്ള ഭൂമിയിൽ, ഇത്തരത്തിൽ ഒരു വരുമാനവും ലഭിക്കാത്ത ഭൂമി കൈവശം വച്ചതിന്റെ പേരിൽ മാത്രം ഭൂനികുതി വർധിപ്പിക്കുന്നത് ആർക്കുവേണ്ടിയാണ്, അതിന്റെ ഔചിത്യമെന്താണ് സർ. ഇത് പിടിച്ചുപറിയാണ്. ഇവരിൽ നിന്ന് നികുതി വാങ്ങി ആദായമുള്ളവർക്ക് നൽകാനാണോ സർക്കാർ ശ്രമിക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്. നികുതി നിർദ്ദേശം അടിയന്തരമായി പിൻവലിക്കണം അല്ലെങ്കിൽ അതിശക്തമായ സമരം സർക്കാർ നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പുകൂടി ഇവിടെ നൽകുകയാണ്.

ലോകം മുഴുവൻ ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കാലത്ത് കേരളത്തിൽ ബജറ്റിലൂടെ ഇലക്ട്രിക് വാഹനങ്ങൾക്ക് വില കൂട്ടുന്ന ഈ നയം ഒരു തല തിരിഞ്ഞ നയമാണെന്ന് മാത്രമേ പറയാൻ സാധിക്കൂ. 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തിയത്

സെക്കന്റ്ഹാൻഡ് വാഹനങ്ങൾ വാങ്ങുന്ന പാവപ്പെട്ട ആളുകളോടുള്ള ക്രൂരതയായി മാത്രമേ കാണാൻ സാധിക്കു. ക്ഷേമപെൻഷൻ 2500 രൂപയായി വർധിപ്പിക്കുമെന്ന പ്രഖ്യാപനം ജലരേഖയായി മാറിയിരിക്കുന്ന ഈ സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. അടിയന്തരമായി ക്ഷേമപെൻഷൻ വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് പ്രധാനപ്പെട്ട ആവശ്യങ്ങൾകൂടി ഇവിടെ ഉന്നയിക്കാൻ എനിക്ക് അവസരം തരണമെന്ന് അഭ്യർഥിക്കുകയാണ്. മണ്ഡലങ്ങളുടെ ആവശ്യങ്ങളുടെ വ്യാപ്തി പരിഗണിച്ചുകൊണ്ട് ന്യായമായ പരിഗണന അത്തരം മണ്ഡലങ്ങളിൽ, അവികസിതമായ മേഖലകളിൽ നൽകേണ്ടതായിരുന്നു. കാലപ്പഴക്കം മൂലം അപകടത്തിലായി നിൽക്കുന്ന പാലങ്ങൾ പല നിയോജകമണ്ഡലങ്ങളിലുമുണ്ട്. അത്തരത്തിലുള്ള പാലങ്ങൾ പുനർ നിർമ്മിക്കാനുള്ള നടപടി.... ഒരു പാലമെങ്കിലും പുനർനിർമ്മിക്കാനുള്ള നടപടി...... ഇരിക്കൂർ മണ്ഡലത്തിലും സ്വീകരിക്കേണ്ടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് മുൻഗണന നിശ്ചയിച്ച് നൽകിയെങ്കിലും അതിന് തുക വകയിരുത്തിയിട്ടില്ല. അത് പരിഗണിക്കണമെന്ന് ഞാൻ

അഭ്യർഥിക്കുകയാണ്. മലബാറിലെ തന്നെ ഏറ്റവും പ്രധാനമായൊരു ടൂറിസം കേന്ദ്രമായ പാലക്കയം തട്ട്...... ടൂറിസം രംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സർക്കാർ ശ്രമിക്കുമെന്ന് പറഞ്ഞെങ്കിലും മലയോര മേഖലയ്ക്ക് ന്യായമായ പ്രാതിനിധ്യം കിട്ടിയിട്ടില്ല. പാലക്കയം തട്ടിലും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈ ബജറ്റിന്റെ പൊതുവായ ഇത്തരം വിഷയങ്ങളെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(ശ്രീ. പി. മമ്മിക്കുട്ടി.)

പി. 10.02.2025
പി.എസ്./എ.വൈ. (2)
02:30 - 02:40 (VR)

ശ്രീ. പി. മമ്മിക്കുട്ടി: സർ, രണ്ടാം പിണറായി സർക്കാരിന്റെ 2025-2026 സാമ്പത്തിക വർഷത്തിനുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ പിന്തുണയ്ക്കുകയാണ്. കേന്ദ്ര ഭരണാധികാരികൾ അവതരിപ്പിച്ച ബജറ്റിന്റെ പശ്ചാത്തലത്തിൽ കേരള സംസ്ഥാന ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ബജറ്റിനെ താരതമ്യം ചെയ്യുമ്പോൾ ബജറ്റെന്ന് പറയുന്നത് കേവലം ഒരു സാമ്പത്തിക

ക്രയവിക്രയത്തിന്റെ കണക്കുകൾ മാത്രമല്ല, സാമ്പത്തിക ജീവിതത്തെയും രാഷ്ട്രീയവും സാംസ്കാരികവും സാമൂഹികവുമായ ജീവിതത്തെയും അത് അടയാളപ്പെടുത്തുകയാണ്. അത്തരത്തിൽ അവതരിപ്പിക്കപ്പെട്ട ബജറ്റിന്റെ അന്തഃസത്തയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ, യു.ഡി.എഫ്.-ന് അതെങ്ങനെ നോക്കിയാലും കാണില്ല. എന്താണ് ഈ ബജറ്റ്, ഏതാ ബജറ്റ്, ആർക്കുവേണ്ടിയാണ് ബജറ്റ് എന്നൊക്കെയാണ് അവർ പറയുന്നത്. അവർ ബജറ്റ് നേരെചൊവ്വെ വായിക്കുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടാകില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 15980.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി 4219.41 കോടി രൂപ, വ്യവസായ വികസനത്തിന് 1831.36 കോടി രൂപ, ലൈഫ് ഭവന പദ്ധതിക്ക് 1160 കോടി രൂപ, പൊതുവിദ്യാഭ്യാസത്തിന് 2391.13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇവർ മഞ്ഞ കണ്ണട വച്ച് നോക്കി വായിച്ചാൽ ഇതൊന്നും മനസ്സിലാകില്ല. അതിന്റെ ഭാഗമായുള്ള ഒട്ടേറെ കാര്യങ്ങൾ ഞാൻ

വിശദീകരിക്കുന്നില്ല. ക്ഷേമ പെൻഷന് 13340 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി 2063 കോടി രൂപയും അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കുന്നതിനുവേണ്ടി 60 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. വളരെക്കുറച്ച് ആളുകൾ മാത്രമാണ് ദരിദ്രവിഭാഗത്തിലുള്ളത്. കാർഷിക മേഖല, നെൽക്കൃഷി, മറ്റ് കാർഷിക വിളകളുടെ പരിപാലനം, ഉല്പാദനം വർധിപ്പിക്കുന്നതിന്, ക്ഷീര വികസനം, പച്ചക്കറി വികസനം എന്നിവയെല്ലാം പരിശോധിക്കുമ്പോൾ ഇവയെല്ലാം പൊതുവായ കാര്യങ്ങളാണ്. പൊതുമേഖല, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നൊക്കെയാണ് പറയുന്നത്. അങ്ങനെയൊരു വാക്ക് നമ്മുടെ പാർലമെന്റ് ബജറ്റിൽ നോക്കിയാൽ കാണാൻ കഴിയില്ല. അത്തരത്തിലുള്ള നിലപാടും സമീപനവും സ്വീകരിച്ചുകൊണ്ട് ഇടതുപക്ഷ ഗവൺമെന്റിന്റെ വികസനപരമായ കാഴ്ചപാടിലധിഷ്ഠിതമായ ബജറ്റിനെ എതിർക്കുന്നവരോട് പറയാനുള്ളത്; ഉറങ്ങുന്നയാളെ സാധാരണ ഗതിയിൽ തട്ടിവിളിച്ചാൽ ഉറക്കമെഴുന്നേൽക്കും, പക്ഷേ, ഉറക്കം നടിച്ച് കിടക്കുന്ന ആളുകളെ വിളിച്ച് എഴുന്നേൽപ്പിക്കാൻ കഴിയില്ലെന്നാണ്. പ്രതിപക്ഷത്തുള്ളവർ ഉറക്കം നടിച്ച് കിടക്കുകയാണ്. ഈ നാട്ടിലുണ്ടാകുന്ന സംഭവങ്ങൾ ഞങ്ങൾക്കൊന്നും ബാധകമല്ലെന്ന നിലപാടാണ് അവർ

സ്വീകരിക്കുന്നത്. ആ നിലപാട് സ്വീകരിച്ച് എത്ര കാലം മുന്നോട്ട് പോകാൻ സാധിക്കും. കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ടുള്ള സമീപനം നമുക്ക് നന്നായിട്ടറിയാം. കേരളമെന്ന് പറയുന്നൊരു വാക്ക് പോലും അതിൽ വരാതിരിക്കാൻ ആവശ്യമായ നിതാന്ത ജാഗ്രതയോടുകൂടിയാണ് കേന്ദ്ര ഗവൺമെന്റ് ആ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ കുറേക്കാലമായി നമ്മൾ നേരിടുന്ന അവഗണന, സാമ്പത്തികമായ പ്രതിരോധങ്ങൾ, അർഹതപ്പെട്ട ധനകമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ഫണ്ട് നൽകാതിരിക്കൽ, ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് അതിന്റെ നഷ്ടപരിഹാരതുക നൽകാതിരിക്കൽ, ദിവസങ്ങളായ ഗ്രാന്റുകൾ സമയത്തിന് നൽകാതിരിക്കൽ എന്നിങ്ങനെയുള്ള നിലപാട് സ്വീകരിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് കേരളത്തെ സാമ്പത്തികമായി ശ്വാസം മുട്ടിച്ച് കൊല്ലാനുള്ള ശ്രമം നടക്കുമ്പോൾ, 'നിങ്ങൾ കൊല്ലൂ ഞങ്ങൾ നിന്നുതരാം' എന്ന നിലപാടല്ല ഗവൺമെന്റ് സ്വീകരിച്ചത്. അവർ ഉയർത്തുന്ന വെല്ലുവിളിയെ വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് കേരള സമൂഹത്തെ സ്വന്തം കാലിൽ നിർത്താനാവശ്യമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് കേരളത്തിൽ കഴിഞ്ഞ എട്ട് കൊല്ലക്കാലമായി ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഒരിക്കലും ഞങ്ങൾ കീഴടങ്ങില്ലെന്ന്

പറഞ്ഞിട്ടുണ്ട്. കീഴടങ്ങുന്ന നിലപാട് സ്വീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. തനതായ വരുമാനം വർധിപ്പിച്ചുകൊണ്ടും നികുതി പിരിവ് വർധിപ്പിച്ചുകൊണ്ടും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടുമാണ് ആ നിലപാടിലേക്കെത്താൻ കഴിഞ്ഞത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിക്കുമ്പോൾത്തന്നെ അക്കാര്യത്തെ സംബന്ധിച്ച് പറയുകയുണ്ടായി.

നികുതിയുടെ കാര്യത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു; ഭൂനികുതിയുമായി ബന്ധപ്പെട്ട് 5 രൂപ നികുതി അടയ്ക്കാൻ വില്ലേജ് ഓഫീസിലേക്ക് പോകാൻ ആളുകൾക്ക് മടിയാണ്. ഒട്ടേറെ വർഷങ്ങളായി കണക്കാക്കുന്ന നികുതിയാണത്. ആ 5 രൂപ 7.50 രൂപയാക്കിയാൽ ആകാശം ഇടിഞ്ഞുപോകുമോ? ഭൂമിയുടെ വിസ്തൃതിക്കനുസരിച്ച് നികുതിയുടെ വിഹിതം വർധിപ്പിച്ചിട്ടുണ്ട്. 50 ശതമാനമെന്ന് കേൾക്കുമ്പോൾ വല്ലാത്തൊരു സംഖ്യയാണെന്നാണ് നിങ്ങൾക്ക് തോന്നുന്നത്. നിങ്ങൾക്ക് ഇക്കാര്യങ്ങളൊന്നും ചെയ്തതും തുക മാറ്റിവച്ചതും വിഹിതം കിട്ടിയതും പോരാ, പിന്നെ എവിടെനിന്ന് കാശുണ്ടാക്കും. നോട്ടടിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനുണ്ടോ? കേന്ദ്ര ഗവൺമെന്റ് അർഹതപ്പെട്ട വിഹിതംപോലും തരുന്നില്ല. സംസ്ഥാന ഗവൺമെന്റിന് കഴിയുന്ന

രീതിയിലുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ട് അല്പം നികുതി വർധിപ്പിക്കാൻ തീരുമാനിക്കുമ്പോൾ അതും സമ്മതിക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് കാര്യങ്ങൾ നടക്കുന്നത്. പാട്ടവ്യവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്; ഇളവ് കൊടുക്കേണ്ട കാര്യമാണ്. പാട്ടം നിജപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ചില പ്രയാസങ്ങൾ കാരണം യഥാർഥത്തിൽ പിരിഞ്ഞുകിട്ടേണ്ട പാട്ടത്തിന്റെ തോതിനനുസരിച്ച് തുക കിട്ടുന്നില്ല. അതുകൊണ്ട് പാട്ടവ്യവസ്ഥ കണക്കാക്കിയത് ഒരു പുനരാലോചന നടത്തി അത് കുറയ്ക്കണമെന്ന് പറയുന്ന നിർദേശത്തെയും നമ്മൾ സ്വാഗതം ചെയ്യപ്പെടണം.

ബഹുമാന്യനായ പ്രതിപക്ഷനേതാവും മറ്റ് ആളുകളും സമർഥിക്കുന്നത് കിഫ്ബി പദ്ധതിയെ സംബന്ധിച്ചാണ്. കിഫ്ബി പദ്ധതി ഇല്ലായിരുന്നെങ്കിൽ നമ്മുടെ നാട് സ്വർഗതുല്യമാകുമെന്നാണ് അവരുടെ ന്യായീകരണം. കിഫ്ബി ഇല്ലാത്ത കാലത്ത് ബജറ്റിന്റെ വിഹിതത്തിൽതന്നെ ഉൾപ്പെടുത്തിക്കൊണ്ട് ഇവിടെ വികസനം നടന്നിട്ടുണ്ടല്ലോ. 25 കൊല്ലവും 30 കൊല്ലവും എം.എൽ.എ.-മാരായി ഇരുന്നിട്ടുള്ള ആളുകളുണ്ട്. ഉമ്മൻ ചാണ്ടിയും കെ. എം. മാണിയുംപോലുള്ള ആളുകൾ 50 കൊല്ലം എം.എൽ.എ.-മാരായി ഇരുന്നിട്ടുണ്ട്. അവരിപ്പോൾ

ജീവിച്ചിരുപ്പില്ല. പക്ഷേ അവരുടെ മണ്ഡലത്തിൽതന്നെ 35 കൊല്ലവും 40 കൊല്ലവും 50 കൊല്ലവുമെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഭരണം നടത്തിയിട്ടുള്ള എം.എൽ.എ.-മാരും മന്ത്രിമാരുമായിരുന്നവരാണ്. അതിനുശേഷം എൽ.ഡി.എഫ്. വന്നിട്ട് കുറച്ച് കാലമായി. അത്രയും കാലത്തെ എം.എൽ.എ.-മാരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആ കാലഘട്ടത്തിൽ ബജറ്റിന്റെ ഭാഗമായുള്ള വികസന പ്രവർത്തനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഫണ്ട് എത്രയാണെന്നും എന്ത് വികസന പ്രവർത്തനം നടത്തിയെന്നും കിഫ്ബി വന്നതിനുശേഷം അവർക്ക് വികസനത്തിനുവേണ്ടി ലഭിച്ച ഫണ്ട് എത്രയെന്നും സംബന്ധിച്ച് നിങ്ങൾ പരിശോധിക്കണ്ടേ? ബജറ്റിന്റെ ഭാഗമായി വരേണ്ട തുക കിഫ്ബിയിൽ വരുന്നതുകൊണ്ട് കേരളം വലിയ സാമ്പത്തിക കെണിയിലാണെന്നാണ് പറയുന്നത്. ബജറ്റിന്റെ ഭാഗമായി നേരത്തെ ഉൾപ്പെടുത്തിയിരുന്ന വികസനപ്രവർത്തനം നടത്തിയ കാലഘട്ടത്തിലെ വികസന പ്രവർത്തനങ്ങളുടെ അളവും ത്തുക്കവും കിഫ്ബി പദ്ധതി വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളുടെ അളവും ത്തുക്കവും പരിശോധിക്കുമ്പോൾ നിങ്ങൾക്ക് അതിന്റെ യാഥാർത്ഥ്യബോധം വരുമെന്നാണ് പറയാനുള്ളത്. കിഫ്ബിയുമായി ബന്ധപ്പെട്ട വികസനത്തിന് എല്ലാവർക്കും

പങ്കില്ലേ? ഇവിടെ പറയുന്നത് തറവാട്ട് സ്വത്തല്ല എന്നാണ്. കേന്ദ്ര ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ചപ്പോൾ അങ്ങനെ ഒരു വാക്കും ഇവരുടെ ഭാഗത്തുനിന്നും കേട്ടിട്ടില്ലല്ലോ? ശ്രീ. നരേന്ദ്ര മോദിയും കേന്ദ്ര ഗവൺമെന്റും ഈ സമ്പത്തിനെ, സോഴ്സിനെ, ഇന്ത്യാ രാജ്യത്തിന്റെ വിഭവത്തെ ക്രമപ്രകാരം ഭരണഘടന അനുസരിച്ചും ഫെഡറൽ തത്ത്വങ്ങൾ അനുസരിച്ചും ധനകാര്യ കമ്മീഷന്റെ തീരുമാനം അനുസരിച്ചും വീതിക്കേണ്ടതല്ലേ. അങ്ങനെ വീതിക്കാതിരിക്കുമ്പോൾ ഇത് ശ്രീ. നരേന്ദ്ര മോദിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും തറവാട്ട് സ്വത്തല്ലെന്ന് പറയാൻ ആരും ഇവിടെ മുന്നോട്ടുവന്നില്ല. തറവാട്ട് സ്വത്തല്ല എന്ന് ഇവിടെ പറയാം, എല്ലാവരുടേയും സ്വത്ത് തന്നെയാണ്. പക്ഷേ, എല്ലാവരുടെ സ്വത്തും കഴിഞ്ഞ കാലത്തുണ്ടായിരുന്നു. ആ സ്വത്തിന്റെ അടിസ്ഥാനത്തിൽ വീതംവയ്ക്കുന്നതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനത്തിന്റെ കണക്ക് പരിശോധിക്കുമ്പോഴും 2016-നുശേഷം വന്ന ഈ ഗവൺമെന്റ് 8 വർഷം കൊണ്ട് നടപ്പിലാക്കിയ വികസനവും നിങ്ങൾ 35 കൊല്ലം എം.എൽ.എ.-മാരും മന്ത്രിമാരുമായി ഇരുന്നിട്ട് ഏർപ്പെടുത്തിയ വകിസനത്തിന്റെ തോതും കണക്കാക്കിയാൽ കിഫ്ബി പദ്ധതി ആവശ്യമാണ്, അത് നിലനിൽക്കണം, അത് കൂടുതൽ ശക്തമായി മുന്നോട്ട്

കൊണ്ടുപോകണമെന്ന അഭിപ്രായത്തിലേക്ക് നിങ്ങൾക്കും എത്തേണ്ടിവരുമെന്നാണ് പറയാനുള്ളത്. മറ്റൊന്ന്, തറക്കല്ല് ഇടുന്നതിനെക്കുറിച്ചാണ് തർക്കം. തറക്കല്ല് പലയിടത്തും ആളുകൾ ഇട്ടിട്ടുണ്ട്. തറക്കല്ലെന്ന് പറഞ്ഞാൽ സർവ്വേകല്ല് പോലെയാണ് കിടക്കുന്നത്. അതൊന്നും ചെയ്യില്ല; പിന്നീട് തറക്കല്ലിനെ പ്രാവർത്തികമാക്കണമെങ്കിൽ അതിന്റെ പിന്നിൽ ഒട്ടേറെ പ്രവർത്തനങ്ങളുണ്ട്. ഭരണപരവും സാമ്പത്തികവും നിയമാനുസൃതവുമായ കാര്യങ്ങളുണ്ട്. അതെല്ലാം വരുമ്പോഴാണ് ഒരു പദ്ധതി നിർവഹണത്തിലേക്ക് എത്തുന്നത്. പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കുവേണ്ടി ഇന്ദിരാഗാന്ധിയുടെ കാലത്ത് നിങ്ങളും തറക്കല്ലിട്ടിരുന്നു; വല്ലതും നടന്നോ? ഇവിടെ വിഴിഞ്ഞത്ത് തറക്കല്ലിട്ടു, എന്നാൽ തറക്കല്ല് അവിടെ കിടന്നില്ല; തുടർന്നുവന്ന ഗവൺമെന്റ് അതിന്റെ കാര്യങ്ങൾ നടപ്പാക്കി മുന്നോട്ടുപോയി.

(തുടരും...)

P-10-2-2024
UV-AY(2)
2.40-2.50

(ശ്രീ. പി. മമ്മിക്കുട്ടി തുടർച്ച ........)

കണ്ണൂർ വിമാനത്താവളം കൊണ്ടുവരികയും അവിടെ ഹെലികോപ്റ്റർ

ഇറക്കിയെന്നുമാണ് നിങ്ങൾ പറയുന്നത്. സ്ഥലമില്ലെങ്കിൽ ഹൈസ്കൂൾ ഗ്രൗണ്ടിലോ മറ്റേതെങ്കിലും ഗ്രൗണ്ടിലോ കുന്നുംപുറത്തോ ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കും. ഇക്കാര്യങ്ങൾ പറയുമ്പോൾ അതിലൊരു ന്യായം ആവശ്യമാണ്. വികസനവുമായി ബന്ധപ്പെട്ട് ഇവിടെ നടക്കുന്ന കാര്യങ്ങൾ നടന്നുവെന്ന് പറയണ്ടതല്ലേ; അതിന് കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ അത് പറയണ്ടേ; അതിലൊന്നും ഒരു തർക്കമില്ല. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. സജീവ് ജോസഫ് പറഞ്ഞത് ഒന്നും നടന്നിട്ടില്ലായെന്നാണ്. കാർഷിക മേഖലയിലെ പ്രയാസം, ആന, വന്യമൃഗങ്ങൾ എന്നിവയുടെ പ്രശ്നങ്ങളില്ലേ; വന്യമൃഗങ്ങളുമായി ബന്ധപ്പെട്ട് നിയമമുണ്ടാക്കിയത് നിങ്ങളല്ലേ; വന്യമൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രനിയമമുണ്ടാക്കിയത് നിങ്ങളാണ്. അതിന് മാറ്റംവരാത്തിടത്തോളം നമുക്കൊന്നും ചെയ്യാൻ കഴിയില്ലല്ലോ? ഇന്ന് രാവിലെ പട്ടിയെ പിടിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു; അത് നല്ലകാര്യം തന്നെയാണ്. വിഷബാധ ഏൽക്കുമെന്നുള്ളതിനാൽ തൊടാൻ പോലും നിവൃത്തിയില്ല. അതുകൊണ്ട് നിയമങ്ങളുണ്ടാക്കിയ വക്താക്കൾതന്നെ ഇപ്പോൾ ഞങ്ങൾ ഈ നാട്ടുകാരല്ലായെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. വന്യമൃഗങ്ങളിൽനിന്ന് ആപത്തും അപകടവും ഉണ്ടാകാറുണ്ട്.

അതുപോലെ കാർഷിക മേഖലയിലെ പ്രതിസന്ധിയെക്കുറിച്ചും റബ്ബർ കൃഷിക്കാരുടെയും മറ്റുകൃഷിക്കാരുടെയും പ്രശ്നങ്ങളും അവർ പറഞ്ഞു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നമ്മളെ കുത്തുപാളയെടുപ്പിക്കുന്നതിന് സഹായകമായ നിയമമല്ലേ ഗാട്ട് കരാർ. ഗാട്ട് കരാറുണ്ടാക്കിയത് ആരാണ്; ആസിയൻ കാരാറിൽ ഒപ്പിട്ടത് ആരാണ്; കാർഷിക മേഖലയെയും കൃഷിക്കാരെയും നാണ്യവിളകളെയും മുച്ചൂട് തകർക്കുമെന്ന് ആസിയാൻ കരാറുമായി ബന്ധപ്പെട്ട് അന്നേ ഞാൻ പറഞ്ഞതാണ്. ആസിയൻ കരാറും ഗാട്ട് കരാറും അപകടമാണെന്നും അതിനുപിന്നിൽ കാണാചരട് ഉണ്ടെന്നും പറഞ്ഞു. രാജ്യത്തെ പുരോഗതിക്കുവേണ്ടിയാണെന്ന് പറഞ്ഞ് അതിൽ കരാർ ഒപ്പുവച്ച് മുന്നോട്ടുപോയവരാണ് അന്നത്തെ ഭരണാധികാരികൾ. അതിന്റെ ദോഷം വരുമ്പോൾ സംസ്ഥാനത്തിന് തടഞ്ഞുനിർത്താൻ സാധിക്കുന്ന രീതിയിൽ കാര്യങ്ങൾ തടഞ്ഞുനിർത്തി മുന്നോട്ടുപോകുന്ന ഒരു സ്ഥിതി ഈ കേരളത്തിലുണ്ടെന്ന് അംഗീകരിച്ചുകൊണ്ട് ബാക്കി കാര്യങ്ങൾ നമുക്ക് വിമർശനപരമായി പറയാമെന്നാണ് തോന്നുന്നത്.

ഐക്കോൺസ് (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോ സയൻസ്) എന്ന ഒരു സ്ഥാപനം തിരുവനന്തപുരത്തും ഷൊർണ്ണൂറും പ്രവർത്തിക്കുന്നുണ്ട്. ആതുരശുശ്രൂഷ

രംഗത്തെ ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമാണ് ഐക്കോൺസ്. സെൽഫ് ഫൈനാൻസിംഗ് സ്ഥാപനമെന്ന നിലയ്ക്കുള്ള പരിമിതി അതിനുണ്ട്. സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഗ്രാന്റ് കൊണ്ടാണ് ആ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇപ്പോൾ ബജറ്റിന്റെ വിഹിതമായി ഐക്കോൺസിന്റെ തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകൾക്കായി 7.34 കോടി രൂപ വകയിരുത്തിയിട്ടുള്ളത് സ്വാഗതം ചെയ്യുകയാണ്. ആ സ്ഥാപനത്തിൽ പതിനഞ്ചും ഇരുപതും വർഷം ജോലി ചെയ്യുന്ന സാധാരണക്കാരായ തൊഴിലാളികൾക്ക് മിനിമം വേതനം കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് ആ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നോൺപ്ലാൻ ഇനത്തിൽ ഫണ്ട് അനുവദിക്കണം.

എം. ടി. വാസുദേവൻ നായർക്ക് തുഞ്ചൻ പറമ്പിൽ സ്മാരകം സ്ഥാപിക്കുന്നതിനുള്ള നിർദേശം ബജറ്റിൽ വന്നിട്ടുള്ളത് സ്വാഗതാർഹമാണെന്ന് ആവർത്തിച്ച് പറയുകയാണ്. വളർന്നുവരുന്ന വലിയൊരു പട്ടണമായി ചെർപ്പുളശ്ശേരി മാറുകയാണ്. എന്നാൽ അവിടെ ഒരു വർഷത്തിൽതന്നെ എട്ടോ പത്തോ പ്രാവശ്യം തീപിടിക്കുന്ന അവസ്ഥയുണ്ടാകാറുണ്ട്. കഴിഞ്ഞ രണ്ട് കൊല്ലക്കാലത്തിനുള്ളിൽ

പതിനാറോളം സന്ദർഭങ്ങളിൽ തീപിടുത്തമുണ്ടായിട്ടുണ്ട്. പെട്രോൾ പമ്പുകളും സ്കൂളുകളുമെല്ലാമുള്ള വലിയ പട്ടണമായി വികസിച്ച ചെർപ്പുളശ്ശേരി ടൗൺ കേന്ദ്രീകരിച്ച് സർക്കാരിന് സ്ഥലമുണ്ട്. അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട കുടിശ്ശിക ഞങ്ങൾ വരുത്തിയതല്ല; നേരത്തെ യു.ഡി.എഫ്. വരുത്തിയതാണ്. നമ്മൾ അധികാരത്തിൽ വരുമ്പോൾ ആ കുടിശ്ശികയെല്ലാം തീർക്കും. കുടിശ്ശിക ഇനത്തിൽ 20 കോടി രൂപ ബജറ്റിൽ അനുവദിച്ചത് നല്ലകാര്യമാണ്. ആ കുടിശ്ശിക തീർത്തുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർഥിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനും കർഷകതൊഴിലാളി പെൻഷനും ഏതെങ്കിലും രീതിയിൽ കുറവുവരുത്തിയെങ്കിൽ അത് വർധിപ്പിക്കാനാവശ്യമായ തീരുമാനം സ്വീകരിക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റ് കേരളത്തിന്റെ സമൂലമായ വികസനത്തിനും നവകേരള സൃഷ്ടിക്കുംവേണ്ടിയുള്ള പ്രയാണത്തിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്ന അവസ്ഥയാണുള്ളത്. ഉമ്മൻചാണ്ടി മുമ്പ് പറഞ്ഞ കാര്യം ഞാൻ സൂചിപ്പിക്കുന്നു: "ജീവനക്കാർ മാത്രം സുഖിക്കേണ്ട, പഞ്ചായത്ത് പെൻഷൻ പിൻവലിക്കാൻ ആർക്കും

ആകില്ല" എന്നാണ്. "ശമ്പളം കൊടുത്തില്ലെങ്കിൽ ഉുക്കിലിടില്ല" എന്നാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശങ്കരനാരായണൻ പറഞ്ഞിട്ടുള്ളത്, "അധ്യാപകർ 150 ദിവസം ജോലി ചെയ്ത് 365 ദിവസത്തെ ശമ്പളം വാങ്ങുന്നു" എന്ന് പറഞ്ഞത് ശ്രീ. എ. കെ. ആന്റണിയായിരുന്നു. ഇവരെല്ലാം മന്ത്രിമാരും മുഖ്യമന്ത്രിയുമായിരുന്ന കാലത്ത് നടത്തിയ പ്രസ്താവനകളുടെ കോപ്പിയാണിത്. (പത്ര കട്ടിംഗുകൾ ഉയർത്തിക്കാണിച്ചു) ഇതുകൂടി യു.ഡി.എഫ്. ഓർക്കണമെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

(ശ്രീ. എം. എസ്. അരുൺ കുമാർ)

P-10-2-2024
UV-AY(2)
2.40-2.50

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ പൂർണ്ണമായും പിന്തുണക്കുന്നു. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഗവൺമെന്റിനെ ഇല്ലാതാക്കാനുള്ള കുടിലതന്ത്രങ്ങളെയും മറികടന്ന് എൽ.ഡി.എഫ്. സർക്കാർ നവകേരളത്തിലേക്കുള്ള കുതിപ്പ്/ടേക്ക് ഓഫ് പുരോഗമനപരവും പോസിറ്റീവും പ്രായോഗികവുമായ ബജറ്റിലൂടെ നടത്തുകയാണ്.

ഭാവികേരളത്തിന്റെ വികസനത്തിന് അടിത്തറപാകിയ ബജറ്റ് കൂടിയാണിത്. ഈ നാട്ടിലെ വരുംതലമുറ ലോകരാജ്യങ്ങളിലെ തലപൊക്കത്തിനൊപ്പം അഭിമാനത്തോടെ തലയുയർത്തി നിൽക്കുവാനുള്ള പ്രാപ്തി നേടാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. "വിസ്മയം പോലെ ലഭിക്കും നിമിഷത്തിനർത്ഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം" എന്ന കടമ്മനിട്ട രാമകൃഷ്ണന്റെ വരികളാണ് ഈ സർക്കാരിനെ നയിക്കുന്നത്. വിസ്മയംപോലെ ലഭിക്കുന്ന നിമിഷത്തെ അർത്ഥം കൊടുത്ത് പൊലിപ്പിച്ച് എടുക്കുകയാണ് ഈ ബജറ്റിലൂടെ ചെയ്യുന്നത്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് കേന്ദ്ര ബജറ്റ് അവതരിപ്പിച്ചത്. ആ ബജറ്റിൽ കേരളമെന്ന സംസ്ഥാനത്തെതന്നെ മറന്നുപോയിരിക്കുന്ന സാഹചര്യമുണ്ടായി. മുണ്ടക്കൈ-ചൂരൽമല പ്രദേശത്തെ മറന്ന കേന്ദ്ര ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രധാനമന്ത്രി ഇവിടെവന്ന് ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയെ ഫോട്ടോഷൂട്ടിനായി ഉപയോഗിക്കുന്ന സാഹചര്യമുണ്ടായി. ഇത് ഫോട്ടോ ഷൂട്ടാണെന്ന് തിരിച്ചറിയുന്നത് കേന്ദ്രത്തിന്റെ ബജറ്റ് അവതരണത്തിലാണ്. ആ ബജറ്റിന്റെ അവതരണത്തിൽ കേരളത്തിനായി ഒന്നും നീക്കിവയ്ക്കാത്ത അവസ്ഥയിലേക്ക് മാറുന്നു. കേരളത്തിന്റെ വളർച്ചയിൽ ബി.ജെ.പി. ഒരു പങ്കുമില്ലാത്ത പാർട്ടിയാണ്. ആ ബി.ജെ.പി.-യുടെ

അധ്യക്ഷൻ, വയനാട് ജില്ലയെ ചേർത്തുപിടിച്ച കേരള ബജറ്റിനെ ഇകഴ്ത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കേരള വികസനത്തിന് നമുക്ക് നൽകേണ്ട വിഹിതം തരാതെ വെട്ടിക്കുറച്ച് ശ്വാസംമുട്ടിച്ച് കൊല്ലാൻ ശ്രമിക്കുന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗമാണ് പുത്തരിക്കണ്ടം മൈതാനത്തെ പ്രസംഗംപോലെ മാറിയിട്ടുള്ളത് എന്ന് പ്രത്യേകം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ബജറ്റ് എന്തിനുവേണ്ടിയാണ്; ബീഹാർ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കുവേണ്ടി കേന്ദ്രസർക്കാരിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള ബജറ്റ് മാത്രമാക്കി കേന്ദ്ര ബജറ്റിനെ മാറ്റുകയാണ്.

മറ്റൊരാൾ പ്രതിപക്ഷനേതാവാണ്; ബജറ്റിൽ ഒന്നുമില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. ദയവുചെയ്ത് ബി.ജെ.പി.-ക്കുവേണ്ടി അങ്ങ് ഈ പണി നടത്തരുതെന്നാണ് പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഡൽഹിയിൽ കണ്ടില്ലേ; ബി.ജെ.പി.-യെ ജയിപ്പിക്കുന്നത് കോൺഗ്രസ്സായി മാറുകയാണ്. ബി.ജെ.പി.-യെ ജയിപ്പിക്കുന്നതിന് ആംആദ്മി പാർട്ടിക്കെതിരെ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് കോൺഗ്രസ്സായി മാറുന്നു. ഇന്ത്യാ മുന്നണിയുടെ കാര്യമെടുത്ത് ചർച്ച ചെയ്യുമ്പോൾ അതിനെ തകർക്കാൻ കൂടെനിൽക്കുന്നത് കോൺഗ്രസ്സ് തന്നെയാണെന്ന

സാഹചര്യമാണുള്ളത്. അങ്ങയുടെ മനസ്സിലാണ് ഇപ്പോൾ പൊള്ളയായി മാറിയിട്ടുള്ളത്. ഞാൻ ഒരുപാട് ചാനൽ ചർച്ചകൾ ബജറ്റ് അവതരണത്തിനുശേഷം കണ്ടു. ആ ചാനൽ ചർച്ചകളിലെല്ലാം ഇതൊരു പ്രായോഗികമായ ബജറ്റാണെന്നാണ് അവരെല്ലാം സമ്മതിക്കുന്നത്. ഒരുപാടുപേർ ഇതിനെക്കുറിച്ച് അഭിപ്രായം പറഞ്ഞപ്പോൾ അവരെല്ലാം പ്രായോഗികമായ ബജറ്റ് എന്നുതന്നെയാണ് പറയുന്നത്. കേരളത്തിൽ മൂന്നാമതും ഇടതുപക്ഷ മുന്നണി അധികാരത്തിൽ വരുമെന്നാണ് ഇതിലൂടെ മനസ്സിലാക്കുന്നത്. പ്രതിപക്ഷത്തിന്റെ മോഹത്തിന് ഭംഗം വരുന്നു, അങ്ങയുടെ മോഹത്തിനും ഭംഗം വരുന്നു. മോഹഭംഗം വരുന്ന തരത്തിലുള്ള ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്.

254 പേർക്ക് ജീവൻ നഷ്ടമായ, 44 ആളുകളെ ഇനിയും കണ്ടെത്താൻ കഴിയാത്ത, 2007 വീടുകൾ തകർന്ന, ആയിരക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതായ, 1002 കോടി രൂപയുടെ നഷ്ടമുണ്ടായ, 2221 കോടി രൂപ പുനരധിവാസത്തിനാവശ്യമായ പ്രയാസകരമായ സാഹചര്യത്തെ മറികടക്കാൻ 750 കോടി രൂപ നീക്കിവയ്ക്കുകയും അധിക തുക സർക്കാർ വിനിയോഗിക്കുമെന്നും ഉറപ്പുവരുത്തുന്ന ബജറ്റ് പൊള്ളയായ ബജറ്റ് അല്ല. ഈ ബജറ്റ് കാമ്പും കാതലുമുള്ള ബജറ്റാണ്. ഈ ബജറ്റ്

കേരളത്തിനുവേണ്ടിയുള്ളതാണ്. (തുടരും)

P. 10.02.2025
LJ/ AY -(2)
02.50-03.00

(ശ്രീ. എം. എസ്. അരുൺകുമാർ തുടർച്ച.........)

കേരളം പിന്നാക്കമാണെന്നാണ് മറ്റൊരു കേന്ദ്രമന്ത്രി പറയുന്നത്. മുന്നാക്കമായ കേരളത്തിൽനിന്നും പോയ മന്ത്രിയാണ് കേരളത്തെ മറ്റുള്ള സംസ്ഥാനങ്ങൾക്കൊക്കെ മറ്റൊരു രീതിയിൽ പിന്നാക്കമാണെന്ന് വരുത്തിതീർക്കാൻ ആഗ്രഹിക്കുന്നത്; അത് സമ്മതിച്ചുകൊടുക്കാൻ നമ്മൾ തയ്യാറല്ല. എം.എൽ.എ.-മാരായ ശ്രീ. കെ. ഡി. പ്രസേനൻ, ശ്രീമതി യു. പ്രതിഭ എന്നിവർ സൂചിപ്പിച്ചതുപോലെ, എത്രയെത്ര പ്രവർത്തനങ്ങൾക്കകത്താണ് കേരളം ഒന്നാം നമ്പരായി നിൽക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസമേഖലയിൽ സാമൂഹികപരവും അടിസ്ഥാനപരവുമായ കാര്യങ്ങളിലെല്ലാം നാം ഏറെ മുന്നിൽ നിൽക്കുന്ന ഒരു സാഹചര്യമാണ്. പുറകിലേയ്ക്ക് പോകാനല്ല, ഇനിയും മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനം. കേരളത്തിൽ മാറിമാറി വരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സർക്കാർ ദീർഘവീക്ഷണത്തോടെ ഇടപെട്ട് കേരളത്തെ മുന്നോട്ടുനയിക്കുകയാണ്.

64,006 കുടുംബങ്ങൾ അതിദരിദ്രരുടെ പട്ടികയിലാണെന്ന്

സർവെയിൽ കണ്ടെത്തുകയും 44,539 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കാനാവശ്യമായ ക്രമീകരണത്തിനായി ഈ ബജറ്റിൽ 60 കോടിരൂപ അതായത്, 10 കോടിരൂപ അധികമായി മാറ്റിവച്ചിരിക്കുന്നു. പട്ടിണിയില്ലാതെ ജീവിക്കാൻ കഴിയുന്ന ഇന്ത്യയിലെ ഏകസംസ്ഥാനമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സർക്കാർ ഈ കേരളത്തെ മാറ്റുന്നു. കേന്ദ്രമന്ത്രി നേതൃത്വം കൊടുക്കുന്ന സർക്കാർ, ലോകത്തെ ഏറ്റവും വലിയ പട്ടിണിരാജ്യമായി ഇന്ത്യയെ മാറ്റാൻ ശ്രമിക്കുമ്പോഴാണ് അതിന് ബദലായി പട്ടിണിയില്ലാത്ത സംസ്ഥാനമായി സർക്കാർ കേരളത്തെ മാറ്റുന്നത്. ബി.ജെ.പി.-യും കോൺഗ്രസും ആഗ്രഹിക്കുന്നതുപോലെ കേരളം പിന്നോട്ട് പോകുകയല്ല; ഇടതുപക്ഷത്തിന്റെ ചിറകിലേറി മുന്നോട്ടുകുതിക്കുന്ന കാഴ്ചയാണ് കാണുന്നത്.

വിദ്യാഭ്യാസരംഗത്ത് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. മുമ്പ് പുസ്തകം കൊടുക്കാത്ത, പാഠപുസ്തകമില്ലാത്ത, കെട്ടിടങ്ങളില്ലാത്ത, അടച്ചുപൂട്ടാൻ നിൽക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിലുണ്ടായിരുന്നു. ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ പുതിയ

കെട്ടിടങ്ങൾ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുണ്ട്; അതിനെയൊന്നും കാണുന്നില്ല. ലാബുകൾ, ടിങ്കറിംഗ് ലാബുകൾ, അടിസ്ഥാന സൗകര്യവികസനങ്ങൾ, അന്താരാഷ്ട്ര നിലവാരത്തിലെ ക്ലാസ് റൂമുകളുടെ മാറ്റം എന്നിവയെല്ലാം കേരളത്തിൽ നടപ്പിലാക്കി. കേരളത്തിൽ ഡിജിറ്റലായി സാധാരണക്കാരന്റെ മക്കൾക്ക് പഠിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. എന്നാൽ കേന്ദ്രം ഈ ബജറ്റിലാണ് അതിനെക്കുറിച്ചൊക്കെ ആലോചിക്കുന്നത് എന്നതിനാൽ ഇക്കാര്യങ്ങളെല്ലാം നടപ്പിലാക്കി പൂർത്തീകരിച്ച ഗവൺമെന്റാണിതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേന്ദ്ര ഗവൺമെന്റ് പട്ടികജാതി വിഭാഗങ്ങളെ പരിഗണിക്കുന്നില്ല; എന്നാൽ ഇവിടെ പട്ടികജാതി വിഭാഗങ്ങളുടെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻവർഷത്തേക്കാൾ 114.**90** കോടി രൂപ അധികമായി വകയിരുത്തുന്ന സാഹചര്യമുണ്ടായി. എസ്.ടി. വിഭാഗത്തിന് 46.31 കോടി രൂപ അധികമായി വകയിരുത്തി. പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിനായി ഏകദേശം 3236.85 കോടി രൂപ, പാലക്കാട് മെഡിക്കൽ കോളേജിന് 25 കോടി രൂപ, അതിദരിദ്രരെന്ന് കണ്ടെത്തിയവർക്ക് ഭൂമി വാങ്ങുന്നതിന് 170 കോടി രൂപ, ഭവന

പുനരുദ്ധാരണത്തിനും സേഫ് പദ്ധതിക്കുമായി 240 കോടി രൂപ, പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി 278.62 കോടി രൂപയുമുൾപ്പെടെ മുൻവർഷത്തെക്കാൾ 12 കോടി രൂപയുടെ വർധനവ് ഇതുമായി ബന്ധപ്പെട്ട് ഈ ബജറ്റിലുണ്ടാകുന്നു. ഒന്നുമുതൽ എട്ടുവരെ ക്ലാസിലെ കുട്ടികൾക്ക് ഒ.ബി.സി. സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കി. എന്നാൽ 'കെടാവിളക്ക്' എന്ന പദ്ധതിയിലൂടെ ഒന്നുമുതൽ എട്ടുവരെയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് നൽകുന്നതിനായി അധികവരുമാനം കണ്ടെത്തി 15 കോടിരൂപ ഈ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

കേരളത്തിലെ എല്ലാ മലയാളികൾക്കും അവരുടെ മക്കൾ ഏറ്റവും നന്നായി പഠിക്കണമെന്ന ആഗ്രഹമാണുള്ളത്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ രാജ്യത്തിനുപുറത്തുപോയി പഠിക്കാൻ കഴിയുന്നതരത്തിലുള്ള സാഹചര്യമുണ്ടായി. 'ഉന്നതി' സ്കോളർഷിപ്പിലൂടെ 820 വിദ്യാർത്ഥികൾക്ക് രാജ്യത്തിനുപുറത്തുപോയി പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ഏറ്റവും മികച്ച കോളേജുകളിൽ 16 കോളേജുകൾ കേരളത്തിലുണ്ടാകുന്നു. ഉന്നതവിദ്യാഭ്യാസരംഗത്ത് ആയിരക്കണക്കിന് കോടി രൂപയുടെ മികച്ച ഇടപെടലുകളും പ്രവർത്തനങ്ങളുമുണ്ടാകുന്നതിന്റെ ഭാഗമായി

സർവകലാശാലകൾ മികച്ച നിലയിൽ വരുന്നു. എന്നാൽ ആ സർവകലാശാലകളെ തട്ടുക്കാനും ഉന്നതവിദ്യാഭ്യാസരംഗം തകർക്കാനും ഗവർണറെയുൾപ്പെടെ നിയമിക്കുന്ന ശ്രമങ്ങളാണ് കേരളാ യൂണിവേഴ്സിറ്റിയിലുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്നത്.

മാവേലിക്കരയിലെ രാജാരവി വർമ്മ ഫൈൻ ആർട്സ് കോളേജിൽ രാജ്യത്തിന് പുറത്തുനിന്നുള്ള വിദ്യാർഥികൾ വന്നുപഠിക്കുന്നു. ഇറാൻ, ഇറാഖ് എന്നിവിടങ്ങളിൽനിന്നും വിദ്യാർഥികൾ ചിത്രരചന പഠിക്കാൻ അവിടേയ്ക്ക് വരുന്നുണ്ട്. അവിടെ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന അന്താരാഷ്ട്ര പഠനകേന്ദ്രത്തിന് സ്ഥലമുള്ളതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സഹായംകൂടി ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

സാധാരണക്കാരായ അമ്മമാരും സഹോദരിമാരും ഉൾപ്പെടുന്ന തൊഴിലുറപ്പ് മേഖലയെ തകർക്കാൻ കേന്ദ്രഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, 8.55 കോടിയാണ് ഈ രാജ്യത്തിനകത്ത് ആ മേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ആ തൊഴിലുറപ്പിനെ തകർക്കാൻ ശ്രമിക്കുമ്പോൾ ഈ ബജറ്റിൽ ഗ്രാമീണമേഖലയുടെ വികസനത്തിനായി 7098.74 കോടി രൂപ അതായത്, കഴിഞ്ഞ തവണയേക്കാൾ 598.75 കോടി

രൂപ അധികമായി നീക്കിവച്ചിരിക്കുന്നു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സംരക്ഷിക്കുന്നതിനായും 10.50 കോടി തൊഴിൽദിനം സൃഷ്ടിക്കുന്നതിനും ആവശ്യമായ നിലപാടുകൾ ഈ ബജറ്റിൽ സ്വീകരിച്ചിട്ടുണ്ട്. അതായത്, സാധാരണക്കാരെ/ഗ്രാമീണമേഖലയെ സഹായിക്കാൻ കഴിയുന്ന നിലപാട്. തലയ്ക്കുമീതെ ശൂന്യാകാശമെന്ന് നമ്മൾ പാട്ടുകളിൽ കേട്ടിട്ടുണ്ട്. പാമ്പുകൾക്ക് മാളമുണ്ട് എന്നൊക്കെ നേരത്തെ ഇവിടെ നിയമസഭയിൽ ഒരുപാട് പാടിയിട്ടുള്ളതാണ്.

"പാമ്പുകൾക്കു മാളമുണ്ട്

പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രനു തലചായ്ക്കാൻ

മണ്ണിലിടമില്ലാ...മണ്ണിലിടമില്ലാ..."

4,26,000 കുടുംബങ്ങൾ അടച്ചുറപ്പുള്ള വീട്ടിൽ, 'ഭവനരഹിതരില്ലാത്ത കേരളം' എന്ന എൽ.ഡി.എഫ്.-ന്റെ സ്വപ്നപദ്ധതി സാക്ഷാത്കരിക്കാൻ ഒരു ലക്ഷം വീടുകൂടി പൂർത്തിയാകുന്നതിന്റെ ഭാഗമായി 1160 കോടി രൂപ വകയിരുത്തുന്നു. മുൻവർഷത്തെക്കാൾ 80 കോടി രൂപ അധികമാണ്. സാമ്പത്തിക ദുർബലവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 24 കോടി രൂപ ഗൃഹശ്രീ പദ്ധതിയിലൂടെ വകയിരുത്തിയിട്ടുണ്ട്. സർക്കാർ

ജീവനക്കാർക്കും ദിവസവേതനക്കാർക്കും അവരുടെ വേതനം വർധിപ്പിക്കുന്നതിനുമെല്ലാം ക്രിയാത്മകമായ ഇടപെടലാണ് ഈ ബജറ്റിലൂടെയുണ്ടാകുന്നത്.

വിഴിഞ്ഞം പ്രധാന കയറ്റുമതി തുറമുഖമാകുന്നു, വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന ത്രികോണമുണ്ടാകുന്നു, ആയിരം കോടി രൂപ വകയിരുത്തി പശ്ചാത്തലസൗകര്യവികസനമുണ്ടാകുന്നു, തീരദേശജനതയെ ചേർത്തുപിടിച്ച ബജറ്റ്, ടൂറിസം രംഗത്ത് ഉണർവേകുന്ന ബജറ്റ്, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള ഏറ്റവും മികച്ചനിലയിലുള്ള ഇടപെടൽ നടത്തുന്ന ബജറ്റ്, ആരോഗ്യരംഗത്ത് 10431.**73** കോടി രൂപ അധികം ചെലവഴിച്ചുകൊണ്ടുള്ള ഏറ്റവും മനോഹരമായ, ആരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന നാടിനെ അതേതരത്തിൽ മുന്നോട്ടുകൊണ്ടുപോകുന്ന രീതിയിലുള്ള ബജറ്റാണിത്. എന്റെ മണ്ഡലത്തിൽ ലെപ്രസി സാനിറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തിയിട്ടുണ്ട്. അവിടെ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് എം.എൽ.എ. ഫണ്ട് എന്ന നിലയിൽ രണ്ടുകോടി രൂപ വകയിരുത്തി മറ്റുക്രമീകരണങ്ങൾ നടത്താനുള്ള ഒരു സഹായവുമുണ്ടാകണം. അതുപോലെ അങ്ങയുടെ വേര് ഓണാട്ടുകരയാണ് എന്നുള്ള കാര്യം അറിയാവുന്നതാണ്.

ബുദ്ധനെയും കരുമാടിക്കുട്ടനെയും ഒരു മ്യൂസിയമെന്നുള്ള രീതിയിൽ നിലനിർത്തി ഒരു പഴയ സംസ്കാരത്തിന്റെ ഏറ്റവും മികച്ച മാതൃക സൃഷ്ടിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുകയുണ്ടായി. നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം ശ്രീ. പി. പ്രസാദ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെകൂടി നാടാണ്. അതിനെ നന്ദികേശ ശില്പ പൈതൃക ഗ്രാമമായി നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുംകൂടി മുന്നോട്ടുവരാൻ കഴിയുന്ന ഒരു സാഹചര്യം ഈ ബജറ്റിലുണ്ടാകണമെന്ന് പ്രത്യേകമായി സൂചിപ്പിക്കുന്നു.

മറ്റൊന്ന്, ഞങ്ങളുടെ കുടിവെള്ളപ്രശ്നമാണ്. കെ.ഐ.പി. കനാലിനും പി.ഐ.പി. കനാലുമെല്ലാം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പക്ഷേ കനാൽ കുറച്ചുകൂടി മുന്നോട്ടുപോകുകയാണെങ്കിൽ കായംകുളത്തിനുകൂടി ഉപകാരമുണ്ടാകുന്നതാണ്. അതിന് സ്ഥലമേറ്റെടുത്തിട്ടുള്ളതിനാൽ അത് പൂർത്തീകരിക്കാൻ കഴിയുന്ന ഒരു സാഹചര്യം കൂടിയുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. സമസ്തമേഖലകളെയും ഏറ്റവും ഭംഗിയായി സ്പർശിച്ചിട്ടുള്ളതും അതിനോടൊപ്പം പ്രതിപക്ഷത്തിന്റെ എല്ലാ മോഹങ്ങൾക്കും ഭംഗം വരുത്തുന്നതുമായ ഒരു ബജറ്റാണിത് എന്നതിനാൽ ഈ ബജറ്റിനെ ഈ അവസരത്തിൽ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

P. 10.02.2025
LJ/ AY -(2)
02.50-03.00

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ബജറ്റിനെ ഹൃദയത്തോട് ചേർത്തുവച്ച് വെറും വായ കൊണ്ടല്ല, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് പിന്തുണയ്ക്കുകയാണ്. വളരെ പ്രതിസന്ധിയിലൂടെ പോകുന്ന പ്രദേശമാണ് കുട്ടനാട് പ്രദേശം. ധാരാളം പ്രതികൂലങ്ങളെ അതിജീവിച്ചാണ് ഞങ്ങൾ ജീവിച്ചത്. ഇവിടെ ധാരാളം പേർ കിഫ്ബിയെക്കുറിച്ച് മോശമായി പ്രതിപാദിക്കുമ്പോൾ, ധാരാളം കാര്യങ്ങൾ നേടിയെടുത്തവർ പുറകിലിരുന്നുകൊണ്ട് ഒന്നും കിട്ടിയില്ലെന്ന് പറയുന്നത് വളരെ സങ്കടകരമായ കാര്യമാണ്. നിങ്ങൾക്കെല്ലാവർക്കും ധാരാളം കിട്ടിയിട്ടുണ്ടെന്ന് ഞങ്ങൾ ധവളപത്രമിറക്കാം. കഴിഞ്ഞ ഒമ്പത് വർഷമായി കുട്ടനാടിന് ലഭിച്ച കാര്യങ്ങൾ ഞാനിവിടെ വിവരിച്ചാൽ 8 മിനിട്ടുകൊണ്ട് അവസാനിപ്പിക്കാൻ കഴിയാത്തതിനാൽ ആ വിഷയത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇരിക്കൂർ എം.എൽ.എ. ശ്രീ. സജീവ് ജോസഫ്, ധൂർത്ത്, കെടുകാര്യസ്ഥത, അഴിമതി എന്നെല്ലാം പറഞ്ഞു. ഇനി അതിൽ ഒന്നും പറയാനില്ല; എന്നിട്ട് അവസാനം പ്രസംഗം നിർത്താൻ നേരം

എനിക്ക് ഇത്തിരിക്കൂടി തരണേ എന്നാണ് ആവശ്യപ്പെട്ടത്. ഇങ്ങനെയൊക്കെയുള്ള ആളുകൾ എന്തിനാണ് വീണ്ടും വീണ്ടും എനിക്ക് തരണമെന്ന് റിക്വസ്റ്റ് ചെയ്യുന്നത്. അതുകൊണ്ട് നമ്മൾ പറയേണ്ട ഒരു കാര്യം, നിങ്ങൾ എതിർക്കുന്നത് നല്ല കാര്യമാണ്; നിങ്ങളുടെ അവസ്ഥ അങ്ങനെയായതിനാലാണ് നിങ്ങൾ എതിർക്കുന്നതെന്ന് എനിക്കറിയാം. ഒരു ചെറിയ കാര്യം നിങ്ങൾ മനസ്സിലാക്കണം. ആഗോള സാമ്പത്തികമാന്ദ്യം മുതൽ കോവിഡ് മഹാമാരിവരെയുണ്ടായ ദുരന്തങ്ങളെയെല്ലാം അതിജീവിച്ചും കേന്ദ്ര സർക്കാരിന്റെ പ്രതികാരരാഷ്ട്രീയത്തിന്റെ ഭാഗമായ സാമ്പത്തിക ഞെരുക്കങ്ങളും മറികടന്ന് കൈവരിച്ച ഒരു ബജറ്റാണിത്. പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-2026-ലെ ബജറ്റ് അഭിമാനത്തോടെ ഇവിടെ അവതരിപ്പിച്ചപ്പോൾ ഏറ്റവുമധികം സന്തോഷവും അതിനോടൊപ്പം ഹൃദയത്തിനകത്ത് വലിയൊരു തണുപ്പും അനുഭവപ്പെട്ടിട്ടുണ്ട്. ഒന്നുമില്ലാതിരിക്കുമ്പോൾ എന്തെങ്കിലും ലഭിക്കുകയെന്നുള്ളത് വലിയ കാര്യമാണ്.

(തുടരും.....)

P -10-02-2025 PT-AM
3.00-3.10 SY

(ശ്രീ. തോമസ് കെ. തോമസ്...... തുടർച്ച)

കേരളത്തിന്റെ വരുമാനമെന്താണ്; കേരളത്തിന് ഒരു വരുമാനവും ഇല്ലല്ലോ? ഉള്ളവരുമാനത്തിൽ നിന്നുകൊണ്ടല്ലേ എല്ലാം ചെയ്യേണ്ടത്. കേരളത്തിന് ലഭിക്കേണ്ട ജി.എസ്.ടി. പോലും നൽകാത്ത കേന്ദ്ര ഗവൺമെന്റിനോട് ഒരു വാക്കുപോലും നിങ്ങൾക്ക് ഇതുവരെ പറയാൻ സാധിച്ചിട്ടുണ്ടോ; ലോക്സഭയിലെ പ്രതിപക്ഷ നേതാവ് ഇതുസംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; ആരും ഒന്നും മിണ്ടുന്നില്ലല്ലോ; നിങ്ങളുടെ ഭാഗത്തുനിന്നും പതിനെട്ട് എം.പി.-മാർ പാർലമെന്റിലേക്ക് പോയിട്ടുണ്ടല്ലോ; എന്തുകൊണ്ടാണ് ആരും ഒന്നും പറയാത്തത്? കേന്ദ്രത്തിൽ ശക്തമായ രീതിയിൽ ഇക്കാര്യങ്ങൾ പ്രതിരോധിക്കാൻ നിങ്ങൾക്ക് സാധിക്കാത്തത് എന്തുകൊണ്ടാണ്; കേന്ദ്രത്തിൽനിന്നും ഒന്നും നേടിയെടുക്കാനുള്ള മനസ്സ് കാട്ടാതെ നിങ്ങൾ ഇവിടെ ഇങ്ങനെ പറയുന്ന രീതി ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് ബജറ്റിൽ പറഞ്ഞിട്ടുള്ളത്. എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾ ഗൗരവമായി കണ്ട് തയ്യാറാക്കിയ ബജറ്റാണിത്. കേന്ദ്രസർക്കാരിന്റെ പകപോക്കൽ രാഷ്ട്രീയത്തെ അതിജീവിക്കുന്ന

ബജറ്റാണിത്, അതാണ് ഏറ്റവും വലിയ പ്രത്യേകത. ആ ഒരു മാസ്മര ശക്തി ശ്രീ. കെ. എൻ. ബാലഗോപാലിന് എവിടെനിന്നും ലഭിച്ചുവെന്ന് എനിക്കറിയില്ല. എന്റെ ഭാഷയിൽ പറയുകയാണെങ്കിൽ സ്വർഗ്ഗത്തിലെ ദൈവം നൽകിയതാണെന്നേ പറയുന്നുള്ളൂ. എല്ലാകാര്യങ്ങളും ക്രോഡീകരിച്ചുകൊണ്ട് വളരെ നല്ലരീതിയിൽ അവതരിപ്പിക്കാൻ സാധിച്ചത് വലിയൊരു കാര്യമാണ്. ഇത് എന്റെ മാത്രം കാര്യമല്ല. ഇവിടെ 140 എം.എൽ.എ.-മാർ ഉണ്ടല്ലോ, കുട്ടനാട്ടിൽ വളരെ നല്ലരീതിയിലുള്ളൊരു സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കുട്ടനാട്ടിന്റെ സമഗ്ര വികസനത്തിന് 100 കോടിരൂപ ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് 150 കോടി രൂപ നൽകിയിട്ടുണ്ട്. പാടശേഖരങ്ങളെ സംബന്ധിച്ച് ആദ്യം മുതലേ ഞാൻ നിയമസഭയിൽ പറയുന്ന കാര്യമാണ്. കുട്ടനാട്ടിൽ ഏകദേശം 480 പാടശേഖരങ്ങളും കല്ലുകെട്ടി ബലപ്പെടുത്തി അതിനുചുറ്റും ബണ്ട് റോഡുകൾ നിർമ്മിച്ച് അതിന്റെ നടുവിൽ ടാക്ടർ റോഡുകൾ കൊണ്ടുവന്നെങ്കിൽ മാത്രമെ സമഗ്രമായ വികസനം കുട്ടനാട്ടിൽ നടക്കുകയുള്ളൂ. അങ്ങനെ കൊണ്ടുവരണമെന്നുള്ള വലിയ ആഗ്രഹമാണുള്ളത്. അതിന് ഫണ്ടനുവദിച്ചുകൊണ്ടുള്ള ഒരു ബജറ്റാണിത്. കർഷകരുടെ വിവിധ സബ്സിഡികൾ ഈ ബജറ്റിൽ

പറഞ്ഞിട്ടുണ്ട്. വള്ളംകളിയെ പ്രോത്സാഹിപ്പിക്കുന്നതിന് 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഞാൻ നിർദ്ദേശിച്ച വിവിധ പദ്ധതികൾക്ക് 60 കോടി രൂപയിലധികം അനുവദിച്ചിട്ടുണ്ട്. കൂടാതെ പല വൻകിട പദ്ധതികളും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ ചില മാറ്റങ്ങൾ വരുത്തിയാൽ നല്ല റോഡായി അതുമാറും. 780 കോടി രൂപ അതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. കുടിവെള്ളപദ്ധതി കുട്ടനാട്ടുകാരുടെ ജീവിത സ്വപ്നമാണ്. അതിനുവേണ്ടി എന്റെ സഹോദരൻ തോമസ് ചാണ്ടി അദ്ദേഹത്തിന്റെ കൈയിലെ കാശ് കൊടുത്തു വാങ്ങിയ നീരേറ്റുപുരം എന്ന സ്ഥലത്ത് 14 എം.എൽ.ഡി. പ്ലാന്റിന്റെ കൂടെ 30 എം.എൽ.ഡി. പ്ലാന്റുകൂടി ചേർത്ത് 44 എം.എൽ.ഡി. ആക്കി മാറ്റുവാൻ തക്കവണ്ണം ഈ ഗവൺമെന്റ് 500 കോടി രൂപയിലധികമാണ് ബജറ്റിൽ നൽകിയിട്ടുള്ളത്. 9 ഘട്ടങ്ങളിലായി ഞങ്ങളത് ടെണ്ടർ ചെയ്തുകഴിഞ്ഞു. അതൊരു സ്വപ്ന പദ്ധതിയാണ്. ഇതിൽ ധാരാളം പ്രതിസന്ധികളുണ്ട്. ഒരു ദിവസം കൊണ്ട് എല്ലാം വികസനവും നടക്കില്ല. തണ്ണീർതട സംരക്ഷണ നിയമം കുട്ടനാടിനെ വലച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ കുട്ടനാട്ടിനൊരു പ്രത്യേക ഇളവ് അനുവദിച്ചേ പറ്റുകയുള്ളൂ. അവിടം മുഴുവൻ പാടശേഖരങ്ങളുടെയും നടുവിലൂടെ വഴികളുമുണ്ട്. അങ്ങനെയുള്ള സ്ഥലത്ത് തണ്ണീർത്തട സംരക്ഷണ

നിയമം കൊണ്ടുവന്നാൽ ഭയങ്കര ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കുട്ടനാട്ടിന് പ്രത്യേക ഇളവനുവദിക്കണം. വെള്ളം സൂക്ഷിക്കുന്നതിനുവേണ്ടി ഒരു ഓവർ ഹെഡ് ടാങ്ക് വയ്ക്കാൻ വീയപുരം എന്ന സ്ഥലത്ത് സ്ഥലം അനുവദിച്ചപ്പോൾ തണ്ണീർതട സംരക്ഷണ നിയമത്തിൽ ആ സ്ഥലം ഉൾപ്പെട്ടിരിക്കുന്നുവെന്നാണ് വില്ലേജ് ഓഫീസർ ആദ്യം അവിടെ എഴുതിവച്ചത്. അതിലൊരു മാറ്റമുണ്ടാകണം. ആദരണീയനായ കൃഷിവകുപ്പുമന്ത്രിയും എ.പി.സി.-യും ഇടപെട്ട് താത്കാലിക പരിഹാരം കണ്ടെങ്കിലും ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കാണേണ്ടത് ആവശ്യമാണ്. പുളിങ്കുന്ന് താലൂക്ക് ഹോസ്പിറ്റലിന് വേണ്ടി 140 കോടി രൂപയാണ് നൽകിയിട്ടുള്ളത്. ഏകദേശം 55 വർഷങ്ങൾക്കുമുമ്പ് എന്റെ കുട്ടിക്കാലം മുതൽ ഞങ്ങളെല്ലാവരും ആശ്രയിച്ചുകൊണ്ടിരുന്ന ഹോസ്പിറ്റലാണിത്. 35 കോടി രൂപ ദേശീയ എൻ.സി.സി. ട്രെയിനിംഗ് സെന്ററിന് നൽകിയിട്ടുണ്ട്. അങ്ങനെ നിരവധി വികസനങ്ങൾ കിഫ്ബിയിലൂടെ കൊണ്ടുവന്നിട്ടുണ്ട്. ഈ ഗവൺമെന്റാണ് ഇതെല്ലാം നൽകിയത്. ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് വന്നതിനുശേഷമാണ് കുട്ടനാട് ദേശം ഉയർത്തെഴുന്നേൽക്കാനായി തുടങ്ങിയത്. ഇത്തരത്തിലുള്ള ഈ നല്ല ബജറ്റിനെ നിങ്ങൾ ഒരിക്കലും ധിക്കരിച്ചുകൊണ്ട്

സംസാരിക്കരുതെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങളുടെ മനസ്സാക്ഷിയോട് ചേർത്തുവച്ചിട്ട് അതിനെ പുകഴ്ത്തിപറയൂ, നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ല. നിങ്ങളെ ഇതിൽ ആര് ചോദ്യം ചെയ്യാനാണ്; ഇതിലൊന്നും ആരും ചോദ്യം ചെയ്യാനില്ല. നിങ്ങൾ ബജറ്റിനെ കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടും നിങ്ങൾക്ക് വീണ്ടും തുക വേണമെന്ന് പറയുമ്പോൾ അത് കേൾക്കുന്ന ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. 'ഞങ്ങൾക്ക് 200 കോടി രൂപയൊന്നും തന്നിട്ടില്ലെന്നാണ് ശ്രീ. റോജി എം. ജോൺ എന്നോട് പറഞ്ഞത്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ 200 കോടി രൂപ നൽകിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമായി പറഞ്ഞു. അങ്ങനെ തന്നിട്ടുണ്ടോ ഇല്ലയോയെന്ന് അങ്ങ് വ്യക്തമാക്കണം.

ശ്രീ. റോജി എം. ജോൺ: സർ, നേരത്തെ പറഞ്ഞതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇതിന് മുമ്പത്തെ ബജറ്റിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. എന്തായാലും എനിക്കൊരു കാര്യം പ്രത്യേകിച്ച് പറയാനുള്ളത്, സി ബ്ലോക്ക് റോഡ് ഞങ്ങളുടെ ചിരകാല അഭിലാഷമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ ജന്മനാടായ കൈനകരി പുനരുദ്ധാരണം ഉണ്ടാകണമെങ്കിൽ സി ബ്ലോക്ക് റോഡ് പൂർത്തികരിക്കണം. മുണ്ടയ്ക്കൽ പാലം വന്നെങ്കിൽ മാത്രമെ ഞങ്ങൾക്ക്

ആലപ്പുഴയിൽ കയറാൻ സാധിക്കുകയുള്ളൂ. സി ബ്ലോക്ക് റോഡ് കിഫ്ബിയിൽ അനുവദിച്ചിട്ടുള്ളതാണ്. അതിന് 83 കോടി രൂപ ഒരുകാലത്ത് വച്ചിട്ടുണ്ട്. ആദരണീയനായ മുഖ്യമന്ത്രി ഇതിനുവേണ്ടി 10 കോടി രൂപ നൽകി. ഈ ബജറ്റിൽ ടോക്കൺ തുക നീക്കിവച്ചിട്ടുണ്ട്. ഈ റോഡ് പൂർത്തീകരിക്കുന്നതിനുവേണ്ടി അതിൽനിന്നും 20 ശതമാനം തുക അങ്ങ് നൽകണമെന്നുള്ളത് കുട്ടനാട് എം.എൽ.എ.-യുടെ ഒരപേക്ഷയാണ്. അങ്ങത് ചെയ്യുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. എക്സൈസിന്റെ ഒരു ഓഫീസ് അവിടെ വെള്ളക്കെട്ടിലാണ് പ്രവർത്തിക്കുന്നത്. ആ ഓഫീസ് പണിയുന്നതിനുവേണ്ടിയുള്ള ഫണ്ടുകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കെ. സി. പാലമെല്ലാം ശരിയായിട്ടുണ്ട്. അതിനുവേണ്ടി ഫണ്ടനുവദിക്കുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. ഈ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എനിക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഇന്ന് രാവിലെ ഞാൻ  ഉപചോദ്യം ചോദിച്ചപ്പോൾ ആദരണീയനായ മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞു. കാവാലത്ത് ഒരു പാവപ്പെട്ട ഗൃഹനാഥന് ജപ്തി നോട്ടീസ് ലഭിച്ചപ്പോൾ അദ്ദേഹം കുഴഞ്ഞുവീണ് മരിച്ച സംഭവം ഞാൻ ഈ സഭയുടെ

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മൂന്നരലക്ഷം രൂപ അദ്ദേഹത്തിന് താങ്ങാനുള്ളശേഷി ഉണ്ടായിരുന്നില്ല. ഇതുപോലെ കേരള ബാങ്കിൽ നിന്നെല്ലാം ലോൺ എടുത്തിട്ടുള്ളവർക്ക് ഇളവനുവദിച്ചുകൊണ്ട് അവർക്കൊരു സമാധാനം നൽകാൻ വേണ്ടി അങ്ങയുടെ ബജറ്റിൽ തുക ഉൾപ്പെടുത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

(ശ്രീ. പി. ഉബൈദുള്ള)

P -10-02-2025 PT-AM
3.00-3.10

ശ്രീ. പി. ഉബൈദുള്ള: സർ, കേരള ജനതയ്ക്ക് വളരെ വലിയ ആശ്വാസകരമായൊരു വാർത്ത പങ്കുവയ്ക്കുന്നുവെന്ന ആമുഖത്തോടെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗം ആരംഭിച്ചത്. 'സമീപ വർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പ്രധാനമായും പറഞ്ഞത്. പിന്നീട് അങ്ങോട്ടുള്ള വായനയിലൊന്നും ആ വാർത്തയുടെ പ്രാധാന്യം നമ്മൾ കണ്ടില്ല. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും മറ്റ്

ഗുരുതരരോഗം ബാധിച്ച് കിടപ്പിലായവരെയും പരിചരിക്കുന്നവർക്ക് മാസംതോറും 600 രൂപ നൽകിവരുന്ന 'ആശ്വാസകിരണം പദ്ധതി' 19 മാസമായി കുടിശ്ശികയാണ്. സാമ്പത്തികഞെരുക്കത്തിൽനിന്നും ഗവൺമെന്റ് കരകയറിയെങ്കിൽ ആദ്യം കാശ് നൽകേണ്ടത് ഇവർക്കല്ലേ; ക്ഷേമപെൻഷൻ തുക വർധിപ്പിക്കുമെന്നാണ് കരുതിയിരുന്നത്. അത് വർധിപ്പിച്ചില്ലെന്ന് മാത്രമല്ല, ക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായൊരു കാര്യംപോലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞില്ല. സർക്കാർ ജീവനക്കാരുടെ ഡി. എ. നൽകിക്കൂടെ; ശമ്പള പരിഷ്കരണ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കുമെന്ന് പറഞ്ഞു, സാമ്പത്തിക ധനസ്ഥിതി മെച്ചപ്പെട്ടുവെങ്കിൽ അത് പി.എഫ്.-ൽ ലയിപ്പിക്കാതെ, ലീവ് സറണ്ടർ ഉൾപ്പടെയുള്ള തുക പണമായി നൽകിക്കൂടെ;

(തുടരും........)

P -10-02-2025 BL-AM-2
03.10-03.20

(ശ്രീ. പി. ഉബൈദുള്ള....തുടർച്ച)

കരാറുകാർക്ക് നൽകേണ്ട പണം ഈ ഘട്ടത്തിൽ എത്രയുംവേഗം നൽകിക്കൂടെ? ഇതൊന്നും ചെയ്യില്ലെന്ന് മാത്രമല്ല, ന്യൂനപക്ഷ ജനവിഭാഗങ്ങളും പട്ടികജാതി ജനവിഭാഗങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകൾ പാടെ വെട്ടിക്കുറയ്ക്കുകയാണ് ഇവിടെ ചെയ്തത്. പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ സഹായപദ്ധതിക്കും പഠനമുറി നിർമ്മാണത്തിനും വകയിരുത്തിയിരുന്ന 222 കോടി രൂപയുടെ ധനസഹായം 173 കോടി രൂപയാക്കി വെട്ടിച്ചുരുക്കി. ന്യൂനപക്ഷ വിദ്യാർഥികളുടെ 9 സ്കോളർഷിപ്പുകളും 50% വെട്ടിക്കുറച്ചു. വഖഫ് ബോർഡിന് ഒരു ആനുകൂല്യവും ഗ്രാന്റും ഈ ബജറ്റിൽ പറഞ്ഞിട്ടില്ല. അതിനുപുറമെ ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർഥികൾക്ക് നൽകിവന്നിരുന്ന 3% സംവരണാനുപാതം 4% ആയി ഉയർത്തിയതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ മുസ്ലീം ക്വാട്ടയിൽനിന്നും രണ്ട് തസ്തിക വെട്ടിക്കുറച്ചിരിക്കുകയാണ്. ഇവിടെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം നാലിൽനിന്നും അഞ്ചാക്കി ഉയർത്തണമെന്നാണ് ഞങ്ങളുടെ

അഭിപ്രായം. എന്നാലത് ഇപ്പോൾ ഏതെങ്കിലും വിഭാഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സംവരണാനുകൂല്യത്തിൽനിന്നും കവർന്നെടുത്തുകൊണ്ടാകരുത്. ഇത്തരത്തിലുള്ള സഹകരണ വകുപ്പിന്റെ ധിക്കാരപരമായ നിലപാടിനെതിരായി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ 19-ാം തീയതി സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് സംഘടിപ്പിക്കുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തോട് അവഗണന കാണിക്കുന്നുവെന്ന് സ്ഥിരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി യോജിച്ചൊരു പ്രക്ഷോഭം വേണമെന്ന് ഇന്ന് രാവിലെയും ബഹുമാനപ്പെട്ട മന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു. യു.ഡി.എഫ്.-ലെ എം.പി.-മാർ ഇന്ത്യൻ പാർലമെന്റിനകത്ത് കേരളത്തോടുള്ള അവഗണയ്ക്കെതിരായി അതിശക്തമായ പോരാട്ടമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിങ്ങളുമായി എങ്ങനെ യോജിച്ച് ഞങ്ങൾ കേന്ദ്രത്തിനെതിരെ പോരാട്ടം നടത്തും. നിങ്ങൾ കടുത്ത അവഗണനയല്ലേ കാണിക്കുന്നത്? ഇവിടെ ബജറ്റ് അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷത്തെ അംഗങ്ങളുടെ മണ്ഡലങ്ങളിൽ നൽകിയതിനേക്കാൾ നാലുംഅഞ്ചും ഇരട്ടിയല്ലേ ഭരണപക്ഷത്തുള്ള എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ നൽകിയത്? ഇതിനെതിരെ ആരോടാണ് സമരം ചെയ്യേണ്ടത്? ഗ്രാമീണ

റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പ്രതിപക്ഷത്തുള്ള അംഗങ്ങൾക്ക് നൽകിയത് 4 കോടി രൂപ, ഭരണപക്ഷത്തിന് പത്തുംപതിനഞ്ചും കോടി രൂപ. ഈ അവഗണനയ്ക്കെതിരെ നമ്മൾ ശബ്ദിക്കണ്ടേ? കേന്ദ്രസർക്കാരിന്റെ അവഗണനക്കെതിരായി സമരം ചെയ്യാനോ ശബ്ദമുയർത്താനോ ധാർമികമായ അവകാശം ഇടതുപക്ഷ സർക്കാരിന് ഇല്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങളുടെ മണ്ഡലങ്ങളിലും ഇടതുപക്ഷക്കാരുണ്ടല്ലോ; പിന്നെ എന്തിനാണ് ഈ മണ്ഡലങ്ങളോട് ഇങ്ങനെ അവഗണന കാണിക്കുന്നത്? അങ്ങ് എന്നെപ്പോലെ നിഷ്കളങ്കനായ ഒരാളാണെന്ന് എനിക്കറിയാം. അതുകൊണ്ടാണ് അങ്ങ് പ്രസംഗത്തിനിടയിൽ കൊട്ടാരക്കര, കണ്ണൂർ, തളിപ്പറമ്പ്, ധർമ്മടം എന്നിങ്ങനെ ഇടയ്ക്കിടെ പറഞ്ഞത്. അത് പറയാതെ വേണമെങ്കിൽ അങ്ങേയ്ക്ക് അത് ചെയ്യാമായിരുന്നു. അതിനുപകരം ഇടയ്ക്കിടെ ഇത് ആവർത്തിച്ച്, ഞങ്ങളെ പരിപൂർണമായി അവഗണിക്കുകയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് ഞാൻ വരുന്ന മലപ്പുറം. 16 നിയമസഭാംഗങ്ങളാണ് മലപ്പുറം ജില്ലയിൽനിന്നുള്ളത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് ധനകാര്യ വകുപ്പുമന്ത്രി

നിഷ്കളങ്കനാണെന്ന് പറഞ്ഞിരുന്നെങ്കിൽ അത് സ്തുതിയായി കണക്കാക്കാമായിരുന്നു. എന്നെപ്പോലെ നിഷ്കളങ്കനാണെന്നുപറഞ്ഞത് ഒരു നിന്ദാസ്തുതിയല്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, എന്റെ നിഷ്കളങ്കതയെക്കുറിച്ച് നിങ്ങൾക്ക് അറിയില്ലെങ്കിൽ ഞാൻ പറഞ്ഞ് അറിയിക്കണ്ടേ; പിന്നെ ആരാണ് അത് ഇവിടെ പറയുന്നത്? ഞാൻ അദ്ദേഹത്തെപ്പോലെ ശുദ്ധനാണെന്നാണ് പറയുന്നത്. 16 നിയമസഭാ സാമാജികരാണ് മലപ്പുറം ജില്ലയിൽനിന്നും ഇവിടെയുള്ളത്. കേന്ദ്രസർക്കാർ ബജറ്റ് അവതരിപ്പിച്ചപ്പോൾ കേരളം ഇന്ത്യയിൽ അല്ലേ എന്ന് ചോദിച്ചതുപോലെ, മലപ്പുറം കേരളത്തിലല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. മലപ്പുറം ജില്ലയിലെ അതിപ്രധാനമായ ഒരു വികസന പദ്ധതിക്കും ഫണ്ട് നീക്കിവച്ചില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ റവന്യൂ അസംബ്ലി രണ്ടുമൂന്നുവർഷം വളരെ ഭംഗിയായി നടത്തി. നല്ല തുടക്കമായിരുന്നു. എന്നാൽ ആ റവന്യൂ അസംബ്ലിയിൽ മലപ്പുറം ജില്ലയിൽ ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട വികസനമെന്നത് റവന്യൂ ടവർ നിർമ്മാണമാണ്. ആ റവന്യൂ ടവർ നിർമ്മാണത്തിന് ടോക്കൺ പ്രൊവിഷൻ മാത്രമാണ് വച്ചിരിക്കുന്നത്. അതിന് ഫണ്ട് വയ്ക്കണം. മഞ്ചേരിയിലെ

മെഡിക്കൽ കോളേജിനെക്കുറിച്ച് ശ്രീ. യു. എ. ലത്തീഫ് നിരന്തരം ഈ സഭയിൽ പറയുകയാണ്. ആ മെഡിക്കൽ കോളേജിനെക്കുറിച്ച് ഒരു പരാമർശവുമുണ്ടായില്ല. മെഡിക്കൽ കോളേജിനോട് ഈ സർക്കാർ കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ച് ഫെബ്രുവരി 22-ാം തീയതി മുസ്ലീം ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മഞ്ചേരിയിൽനിന്നും മലപ്പുറത്തേയ്ക്ക് ലോങ് മാർച്ച് നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിക്കണം. മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി അഞ്ചുകോടി രൂപ അനുവദിക്കുമെന്ന് കഴിഞ്ഞ ബജറ്റ് മറുപടി പ്രസംഗത്തിൽ അങ്ങ് ഈ സഭയിൽ പറഞ്ഞതാണ്. അന്നത്തെ പ്രഖ്യാപനം കഴിഞ്ഞ് ഒരു വർഷമായിട്ടും പി.ഡബ്ല്യൂ.ഡി.-യിലെ ഉദ്യോഗസ്ഥർ എസ്റ്റിമേറ്റ് പോലും തയ്യാറാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ പറയുന്ന വാക്കുകൾ, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് മറുപടി പ്രസംഗത്തിൽ പറഞ്ഞാൽ.., പിന്നെയും അതിന് 20 ശതമാനം മാറ്റിവച്ചാൽ മാത്രമേ എസ്റ്റിമേറ്റെടുക്കാൻ പാടുള്ളൂവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞാൽ, ആ ഉദ്യോഗസ്ഥരെ തിരുത്തിക്കാനും അവർക്കാവശ്യമായ നിർദേശം നൽകാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

2023-ലെ കേരള മൈഗ്രേഷൻ സർവെ പ്രകാരം ഇന്ത്യയിലേയ്ക്ക് പ്രവാസികൾ അയയ്ക്കുന്ന പണത്തിന്റെ 21 ശതമാനവും മലയാളികളുടേതാണ്. നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലെന്ന് നാമെല്ലാവരും വിശേഷിപ്പിക്കുന്ന പ്രവാസികൾക്കുവേണ്ടി കോടികൾ മുടക്കി മൂന്ന് ലോക കേരള സഭകൾ നടത്തി പ്രഭാഷണം കേൾപ്പിച്ച് വിട്ടയച്ച എന്നല്ലാതെ എന്ത് പദ്ധതിയാണ് പ്രവാസികൾക്കുവേണ്ടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയത്? ലോക കേരള സഭ കഴിഞ്ഞ് ഇനി ലോക കേരള കേന്ദ്രം വരുമെന്നാണ് ഇപ്പോൾ പറയുന്നത്. ലോക കേരള കേന്ദ്രം വരുന്നുവെന്ന് പറഞ്ഞ് പ്രഖ്യാപനം നടത്തി വീണ്ടും പ്രവാസികളെ കബളിപ്പിക്കണോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും ആലോചിക്കണം. യൂസ്ഡ് വാഹന വിപണന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന ആളുകൾ വലിയ പ്രതിസന്ധിയിലാണ്. അഞ്ചും പത്തും വാഹനങ്ങൾ വാങ്ങി വിൽപന നടത്തുന്നവർക്കും അഞ്ചുവർഷത്തേയ്ക്ക് ഒരുമിച്ച് 25,000/- രൂപ ഫീസ് അടയ്ക്കണമെന്നാണ് നിലവിലെ വ്യവസ്ഥ. ഇത് വർഷത്തിൽ 5,000/- രൂപയാക്കി ഓരോ വർഷവും വെവ്വേറെ അടയ്ക്കാൻ വേണ്ടിയുള്ള സൗകര്യം ഏർപ്പെടുത്തിയാൽ അവർക്ക് അതൊരു സഹായമാകും. അതുപോലെ ആർ.സി. ബുക്ക് ഇപ്പോൾ നമ്മുടെ ആർ.ടി. ഓഫീസുകളിൽ ഇല്ല. 245/- രൂപ

ഫീസ് അടച്ച് മാസങ്ങളോളം ആർ.സി. ബുക്കിനുവേണ്ടി കാത്തിരിക്കേണ്ട അവസ്ഥയാണ്. ഇതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ സ്ഥിതി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ അങ്ങ് പ്രഖ്യാപിച്ച പലകാര്യങ്ങളും ഇപ്പോൾ നടന്നിട്ടില്ല. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നമ്മുടെ സാമൂഹ്യ പരിഷ്കർത്താക്കളുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങളുണ്ടാക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നു. ആ സാംസ്കാരിക സമുച്ചയങ്ങളുടെ കൂട്ടത്തിൽ സ്വാതന്ത്ര്യ സമര സേനാനി ആയിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ പേരിൽ മലപ്പുറം ജില്ലയിലും ഒരു സാംസ്കാരിക സമുച്ചയം പ്രഖ്യാപിച്ചിരുന്നു. ഒരുവർഷമായിട്ടും ഇതുവരെയും ഒരു നടപടിയുമുണ്ടായില്ല. എല്ലാ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളമെന്ന പ്രഖ്യാപനമുണ്ടായിരുന്നു. ഏതെല്ലാം പഞ്ചായത്തുകളിൽ നിലവാരമുള്ള കളിക്കളമുണ്ടാക്കിയെന്ന് എനിക്കറിയില്ല. എന്റെ കാഴ്ചയിൽ എവിടെയും നിർമ്മിച്ചതായി കണ്ടില്ല. മാത്രമല്ല, ഇത്തവണ കായിക വകുപ്പിന് വേണ്ടത്ര പരിഗണനപോലും ഉണ്ടായിട്ടില്ലെന്നാണ് ബജറ്റ് വായിക്കുമ്പോൾ എനിക്ക് മനസ്സിലാകുന്നത്. കഴിഞ്ഞകാലത്ത് പറഞ്ഞതെല്ലാം ആവർത്തിച്ച് പറഞ്ഞുവെന്നല്ലാതെ അതൊന്നും നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും ഇതിൽ പ്രത്യേകമായി

പറഞ്ഞിട്ടില്ലെന്ന് ഈ ബജറ്റ് എടുത്തുപരിശോധിച്ചാൽ എല്ലാംകൊണ്ടും മനസ്സിലാകും. സാധാരണക്കാരെ ബാധിക്കുന്ന കോടതി ഫീസ് വർധിപ്പിച്ചതിനെതിരെ ലോയേഴ്സ് ഫോറം ഉൾപ്പെടെയുള്ള സംഘടനകൾ നേരത്തെ പ്രക്ഷോഭം നടത്തിയിരുന്നു. എന്നാൽ കോടതി ഫീസ് വീണ്ടും വർധിപ്പിക്കുകയാണ്. ഒരു അഭിഭാഷക സംഘടന ഇന്നും സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം ജനങ്ങളെ ബാധിക്കുന്ന എല്ലാ വിഷയങ്ങളും ഈ ബജറ്റ് അവഗണിച്ചിരിക്കുകയാണ്. ആശാ വർക്കർമാരെ ഈ ബജറ്റ് കണ്ടിട്ടില്ല. അങ്കണവാടി വർക്കർമാരെ ഈ ബജറ്റ് സ്പർശിച്ചിട്ടില്ല. ഇങ്ങനെ എല്ലാ വിഭാഗം ആളുകളെയും അസംതൃപ്തരാക്കി, ജനകീയ പ്രശ്നങ്ങളൊന്നും തൊട്ടുതീണ്ടാത്ത ഈ ബജറ്റിനെ ഞാൻ എല്ലാവിധേനയും എതിർക്കുന്നു.

(ശ്രീ. ജി. എസ്. ജയലാൽ)

P 10-02-2025 BL-AM-2
03.10-03.20

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഏകാധിപത്യത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ശബ്ദം ലോകമെങ്ങും വീണ്ടും ഉയരുകയാണ്. വെറുപ്പും യുദ്ധവെറിയും വീണ്ടും ഇരുൾ ചുരുളുകൾപോലെ നിറയുകയാണ്. ഈ ലോക രാഷ്ട്രീയ കാലാവസ്ഥയ്ക്ക് ഒരു ബദലാണ് ഈ ബജറ്റ്. സംസ്ഥാനത്തിനുള്ള കേന്ദ്ര വിഭവ കൈമാറ്റത്തിൽ 50,000 കോടി രൂപയുടെ കുറവുവന്നെങ്കിലും ചെലവ് വർധിപ്പിക്കാനായത് തനതു വരുമാനത്തിൽ വർധനയുണ്ടാക്കാൻ കഴിഞ്ഞതുകൊണ്ടാണ്. ഈ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ബജറ്റ് ജീവിതത്തിന്റെ സർവതല സ്പർശിയാണ് എന്നത് യാഥാർത്ഥ്യമാണ്. വിഭവ സമാഹരണത്തിലും ചെലവഴിക്കലിലും കേന്ദ്ര സംസ്ഥാനങ്ങൾക്കിടയിൽ നിലനിൽക്കുന്ന വലിയ അന്തരം കുറയ്ക്കുന്നതിനുള്ള യാതൊരു നടപടിയും ഇല്ലെന്ന് 2025-26-ൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റ് പരിശോധിച്ചാൽ മനസ്സിലാകും. വിഭവ വിതരണത്തിൽ സംസ്ഥാനങ്ങളോട് രാഷ്ട്രീയ വിവേചനം കാണിക്കുന്ന സമീപനമാണ് കേന്ദ്ര ബജറ്റിലുള്ളത്. രാജ്യം നേരിടുന്ന തൊഴിലില്ലായ്മ, വിലക്കയറ്റം, പണപ്പെരുപ്പം, കേന്ദ്ര വിതരണത്തിലെ അസമത്വം തുടങ്ങിയ കാതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്രബജറ്റ് പരാജയപ്പെട്ടിരിക്കുകയാണ്.

ഡിവിസിബിൾ പൂളിന് പുറമെയുള്ള സെസ്, സർചാർജ്ജുകൾ എന്നിവ ക്രമാതീതമായി വർധിക്കുകയാണ്. 2025-26 ബജറ്റിൽ 5,90,781 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 2010-11-ൽ ആകെ നികുതി വരുമാനത്തിന്റെ 6.26 ശതമാനമായിരുന്ന ഇതെങ്കിൽ 2025-26-ൽ 14 ശതമാനമായി വർധിച്ചിരിക്കുകയാണ്. 2025-26-ൽ മാത്രം ഡിവിസിബിൾ പൂൾ ഇനത്തിൽ 2,42,220 കോടി രൂപ സംസ്ഥാനങ്ങൾക്ക് ലഭിക്കുമായിരുന്നു. അതിൽ കേരളത്തിന് 11,592 കോടി രൂപ അധികമായി ലഭിക്കുമായിരുന്നു. വിതരണത്തിനുള്ള അസമത്വമാണ് ഇതിനുകാരണം.

(തുടരും....)

P -10.02.2025TB - AM(III)
3.20 - 3.30

(ശ്രീ. ജി. എസ്. ജയലാൽ...... തുടർച്ച)

2025-26-ൽ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 14.22 ലക്ഷം കോടി രൂപയാണെങ്കിൽ അതിന്റെ 1.922 ശതമാനമായ 27,382 കോടി രൂപ മാത്രമാണ് കേരളത്തിന് ലഭിക്കുന്നത്. നികുതി വിഹിതം വെട്ടിക്കുറച്ചില്ലായിരുന്നെങ്കിൽ 60,000 കോടി രൂപയോളം ലഭിക്കേണ്ട സ്ഥാനത്ത് 27,382 കോടി രൂപ മാത്രമാണ് അനുവദിക്കപ്പെടുന്നത്. ഈ അസമത്വമാണ് കേരളം കാണേണ്ടത്. സംസ്ഥാനത്തോട് ഒരുകാലത്തും

ഇത്രയും ദയാരഹിതമായി പ്രവർത്തിച്ചിട്ടില്ല. വയനാടിനോട് കാണിച്ചത് അവഗണനയുടെ ക്രൂരമായ മുഖമാണ്. ‘ Ever largest landslide in India' എന്നാണ് വയനാട് ദുരന്തത്തെ കേന്ദ്ര ദുരന്തനിവാരണ ഏജൻസി രേഖപ്പെടുത്തിയത്. അതിനോട് കേന്ദ്രം മുഖം തിരിക്കുകയും കള്ളക്കണക്കുകൾ പറയുകയുമാണ് ചെയ്യുന്നത്. 33 പേർ മരിച്ച ആന്ധ്രാപ്രദേശ് സർക്കാരിന് 3,000 കോടി രൂപയും ആറ് ദിവസം തുടർച്ചയായി മഴ പെയ്ത തമിഴ്നാട് സർക്കാരിന് 151 കോടി രൂപയും രണ്ട് മേഘവിസ്ഫോടനം നടന്ന സിക്കിം സർക്കാരിന് 173 കോടി രൂപയുമാണ് അനുവദിച്ചത്. ഈ സാഹചര്യത്തിലാണ് വയനാടിനെ അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കാൻ 750 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മനുഷ്യത്വത്തിന്റെ പാതയിൽ നരകയാതന അനുഭവിക്കുന്നവരുടെ കണ്ണുനീരൊപ്പാൻ കേരളം തയ്യാറാകുകയാണ്. വിഭവവിതരണത്തിന്റെ വിവേചനമെന്നത് മാത്രമല്ല, സംസ്ഥാനത്തിന്റെ വിഭവങ്ങൾ പിടിച്ചുപറിക്കുന്ന സമീപനവും കേന്ദ്ര സർക്കാർ തുടരുകയാണ്. മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത മാനദണ്ഡമാണ് കേരളത്തിന് ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ളത്. 6,000 കോടി രൂപയാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് കേരളം

ചെലവഴിക്കേണ്ടിവന്നത്. ദുരന്തനിവാരണത്തിനായി ചെയ്യുന്ന സഹായങ്ങൾക്ക് വില നിശ്ചയിച്ച് തിരികെ പിടിക്കുന്ന അവസ്ഥയുമുണ്ട്. ഇതെല്ലാം കേരളത്തോടുകാട്ടുന്ന അവഗണനയാണ്. ഈ വർഷത്തെ കേന്ദ്ര ബജറ്റ് കേട്ടിട്ട് മലയാളത്തിലെ മഹാനായ കഥാകാരൻ ശ്രീ. ടി. പത്മനാഭൻ പ്രതികരിച്ചത് ശ്രദ്ധേയമാണ്. 'എന്റെ നാട് ഇന്ത്യയുടെ ഭാഗമല്ലേ എന്ന് തോന്നിപ്പോയെന്നാണ്' അദ്ദേഹം പറഞ്ഞത്. കേന്ദ്ര സർക്കാർ അവഗണനയ്ക്കിടയിലും സംസ്ഥാനം നടപ്പാക്കിവരുന്ന വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള ജാഗ്രതയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. 'പാർക്കാനൊരു വീട്' എന്ന സമീപനം കേന്ദ്ര ബജറ്റിലെ സമീപനവുമായി പരിശോധിക്കണം. പാവപ്പെട്ടവരെ സംരക്ഷിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ബജറ്റിനോട് മുഖം തിരിക്കുകയാണ്, കേന്ദ്ര ബജറ്റ് പരിശോധിക്കുമ്പോൾ കേന്ദ്ര സർക്കാർ ബജറ്റിൽ കർഷകർക്കുള്ള രാസവള സബ്സിഡിയിൽ 68,718 കോടി രൂപയും തൊഴിലുറപ്പ് പദ്ധതിയിൽ 13,000 കോടി രൂപയും ആർ.കെ.വി.വൈ.-യിൽ 1,616 കോടി രൂപയും കർഷക ഇൻഷ്വറൻസ് പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയിൽ 3,383 കോടി രൂപയും പി.എം. കിസാൻ പദ്ധതിയിൽ 4,500 കോടി രൂപയും ഭക്ഷ്യ സബ്സിഡിക്ക് 83,774

കോടി രൂപയും എൽ.പി.ജി. സബ്സിഡിക്ക് 140 കോടി രൂപയുടെയും കുറവാണ് വരുത്തിയിരിക്കുന്നത്. ആ സ്ഥാനത്താണ് കേരളത്തിലെ പാവപ്പെട്ടവരെ കേന്ദ്ര അവഗണനക്കിടയിൽ ഈ സർക്കാർ ചേർത്ത് പിടിക്കുന്നത്. 'പാർക്കാനൊരു വീട്' ഉറപ്പാക്കുന്നതിന് ലൈഫ് മിഷനിൽ 1,160 കോടി രൂപയുടെ ഒരു ലക്ഷം വീടുകൾ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പി. എം. എ. വൈ. വീടുമായി ബന്ധപ്പെട്ട് 1,20,000 രൂപയാണ് അതിന് കണക്കാക്കിയിട്ടുള്ളത്. അതിന്റെ 60 ശതമാനം 72,000 രൂപ കേന്ദ്ര സർക്കാർ ലഭ്യമാക്കുമ്പോൾ കേരളം അത് നാല് ലക്ഷമായി വർധിപ്പിച്ച് 3.2 ലക്ഷം രൂപ കേരളം നൽകുകയാണ്. 2016-17 മുതൽ 18,000 കോടി രൂപ ചെലവഴിച്ച് 427736 വീടുകളാണ് നിർമ്മിച്ച് പാവപ്പെട്ട ജനങ്ങൾക്ക് നൽകാൻ സംസ്ഥാന സർക്കാർ തയ്യാറായത്. അതിൽ 35000-ത്തിൽ താഴെയാണ് പി. എം. എ. വൈ.-യുടെ സാന്നിധ്യം. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കാര്യത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സംസ്ഥാനത്ത് 12 ശതമാനം ജനങ്ങൾ പൊതുജനാരോഗ്യ മേഖലയെ ആശ്രയിച്ചിരുന്നെങ്കിൽ ഇന്ന് 60 ശതമാനം ജനങ്ങളും പൊതുജനാരോഗ്യ മേഖലയെയാണ് ആശ്രയിക്കുന്നത്. വിദ്യാഭ്യാസ മേഖല, കുടിവെള്ളം, സാമൂഹ്യക്ഷേമ പെൻഷൻ എന്നീ

പദ്ധതികളുടെ കാര്യങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ പാവപ്പെട്ട ജനങ്ങൾക്ക് ചെയ്യുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. പട്ടയ വിതരണം എന്നത് ചരിത്രനേട്ടമാണ്. സംസ്ഥാന രൂപീകരണത്തിനുശേഷം മൂന്ന് വർഷംകൊണ്ട് 180887 പട്ടയവും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 177111 പട്ടയവും നൽകിയിട്ടുണ്ട്. അഞ്ച് ലക്ഷം പേർക്ക് പട്ടയം നൽകാനാണ് ലക്ഷ്യമിടുന്നത്. പട്ടയങ്ങൾ സ്മാർട്ടാക്കുകയാണ്. 1966 മുതൽ റീസർവ്വേ ആരംഭിച്ചതാണ്. 57 വർഷംകൊണ്ട് 911 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കാൻ സാധിച്ചതെങ്കിൽ 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ സർവ്വേ പദ്ധതിയുമായി ബന്ധപ്പെട്ട് 639 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. യുണീക്ക് തണ്ടപ്പേർ ചരിത്രനേട്ടമാണ്. കേരളം മുന്നോട്ട് കുതിക്കുകയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 90,000 കോടി രൂപയുടെ രാസവള സബ്സിഡി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതെങ്കിൽ കേരളത്തിൽ കാർഷിക മേഖലയ്ക്ക് പണം അധികമായി മാറ്റിവയ്ക്കുകയാണ്. സ്മാർട്ട് കൃഷിഭവൻ കേരളം ഏറ്റവും കൂടുതൽ ഏറ്റെടുത്ത പദ്ധതിയാണ്. അതിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇപ്പോൾ അതിന് ഒരു ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അത് പരിഹരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കാനും ശക്തമായ പ്രവർത്തനങ്ങൾ ഭക്ഷ്യ വിതരണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുകയാണ്. എല്ലാവർക്കും റേഷൻ കാർഡ്, മുൻഗണനാ പട്ടിക, കെ.-സ്റ്റോർ തുടങ്ങിയ പദ്ധതികളുടെ നടപടികളിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ ശ്രമിക്കുകയാണ്. ആ വകുപ്പിന് കൂടുതൽ തുക വകയിരുത്തണം. ദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. വിദ്യാഭ്യാസം, ചികിത്സ, സാമൂഹ്യക്ഷേമം, പൊതുവിതരണം, ഭൂപരിഷ്കരണം, ഭവന നിർമ്മാണം എന്നിവയ്ക്കെല്ലാമായി പതിനായിരക്കണക്കിന് കോടി രൂപയാണ് കേരളം ചെലവിടുന്നത്. കേന്ദ്ര സർക്കാർ ശത്രുക്കളോടെന്നപോലെയാണ് കേരളത്തോട് പെരുമാറുന്നത്. കേരളത്തിൽ ഒരു വികസനവും നടക്കരുത്. ഇവിടെ സർവ്വതും കുഴപ്പമാണെന്ന് വരുത്തിത്തീർക്കണം. കേന്ദ്ര സർക്കാർ കേരളത്തോട് സ്വീകരിക്കുന്നത് സാമ്പത്തിക ഉപരോധമാണ്. പക്ഷെ എല്ലാ എതിർപ്പുകളെയും ഉപരോധങ്ങളെയും അതിജീവിച്ച് ഇടതുപക്ഷ സർക്കാർ മുന്നോട്ടുവയ്ക്കുന്ന നാടിന്റെ വികസനത്തിലേയ്ക്കുള്ള ഉറച്ച ചുവടുവയ്പ്പാണ് ഈ ബജറ്റ്. സംഘ്

പരിവാറിന്റെ കേരള വിരുദ്ധ രാഷ്ട്രീയത്തിന് വെള്ളവും വളവും നൽകി പ്രോൽസാഹിപ്പിക്കുന്ന പ്രതിപക്ഷം കാലത്തിന്റെ ചുവരെഴുത്തുകൾ ഇനിയും വായിക്കാൻ തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. അതിന്റെ അവസാനത്തെ ഉദാഹരണമാണ് ഡൽഹി തിരഞ്ഞെടുപ്പ്. എന്തൊരു മഹാപാതകമാണ് ഇന്റർനാഷണൽ കോൺഗ്രസ് ചെയ്തതെന്ന് അവർ ചിന്തിക്കട്ടെ, പശ്ചാത്തപിക്കട്ടെ, ആവർത്തിക്കാതിരിക്കട്ടെ. കേരളത്തെ വികസനത്തിന്റെ വെളിച്ചം കാണിക്കാതിരിക്കാൻ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുകയാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഉൾപ്പെടെയുള്ള എല്ലാ അംഗീകൃത ഏജൻസികളുടെ കണക്കിലും വികസനത്തിന്റെ എല്ലാ സൂചികകളിലും കേരളം തന്നെയാണ് ഇന്ത്യയിൽ തുടർച്ചയായി മുന്നിലെത്തുന്നതെന്നത് സംഘ് പരിവാറിനെയും പ്രതിപക്ഷത്തെയും കുറച്ചൊന്നുമല്ല വിറളിപിടിപ്പിക്കുന്നത്. അതുകൊണ്ടാണ് കേന്ദ്ര ബജറ്റിൽ കേരളത്തിന് യാതൊന്നുമില്ലെന്ന് ബോധ്യപ്പെട്ടിട്ടും ഒരു കേന്ദ്ര മന്ത്രി പറഞ്ഞത് 'നിങ്ങൾ പിന്നോക്കമാണെന്ന് പ്രഖ്യാപിക്കൂ, സഹായമുണ്ടാകുമെന്ന്'. ബജറ്റിൽ കേരളത്തിന് അവകാശപ്പെട്ടതാണ് ചോദിച്ചത്. ബി.ജെ.പി.-യുടെ ഔദാര്യമൊന്നും കേരളത്തിന് ആവശ്യമില്ല. കേരളത്തിലെ ജനങ്ങൾ നൽകുന്ന നികുതിയുടെ ന്യായമായ വിഹിതം

ലഭിക്കണമെന്ന ആവശ്യം അംഗീകരിക്കാൻപോലും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. പിച്ചച്ചട്ടിയെടുത്ത് കേരളം യാചിക്കണമെന്നാണ് കേന്ദ്ര മന്ത്രി പറയുന്നത്. അദ്ദേഹത്തോട് പറയാൻ Samih al-Qasim-ന്റെ ഒരു പാലസ്തീൻ പ്രതിരോധ കവിതയാണ് ഓർമ്മവരുന്നത്.

'എന്റെ ആഹാരം വേണ്ടന്നുവയ്ക്കാൻ ഞാൻ തയ്യാറാണ്. പട്ടിണികിടക്കാം നഗ്നനാകാം എന്നാലും 'ഹേ വെളിച്ചത്തിന്റെ ശത്രുവേ നിന്നോട് ഞാൻ സന്ധിചെയ്യുകയില്ല. അവസാന ശ്വാസം വരെ പോരാട്ടകതന്നെ ചെയ്യും.'

എനിക്ക് ചില നിർദ്ദേശങ്ങൾ പറയാനുണ്ട്. നികുതി നിർദ്ദേശങ്ങളിൽ ഭൂമിയുടെ വിസ്തൃതി കണക്കാക്കി ഭൂനികുതി നിശ്ചയിക്കുന്നതിനുപകരം ലാൻഡ് വാല്യൂ അനുസരിച്ചുള്ള നികുതി നിശ്ചയിച്ചാൽ നന്നായിരിക്കും. ട്രാഫിക് കുറ്റകൃത്യങ്ങളുടെ ഫൈൻ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൊല്ലം ജില്ലയിൽ ഐ.ടി. പാർക്കിനുള്ള നിർദ്ദേശം വരുമ്പോൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൈവശമുള്ള ഹൈവേ സൈഡിലുള്ള ചാത്തന്നൂരിലെ സ്പിന്നിങ് മിൽ കോമ്പൗണ്ടിലെ പത്ത് ഏക്കർ ഭൂമി പരിഗണിക്കണം. പരവൂർ ദേവരാജൻ മാസ്റ്റർ, വി. കേശവനാശാൻ, കെ. സി. കേശവപിള്ള, പോളച്ചിറ രാമചന്ദ്രൻ തുടങ്ങിയ

വ്യക്തികളുടെ ഒരു സാംസ്കാരിക സമുച്ചയം നിരവധി നാളുകളായി ആവശ്യപ്പെടുന്നതാണ്. അതിന്റെ ആദ്യഘട്ടമായി അഞ്ച് കോടി രൂപ അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്. എല്ലാ തിരഞ്ഞെടുപ്പ് കാലത്തും എത്ര കേന്ദ്ര അന്വേഷണ ഏജൻസികളാണ് ഇവിടെവന്ന് കലപിലകൂട്ടിയത്. സംസ്ഥാനത്തെ ഭരണവും ഭരണാധികാരികളും ഈ നാടും ആകെ കുഴപ്പത്തിലാണെന്ന് വരുത്തിത്തീർക്കാൻ എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയത്. കേന്ദ്ര സർക്കാർ വിരിച്ചവലയിൽ എഴുതിയ കെട്ടുകഥകളിൽ പ്രതിപക്ഷവും പങ്കാളികളായി. ഇ.ഡി. ഇപ്പോൾ ആരുടെ വീട്ടുപടിക്കലാണുള്ളത്. ഇടതുപക്ഷത്തെ നിശേഷമില്ലാതാക്കാൻ ശ്രമിക്കുന്ന നിങ്ങൾ അറിയണം, നിങ്ങൾക്ക് എല്ലാ പൂക്കളെയും മുറിക്കാൻ സാധിക്കും പക്ഷെ വസന്തത്തിന്റെ വരവിനെ തടയാൻ സാധിക്കില്ല. പുതിയ ലോകത്തിലേയ്ക്കുള്ള ഞങ്ങളുടെ യാത്രയെ നിങ്ങളുടെ ആയുധങ്ങൾക്കോ ഉപരോധങ്ങൾക്കോ ഭയപ്പെടുത്തലുകൾക്കോ തടയാൻ സാധിക്കില്ല. അവഗണനയുടെ ഭൂമികയിൽനിന്നും ഞങ്ങൾ വികസനത്തിലേയ്ക്ക് ടേക്ക് ഓഫ് ചെയ്യുകയാണ്. ഈ ഉയർച്ചയിലേയ്ക്കുള്ള ശക്തിയും ഊർജ്ജവുമാണ് ഈ ബജറ്റ്. പ്രായോഗികതയ്ക്കും യാഥാർഥ്യത്തിനും പ്രാധാന്യം നൽകി തയ്യാറാക്കിയ ബജറ്റ് വെറും വാക്കുകളല്ല, വാക്കുകളുടെ കളികളല്ല,

വാക്കുകളിൽ ഉറുമ്പിന്റെ കണ്ണും പൂവിന്റെ ഹൃദയവുമുണ്ട്. കടലോളം ആഴവും ആകാശത്തോളം വിസ്തൃതിയുമുണ്ട്. വാക്കുകളിൽ തേനിന്റെ മാധുര്യമുണ്ട്. കേരളത്തെ ഒന്നായി ചേർത്തുപിടിക്കുന്ന ഈ ബജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്.

(ശ്രീ. റോജി എം. ജോൺ)

P- 10.02.2025 TB - AM(III)
3.20 - 3.30

ശ്രീ. റോജി എം. ജോൺ: സർ, രണ്ടാം പിണറായി സർക്കാരിന്റെ അവസാനത്തെ സമ്പൂർണ്ണ ബജറ്റാണ് ബഹുമാന്യനായ കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. പത്ത് വർഷം പൂർത്തിയാക്കാൻ പോകുന്ന ഈ സർക്കാരിന്റെ അവസാന സമ്പൂർണ്ണ ബജറ്റിന്റെ കവർചിത്രമായി അച്ചടിക്കാനുണ്ടായത് വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ഒരു ചിത്രമാണ്. കടൽക്കൊള്ളയെന്നും അയ്യായിരം കോടി രൂപയുടെ പദ്ധതിക്ക് ആറായിരം കോടി രൂപയുടെ അഴിമതിയെന്നൊക്കെ പറഞ്ഞ് സമരം ചെയ്ത ആളുകൾക്ക് പത്താം വർഷം ബജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ആകെ അച്ചടിക്കാനുണ്ടായത് വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ചിത്രമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഉമ്മൻ ചാണ്ടി സർക്കാർ കൊണ്ടുവന്ന ഈ പദ്ധതിയുടെ ചിത്രമാണുണ്ടായിരുന്നത്. അവസാന ബജറ്റ്

അവതരിപ്പിക്കുമ്പോൾ സ്വന്തമായി ആവിഷ്കരിച്ച് നടപ്പാക്കിയ ഒരു പദ്ധതിയുടെ ചിത്രം പോലും ബജറ്റിന്റെ കവർ പേജിൽ അച്ചടിക്കുവാൻ പോലും ഉണ്ടായിരുന്നില്ലെന്ന് പറയുമ്പോൾ ഈ സർക്കാരിന്റെ സ്ഥിതി എത്ര ദയനീയമാണ്.

(തുടരും.........)

പി. 10-02-2025-ആർ.ആർ.-എൽ.ഡി.-3-എൽ.വി.
3.30-3.40

(ശ്രീ. റോജി എം. ജോൺ തുടർച്ച)

ബജറ്റ് ചർച്ച നടത്തിയിട്ടും അത് പാസ്സാക്കിയിട്ടും എന്താണ് പ്രയോജനം; രണ്ടാം ക്വാർട്ടറിൽതന്നെ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചതായാണ് കാണാൻ കഴിയുന്നത്. ഇവിടെ ചർച്ചചെയ്ത് പാസ്സാക്കുന്ന ബജറ്റിന്റെ അൻപത് ശതമാനവും വെട്ടികുറയ്ക്കുന്ന ഒരു സർക്കാരാണിത്. ഒരു ഭരണഘടനാ ബാധ്യതയെന്ന രീതിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ വിരസമായി ഇവിടെ ഒരു ബജറ്റ് അവതരിപ്പിച്ചെന്നുമാത്രം. 'എന്തിനോ വേണ്ടി തിളയ്ക്കുന്ന സാമ്പാർ' എന്ന് ഒരു സിനിമയിൽ ശ്രീ. സലിം കുമാർ പറഞ്ഞതുപോലെ, നിയമസഭാംഗങ്ങൾ ഇവിടെ ചർച്ച ചെയ്ത് ബജറ്റ് പാസ്സാക്കുന്നു. തുടർന്ന്, ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ എല്ലാ പദ്ധതികളും സർക്കാർ വെട്ടിച്ചുരുക്കുന്ന കാഴ്ചയാണ്

കണ്ടുകൊണ്ടിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കുകയാണ്; അതായത്, ഇവിടെ പാസ്സാക്കുന്ന പദ്ധതികളിൽ വെട്ടിച്ചുരുക്കലുകളില്ലാതെ പൂർണ്ണമായും നടപ്പാക്കുമെന്ന് മറുപടി പ്രസംഗത്തിലൂടെ ഈ സഭയ്ക്ക് ഉറപ്പുനൽകാൻ അങ്ങേയ്ക്ക് കഴിയുമോ? കഴിഞ്ഞ സാമ്പത്തികവർഷം നടന്നതെന്താണ്? എല്ലാ വകുപ്പുകളിലും അൻപത് ശതമാനത്തോളം പദ്ധതികൾ വെട്ടിച്ചുരുക്കുന്ന കാഴ്ചയാണ് നാം കണ്ടത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഈ സഭയിലുണ്ട്. കൃഷിവകുപ്പിൽ മാത്രം 230 കോടി രൂപയാണ് വെട്ടിച്ചുരുക്കിയത്. അതായത്, വകയിരുത്തിയതിന്റെ 44 ശതമാനം വെട്ടിച്ചുരുക്കുകയുണ്ടായി. ന്യൂനപക്ഷ സ്കോളർഷിപ്പ്, ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർതെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ് എന്നിവയൊക്കെ വെട്ടിച്ചുരുക്കി. ഏറെ പരിഗണന അർഹിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്കായി പദ്ധതിയിനത്തിൽ അനുവദിച്ച 1370 കോടി രൂപയിൽ 500 കോടി രൂപ വെട്ടിച്ചുരുക്കിയ ഒരു സർക്കാരാണിത്. ഈ നാട്ടിലെ സാധാരണക്കാരായ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ നിങ്ങളോട് എന്ത് തെറ്റാണ് ചെയ്തത്; അവർക്കായുള്ള പദ്ധതി വിഹിതംപോലും വെട്ടിക്കുറയ്ക്കുകയാണ്. നിലവിൽ പട്ടികജാതി വകുപ്പിന് ഒരു

മന്ത്രിപോലുമില്ലാത്ത അവസ്ഥയാണുള്ളത്. ചരിത്രത്തിലാദ്യമായി, മന്ത്രിസഭയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു മന്ത്രിപോലുമില്ലാത്ത സർക്കാരാണിത്. കൂടാതെ, നിലവിൽ സ്പോർട്സ് ഹോസ്റ്റലിന് തുക അനുവദിച്ചിട്ടില്ലെന്നതും ഇവിടെ സൂചിപ്പിക്കുന്നു. പ്ലാൻ വെട്ടിച്ചുരുക്കി പ്രോജക്ടിനെ മാത്രം ആശ്രയിക്കുന്ന ഈ സർക്കാരാണോ ഇടതുപക്ഷ സർക്കാർ; കർഷകരുടെയും ന്യൂനപക്ഷങ്ങളുടെയും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടേയുമുൾപ്പെടെ പദ്ധതി വെട്ടിച്ചുരുക്കുന്ന നിങ്ങൾ, ബി.ജെ.പി.-യെ പോലെയുള്ള തീവ്ര വലതുപക്ഷ സർക്കാരാണെന്ന് ഒരിക്കൽകൂടി തെളിയിച്ചുകൊണ്ടിരിക്കുന്നു.

പദ്ധതി ചെലവിന്റെ കാര്യമെടുത്താൽ, നടപ്പുസാമ്പത്തിക വർഷം അവസാനിക്കാറായപ്പോൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ആകെ പദ്ധതി ചെലവ് തുകയുടെ കേവലം 45 ശതമാനം മാത്രമാണ്. വകുപ്പ് തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുകയാണെങ്കിൽ കൃഷി വകുപ്പ്-42%, വ്യവസായം വകുപ്പ്-30% എന്നിങ്ങനെയാണ് പദ്ധതിവിഹിതം ചെലവഴിച്ചിരിക്കുന്നത്. ഏത് വകുപ്പെടുത്ത് പരിശോധിച്ചാലും കണക്കുകൾ കൃത്യമായി മനസ്സിലാക്കാൻ കഴിയും. ഇതൊന്നും ചെലവാക്കാനല്ലെങ്കിൽ പിന്നെ ഇതൊക്കെ ചർച്ച ചെയ്യുന്നതും പാസ്സാക്കുന്നതും എന്തിനാണ്? ബജറ്റിന്റെ

ആദ്യ ഖണ്ഡികയിൽ 'എല്ലാം ശരിയായി' എന്നാണ് സൂചിപ്പിക്കുന്നത്. ബജറ്റ് പ്രസംഗം തുടങ്ങിയപ്പോൾ ഞങ്ങളെല്ലാവരും വളരെ പ്രതീക്ഷയോടെയാണ് d കേട്ടത്. 'സമീപവർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു' ഇതാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ആ സന്തോഷവാർത്ത. ഇതൊരു സന്തോഷ വാർത്തയാണെങ്കിൽ പാവങ്ങൾക്ക് നൽകുമെന്ന് നിങ്ങളുടെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ച ക്ഷേമപെൻഷൻ തുകയായ 2500 രൂപ അഞ്ചാം വർഷമായിട്ടും ഒരു രൂപപോലും വർധിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ഇനിയെന്നാണ് നിങ്ങളിത് വർധിപ്പിക്കുന്നത്; പഞ്ചായത്ത് ഇലക്ഷൻ വരുന്നതിന്റെ മുന്നിലത്തെ മാസം വർധിപ്പിക്കാൻ വേണ്ടിയാണോ നിങ്ങൾ കാത്തുനിൽക്കുന്നത്? കേരളത്തിന്റെ ധനകാര്യ സ്ഥിതി മെച്ചപ്പെട്ടു, സന്തോഷ വാർത്തയാണെന്നൊക്കെ അറിയിച്ചതല്ലാതെ പാവങ്ങൾക്ക് കൊടുക്കാനുള്ള പെൻഷൻ തുക വർധിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. മൂന്ന് മാസത്തെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുമെന്ന് പറയുന്നതിന്റെ ന്യായമെന്താണെന്ന് പറയാമോ;

ഇവിടെ ക്ഷേമപെൻഷനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. വിവിധങ്ങളായ ക്ഷേമനിധി പെൻഷൻ വാങ്ങുന്ന ലക്ഷക്കണക്കിന് ആളുകൾ കേരളത്തിലുണ്ട്. കെട്ടിടനിർമ്മാണ ക്ഷേമനിധി, കർഷകത്തൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളി ക്ഷേമനിധി തുടങ്ങി എല്ലാ ക്ഷേമനിധി പെൻഷനുകളും തൊഴിലാളികൾ അംശദായം അടച്ച് അവരുടെ വിഹിതം നൽകിയിട്ടുള്ളതാണ്. ഈ ക്ഷേമനിധി പെൻഷനുകളെല്ലാം 10 മുതൽ 18 മാസം വരെ കുടിശ്ശികയാണ്. ഈ സാഹചര്യത്തിലാണ് തുക സമയബന്ധിതമായി കൊടുത്തുതീർക്കുമെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടെന്നും പറയുന്നത്.

ലൈഫ് ഭവന പദ്ധതിയിൽ ഒരു ലക്ഷത്തിൽപരം വീടുകൾ പൂർത്തിയാക്കാൻ കഴിയാത്ത നിലയിൽ പ്രതിസന്ധിയിലാണ്. കെട്ടിടത്തിന്റെ അടിത്തറ കെട്ടിയ ആളുകൾക്ക് അടുത്ത ഗഡു ലഭിക്കാത്തതുകൊണ്ട് ഭിത്തി കെട്ടാൻ കഴിയുന്നില്ല. എന്നാൽ ഭിത്തി കെട്ടിയവർക്ക് അടുത്ത ഗഡു ലഭിക്കാത്തതുകൊണ്ട് പൂർത്തീകരണത്തിലേക്ക് കടക്കാനും കഴിയുന്നില്ല. ലൈഫ് ഭവനപദ്ധതിയിൽ വകയിരുത്തിയ 500 കോടിരൂപയിൽ കേവലം 24 ശതമാനം തുക മാത്രമാണ് നാളിതുവരെ ചെലവഴിച്ചിരിക്കുന്നത്. നിങ്ങളുടെ പദ്ധതി ചെലവ് എത്രയാണ്; ഈ

സർക്കാരിന്റെ പ്രവർത്തനം എങ്ങനെയാണ്?

കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകൾ മുഴുവൻ അടഞ്ഞുകിടക്കുകയാണ്. ഞാനിവിടെ സംസാരിക്കുന്ന അവസരത്തിലും വനിതാ അംഗങ്ങൾ ബഹളമുണ്ടാക്കുന്നുണ്ട്. നിങ്ങളുടെ നിയോജകമണ്ഡലത്തിലുള്ള കുടുംബശ്രീ-ജനകീയ ഹോട്ടലുകൾ ഒന്ന് സന്ദർശിക്കണം. നമ്മുടെ നാടിന് അഭിമാനമായ കുടുംബശ്രീ പ്രസ്ഥാനം വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച ജനകീയ ഹോട്ടലുകൾ മുഴുവൻ ഇന്ന് അടഞ്ഞുകിടക്കുന്ന സാഹചര്യമാണ്. അപ്പോഴും ഭരണപക്ഷത്തിരിക്കുന്ന വനിത അംഗങ്ങൾ ഇവിടെയിരുന്ന് ബഹളം വയ്ക്കുകയാണെന്നും നിങ്ങൾ ചിന്തിക്കണം. കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ ഈ സർക്കാർ എത്ര രൂപയാണ് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളതെന്ന ധാരണയുണ്ടോ; കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമായി ഏകദേശം 65000 കോടി രൂപ, കരാറുകാർക്ക് 15000 കോടി രൂപ, ജൽ ജീവൻ മിഷന് 4000 കോടി രൂപ, കാരുണ്യ പദ്ധതിയിൽ 1500 കോടി രൂപ, മരുന്ന് കമ്പനികൾക്ക് 700 കോടി രൂപ എന്നിങ്ങനെ ഏകദേശം ഒരു ലക്ഷം കോടിയിൽപരം രൂപ വിവിധ ഇനങ്ങളിൽ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള ഒരു സർക്കാരാണിത്. അത് സമയബന്ധിതമായി കൊടുത്തുതീർക്കാനുള്ള

ഏതെങ്കിലും ഒരു കർമ്മ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇവിടെ സൂചിപ്പിക്കാൻ കഴിയുന്നുണ്ടോ?

സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ കാര്യം എടുത്തുപറയേണ്ടതാണ്. യഥാസമയം വേതനം ലഭിക്കാതെ വളരെ നാളുകളായി അവർ വലിയ പ്രതിസന്ധിയിലാണ്. സ്കൂളിലെ കുട്ടികൾക്ക് പാലും മുട്ടയും മറ്റ് നല്ല ഭക്ഷണങ്ങളും വച്ചുവിളമ്പിയശേഷം, സ്വന്തം മക്കളെ പോറ്റാൻ കഷ്ടപ്പെടുകയാണ് സാധാരണക്കാരായ ഈ പാചകത്തൊഴിലാളികൾ. അവർക്ക് കാലോചിതമായ വേതന പരിഷ്കരണമില്ല, വിരമിക്കൽ ആനുകൂല്യങ്ങളും മറ്റാനുകൂല്യങ്ങളുമില്ല. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഒരുലക്ഷത്തി ഇരുപത്തെണ്ണായിരത്തിൽ അധികം വരുന്ന ഉച്ചഭക്ഷണത്തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് അവർക്ക് ഗ്രാറ്റുവിറ്റിയും പെൻഷനും ബോണസും മറ്റാനുകൂല്യങ്ങളും നൽകുന്ന അനുകൂല നിലപാട് സ്വീകരിച്ചുവരികയാണ്. കേരളത്തിൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത്, ടി തൊഴിലാളികളെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന ഒരു പ്രഖ്യാപനമുണ്ടായി. അതുസംബന്ധിച്ച് ഒരു ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം നാളിതുവരെ അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എ.ഐ.ടി.യു.സി. (ഓൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്) ഉൾപ്പെടെയുള്ള സംഘടനകൾ ഇതുസംബന്ധിച്ച് എല്ലാ എം.എൽ.എ.-മാർക്കും നിവേദനം നൽകിയിട്ടുണ്ട്. പാവപ്പെട്ട പാചക തൊഴിലാളികളുടെ കാര്യത്തിൽ ഒരു ഇടപെടൽ ഉണ്ടാകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിഷ്കളങ്കനാണെന്ന് ബഹുമാനപ്പെട്ട മലപ്പുറം അംഗം ഇവിടെ പറയുകയുണ്ടായി. ഞങ്ങളെല്ലാവരും അത് അംഗീകരിക്കുന്നു. പക്ഷെ, ഞങ്ങൾക്ക് അങ്ങയോട് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. അങ്ങ് നിഷ്കളങ്കനായിരിക്കുന്നതുപോലെ നീതിമാനുമാകണം. കേന്ദ്രസർക്കാർ സംസ്ഥാനത്തെ അവഗണിക്കുന്നത് സംബന്ധിച്ച് എല്ലാവരും ഘോരഘോരം പ്രസംഗിക്കാറുണ്ട്. എന്നാൽ ഇപ്പോൾ ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്; ഭരണപക്ഷത്തിന് ഒരു നീതി, പ്രതിപക്ഷത്തിന് മറ്റൊരു നീതി. ശ്രീ. തോമസ് കെ. തോമസ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലേക്ക് തുക വാരിക്കോരി അനുവദിച്ചെന്നൊക്കെയാണ് പറയുന്നത്. തദ്ദേശറോഡ് പദ്ധതിയിൽ

പ്രതിപക്ഷാംഗങ്ങൾക്ക് നാല് കോടി രൂപയും ഭരണകക്ഷി അംഗങ്ങൾക്ക് എട്ട് കോടി രൂപവരെയും അനുവദിച്ചിട്ടുണ്ട്. ബജറ്റ് പ്രഖ്യാപനത്തിൽ പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലേയ്ക്ക് അഞ്ച് മുതൽ ആറ് കോടി രൂപ വരെ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഭരണപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലേക്ക് പത്ത് മുതൽ ഇരുപത്തിയഞ്ച് കോടി രൂപ വരെ പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയറിനോട് ഞാനൊരു കാര്യം ചോദിക്കുകയാണ്. ഈ നിയമസഭയിലേയ്ക്ക് കടക്കാൻ ഇവിടെ കാണുന്ന അഞ്ച് വാതിലുകളല്ലാതെ വേറെ ഏതെങ്കിലും വാതിലുണ്ടോ; അതോ, ഓട് പൊളിച്ച് വന്നവരാണോ ഞങ്ങൾ; ഒളിച്ച് കടന്നുവന്ന ആളുകളാണോ; അങ്കമാലിയിലും പെരുമ്പാവൂരും ആലുവയിലും മലപ്പുറത്തും തുടങ്ങി എല്ലാ നിയോജകമണ്ഡലങ്ങളിലെയും ആളുകൾ ഈ സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് കൊടുക്കുന്നത് നികുതിപ്പണം തന്നെയാണ്. ആ നികുതിപ്പണത്തിന്റെ വിഹിതമാണ് ജനപ്രതിനിധികളായ ഞങ്ങൾ ചോദിക്കുന്നത്. ആരുടെയും കുടുംബത്തിൽനിന്ന് കൊണ്ടുവന്ന പണമല്ല ഞങ്ങൾ ചോദിക്കുന്നത്. ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ അവകാശമാണ് ചോദിക്കുന്നത്. ജനങ്ങളുടെ അവകാശം ഒരു സർക്കാരിന്റെയും ഔദാര്യമല്ലെന്ന് ഒരിക്കൽ

കൂടി പറയാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിലെങ്കിലും നീതി പുലർത്താൻ സർക്കാർ തയ്യാറാകണം. നീതി പുലർത്താത്ത ഈ ബജറ്റിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

(ശ്രീ. ഐ. ബി. സതീഷ്)

പി. 10-02-2025-ആർ.ആർ.-എൽ.ഡി.-3
3.30-3.40

ശ്രീ. ഐ. ബി. സതീഷ്: സർ, കൊച്ചുനാൾ മുതൽ കേട്ടുവളർന്ന ഒരു ഇംഗ്ലീഷ് പ്രയോഗമാണ് 'Slow and Steady Wins the Race'. അവധാനതയോടെ ചുവടുവച്ചാൽ ലക്ഷ്യത്തിലെത്താൻ കഴിയുമെന്നാണ് അതിന്റെ അർത്ഥം. അവധാനതയോടെ ചുവടുവച്ച് സുസ്ഥിര വികസനത്തിലേക്ക് കേരളത്തെ നയിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മനസ്സാണ് ഈ ബജറ്റിലൂടെ പ്രതിഫലിക്കുന്നത്. കാറ്റും കോളും നിറഞ്ഞ കലുഷിതമായ കടലാഴങ്ങളിലൂടെ തുഴഞ്ഞ് എത്തേണ്ടിടത്ത് എത്തിക്കൊണ്ടിരിക്കുന്ന നാവികന്റെ നിശ്വാസവും ഈ പ്രസംഗത്തിലുണ്ട്. ഒപ്പം എവിടേയ്ക്കാണ് എത്തേണ്ടതെന്നും നങ്കൂരമിടേണ്ടത് എവിടെയാണെന്നതും സംബന്ധിച്ച ദൂരക്കാഴ്ച, ആസൂത്രണം എന്നിവയും ഇതിൽ പ്രതിഫലിക്കുന്നുണ്ട്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. റോജി എം. ജോൺ തീവ്ര വലതുപക്ഷത്തിന്റെ ആശയമാണെന്നാണ് ഇവിടെ പറഞ്ഞത്.

ശ്രീ. റോജി ഉൾപ്പെടെയുള്ള ആളുകൾക്ക് സ്ഥലജല വിഭ്രാന്തി പിടിപെട്ടിരിക്കുന്നു. ഇടതും വലതും തിരിച്ചറിയാൻ കഴിയാത്ത മാനസികാവസ്ഥയുടെ തടവുകാരായി അവർ മാറിയിരിക്കുന്നു. ഇത് പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ ബജറ്റാണെന്നതിൽ യാതൊരു സംശയവും വേണ്ട. മാക്സിസമെന്ന മഹത്തായ ആശയം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകൾ നടപ്പാക്കാനുള്ള ഇച്ഛാശക്തിയുടെ പ്രകടനമാണ് ഈ ബജറ്റ്. മാനവികത, സമത്വം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പൊരുത്തം ഇതെല്ലാം മുന്നോട്ടുവയ്ക്കുന്ന ആശയം ഈ ബജറ്റിന്റെ ആത്മാവായും തെളിച്ചവും വെളിച്ചവുമായും പ്രകാശിക്കുന്നുണ്ട്.

(ശ്രീ. ഐ. ബി. സതീഷ് തുടരും)

P 10-02-2025-NR/LD (3)
3.40-3.50

(ശ്രീ. ഐ. ബി. സതീഷ് തുടർച്ച...)

National Multidimensional Poverty Index-ൽ പറയുന്നത് ഇന്ത്യയിലെ ബഹുമുഖ ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനം നമ്മുടെ കേരളമാണെന്നാണ്, 0.55 ശതമാനം. തൊട്ടുപുറകിലുള്ള സംസ്ഥാനം ഗോവയാണ് അവിടെ 3.76 ശതമാനമാണ്. അതീവ ദരിദ്രരില്ലാത്ത നാടായി അടുത്ത കേരള പിറവി

ദിനത്തിൽ നമ്മുടെ നാട് മാറുകയാണെന്ന കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ. അതെങ്ങനെയാണ് മാറുന്നത്, എന്തുകൊണ്ടാണ് മാറുന്നത്, അങ്ങനെ ഇന്ത്യയിൽ മറ്റ് ഏതെങ്കിലും ഒരു സംസ്ഥാനം മാറിയിട്ടുണ്ടോ? ലോകത്തെ ഏതെങ്കിലും ഒരു വികസിത രാജ്യത്തിലോ വികസ്വര രാജ്യത്തിലോ ദരിദ്ര രാജ്യത്തിലോ അങ്ങനെയൊരു സ്വപ്നം പങ്കുവയ്ക്കപ്പെട്ടിട്ടുണ്ടോ. തീർച്ചയായും അത് നമ്മുടെ കേരളത്തിന് മാത്രം കഴിയുന്ന കാര്യമാണ്.

പരിസ്ഥിതിയെ സംരക്ഷിക്കുന്ന നിലപാടുകളുണ്ട്. ദേശീയ ശരാശരിയെക്കാൾ കൂടുതൽ മഴ ലഭിക്കുന്ന നാടാണ് നമ്മുടെ നാട്. പക്ഷേ ഭൂഗർഭ ജലനിരപ്പ് അപകടകരമായി താഴാതിരിക്കാൻ പെയ്യുന്ന മഴവെള്ളത്തെ മണ്ണിൽ കരുതിവയ്ക്കാനുള്ള ദീർഘവീക്ഷണം ഈ ബജറ്റിൽ കാണാൻ കഴിയും. ഭൂഗർഭ ജലനിരപ്പ് സംരക്ഷിച്ച് മണ്ണ്-ജലസംരക്ഷണ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അടങ്കൽ തുകയായി 77.99 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയമായ ഭൂവിനിയോഗത്തിലൂടെ കേരളത്തെ മുന്നോട്ടുനയിക്കാനുള്ള ദൃഢനിശ്ചയം ഇതിലൂടെ കാണാൻ സാധിക്കും. അഞ്ഞൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'നെറ്റ് സീറോ കാർബൺ' പദ്ധതി ലക്ഷ്യം കൈവരിക്കാൻവേണ്ടിയിട്ടുള്ള പ്രഖ്യാപനം ബജറ്റിലുണ്ട്. കവി പാടിയതുപോലെ ഇനിവരും തലമുറയ്ക്ക്

ഇവിടെ വാസം സാധ്യമാകാൻ ശുദ്ധ വായുവേണം, ശുദ്ധജലം വേണം എന്ന കാഴ്ചപ്പാട് ഒരു പ്രത്യയശാസ്ത്രം പകർന്നുനൽകുന്ന ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൂടിയാണെന്ന് നമ്മൾ മനസ്സിലാക്കണം. 'ഹരിത ഊർജ്' പദ്ധതിക്കുവേണ്ടി 62.96 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

'ന്യൂ ഇന്നിംഗ്സ്' എന്നത് എന്തൊരു മനോഹരമായ ആശയമാണ്. ജീവിതത്തിന്റെ സായാഹ്നങ്ങളിൽ മിണ്ടാനും പറയാനും ആരുമില്ലാതെ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾ. കേരളം കൈവരിച്ച ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ നേട്ടങ്ങളുടെ ഒരു മറുപുറം കൂടി അതിലുണ്ട്. അവർക്ക് പ്രതീക്ഷ നൽകുന്നു, ആത്മവിശ്വാസം നൽകുന്നു. പുതിയ സംരംഭങ്ങൾക്ക് വയോജനങ്ങൾക്ക് പിന്തുണ നൽകുന്ന സമീപനത്തെ എങ്ങനെയാണ് പ്രതിപക്ഷത്തിന് പ്രശംസിക്കാതിരിക്കാൻ കഴിയുന്നത്.

മലയാളിയായ ഇടത്തരക്കാരന്റെ വാസ സ്വപ്നങ്ങളുണ്ട്, ഒരു ഗൃഹമെന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കാൻ കഴിയാതെ നിരാശപ്പെടുന്നവരുണ്ട്. അവർക്കായി 'കെ-ഹോംസ്' എന്ന ആശയം മുന്നോട്ടുവയ്ക്കുന്നു. ഈ ആശയങ്ങൾ ഉടലെടുക്കുന്നത് ഇടതുപക്ഷത്തിന്റെ മനസ്സിൽനിന്നുമാത്രമാണെന്ന് നിങ്ങൾ ഓർക്കണം.

കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 72.69 ശതമാനം

തനതുവരുമാനമാണ്. ഇവിടെ പ്രതിപക്ഷവും ബി.ജെ.പി.-യും പാടി നടക്കുന്നത് എന്താണ്; കടമെടുത്ത് കടമെടുത്ത് നടുവൊടിഞ്ഞ കേരളമെന്നാണ്. സ്വന്തം കാലിൽ നിവർന്ന് നിൽക്കുന്ന കേരളത്തിന്റെ കണക്കുകളാണ് ഇവിടെ വ്യക്തമാക്കുന്നത്. കേന്ദ്രം ട്രാൻസ്ഫർ ചെയ്യുന്നത് വെറും 27.3 ശതമാനം മാത്രമാണ്. ദേശീയ ശരാശരി 42 ശതമാനമായിരിക്കുമ്പോഴാണ് കേരളത്തിന് 27.3 ശതമാനം ലഭ്യമാകുന്നതെന്ന് നമ്മൾ തിരിച്ചറിയണം. ഫെബ്രുവരി ഒന്നിന് കേന്ദ്രസർക്കാരിന്റെ ബജറ്റായിരുന്നല്ലോ. ആ ബജറ്റ് വരുന്ന ഘട്ടത്തിൽ ശ്രദ്ധേയമായൊരു കാർട്ടൂണുണ്ട്. ദരിദ്രരെ ലക്ഷ്മിദേവി അനുഗ്രഹിക്കും, സമ്പന്നരെ നിർമ്മലാ ദേവി അനുഗ്രഹിക്കുമെന്നതായിരുന്നു ആ കാർട്ടൂൺ. ഇന്ത്യയിലെ ദരിദ്ര കോടികളെ ലക്ഷ്മിദേവി അനുഗ്രഹിച്ചില്ല. പക്ഷേ, സമ്പന്നർക്ക് നിർമ്മലാ ദേവി വാരിക്കോരി അനുഗ്രഹം ചൊരിഞ്ഞുവെന്ന് നമുക്ക് കാണാൻ കഴിയും.

ഉപരോധ സമാനമായ വരിഞ്ഞുമുറുക്കലാണ് കേരളത്തിനുനേർക്ക് കേന്ദ്രം സ്വീകരിക്കുന്നത്. വരുംവർഷം കേരളത്തെ പ്രതിസന്ധിയിൽപ്പെടുത്താനുള്ള അവഗണനയുടെ ചിത്രം. അതുമാത്രമാണോ, ഭരണഘടന നൽകുന്ന അധികാരമുപയോഗിച്ച് ഭരണഘടനയെ തകർക്കുക.

ഭരണഘടനയുടെ ആത്മാവായ തുല്യതയെന്ന ആത്മാവിനെ പിച്ചിച്ചീന്തുന്ന സമീപനമല്ലേ. നമുക്ക് അറിയാവുന്നതുപോലെ സംസ്കാരത്തിൽ മാത്രമല്ല സാമ്പത്തിക വികസനത്തിന്റെ കാര്യത്തിലും വൈവിധ്യമുണ്ട്. ആ വൈവിധ്യങ്ങളെ നിരാകരിക്കുക മാത്രമല്ല പ്രതികാര ബുദ്ധിയോടുകൂടി സംസ്ഥാനങ്ങളെ കാണുന്നു. ചില സംസ്ഥാനങ്ങളോട് രാഷ്ട്രീയ കാരണങ്ങളാൽ പക്ഷപാതം കാണിക്കുന്നു. മഴക്കെടുതിയുണ്ടായ ത്രിപുരയ്ക്ക് 40 കോടിയും ആന്ധ്രാപ്രദേശിനും തെലങ്കാനയ്ക്കും 3448 കോടിയും മണിപ്പൂരിന് 50 കോടിയുമാണ് നൽകിയത്. ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ ദുരന്തമായി ചിത്രീകരിക്കപ്പെട്ട ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഇന്നും തോരാത്ത കണ്ണീരായി, ഉണങ്ങാത്ത മുറിവായി നിൽക്കുന്ന വയനാടിന് നൽകിയത് വട്ടപൂജ്യം. ഇതാണ് ബി.ജെ.പി. കേരളത്തോട് സ്വീകരിക്കുന്ന സമീപനം.

കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് പണം കൈമാറുന്നത് മൂന്ന് രീതിയിലാണ്. ഒന്ന്, നികുതി വിഹിതം; രണ്ട്, ഗ്രാന്റുകൾ - ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും ആർട്ടിക്കിൾ 282 പ്രകാരമുള്ള തന്നിഷ്ടം പോലെ കൊടുക്കാൻ കഴിയുന്ന ഗ്രാന്റുകളും. 2015-ൽ ആസൂത്രണ കമ്മീഷന്റെ കഥ കഴിച്ചു. ഇപ്പോൾ കേന്ദ്രത്തിന് ഇഷ്ടമുള്ള സംസ്ഥാനങ്ങൾക്ക് പണം

വാരിക്കോരി കൊടുക്കുകയാണ്. ഈ സമീപനം യഥാർത്ഥത്തിൽ അമേരിക്ക ക്യൂബയ്ക്കുനേരെ നടത്തിയ ഉപരോധത്തിനും ആക്രമണത്തിനും സമാനമാണ്. ക്യൂബയെ ഉപരോധിക്കുക, സപ്ലൈ ചെയിൻ വിച്ഛേദിക്കുക, അവിടത്തെ ജനതയെ ഭരണാധികാരികൾക്ക് എതിരാക്കുകയെന്ന തന്ത്രമാണ് അവിടെ സ്വീകരിച്ചത്. ഇവിടെ അങ്ങനെയൊരു സമീപനം സ്വീകരിക്കുമ്പോൾ പ്രതിപക്ഷത്തിന്റെ റോൾ എന്താണ്? അമേരിക്ക ക്യൂബയെ വരിഞ്ഞുമുറുക്കുമ്പോൾ അവിടുത്തെ ജനത ഒറ്റക്കെട്ടായി പറഞ്ഞൊരു കാര്യമുണ്ട്. മരിച്ചുവീണാലും അവസാനശ്വാസം വരെ ഞങ്ങൾ സർക്കാരിനോടൊപ്പം ആയിരിക്കുമെന്നാണ് പറഞ്ഞത്. എന്നാൽ അവിടെ ഒറ്റുകാരുണ്ടായിരുന്നില്ല. ഇവിടെ കോൺഗ്രസ് പാർട്ടിയുടെ, ഐക്യജനാധിപത്യ മുന്നണിയുടെ സമീപനമെന്താണ്? പ്രൊഫസർ എം. കൃഷ്ണൻ നായർ സാറിന്റെ പ്രയോഗമുണ്ട്, ഉമിക്കരി വായിലിട്ട് ചവയ്ക്കുന്നതുപോലെയെന്ന്. ആർക്കും മനസ്സിലാകാത്ത തരത്തിലാണ് ബി.ജെ.പി. സർക്കാരിനോടുള്ള കോൺഗ്രസിന്റെ സമീപനം. നശീകരണാത്മക പ്രതിപക്ഷമായി മാറിയില്ലേ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൽനിന്ന് ഒരിക്കലും പ്രതീക്ഷിക്കാത്ത 'അടിച്ചുപൊളിക്കും' എന്ന പദപ്രയോഗമുണ്ടായി. അദ്ദേഹം പറഞ്ഞത് 'ടോൾ' എന്ന ആശയത്തെ

സംബന്ധിച്ചാണ്. അദ്ദേഹം പറയുന്നതിന് മുമ്പുതന്നെ കോൺഗ്രസുകാർ അടിച്ചുപൊളിച്ചു. ഭരണപക്ഷത്തിരിക്കുന്ന ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ മണ്ഡലത്തിലെ നെയ്യാർ ഡാമിൽ സ്ഥിതിചെയ്യുന്ന രാജീവ് ഗാന്ധി പഠന ഗവേഷണ കേന്ദ്രമുണ്ട്. ആ പഠന ഗവേഷണ കേന്ദ്രത്തിൽ കെ.എസ്.യു.-ക്കാർ ക്യാമ്പ് നടത്തി. അവിടത്തെ ജനാലയും ഗ്ലാസ്സുകളുമെല്ലാം അടിച്ചുതകർത്തു. അവിടത്തെ മാർബിൾ തറയിൽ ചോരത്തുള്ളികൾ ചിതറി. ഒരാഴ്ച മുമ്പാണ് എൻ.ജി.ഒ. അസോസിയേഷൻ അടിച്ചുതകർക്കാൻ തുടങ്ങിയത്. 'അടിച്ചുതകർക്കൽ' എന്ന വാക്ക്, അതാണ് പ്രതിപക്ഷത്തിന്റെ ഇന്നത്തെ മുഖമുദ്ര. നമ്മൾ മനസ്സിലാക്കേണ്ടത് കേരളം ഇങ്ങനെയൊരു പ്രതിസന്ധിയിൽ എത്തിനിൽക്കുമ്പോൾ എന്താണ് ചെയ്യേണ്ടത്. കേരളത്തിനുവേണ്ടി മലയാളികൾക്കുവേണ്ടി ഒരുമിച്ചു നിൽക്കണ്ടേ. മഹാനായ കഥാകാരൻ ശ്രീ. ടി. പത്മനാഭൻ മാഷിന്റെ വാക്കുകളിലെല്ലാം ഉണ്ട്, മലയാളിയുടെ കോപം, മലയാളിയുടെ താപം മലയാളിയുടെ രോഷം, സങ്കടം എന്നിവയെല്ലാം ആ ഒറ്റ വാചകത്തിലുണ്ട്. അദ്ദേഹം ചോദിച്ചത് കേരളം ഇന്ത്യയിലല്ലേ എന്നാണ്? മൊണാലിസയുടെ ചിരിയാണ് ഏറ്റവും മനോഹരമായ ചിരിയെന്ന് നമ്മൾ കേട്ടിട്ടുണ്ട്. ഏറ്റവും മനോഹരമായ ചിരിയായി ഒരുപക്ഷേ ചരിത്രത്തിൽ രേഖപ്പെടുത്താൻ

പോകുന്നത് മുൻ പ്രതിപക്ഷനേതാവിന്റെ ചിരിയായിരിക്കും. ടാഗോർ തിയേറ്ററിൽ സ്വാഗത പ്രാസംഗികന്റെ പ്രസംഗം കേട്ട് അദ്ദേഹം ഊറിചിരിച്ച ഒരു ചിരിയുണ്ടല്ലോ, അത് സൂം ചെയ്ത് ഫ്രെയിം ചെയ്ത് വച്ചാൽ അതായിരിക്കും ലോകത്തിലെ ഏറ്റവും മനോഹരമായ ചിരി. അദ്ദേഹത്തിന്റെ അനുയായികൾ അത് മനോഹരമായ ചിരിയെന്ന് പറയുമ്പോൾ അദ്ദേഹത്തെ എതിർക്കുന്നവർ പറയുന്നത് അത് മനോഹരമായ ചിരിയല്ല, അതൊരു കൊലചിരിയാണെന്നാണ്. സ്വന്തം രാഷ്ട്രീയ പാർട്ടി, ആ രാഷ്ട്രീയ പാർട്ടിയുടെ നിയോഗമെന്തെന്ന് തിരിച്ചറിയാൻ ഇന്നത്തെ കാലത്ത് കോൺഗ്രസിന് കഴിയുന്നുണ്ടോ? ഇന്ത്യയ്ക്ക് ഒരു പ്രതിപക്ഷനേതാവ് ഉണ്ടായത് ഇപ്പോഴാണ്, എങ്ങനെയാണ് പ്രതിപക്ഷ നേതാവുണ്ടായത്? നൂറ്റാണ്ട് പിന്നിട്ട ലെഗസിയുടെ അടിസ്ഥാനത്തിൽ ഉണ്ടായതാണോ? സമാജ്‌വാദി പാർട്ടി, ആർ.ജെ.ഡി., ശ്രീ. ഫാറൂഖ് അബ്ദുള്ള, ഡി.എം.കെ., തുടങ്ങി ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഔദാര്യമാണ് അവരുടെ പിന്തുണയാണ് കോൺഗ്രസിന്റെ പ്രതിപക്ഷ നേതൃസ്ഥാനം. അവർ അക്കാര്യം മറക്കുകയല്ലേ. അവർക്ക് ലഭിച്ച മാൻഡേറ്റ്, കേരളം ഉൾപ്പെടെ ഇന്ത്യയിൽ കോൺഗ്രസിന് ലഭിച്ച മാൻഡേറ്റ്, പിൻബലമെന്ന് പറയുന്നത് ബി.ജെ.പി. വിരുദ്ധതയാണ്. എന്നാൽ കേരളത്തിൽ അവർ ഇടതുപക്ഷ

വിരുദ്ധതയുടെ അപ്പോസ്തലന്മാരായി ബി.ജെ.പി.-ക്ക് പിന്തുണ പാടുന്നവരായി മാറുന്ന ചിത്രം നമ്മൾ കാണുകയാണ്. ഇതിന് കേരളം മാപ്പ് നൽകാൻ പോകുന്നില്ല. മലയാളികൾ ഒറ്റക്കെട്ടായി കേരളത്തിന് കാവലാകാൻ കേരളത്തിന്റെ മണ്ണിനെ സംരക്ഷിക്കാൻ, പാരിൻനടുവിലെ ഒരുപിടി മണ്ണുമാത്രമല്ല കേരളം വിശ്വപൗരന്മാരുടെ നാടാണ് കേരളം. ഈ കേരളത്തെ വരിഞ്ഞുമുറുക്കാൻ ഉപരോധത്തോടെ ഉപരോധ സമാനമായ ഭീഷണികളോടെ നിശ്ശബ്ദമാക്കാൻ, നിശ്ചലമാക്കാൻ ശ്രമിച്ചാൽ ഒരു ജനത ഒന്നായി ഒന്നിച്ചൊന്നായി മലയാളിയെന്ന ബോധത്തിൽ ഉയർത്തെഴുന്നേൽക്കും. അതിനെ അതിജീവിക്കാനുള്ള ഒരു രേഖയാണ്, അത് സാമ്പത്തിക രേഖ മാത്രമല്ല പോരാട്ടത്തിന്റെ രേഖകൂടിയാണ് ബജറ്റ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഈ ബജറ്റിനെ ഹൃദയം നിറയുന്ന സന്തോഷത്തോടെ അഭിമാനത്തോടെ പിന്തുണയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഫെബ്രുവരി മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 3.49-ന് പിരിഞ്ഞു.)

*  *  *

**അനുബന്ധം**

P 10-02-2025
MR-AY(1)
10.00-10.10 (SV)

<u>അനുബന്ധം -1</u>

**തിരുത്തിയ ഉത്തരം**

<u>നക്ഷത്ര ചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം</u>

**സ്മാർട്ട് സിറ്റിയുടെ ഭാഗമായുള്ള സോളാർ പവർപ്ലാന്റിന്റെ സ്ഥാപനം**

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ എത്ര മെഗാവാട്ട് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചുവെന്നും, ഏത് കമ്പനിക്കാണ് വർക്ക് ഓർഡർ നൽകിയതെന്നും അറിയിക്കുമോ; പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ്

സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചു. M/s. Enerture Technologies Pvt. Ltd. എന്ന കമ്പനിക്കാണ് വർക്ക് ഓർഡർ നൽകിയത്. പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ടെൻഡർ ലഭിച്ച കമ്പനി അനെർട്ടിൽ ആദ്യം സമർപ്പിച്ച ബാങ്ക് ഗ്യാരന്റിയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത ബാങ്കിലേക്ക് അയച്ച കത്തുകളും ബാങ്കിന്റെ മറുപടി കത്തുകളും ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര തുകയുടെ സോളാർ പദ്ധതി നടപ്പാക്കി കഴിഞ്ഞുവെന്നും ഇതിൽ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം എന്നിവ എത്രയെന്നും വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി അനെർട്ട് നാളിതുവരെ 101,79,64,980.64 രൂപയുടെ സോളാർ പദ്ധതി നടപ്പിലാക്കിവരുന്നു. സ്മാർട്ട് സിറ്റിയുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് അനെർട്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി ആയാണ് ഈ പദ്ധതി നടപ്പാക്കിയത്. സ്മാർട്ട് സിറ്റി പദ്ധതി തുക 50:50 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. ഓരോ പ്രവർത്തിക്കും കേന്ദ്ര-സംസ്ഥാന വിഹിതമായി ചെലവ് ബുക്ക് ചെയ്യാറില്ല.

<u>അനുബന്ധം-2</u>

10-02-2025
PT-SR
11.40-11.50

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർദേശങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ 304-ാം ചട്ടപ്രകാരം ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യ്ക്ക് 10-02-2025-ൽ അനുവദിച്ച സബ്മിഷനുള്ള മറുപടി**

തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി താഴെ കാണുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തി വരുന്നത്.

. തെരുവുനായകളുടെ വംശ വർധനവ് നിയന്ത്രിക്കുക

. പേവിഷബാധ തടയുക

. തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക.

. തെരുവുനായകളുടെ വംശ വർധനവ് നിയന്ത്രിക്കുക.

സർക്കാരിന്റെ 23-08-2022-ലെ സ.ഉ(സാധാ)നം. 2065/2022/LSGD, 15-09-2022-ലെ സ.ഉ (സാധാ) നം. 2244/2022/LSGD എന്നീ ഉത്തരവുകൾപ്രകാരം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തിവരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരുന്നു. നിലവിൽ സംസ്ഥാനത്ത് 15 എ.ബി.സി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ 9 കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടികൾ നടന്നുവരുന്നുമുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടൊപ്പം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനായി തീവ്ര വാക്സിനേഷൻ

യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി കാമ്പയിൻ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തിവരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, എ.ബി.സി. പ്രോഗ്രാം, റാബീസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 47.60 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ട്.

അനിമൽ വെൽഫെയർ ബോഡ് ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കമ്പാഷൻ ഫോർ അനിമൽസ് വെൽഫെയർ അസോസിയേഷൻ (CAWA) എന്ന സ്ഥാപനം ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് റാബിസ് ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാസ് ഡോഗ് വാക്സിനേഷൻ, പബ്ലിക് അവയർനസ്സ് എന്നിവ നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

2016 മുതൽ 31-08-2024 വരെ സംസ്ഥാനത്ത് ആകെ 109119 നായകളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. മറ്റ് വിവരങ്ങൾ സംബന്ധിച്ച Cumulative Report അനുബന്ധമായി ചേർക്കുന്നു.

**. പേവിഷബാധ തടയുക**

പേവിഷബാധ നിയന്ത്രിക്കുന്നതിനായി വളർത്തുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് ഉടമകൾക്കും തെരുവുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾ വാക്സിനേഷൻ ഡ്രൈവ് നടത്തി വരുന്നു.

പൊതുജനങ്ങളിൽ പേവിഷബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കാണുന്നു.

1. പരിശീലനങ്ങൾ-ദേശീയ പേവിഷ നിയന്ത്രണ പദ്ധതിയുടെ (NRCP) ഭാഗമായി ഡോക്ടർമാർ, നഴ്സിങ് ഓഫീസർമാർ എന്നിവർക്ക് നായകളുടെ കടിയേറ്റാൽ നൽകേണ്ട പ്രഥമശുശ്രൂഷ സംബന്ധിച്ച് പരിശീലനം നൽകുന്നു.

2. എല്ലാ സ്ഥാപനങ്ങളിലും പ്രഥമശുശ്രൂഷയുടെ ഭാഗമായി മുറിവ് കഴുകാനുള്ള സംവിധാനം ലഭ്യമായിട്ടുണ്ട്.

3. വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 700 സ്ഥാപനങ്ങളിൽ വാക്സിനും 85 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

4. IEC/BCC പ്രവർത്തനങ്ങൾ-നായ കടിയേറ്റാൽ സ്വീകരിക്കേണ്ട പ്രഥമ ശുശ്രൂഷയെക്കുറിച്ചും പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയെപറ്റിയും വിവിധ മാധ്യമങ്ങളിലൂടെ അവബോധ സന്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന കുട്ടികൾക്കും അധ്യാപകർക്കും വേണ്ടി സ്പെഷ്യൽ അസംബ്ലി നടത്തിവരുന്നു.

5.പേവിഷബാധ പരിശോധനകൾ നടത്തുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**. തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക**

മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവ്

മാലിന്യങ്ങളും ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്ററിങ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി അതിന് ഉത്തരവാദികളായവരിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കി വരുന്നുണ്ട്.

തെരുവുനായ ആക്രമണത്തിനിരയാകുന്നവർക്ക് ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹമായ നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**തെരുവ് നായ നിയന്ത്രണം സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്**

01-09-2023 മുതൽ 31-08-2024 വരെ (Cumulative Report)

| ക്രമ നമ്പർ | ആകെ തദ്ദേശസ്ഥാപനങ്ങൾ | 1034 |
|---|---|---|

| | | |
|---|---|---|
| 1 | 01-09-2023 മുതൽ 31-08-2024 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം | 15298 |
| 2 | 01-09-2023 മുതൽ 31-08-2024 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം | 76417 |
| 3 | 01-09-2023 മുതൽ 31-08-2024 വരെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ ആകെ എണ്ണം | 269320 |
| 4 | 01-09-2023 മുതൽ 31-08-2024 വരെ രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ ആകെ എണ്ണം | 73552 |
| 5 | ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01-09-2023 മുതൽ 31-08-2024 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം | 10543 |
| 6 | 01-09-2023 മുതൽ 31-08-2024 വരെ പൊതു നിരത്തിലെ മാലിന്യനിക്ഷേപത്തിന് ഈടാക്കിയ പിഴ തുക | 3,76,34,248 രൂപ |
| 7 | 01-09-2023 മുതൽ 31-08-2024 വരെ സംഘടിപ്പിച്ച ഐ.ഇ.സി. കാമ്പയിനുകളുടെ എണ്ണം | 9119 |
| 8 | 01-09-2023 മുതൽ 31-08-2024 വരെ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി നടത്തിയ ഐ.ഇ.സി./ ബോധവൽക്കരണ ക്യാമ്പുകളുടെ എണ്ണം | 3377 |